




ഒമ്പതാം പദ്ധതി

കോഡൂർ ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്

## കേരളം



117-8

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# കോഡൂർ ഗ്രാമ പഞ്ചായത്ത്
# വികസന സെമിനാർ
# വികസന റിപ്പോർട്ട്



*"അധികാരം ജനതയ്ക്ക് അതുമാത്രം പരിഹാരം*
*അറിയുന്നു നാമീസത്യം-നിറയുന്നു നാടിന്നുള്ളം*
*പലകാലം പഴുതാരകൾ പലജീവികൾ വാണു*
*പുതുകാലം നമ്മൾവാഴും-ഇതുപുലർകാലം നമ്മൾവാഴും "*



കൺവീനർ
ഇ.എ. അബ്ദുൾ ജലീൽ

എഡിറ്റർ
പി.കെ. അലവിക്കുട്ടി

എഡിറ്റോറിയൽ ബോർഡ്
പി.കെ. അബൂബക്കർ
സി.പി. അബു
പാലൊളി മുഹമ്മദ്മാസ്റ്റർ
എം.പി. ഹരിദാസ്
പി.മുസ്തഫ
ടി. അബ്ദുസ്സലാം
കെ.എൻ. ഹമീദ്മാസ്റ്റർ
ഇ. കമറുദ്ദീൻ
വി.റ്റി. മുരളി
കെ.വി. മൊയ്തീൻമാസ്റ്റർ

ഡി.ടി.പി & ലേ-ഔട്ട്
സിറാജ് ഇലക്ട്രോണിക്സ്, തിരൂർ

പ്രിന്റിംഗ്
തിരൂർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരൂർ




**കോഡൂർഗ്രാമപഞ്ചായത്ത് ഭരണസമിതി**

| | |
|---|---|
| എം.ടി. അലവി | (പ്രസിഡണ്ട്) |
| ടി. അബ്ദുസ്സലാം | (വൈ: പ്രസിഡണ്ട്) |
| പാലൊളി റിച്ചുടീച്ചർ | (ചെയർപേഴ്സൺ സ്റ്റാന്റിംഗ് കമ്മിറ്റി) |
| പി.ടി. ഹംസ | (മെമ്പർ) |
| സി.എസ്. മുഹമ്മദ് | (മെമ്പർ) |
| ഹാഷിംലുക്ക്മാൻ | (മെമ്പർ) |
| പരിസുരേഷ് | (മെമ്പർ) |
| ഊരോത്തൊടി മറിയുമ്മ | (മെമ്പർ) |
| വില്ലൻപാത്തുമ്മ | (മെമ്പർ) |
| പൂവ്വക്കാട്ട് കുഞ്ഞുമുഹമ്മദ് | (മെമ്പർ) |
| കെ.പി. മെഹറുന്നിസ | (മെമ്പർ) |





ടി.എ. സലാം
വൈ.പ്രസിഡണ്ട്



എം.ടി.അലവി
പ്രസിഡണ്ട്



പി.റിച്ചു ടീച്ചർ
സ്ററാൻറിംഗ് കമ്മിററി ചെയർപേഴ്സൺ

**മെംബർമാർ**



പി.ടി. ഹംസ



സി.എസ്. മുഹമ്മദ്



ഹാഷിം ലുക്ക്മാൻ



പി.സുരേഷ്



യു.മറിയുമ്മ



[illegible] പാത്തുമ്മ



പി. കുഞ്ഞുമുഹമ്മദ്
എന്ന ബാപ്പുട്ടി



കെ.പി. മെഹറുന്നിസ

**മുൻ പ്രസിഡണ്ടുമാർ**



എം. മുഹമ്മദ് ഹാജി



കെ.യൂസഫ് മാസ്ററർ



എൻ.കെ. ആലസ്സൻ കുട്ടി ഹാജി



ഒ. ഉണ്ണികൃഷ്ണൻ(സെക്രട്ടറി)

## സൂചിക


| | | | |
|---|---|---|---|
| 1 | | ആമുഖം | 7 |
| 2 | | പഞ്ചായത്തു പൊതുവിവരങ്ങൾ | 10 |
| 3 | | സാമൂഹ്യ-സാംസ്കാരിക ചരിത്രം | 11 |
| 4 | | ഭൂപ്രകൃതി-ജലപ്രകൃതി-ജനപ്രകൃതി | 15 |
| 5 | | സാമൂഹ്യസാമ്പത്തിക മേഖലകൾ | |
| | 1 | കൃഷി-ജലസേചനം | 19 |
| | 2 | മൃഗസംരക്ഷണം-മത്സ്യം | 32 |
| | 3 | വ്യവസായം | 36 |
| | 4 | വിദ്യാഭ്യാസം | 40 |
| | 5 | കുടിവെള്ളം- പൊതുജനാരോഗ്യം | 44 |
| | 6 | ഗതാഗതം-ഊർജ്ജം-മാർക്കറ്റ് | 49 |
| | 7 | പാർപ്പിടം-സാമൂഹ്യക്ഷേമം | 60 |
| | 8 | സംസ്കാരം | 68 |
| | 9 | വനിത | 74 |
| | 10 | സഹകരണം | 78 |
| | 11 | പട്ടികജാതിക്ഷേമം | 81 |
| | 12 | വിഭവസമാഹരണം | 83 |
| 6 | ഉപസംഹാരം | | 87 |




# 1 ആമുഖം

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്നും കൊളോണിയൽ ചൂഷണങ്ങളിൽ നിന്നും മോചനം നേടുന്നതിനും സ്വന്തം ജീവിതവും ഭാവിയും സ്വയം നിർണ്ണയിക്കാനുമുള്ള ഒരു രാജ്യത്തിലെ ജനങ്ങളുടെ ആകെ ഉൽക്കടമായ അഭിലാഷത്തിനും അംഗീകാരം ലഭിച്ച ദിനമായാണ് 1947 ആഗസ്ത് 15 നെ നാം കണക്കാക്കുന്നത്. ആ ദിനപ്പിറവിക്കുവേണ്ടി തലമുറകൾ നീണ്ടുനിന്ന പോരാട്ടമാണ് ഭാരത ജനത ഏറ്റെടുക്കേണ്ടിവന്നത്. സാമ്രാജ്യത്വ ശക്തികളെ ഭാരതമണ്ണിൽ നിന്ന് പിഴുതു മാറ്റി നാടിനെ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്ക് ആക്കി മാറ്റുമ്പോൾ നാടിന്റെ ജീവനാഡിയായ ഗ്രാമീണജനതക്ക് ഒട്ടനവധി സങ്കൽപ്പങ്ങളും സ്വപ്നങ്ങളുമുണ്ടായിരുന്നു. താൻ ജീവിക്കുന്ന ചുറ്റുപാടിന്റെ-നാടിന്റെ ആകെ നാനാവിധമായ പിന്നോക്ക നിലയ്ക്ക് മാറ്റം വരുക. അതുവഴി തന്റെ ജീവിതത്തിലും ഉയർച്ചകൈവരിക്കാൻ കഴിയുക. പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കുക എന്നിങ്ങനെ ഒട്ടനവധി പ്രതീക്ഷകൾ ഓരോ ഇൻഡ്യൻ പൗരനിലും നാമ്പെടുത്തിരുന്നു. ഇതിനു സഹായകമായ സ്വതന്ത്രഭാരതത്തിന്റെ ഭരണ നടപടികൾ പ്രതീക്ഷിച്ചുകൊണ്ടാണ് ഓരോ സ്വാതന്ത്ര്യ ദിനവും നാം ആഘോഷിച്ചുപോന്നത്. സ്വന്തം കഴിവ് പരമാവധി വിനിയോഗിക്കാൻ ജനതയാകെ സന്നദ്ധരാകുകയും ചെയ്തു. ശാസ്ത്ര സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനും നാടിന്റെ ഉല്പാദനക്ഷമത വളർത്താനും ജനങ്ങളാകെ ഒരു മനസ്സോടെ നിലയുറപ്പിച്ചു. അതിനെ പ്രയോജനപ്പെടുത്താനുതകുന്ന പരിപാടികൾക്കു നേതൃത്വം നൽകേണ്ട ചുമതല ഭരണകൂടത്തിനായിരുന്നു.

'ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളാണ്'. ഗ്രാമങ്ങളുടെ നാഡീസ്പന്ദനംഅറിഞ്ഞ്-ആവശ്യങ്ങളറിഞ്ഞ് പരിപാടികൾക്ക് രൂപം നൽകണം.

എന്നാൽ ഈ കാഴ്ചപ്പാടിന്റെ അഭാവമാണ് പിൻതിരിഞ്ഞുനോക്കുമ്പോൾ പല രംഗങ്ങളിലും കാണാൻ കഴിയുന്നത്. പഞ്ചവത്സര പദ്ധതികളും ആസൂത്രിത വികസനതന്ത്രവും ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ട് പോയതിന്റെ ഫലമായി വിവിധ മേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞപ്പോൾ തന്നെ അസന്തുലിതത്വത്തിന്റെയും പരാധീനതകളുടെയും ഒട്ടനവധി മുഖങ്ങളും എഴുന്നു നിൽക്കുന്നു. ആളോഹരി ഭക്ഷ്യധാന്യോത്പാദനം വർദ്ധിച്ചപ്പോഴും ഭക്ഷ്യവസ്തു കയറ്റി അയക്കുമ്പോഴും പട്ടിണി കിടക്കേണ്ടി വരുന്ന ജനങ്ങൾ സ്വന്തം രാജ്യത്തു നിലനിൽക്കുന്നു. രാജ്യസമ്പത്തുപയോഗിച്ച് ഉയർന്ന വിദ്യാഭ്യാസം നേടിയവർ പോലും അവരുടെ സേവനം മറ്റു രാജ്യങ്ങൾക്കു നൽകാൻ നിർബന്ധിതരാകുന്നു. പ്രകൃതിവിഭവങ്ങളും അദ്ധ്വാനസമ്പത്തും മോശമല്ലാത്ത ബുദ്ധിശേഷിയും കൈമുതലായുള്ള ഒരു രാജ്യം അതിരുവിട്ടു വിദേശരാജ്യങ്ങളെ ആശ്രയിക്കുന്ന സ്ഥിതി വളർന്നു വരുന്നു. ആസൂത്രണത്തിൽ വന്നു ചേർന്ന പാകപ്പിഴവുകളാണ് ഇതിലേക്കു വിരൽ ചൂണ്ടുന്നത്. സ്വന്തമെന്ന തോന്നൽ തീരെയില്ലാതാകുകയും സർക്കാർ പരിപാടികൾ എന്നാൽ മറ്റാരുടേതോ ആണെന്ന രീതിയിലുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുന്ന രംഗങ്ങൾ നിരവധിയാണ്. ഇതിനുകാ

രണം ആവിഷ്കരിക്കുന്ന പരിപാടികളിൽ ആവശ്യക്കാരന്റെ അഭിപ്രായത്തിനു സ്ഥാനമില്ലാതെ പോയതാണ്. അഥവാ ആസൂത്രണത്തിൽ ഗുണഭോക്താവിനുണ്ടാകേണ്ട സ്ഥാനം കാണാതെ പോയതാണ് .മുകളിൽ നിന്ന് രൂപകല്പന നടത്തുകയും ഉത്തരവുകൾ വഴി താഴെതലത്തിൽ അടിച്ചേൽപ്പിക്കുകയും ചെയ്തുപോന്നതിന്റെ ഫലമായി രാജ്യത്തിന്റെ പൊതുമുതലും നിക്ഷേപവും സംരക്ഷിക്കേണ്ട ചുമതല യഥാർത്ഥ ഉടമകളുടെ മനസ്സിൽ പതിഞ്ഞില്ല. ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന താല്പര്യവും ജനിച്ചില്ല. നാടിന്റെ വളർച്ചയിൽ സ്വന്തം ഭാഗധേയം എന്തെന്ന് പലർക്കും തിരിച്ചറിയാൻ കഴിഞ്ഞതുമില്ല. അഥവാ അതിന് അവരെ പ്രാപ്തരാക്കാനും കഴിഞ്ഞില്ല.

കഴിഞ്ഞകാല പദ്ധതികൾ വഴി ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളെ കണക്കിലെടുത്തുകൊണ്ടു തന്നെ കൂടുതൽ മെച്ചപ്പെടുത്താമായിരുന്ന അവസരങ്ങൾ നഷ്ടപ്പെട്ടതിന്റെ കാരണങ്ങൾ മനസ്സിലാക്കി തിരുത്താൻ ശ്രമിക്കുക എന്ന സമീപനമാണ് ഒമ്പതാം പദ്ധതിയുടെ ആസൂത്രണത്തിൽ കേരള സംസ്ഥാനം സ്വീകരിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി ആവിഷ്കരിച്ചിട്ടുള്ളത്. ജനങ്ങളുടെ ആശയാഭിലാഷങ്ങൾ മനസ്സിലാക്കി ലഭ്യമായ വിഭവസാധ്യതകളെ മുൻഗണനാടിസ്ഥാനത്തിൽ സമന്വയിപ്പിച്ച് പ്രാദേശികമായ വികസനതന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ് ഈ സമീപനത്തിലൂടെ ചെയ്യുന്നത്. ആസൂത്രണത്തിലും പ്രവർത്തനങ്ങളിലും ജനങ്ങൾക്ക് ഒരു പോലെ പങ്കുണ്ടാകണം. ആസൂത്രണത്തിൽ ഒരു പങ്കുമില്ലാതെ പ്രവർത്തനത്തിൽ മാത്രമായി നിശ്ചയിക്കുന്ന പങ്കിന് കഴിഞ്ഞകാല പാളിച്ചകൾ ആവർത്തിക്കപ്പെടും. ഇതിനു മാറ്റം വരുത്താനുള്ള ശ്രമത്തിലാണ് ജനകീയാസൂത്രണ പരിപാടിയുടെ സംഘാടകരും ജനങ്ങളും. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയോടു കൂടി നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനം ഈ ലക്ഷ്യത്തിമു സഹായകമാകുമെന്ന കണക്കുകൂട്ടലുകളാണുള്ളത്. സ്വയം തീരുമാനമെടുക്കാവുന്ന അധികാരമേഖലകൾ വിപുലമായിരിക്കുന്നു. അതിനു മുന്നോട്ടു വരുന്ന സ്ഥാപനങ്ങൾക്കു പദ്ധതി ചെലവിന്റെ നാല്പതു ശതമാനം വിട്ടുകൊടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരിക്കുന്നു. ഇവ രണ്ടും ചേരുമ്പോൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ജനങ്ങൾക്കു താല്പര്യമുള്ള കുറച്ച് കാര്യങ്ങൾ ചെയ്യാൻ ഓരോ പ്രാദേശിക ഭരണകൂടങ്ങൾക്കും കഴിയും എന്ന നില കൈവന്നിരിക്കുന്നു. ഇത് പ്രയോജനപ്പെടുത്താനാണ് കോഡൂർ ഗ്രാമപഞ്ചായത്ത് ശ്രമിക്കുന്നത്.

വളരെ ചുരുങ്ങിയ സമയം കൊണ്ടും തിരക്കേറിയ പ്രവർത്തനത്തിലൂടെയുമാണ് ഒമ്പതാം പദ്ധിക്കു വേണ്ടിയുള്ള കോഡൂർ ഗ്രാമ പഞ്ചായത്തിന്റ വികസന രേഖക്കു രൂപം നൽകിയിട്ടുള്ളത്. സംസ്ഥാനപ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തെ തുടർന്നാണ് ഈ പ്രവർത്തനരംഗത്തേക്ക് ഗ്രാമപഞ്ചായത്തു കടന്നു വന്നത്. 96 സെപ്തംബർ 14 മുതൽ 16 വരെ പെരിന്തൽമണ്ണയിൽ വച്ചു നടന്ന ജില്ലാതല പരിശീലനക്യാമ്പിൽ പ്രസിഡണ്ട് ഉൾപ്പെടെ ഒമ്പത് പേർ പങ്കടുത്തതുമുതലാണ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുതപരിശീലന ശേഷം ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. വാർഡുമെമ്പർമാരുടെ യോഗം, പ്രാദേശികപരിശീലകർക്ക് ശില്പശാല ഉദ്യോഗസ്ഥരുടെ യോഗം എന്നിവ സംഘടിപ്പിക്കുകയും ജനകീയാസൂത്രണപ്രവർത്തനങ്ങൾക്കു ഒരു പഞ്ചായത്തുതല കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ശ്രീ. ഇ.എ അബ്ദുൽ ജലീൽ, കൃഷിഓഫീസർ കോഡൂരിനെ കൺവീനരായി നിശ്ചയിച്ചു. തുടർന്ന് ഗ്രാമസഭകൾ വിളിച്ചുചേർത്തു. ഒക്റ്റോബർ രണ്ടിനു ഗ്രാമസഭകൾ പൂർത്തിയായി. പ്രചരണകലാജാഥകൾ സംഘടിപ്പിച്ചു. സ്ഥാപനാടിസ്ഥാനത്തിലുള്ള ദ്വിതീയസ്ഥിതിവിവരങ്ങൾ ഒക്ടോബർ 20നകം ശേഖരിച്ചു. ഭൂപ്രകൃതി പഠനത്തിനു പരിപാടി ആവിഷ്കരിച്ചു. അതോടൊപ്പം വാർഡുതലത്തിൽ കമ്മിറ്റികൾക്കു രൂപം നൽകി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി കോർ ഗ്രൂപ്പുകൾക്കു രൂപം നൽകി. പന്ത്രണ്ട് കോർഗ്രൂപ്പ്കൾ നിശ്ചയിച്ചു. കാലികവും വസ്തുനിഷ്ഠവുമായ സ്ഥിതിവിവരങ്ങൾ ഗൃഹാടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് കുടുംബസർവ്വെ നടത്താൻ തീരുമാനിച്ചു. നവഃ രണ്ടു മുതൽ 8 വരെ കുടുംബസർവ്വെ നടത്തി വിവരങ്ങൾ ശേഖരിച്ചു. 100ൽപരം സന്നദ്ധ പ്രവർത്തകരുടെ സേവനം ഇതിനു വിനിയോഗിച്ചു. അവയുടെ ക്രോഡീകരണത്തിനും മറ്റുമായി 1500 ൽപരം മണിക്കൂർ മനുഷ്യാധ്വാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി സ്ഥിതിവിവരം സംബന്ധിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ സംഘടിപ്പിക്കാനും പഞ്ചായത്തിൽ സൂക്ഷിക്കാനും അവസരം ലഭിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്കു ഒരു തുടക്കം കുറിക്കപ്പെട്ടു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് എഡിറ്റോറിയൽ കമ്മറ്റിക്കും വികസനസെമിനാർ സംഘടിപ്പിക്കുന്നതിന് സ്വാഗതസംഘത്തിനും രൂപം നൽകി. നാനാമേഖലകളിൽ നിലകൊള്ളുന്ന പ്രവർത്തകരെ ഏകോപിപ്പിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ഈ സംരംഭവുമായി സഹകരിക്കുന്നതിൽ വൈമനസ്യം ആരുടെ ഭാഗത്തുനിന്നും പ്രകടമായില്ല എന്നതും ഏകോപിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നു എന്നതും വികസനപ്രവർത്തനരംഗത്ത് ഉയർന്നു വരുന്ന ഒരു പുതിയ സംസ്കാരത്തിന് വലിയ മുതൽക്കൂട്ടാണ്.

മിക്കവാറും രാഷ്ട്രീയപ്പാർട്ടികൾക്കും ബഹുജനസംഘടനകൾക്കും സന്നദ്ധസാംസ്കാരിക പ്രസ്ഥാനങ്ങൾക്കും ഘടകങ്ങളുള്ള ഒരു പ്രദേശമാണ് കോഡൂര്. അവരുടെ അനുഭവസമ്പത്തും നിർദ്ദേശങ്ങളും സഹകരണവും ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിർലോഭമായി ലഭിച്ചിട്ടുണ്ട്. അതുകൊണ്ടു മാത്രമാണ് ഏതാനും ആഴ്ചകൾ മാത്രം നടന്ന ഒരു പ്രവർത്തനം കൊണ്ട് ഒരു വികസനരേഖക്കു രൂപം നൽകാൻ കഴിഞ്ഞത്. ഈ കൈമുതലിനെ കൂടുതൽ പോഷിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിയും.

വളരെ പിൻനിരയിൽ (രണ്ടാം ഗ്രേഡ്) നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയുന്ന ഒരു ബാധ്യതയല്ല ആസൂത്രണവുമായി ബന്ധപ്പെട്ടു വന്നുചേർന്നത്. പരിശീലനം, പ്രചരണം, സഭാ സെമിനാറുകൾ തുടങ്ങിയവയെല്ലാം സാമ്പത്തിക ചെലവുകൾ വരുന്ന മേഖലകളാണ്. തുച്ഛമായ സഹായമാണ് സർക്കാരിൽ നിന്ന് ഇക്കാര്യത്തിന് ലഭിക്കുന്നത്. എന്നാൽ ആവശ്യങ്ങളുടെ അനിവാര്യതയും ചെലവിൽ കാണിക്കുന്ന മിതത്വവും കണക്കിലെടുത്ത് ജനസഹകരണം വലിയ അളവിൽ ലഭ്യമായിട്ടുണ്ട്.

കോഡൂർ പഞ്ചായത്തിന്റെ വികസനത്തിന് പഞ്ചായത്തിലെ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളുടെ സഹകരണം നിശ്ചയമായും ഉറപ്പിച്ചു മുന്നോട്ടു പോകാം. അതാണ് അനുഭവം കാണിക്കുന്നത്. അതിനു നേതൃത്വം കൊടുക്കാൻ ഗ്രാമ പഞ്ചായത്തിനു ഒരു വഴികാട്ടിയായി പ്രയോജനപ്പെടും എന്ന പൂർണ്ണ വിശ്വാസത്തോടെ കോഡൂർ ഗ്രാമപഞ്ചായത്തു വികസന റിപ്പോർട്ടിലേക്ക് നമുക്കു പ്രവേശിക്കാം.



## പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കോഡൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | ഒന്ന്-കോഡൂർ |
| ബ്ലോക്ക് പഞ്ചായത്ത് | മങ്കട |
| താലൂക്ക് | പെരിന്തൽമണ്ണ |
| അസംബ്ലിമണ്ഡലം | മങ്കട |
| വിസ്തീർണ്ണം | 18.42. ച. കി.മീ |
| അതിരുകൾ | |

| | |
|---|---|
| വടക്ക് | കടലുണ്ടിപ്പുഴ |
| പടിഞ്ഞാറ് | പൊന്മളപഞ്ചായത്ത് |
| തെക്ക് | പൊന്മള-കുറുവ പഞ്ചായത്തുകൾ |
| കിഴക്ക് | കടലുണ്ടിപ്പുഴയുടെ ഭാഗങ്ങൾ-കുറുവപഞ്ചായത്ത് |




ജനസംഖ്യ (96 നവംബറിൽ വീട്കയറി ശേഖരിച്ചത്) 30678

| | |
|---|---|
| പുരുഷന്മാർ | 14914 |
| സ്ത്രീകൾ | 15764 |

1991ലെ സെൻസസ്

| | |
|---|---|
| പുരുഷന്മാർ | 13582 |
| സ്ത്രീകൾ | 14281 |
| ആകെ | 27863 |

| | |
|---|---|
| 96 ൽ ജനവാസമുള്ള വീടുകൾ | 4300 |
| ജനസാന്ദ്രത | 1665-/ ചതുരശ്രകി.മീ |
| അക്ഷരാഭ്യാസമുള്ളവർ | 25775 |
| വാർഡുകൾ | 11 |

| | |
|---|---|
| പ്രസിഡണ്ട് | ശ്രീ. എം.ടി. അലവി |
| വൈസ് പ്രസിഡണ്ട് | ടി.എ. സലാം |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. പി. റിച്ചുടീച്ചർ |




# 3
# സാമൂഹിക- സാംസ്കാരിക ചരിത്രം

**1961** ൽ കോടൂർ പഴമള്ളൂർ വില്ലേജുകൾ ചേർത്ത് രൂപീകൃതമായ കോടൂർ പഞ്ചായത്ത് എ.ഡി.9 -ാംനൂറ്റാണ്ടിൽ കുറുവ, ആസ്ഥാനമായി രൂപം കൊണ്ട ആറങ്ങോട്ട് സ്വരൂപത്തിന്റെ കീഴിൽ കോട്ടൂർ തറക്കൂട്ടത്തിലെ കോകടവ് ദേശത്തിലും, കോവൂർ ദേശത്തിലും ഉൾപ്പെട്ടതായിരുന്നുവെന്ന് പറയപ്പെടുന്നു. കോട്ടക്കലിനടുത്ത് കോട്ടൂരായിരുന്നു തറയുടെ ആസ്ഥാനം. പഴമള്ളൂരിലെ കോവൂർ ശിവക്ഷേത്രം ആസ്ഥാനമാക്കിയായിരുന്നു കോകടവ്, കോവൂർ ദേശങ്ങളുടെ ഭരണച്ചുമതലകൾ നിർവ്വഹിക്കപ്പെട്ടിരുന്നത്. ഇന്നത്തെ മണ്ണാർക്കാട് മുതൽ തിരൂരങ്ങാടി ( ചേരനാട് )വരെ നീണ്ടു കിടന്നിരുന്ന ആറങ്ങോട്ട് സ്വരൂപ (വള്ളുവനാട്-വള്ളുവക്കോനാതിരിയുടെ രാജ്യം) ത്തിന്റെയും നെടിയിരുപ്പ് സ്വരൂപത്തിന്റെയും ( ഏറനാട്-കുന്നലക്കോനാതിരിയുടെ രാജ്യം) കീഴിലുള്ള ഉൽപ്പന്നങ്ങൾ ടിണ്ടിസ് (കടലുണ്ടി) തുറമുഖത്തേക്ക് നീക്കിയിരുന്നത് കടലുണ്ടിപ്പുഴ വഴിയായിരുന്നു.. പ്രകൃതിക്ഷോഭം മൂലം അന്നത്തെയും ഇന്നത്തെയും കടലുണ്ടിപ്പുഴയ്ക്ക് വളരെ വ്യത്യാസമുള്ളതായി ചരിത്രകാരന്മാർ കരുതുന്നു.

ബി.സി . 3000 ത്തിൽ പുരാതന ഏഷ്യാ ആഫ്രിക്കൻ രാജ്യങ്ങളുമായും യൂറോപ്യൻ രാജ്യങ്ങളുമായും കേരളം നടത്തിയിരുന്ന കച്ചവടം ചരിത്ര പ്രസിദ്ധമായ ടിണ്ടിസ് (കടലുണ്ടി) തുറമുഖം വഴിക്കായിരുന്നുവെന്നാണല്ലോ ചരിത്രം ഉദ്ഘോഷിക്കുന്നത്. അന്ന് കടലുണ്ടി ആദിചേരന്മാരുടേയും പിന്നീട് നെടിയിരുപ്പിന്റെയും കീഴിലായിരുന്നു. തുറമുഖത്തിന്റെ കാര്യത്തിൽ വള്ളുവനാട് തർക്കിച്ചതോടെ ഏറനാടും വള്ളുവനാടും തമ്മിൽ യുദ്ധമായി. ആദ്യഘട്ടത്തിൽ യുദ്ധം വള്ളുവനാടിനു അനുകൂലമായിരുന്നു. അതിനിടയ്ക്ക് നെടിയിരുപ്പുകാർ വടക്കുള്ള പോർളാതിരിമാരെ തോൽപ്പിച്ച് കോഴിക്കോട് പിടിക്കുകയും അവിടെ വൻ തുറമുഖം സംഘടിപ്പിക്കുകയും ചെയ്തു. പുതിയ തുറയുടെ അധിപൻ എന്നർത്ഥമുള്ള പൂന്തുറക്കോൻ എന്നും സ്വാമി നമ്പ്യാതിരി തിരുമുല്പാട് (സാമൂതിരി) എന്നുമുള്ള സ്ഥാനപ്പേരുകൾ സ്വീകരിച്ച് നെടിയിരുപ്പ് സ്വരൂപം കേരളത്തിന്റെ ചക്രവർത്തിയായി ഉയർന്നു. 1230 ൽ വെള്ളാട്ടരിയിൽ നിന്ന് തിരൂരങ്ങാടി മഞ്ചേരി, പന്തല്ലൂർ, നിലമ്പൂർ, മലപ്പുറം ഭാഗങ്ങൾ സാമൂതിരി പിടിച്ചെടുത്തു. വള്ളുവനാട് സേനയുടെ അസാധാരണ ധീരതയും വേലത്തിരി (വള്ളുവനാട്) യുടെ യുദ്ധ കൗശലവും സാമൂതിരിയുടെ ഉറക്കം കെടുത്തി. മലപ്പുറം ആസ്ഥാനമാക്കി വൻകോട്ട പണിത് കുറുവയിൽ നിന്നുള്ള ആക്രമണം ചെറുക്കാൻ സാമൂതിരിയും കോകടവ് കേന്ദ്രീകരിച്ച് കോട്ടകൊത്തളങ്ങൾ നിർമ്മിച്ച് വെള്ളാട്ടിരിയും പ്രതിരോധം ശക്തമാക്കി. കടലുണ്ടിപ്പുഴയ്ക്ക് ഇരുകരകളിലായി 12-ാം നൂറ്റാണ്ടിന്റെ രാഷ്ട്രീയ ശക്തികൾ പരസ്പരം പോരടിക്കാൻ കച്ചമുറുക്കി. വേലത്തിരിക്ക് അന്ന് കടലുണ്ടിപ്പുഴയുമായുള്ള ബന്ധം പ്രധാനമായും കോകടവ് തന്നെയായിരുന്നു. 1322 ൽ സാമൂതിരിയുടെ ബ്രാഹ്മണ ലഫ്റ്റനന്റ് തെനയഞ്ചേരി ഇളയതിന്റെ നേതൃത്വത്തിൽ വെങ്കിടക്കോട്ട (കോട്ടക്കൽ) പിടിക്കാൻ നീങ്ങിയ ഏറനാടൻ പടയെ മൂസതിന്റെ നേതൃത്വത്തിലുള്ള വള്ളു

വപ്പട ചെറുത്തു. ഇളയതിനെ വധിക്കുകയും കൂടി ചെയ്ത തോടെ കോട്ട പിടിച്ചടക്കാനുള്ള സാമൂതിരിയുടെ ആദ്യ ശ്രമം പാളി. അധികം വൈകാതെ നീലകണ്ഠ നമ്പീശന്റെ നേതൃത്വത്തിലുള്ള സാമൂതിരിപ്പട കോട്ടക്കൽ പിടിക്കുകയും കുറുവയെ ലക്ഷ്യമാക്കി നീങ്ങുകയും ചെയ്തു. പാങ്ങിലെ പടപ്പറമ്പിൽ വള്ളുവനാട് സാമൂതിരിപ്പടയെ ചെറുത്തു. ചരിത്രപ്രസിദ്ധവും നിർണ്ണായകവുമായ ഈ യുദ്ധത്തിൽ വള്ളുവനാടിന്റെ കരുത്തനായ പ്രധാനമന്ത്രി കരുവായൂർ മൂസത് വധിക്കപ്പെട്ടു. അതോടെ സന്ധിയായി. സന്ധിയനുസരിച്ച് കോട്ടൂര്, തറക്കൂട്ടം മുഴുവനായി സാമൂതിരിക്കധീനപ്പെട്ടു. കോകടവും കോവൂരും ദേശങ്ങൾ ചേർന്ന് കോട്ടൂരായിയെന്ന് പറയപ്പെടുന്നു. ഇപ്പോഴത്തെ വലിയാടിനടുത്ത് എവിടെയോ ഉണ്ടായിരുന്ന വറോട്ടിൽ ശിവക്ഷേത്രം ആസ്ഥാനമായി കോട്ടൂരിന്റെ ഭരണം നിയന്ത്രിക്കപ്പെട്ടു. കുറുവ (വള്ളുവനാട്) യിലെ നേമത്ത് അകായിൽ മൂസത്മാരായിരുന്നു ഈ ക്ഷേത്രത്തിന്റെ പഴയതും പുതിയതുമായ ഊരാളന്മാർ. കോട്ടൂരിൽ അന്ന് 72 നമ്പൂതിരി ഇല്ലങ്ങളുണ്ടായിരുന്നതായി. പറയപ്പെടുന്നു. അവരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പുത്രക്കോവിൽ ദേവസ്വം വക വൈഷ്ണവ ക്ഷേത്രത്തിന് 2000 വർഷത്തെ പഴക്കമുണ്ടായിരുന്നെന്നും. നാറാണത്തുഭ്രാന്തനാണ് ക്ഷേത്രത്തിന് തറക്കല്ലിട്ടതെന്നുമാണ് ഐതിഹ്യം ഏതായാലും കേരളത്തിലെ വരാഹമൂർത്തിയുടെ പ്രതിഷ്ഠയുള്ള രണ്ട് ക്ഷേത്രങ്ങളിലൊന്നാണിതെന്ന് പറയപ്പെടുന്നു. മറ്റൊന്ന് പന്നിയൂരാണുള്ളത്. ഈ ക്ഷേത്രത്തിൽ മുൻകാലങ്ങളിൽ വലിയ ഉത്സവങ്ങൾ നടക്കുകയും സാമൂതിരി തമ്പുരാനും മറ്റും ഉത്സവം കാണാനെഴുന്നള്ളിയിരുന്നതായും ഇപ്പോഴത്തെ ക്ഷേത്രഭാരവാഹികൾ പറയുന്നു. മൈസൂർ സുൽത്താന്മാരുടെ ഭരണകാലത്ത് തറക്കൂട്ടങ്ങൾ വിഭജിച്ച് പുനഃസംഘടിപ്പിച്ചപ്പോൾ കോട്ടൂരിന്റെ ആദ്യഭാഗങ്ങൾ മാറ്റി പുതിയസ്ഥലങ്ങൾ കൂട്ടിച്ചേർത്തു. കരുവായൂർ, നേമം, അകായിൽ കുടുംബവുമായി ബന്ധുക്കളായിരുന്ന കോകടവ് ദേശവാഴികൾ മുസ്ളീങ്ങളായി മതപരിവർത്തനം ചെയ്യപ്പെട്ടു. അവരുടെ തറവാട് കോകയം എന്ന പേരിലറിയപ്പെട്ടു. ഈ കുടുംബത്തിന് പിൽക്കാലത്ത് മമ്പുറം സയ്യിദ് അലവി തങ്ങളുമായ് ഉറ്റബന്ധമുണ്ടായിരുന്നതായി മമ്പുറത്തുനിന്ന് കണ്ടെടുത്ത ചില രേഖകളിൽ പറയുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കോട്ടൂരിലെ ആദ്യത്തെ മുസ്ളീം പള്ളിയായ കോകയം പള്ളിക്ക് തങ്ങൾ തറക്കല്ലിട്ടു. ബ്രിട്ടീഷ് ഭരണകാലത്ത് ഈ കുടുംബത്തിലെ ഉമ്മാത്തക്കുട്ടി എന്നൊരു സ്ത്രീ കോട്ടൂരംശം അധികാരിയായിരുന്നു. പിൽക്കാലത്ത് ഈ കുടുംബം പുരുഷസന്തതികളില്ലാതെ അന്യംനിന്നു. അക്കാലത്ത് വലിയാട്ടിലും വരിക്കോട്ടിലും ഓരോ നിസ്കാരപള്ളികളുണ്ടായിരുന്നു അത് രണ്ടും പിന്നീട് ജുമാഅത്ത്പള്ളിയാക്കിമാറ്റി. അക്കാലത്ത് തന്നെ വടക്കെ മണ്ണയിൽ കരിമ്പനക്കൽ കുഞ്ഞിപ്പോക്കുമുസ്ല്യാർ ഒരു പള്ളി എടുപ്പിച്ചിരുന്നു. കുഞ്ഞിപ്പോക്കു മുസ്ല്യാർ ഒരു പരിഷ്കരണ വാദിയായിട്ടാണറിയപ്പെട്ടത്. അദ്ദേഹത്തിന്റെ ചാവടിയന്തിരത്തെ വിമർശിച്ച ഇർശാദുൽ ആമ്മ എന്ന അറബിഗ്രന്ഥം വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. അറബി മലയാളത്തിൽ അദ്ദേഹമെഴുതിയ 'ഇഹ് യാഉസ്സുന്നത്തിൽ ഇസ്ലാമിയ്യ -വഇമാമത്തുൽ ബിദ് അതിൽ ജാഹിലിയ്യ:' എന്ന ഗ്രന്ഥവും വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു അദ്ദേഹത്തിന്റെ സഹോദരൻ പോക്കര് മുസ്ല്യാർ കൃസ്ത്യൻ പാതിരിമാരുടെ മതപ്രചരണ സംരംഭങ്ങളെ എതിർക്കുന്നതിന് സയ്യിദ് സനാഉല്ലാ മക്തി തങ്ങളോടൊത്ത് പ്രവർത്തിക്കുകയും കൃസ്തീയസഭയുടെ തെറ്റുകൾ ചൂണ്ടിക്കാട്ടി ഒരു ഗ്രന്ഥം രചിക്കുകയും ചെയ്തിരുന്നു. പോക്കര് മുസ്ല്യാരുടെ പുത്രനും സമസ്ത കേരള അംഇയ്യത്തുൽ ഉലമയുടെ പ്രസിഡണ്ടുമായിരുന്ന സദഖത്തുല്ലമൗലവിയും അഗാധപണ്ഡിതനായിരുന്നു. വരിക്കോട് ജുമഅത്ത് പള്ളി ഖാസിയായിരുന്ന മങ്കരത്തൊടി മുഹമ്മദ് മൗലവി കവിയും ഗ്രന്ഥകാരനുമായിരുന്നു. ബദ്റുൽ കുബ്റ, നജ്മുസ്സുഹ്റ എന്നിങ്ങനെ രണ്ട് പാട്ടുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. കുഞ്ഞിപ്പോക്കു മുസ്ല്യാരുടെ കോട്ടൂരിലെ വസതിയിൽ 1890ൽ തലശ്ശേരിക്കാരൻ അരയാലിപ്പുറത്ത് പക്കി എന്നാൾ ഒരു പ്രസ്സ് നടത്തിയിരുന്നു. ഈ പ്രസിലാണ് മേല്പറഞ്ഞ പുസ്തകങ്ങളെല്ലാം അച്ചടിച്ചിരുന്നത്. തിരൂരങ്ങാടി കഴിഞ്ഞാൽ അക്കാലത്ത് പ്രസ്സും അച്ചടിയും നടത്തിയിരുന്നത് കോട്ടൂരായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ ഒടുവിലും ഈ നൂറ്റാണ്ടിന്റെ ആദിയിലുമായി നമ്മുടെ നാട്ടിലെ മലയോരകേന്ദ്രങ്ങളിലും തിരുവിതാംകൂർ വയനാട് ഭാഗങ്ങളിലും വ്യാവസായികാടിസ്ഥാനത്തിൽ തന്നെ റബ്ബർ, ചായ എസ്റ്റേറ്റുകൾ ഉയർന്ന് വന്നിരുന്നു. ഇംഗ്ലീഷ്കമ്പനികളായിരുന്നു പ്രധാനമായും ഇത്തരം എസ്റ്റേറ്റുകൾ വെച്ച് പിടിപ്പിച്ചിരുന്നത്. കോട്ടൂരിൽ നിന്ന് ആയിരകണക്കിനാളുകൾ പല എസ്റ്റേറ്റുകളിലായി ജോലി ചെയ്തിരുന്നു. ഇവരെ കരാറടിസ്ഥാനത്തിൽ എസ്റ്റേറ്റ് ജോലിക്ക് അയച്ചിരുന്ന മേസ്തിരിമാർ അല്ലെങ്കിൽ കങ്കാണികൾ നാട്ടിൽ സമ്പന്നരും പ്രമാണിമാരുമായി. കോട്ടൂരിൽ പണ്ടാറഅറക്കൽ, ചക്കിങ്ങൽതൊടി, കിളിയമണ്ണിൽ, പറവത്ത് തുടങ്ങിയ കുടുംബങ്ങൾ ഇത്തരത്തിൽ വളർന്നവരായിരുന്നു. കിളിയമണ്ണിൽ കുടുംബം ഈ സമ്പത്തുപയോഗിച്ച് കോട്ടൂരിനടുത്ത് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് ഇടത്തരം റബ്ബർ എസ്റ്റേറ്റുകൾ വെച്ച് പിടിപ്പിക്കുകയും വൻതോതിൽ തെങ്ങിൻ തോട്ടങ്ങൾ ശാസ്ത്രീയമായി സംവിധാനം ചെയ്ത് വളർത്തുകയും ചെതിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെതുടർന്ന് നാട്ടിൽ വലിയ ക്ഷാമം ബാധിച്ചപ്പോൾ കോട്ടൂർ അംശം അടക്കം മൂന്ന്, നാല് അംശങ്ങളിലെ സാധുക്കൾക്ക് വേണ്ടി കഞ്ഞിപാർച്ചയും കാർഡ് സമ്പ്രദായത്തിൽ വിധവകൾക്കും അനാഥർക്കും വസ്ത്രവിതരണം നടത്തിയിരുന്നതുമൊക്കെ ഇന്നും നാട്ടിൽ പാട്ടാണ്. ബ്രിട്ടീഷുകാർ നൽകിയ ഖാൻസാഹിബ് പട്ടം കിളിയമണ്ണിൽ ഉണ്ണീൻസാഹിബ് സ്വീകരിച്ചിരുന്നുവെങ്കിലും ദേശീയസ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളെ സാമ്പത്തികമായി അദ്ദേഹം സഹായിച്ചിരുന്നതായി പറയപ്പെടുന്നു.

1936-ൽ റീസെറ്റിൽ മെന്റ് തടങ്ങുന്നതിന് മുമ്പ്

അംശം അധികാരി എന്ന് പറഞ്ഞാൽ ഇന്നത്തെ ഗവർണ്ണർ പദവി പോലെയായിരുന്നു. അംശത്തിൽ ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനിധിയായിരുന്നു അധികാരി. കറുകമണ്ണിൽ കുഞ്ഞലവിസാഹിബ്, മകൻ കുഞ്ഞഹമ്മത്, കുട്ടശ്ശേരി നാരായണൻനായർ തുടങ്ങിയവർ ഇവിടെ അധികാരിമാരായിരുന്നു. നാരായണൻനായർ 40 കൊല്ലത്തോളം കോടൂരംശത്തിൽ അധികാരിപ്പണി എടുത്തതായികാണുന്നു. 1961- സപ്തംബറിൽ വില്ലേജ് പുനഃസംഘടന നടന്ന ശേഷമുള്ള ആദ്യത്തെ വില്ലേജ് ഓഫീസർ നാരായണൻനായരുടെ മകൻ ഗോവിന്ദൻകുട്ടി (ഉണ്ണി) നായരായിരുന്നു.

1921 ലെ മാർഷൽ ലൊ പ്രഖ്യാപനമോ അന്നത്തെ ജനകീയ വിപ്ലവമോ കോടൂരിനെ ബാധിച്ചിരുന്നില്ല. അന്നത്തെ അധികാരിമാരുടെയും കിളിയമണ്ണിൽ ഉണ്ണീൻ സാഹിബിന്റെയും സ്വാധീനമാണിതിന് കാരണമായിപറയപ്പെടുന്നത്. ഈ സംഭവത്തിൽ പങ്കെടുത്ത മൂന്ന് നാല് പേരുടെ ആശ്രിതർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. പട്ടാള മർദ്ദനമോ  കൂട്ടത്തോടെ ജയിലിലടക്കലോ നാടുകടത്തലോ നടന്നിട്ടില്ല.  എന്നാൽ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ വിപ്ലവ ഗവർമെന്റിനെ കോടൂർ നിവാസികൾ അംഗീകരിച്ചതുമില്ല.

തെന്നിന്ത്യയിലെ പ്രശസ്ത ഉത്സവമായിരുന്ന മലപ്പുറം നേർച്ചയിൽ കോടൂർ നാട്ടുക്കല്ലിൽ പെട്ടിവരവായിരുന്നു നേർച്ചയുടെ ഒന്നാമത്തെ ആഘോഷ പരിപാടി. ഈ പെട്ടിവരവു (ഘോഷയാത്ര) കളിൽ കോടൂരിലെ മുഴുവൻ പ്രദേശത്തുള്ളവരും പങ്കെടുത്തിരുന്നു. സാമൂതിരി മലപ്പുറം പിടിച്ചെടുത്ത ശേഷം അവരുടെ സാമന്തൻമാരായി നാടുഭരിച്ചിരുന്നത് വരക്കൽ പാറനമ്പിമാരായിരുന്നു. നമ്പിയുടെ ധനകാര്യതലവന്മാർ പണ്ടാറഅറക്കൽ കുടുംബാംഗങ്ങളുമായിരുന്നു ഇവർ കണ്ണൂരിൽനിന്ന് വന്നവരായിരുന്നെന്നാണ് ഐതിഹ്യം. ഈ കുടുംബത്തിന് മലപ്പുറം കോടൂർ, നാട്ക്കല്ല് (തറകൾ, ദേശങ്ങൾ, നാട്ടുകൂട്ടങ്ങൾ എന്നിങ്ങനെ വിവിധ നാടുവാഴികളുടെ വാഴ്ചയിലായിരുന്ന പ്രദേശങ്ങളിലൂടെ ദേശാടനം നടത്തുന്ന ബ്രാഹ്മണരുടെയും മറ്റും സൗകര്യാർത്ഥം ഏർപ്പെടുത്തുന്നതാണ്.  വലിയ കല്ലുനാട്ടൽ ഇത് പഴയ മലബാർ പ്രദേശങ്ങളിൽ പ്രധാന സഞ്ചാരവീഥികളിലെല്ലാമുണ്ട്.) എന്നിവിടങ്ങളിലായി ഏതാനും ഏക്കർ ഭൂമി പതിച്ചുകൊടുത്തിരുന്നു. അഹമ്മത് എന്നാൽ 1802ൽ കോടൂർ നാട്ടുകല്ലിൽ താമസം തുടങ്ങുകയും ചെയ്തിരുന്നു. അവിടെ നിന്നാണ് ഈ പെട്ടി വരവ് പുറപ്പെട്ടിരുന്നത്. നേർച്ചസംബന്ധിച്ച കേസും നിയമയുദ്ധവുമെല്ലാം വന്നപ്പോൾ 1914ൽ മദ്രാസ് ഹൈക്കോടതി ഈ പെട്ടിവരവിനെ ഒന്നാമതായി അംഗീകരിച്ച് വിധിനൽകി.

1921 ഏപ്രിൽ മാസത്തിൽ കോടൂരിൽ ഒരു കുടിയാൻ സംഘം രൂപീകരിച്ചതായി കെ.മാധവൻ നായർ തന്റെ മലബാർ കലാപം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. പഴയ വള്ളുവനാടൻ ബന്ധം കൊണ്ടാകാം

കരുവായൂർഅകായിൽ, നേമംഅകായിൽ, അവരുടെ ബന്ധുക്കളായ പൊന്മള ചണ്ണഴിയില്ലം, തിരുമനശ്ശേരി കോട്ട, പെരിമ്പലം ഇല്ലം തുടങ്ങിയവരാണ് കോടൂരിലെ പ്രധാന ജന്മിമാർ ഇവരുടെ ഭൂമി വെറും പാട്ടത്തിന് കൃഷി നടത്തുന്നവരൊ കാണകൈവശക്കാരോ ആയിരുന്നു കോടൂർ നിവാസികൾ അധികവും കട്ടിലശ്ശേരി മുഹമ്മദ് മൗലവി, എൻ. പി. നാരായണമേനോൻ, കെ.മാധവൻനായർ എന്നിവർ ഈ കുടിയാൻ സംഘം രൂപീകരണചടങ്ങിൽ സംബന്ധിച്ചിരുന്നു. പി. സി. എച്ച്. ആലിഹാജി, സി.എച്ച്. അഹമ്മദ്കുട്ടി, കുട്ടശ്ശേരി ഗോവിന്ദൻ നായർ കൂരിമൊയ്തീൻഹാജി തുടങ്ങിയവരും ഈ യോഗത്തിൽ പങ്കെടുത്തിരുന്നതായി പറയപ്പെടുന്നു. പിന്നീട് 1932ൽ വ്യക്തി സത്യാഗ്രഹകാലത്ത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് കോടൂർ സന്ദർശിച്ച് പ്രവർത്തകർക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു. അബ്ദുൽറഹിമാൻ സാഹിബ് കോടൂരിൽ വന്നാൽ പി.സി.എച്ച് ആലിഹാജിയുടെ ചെമ്മങ്കടവിലുള്ള വീട്ടിലൊ കറുകമണ്ണിൽ കുഞ്ഞുമ്മുട്ടി (വാരിയത്തൊടി) സാഹിബിന്റെ വെസ്റ്റ് കോടൂരിലുള്ള വീട്ടിലൊ ആണ് താമസിച്ചിരുന്നത്. ആലിഹാജി, കുഞ്ഞുമ്മുട്ടി സാഹിബ്, സി.എച്ച് അഹമ്മദ് കുട്ടി , കൂരിമൊയിതീൻഹാജി, കുട്ടശ്ശേരി ഗോവിന്ദൻനായർ, കുന്നത്ത് കോയഹാജി, കരുവാംതൊടി അലവിക്കുട്ടി, പറവത്ത് കുഞ്ഞാലൻഹാജി, കടമ്പോട്ട് മുഹമ്മദ് ഹാജി, തൊണ്ടിക്കൽ മുഹമ്മദ് ഹാജി, മാഞ്ഞാമ്പള്ളി അലവി, തട്ടാൻ തേവുട്ടി, സി. അബ്ദുള്ള, തെയ്യു, വില്ലൻ മുഹമ്മദ്ഹാജി, ഇ.കെ. കുട്ടൂസ, സി.കെ. കുഞ്ഞഹമ്മദ് ഹാജി, പറവത്ത് അബു, പാലോളി മുഹമ്മദ്കുട്ടി, പി.എ. ഇസ്മായിൽ തുടങ്ങിയവർ നമ്മുടെ ദേശീയപ്രസ്ഥാനത്തിലും ആദ്യകാലരാഷ്ട്രീയപ്രസ്ഥാനങ്ങളിലും മുൻനിന്ന് പ്രവർത്തിച്ചു. നമ്മുടെ ദേശീയപ്രസ്ഥാനത്തിൽ പൊതുവെ അന്നു സംഭവിച്ചതിന്റെ ഭാഗമായി മേൽപ്പറഞ്ഞവരൊക്കെ വഴിപിരിഞ്ഞു. പി.സി.എച്ച്. ആലിഹാജി, പറവത്ത് കുഞ്ഞാലൻ ഹാജി, പറവത്ത്അബു പി.എ. ഇസ്മായിൽ തുടങ്ങിയവർ മുസ്ലീംലീഗിലേക്കും കടമ്പോട്ട് മുഹമ്മദ്ഹാജി, മാഞ്ഞാമ്പള്ളി അലവി, തൊണ്ടിക്കൽ മുഹമ്മദ് ഹാജി, സി. അബ്ദുള്ള, തട്ടാൻ തേവുട്ടി, തെയ്യു, വില്ലൻമുഹമ്മദ് ഹാജി, ഇ.കെ. കുട്ടൂസ, സി.കെ. കുഞ്ഞഹമ്മദ് ഹാജി, പാലോളിമുഹമ്മദ്കുട്ടി തുടങ്ങിയവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കും പോയപ്പോൾ കുഞ്ഞുമ്മുട്ടി സാഹിബ്, കോയഹാജി, കരുവാന്തൊടി അലവിക്കുട്ടി, ഗോവിന്ദൻ നായർ, സി.എച്ച്. അഹമ്മദ്കുട്ടി തുടങ്ങിയവർ കോൺഗ്രസ്സിൽ തുടർന്നു. മേൽപ്പറഞ്ഞതിലധികം പേരും 1939 ലെ പറപ്പൂർ രാഷ്ട്രീയസമ്മേളനത്തിൽ പ്രതിനിധികളായി പങ്കെടുത്തിരുന്നു. ഇപ്പോഴത്തെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി പാലൊളി മുഹമ്മദ്കുട്ടി 1965ൽ തന്റെ ജന്മദേശമായ കോടൂർ പഞ്ചായത്ത് ഉൾപ്പെട്ട മങ്കട നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ആ നിയമസഭ പിരിച്ചുവിടുകയാണുണ്ടായത്. 1961 സപ്തംബർ 1 ന് കോടൂർ അംശം (കോടൂർ

വടക്കേമണ്ണ, മങ്ങാട്ടുപുലം ദേശങ്ങൾ ) പഴമള്ളൂർ അംശവും (പഴമള്ളൂർ, പെരുങ്ങോട്ടുപുലം, പെരവമണ്ണ, ഉമ്മത്തൂർ, ചെമ്മങ്കടവ് ദേശങ്ങൾ) ചേർത്ത് കോടൂർ വില്ലേജ് പുനഃസംഘടിപ്പിച്ചു. ഈ വില്ലേജ് 20-11-61 ന് കോടൂർ പഞ്ചായത്തായി പ്രഖ്യാപിച്ചു. തുടർന്ന് കോടൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പഴമള്ളൂർ ദേശം 15-6-68 ന് കുറുവ പഞ്ചായത്തിലേക്ക് മാറ്റി എന്നാൽ 15-6-71 ന് ഭരണ സൗകര്യം പരിഗണിച്ച് പഴമള്ളൂർ ദേശം വീണ്ടും കോട്ടൂരിനോട് കൂട്ടിച്ചേർത്തു.1-9-71 ന് കുറുവ പഞ്ചായത്തിലേക്കു തന്നെ വീണ്ടും മാറ്റി ഇപ്പോൾ അവിടെ തുടരുന്നു. 1962ലാണ് ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. കെ.വി.കെ. ഇമ്പിച്ചിക്കോയതങ്ങൾ, സി.കെ. കുഞ്ഞഹമ്മദ് ഹാജി, പി. കുഞ്ഞീതു, പി.സി. അസ്സൻകുട്ടി, എൻ.കെ. ആലസ്സൻകുട്ടി, പി. കുഞ്ഞുമുഹമ്മദ്, സി.എസ്. മൊയ്തീൻകുട്ടി മൗലവി, കെ.കെ. മാധവി, സി.എച്ച്. അഹമ്മദ്കുട്ടി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഇമ്പിച്ചിക്കോയതങ്ങൾ കോടൂർ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ടായി. എൻ.കെ. ആലസ്സൻകുട്ടി വൈസ് പ്രസിഡണ്ടുമായി. 1968 ൽപഴമള്ളൂർ കുറുവയിലേക്ക് മാറിയപ്പോൾ ഇമ്പിച്ചിക്കോയതങ്ങൾ പ്രസിഡണ്ട് സ്ഥാനം രാജിവെക്കേണ്ടി വന്നു. തുടർന്ന് അന്ന് വൈസ്പ്രസിഡണ്ടായിരുനന്ന ആലസ്സൻകുട്ടിഹാജി പ്രസിഡണ്ടും യു. മമ്മുട്ടി ഹാജി വൈസ്പ്രസിഡണ്ടുമായി. 1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ.എം. മുഹമ്മദ് ഹാജി, ടി. മൂസമാസ്റ്റർ, പി.എം. മജീദ് മുസ്ല്യാർ, പി. ഉമ്മർ, ടി.പി. കോമൻ, സി. അബ്ദുല്ല, പി.എ. അഹമ്മദ്, സി.എസ്. മുഹമ്മദ്മാനു, സി.എച്ച്. മുഹമ്മദ്ഹാജി, യു. ഖദീജ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കെ.എം. മുഹമ്മദ്ഹാജി പ്രസിഡണ്ടും ടി. മൂസ മാസ്റ്റർ വൈസ്പ്രസിഡണ്ടുമായി തിരഞ്ഞെടുക്കപ്പെട്ട് 1979 സെപ്തംബർ 29 ന് അധികാരമേറ്റു. 1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ ആത്തിയടീച്ചർ, വി.ആലി, ടി. മൂസ, വി. പാത്തുമ്മ, സി.എച്ച്. ഹസ്സൻഹാജി, എം. മുഹമ്മദ് ഹാജി, കെ.യൂസഫ് മാസ്റ്റർ, പി. രാമൻ, കെ.വി. മൊയ്തീൻ മാസ്റ്റർ, പി. കുഞ്ഞഹമ്മദ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കെ. യൂസഫ് മാസ്റ്റർ പ്രസിഡണ്ടും സി.എച്ച് ഹസ്സൻ ഹാജി വൈസ്പ്രസിഡണ്ടുമായി 1988 ഫെബ്രുവരി 5 ന് ബോർഡ് അധികാരമേറ്റു. 1995 ൽ നടന്ന തെരഞ്ഞെടുപ്പിൽ എം.ടി. അലവി, ടി.എ. സലാം മാസ്റ്റർ, പി. ഹംസ, സി.എസ്. മുഹമ്മദെന്ന മാനു, ഹാഷിം ലുഖ്മാൻ, പരിസുരേഷ്കുമാർ, യു. മറിയുമ്മ, വി. പാത്തുമ്മ, പൂവ്വക്കാട്ട് ബാപ്പുട്ടി, മെഹറുന്നിസ അബു, പാലോളി റിച്ചുടീച്ചർ എന്നിവർ മെമ്പർമാരായി. എം.ടി. അലവി പ്രസിഡണ്ടും ടി.എ. സലാംമാസ്റ്റർ വൈസ്പ്രസിഡണ്ടുമായി 1995 ഒക്ടോബർ 2 ന് അധികാരമേറ്റു. 90 ശതമാനം അക്ഷരാഭ്യാസമുള്ള കോടൂർ പഞ്ചായത്ത് രാഷ്ട്രീയസാംസ്കാരികസാഹിത്യരംഗങ്ങളിൽ ഉയർന്നനിലവാരത്തിലേക്ക് നീങ്ങുകയാണ്. ജില്ലാ ആസ്ഥാനത്തോട് തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസവും നേടിയവരും സാങ്കേതിക വിദ്യാഭ്യാസവും നേടിയവർ ജില്ലാശതമാനത്തോടൊപ്പം നിൽക്കുന്നു. പഴയകാലത്തുതന്നെ അച്ചടിയും ഗ്രന്ഥരചനയും പത്രപ്രവർത്തനവുമുണ്ടായിരുന്ന ഈ പഞ്ചായത്ത് അക്കാര്യങ്ങളിലെല്ലാം മുന്നോട്ടുപോയി 1930ൽ പി.സി.എച്ച് ആലിഹാജിയുടെ പത്രാധിപത്യത്തിൽ യുവജനം എന്നപേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. കെ.കെ. സദഖത്തുല്ല മൗലവി നുസ്രത്തുൽ അനാം (ഇന്നും പ്രസിദ്ധീകരിക്കുന്നു) എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. 60 കളിൽ വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയതും സർക്കാർ കണ്ടുകെട്ടിയതുമായ മാപ്പിളനാട് ദ്വൈവാരികയുടെ പത്രാധിപർ പി.പി. കമ്മു കോടൂർ വലിയാട് സ്വദേശിയാണ്. മലപ്പുറത്തെ ആദ്യത്തെ സായാഹ്നദിനപത്രമായ മലപ്പുറംടൈംസിന്റെ പത്രാധിപയും കോടൂർ സ്വദേശിതന്നെ. ദേശാഭിമാനിയുടെ മലപ്പുറം ലേഖകൻ പാലോളി കുഞ്ഞിമുഹമ്മദടക്കം ജില്ലാ ആസ്ഥാനത്തെ രണ്ട് അക്രഡിറ്റഡ് പത്രലേഖകർ കോടൂർ സ്വദേശികളാണ്. ഖന്തക്, ഉനൈൻ തുടങ്ങി ആറ് പടപ്പാട്ടുകളും ഒട്ടുവളരെ മാപ്പിളപ്പാട്ടുകളും രചിച്ച പണ്ടാറഅറക്കൽ അഹമ്മദ്കുട്ടി, മാപ്പിളപ്പാട്ട് രചയിതാവായ കടമ്പോട്ട് അലവിക്കുട്ടി എന്നിവരും കോടൂർ സ്വദേശികൾ തന്നെ.




4

# ഭൂപ്രകൃതി- ജലപ്രകൃതി-ജനപ്രകൃതി

കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഇടനാട് മേഖലയിലാണ് കോഡൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 440 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. ഏതാണ്ട് ഇതേ നിരപ്പിൽ കിടക്കുന്ന ഭാഗങ്ങൾ മല നാട് മേഖലകളിലും കാണാം. മലനാടിനോടാണ് പ്രകൃതിപരമായി കൂടുതൽ സാദൃശ്യം. കടലുണ്ടിപ്പുഴ പഞ്ചായത്തിന്റെ മൂന്നിൽ രണ്ടുഭാഗവും ചുറ്റി ഒഴു കുന്നു. ഉപദ്വീപിന്റെ ആകൃതിയിലുള്ള പലഭാഗങ്ങളും പഞ്ചായത്തിൽ കാണാം. പുഴയിൽ നിന്ന് കുത്തനെ ഉയർന്നഭാഗങ്ങളും സമതലസ്വഭാവമുള്ള തീരങ്ങളും ചേർന്ന ഭൂപ്രകൃതിയാണ്. പുഴയിൽനിന്ന് ഉള്ളിലേക്ക് പ്രവേശിച്ചാൽ ഇതുപോലെ കുത്തനെയുള്ള കുന്നു കളും ഇറക്കങ്ങളും സമതലകരഭൂമികളും സമതല വയലുകളും കാണുന്നു. വയലുകൾക്കു നടുവിൽ ജലനിർഗ്ഗമനാവശ്യാർത്ഥം രൂപം കൊണ്ട തോടു കളും അവയുടെ കൈവഴികളും ചേർന്ന ഭൂപ്രകൃ തിയാണുള്ളത്.

പഞ്ചായത്ത് ഉത്തര അക്ഷാംശം 11 ഡിഗ്രിക്കും 11.5 ഡിഗ്രിക്കും ഇടയിലും പൂർവ്വരേഖാംശം 76 ഡിഗ്രിക്കും 76.5 ഡിഗ്രിക്കും ഇടയിൽ സ്ഥിതിചെ യ്യുന്നു. 18.42 ച. കി.മീ വിസ്തൃതി മൊത്തത്തിലുണ്ട് നെടുകെയും കുറുകെയും സഞ്ചരിച്ചാൽ ഒരറ്റത്തു നിന്ന് എതിർ അറ്റത്തു എത്തുന്നതിന് 6 കി.മീ. മുതൽ 7. കി.മീ വരെ ദൂരമുണ്ട്. ഏകദേശവൃത്താ കൃതിയാണ്. വടക്കുപടിഞ്ഞാറ് ഭാഗം കുറച്ചു ദൈർഘ്യം കൂടുതലുണ്ട്.

അറിയപ്പെടുന്നതും പ്രധാനപ്പെട്ടതുമായ കുന്നിൻ പ്രദേശങ്ങൾ ഉമ്മത്തൂർ, മുണ്ടക്കോട്, കോപ്പ റമ്പ്, വലിയപറമ്പ്, കൂറ്റാൻ കുന്ന്, വേട്ടാൻകുന്ന്, കലമാൻകാട്, കാലൻകുന്ന്, വട്ടപറമ്പ്, കരീപറമ്പ്, ചെറുപറമ്പ് എന്നിവയാണ്. കിഴക്കുനിന്ന് പടി ഞ്ഞാറ് ഭാഗത്തേക്കു ചരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. പടിഞ്ഞാറെ സമതലഅതിരായ വരിക്കോട് പുളിയാ ട്ടുകുളം പ്രദേശത്തു നിന്നു ഉയർന്ന പ്രദേശമായ ഉമ്മ ത്തൂരിലേക്കുള്ള ഉയരം ഏകദേശം നൂറ് അടിയോളം വരും. പുഴതീരത്തുനിന്ന് തെക്കെ അതിർത്തിയായ ചട്ടിപറമ്പ-വട്ടപറമ്പ ഭാഗത്തേക്ക് ഏകദേശം എഴു പത്തി അഞ്ച് അടിയോളം ഉയരമുണ്ട്. സമതല കര ഭൂമികളും സമതലവയൽപ്രദേശങ്ങളും വിന്യസിച്ചു കിടക്കുന്നു.

ഉയർന്ന കുന്നിൻ സമതലങ്ങളുടെ വിസ്തൃതി

| | | |
|---|---|---|
| 1. | വലിയപറമ്പ് | 30 ഏക്ര (ഏകദേശം) |
| 2. | കോലറമ്പ് | 32 ,, |

| | | |
|---|---|---|
| 3. | കുറ്റാൻകുന്ന് | 20 ,, |
| 4. | കലമാൻകാട് | 15 ,, |
| 5. | വട്ടപറമ്പ് | 40 ,, |
| 6. | കരീപറമ്പ് | 20 ,, |
| 7. | ചെറുപറമ്പ് | 18 ,, |
| 8. | വേട്ടാൻ പറമ്പ് | 22 " |
| 9. | കാലൻപറമ്പ | 16 ,, |

പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതിയുടെ 14 ശതമാനം ഉയർന്ന കുന്നിൻപ്രദേശസമതലങ്ങളും 21 ശതമാനം കുന്നിൻ ചരിവുകളും 16 ശതമാനം ചെറു ഇടത്തരം ചരിവ് പ്രദേശങ്ങളും 31 ശതമാനം നിരന്ന സമതല പ്രദേശങ്ങളും 18 ശതമാനം പുഴതീരസമതലപ്രദേശങ്ങളുമാണ്. മഴയുടെ തീവ്രതക്കനുസരിച്ച് വെള്ളപ്പൊക്ക ഭീഷണി പലസ്ഥലത്തും നില നിൽക്കുന്നു.

മഴവെള്ളം എളുപ്പത്തിന് വാർന്നു നീങ്ങാനാവശ്യമായത്ര തോടുകളും കൈവഴികളുമില്ല. അറപ്പക്കൽ തോട് എന്ന പേരിലറിയപ്പെടുന്നതാണ് പഞ്ചായത്തിലെ പ്രധാനനീർച്ചാൽ ഇത് തണ്ണീർകുണ്ടിൽ നിന്നാരംഭിച്ച് പുഴയിൽ മാരാം കടവിൽ ചേരുന്നു. ഏകദേശം എട്ട് കി.മീ. നീളം സഞ്ചരിക്കുന്നു. ആറുവാർഡുകളിലൂടെ ഈ തോട് സഞ്ചരിക്കുന്നു. ഒന്നും രണ്ടും വാർഡുകൾക്ക് ഈ തോടുമായി ബന്ധമില്ല. പെരിങ്ങോട്ടുപുലം, ഉമ്മത്തൂർ കോങ്കയം ഭാഗത്തു ചെറുതോടുകളും ഉമ്മത്തൂർ വലിയതോടും വഴി മഴവെള്ളം പുഴയിലെത്തുന്നു. മങ്ങാട്ടുപുലം ഭാഗത്ത് കരീപറമ്പ്, പടിഞ്ഞാറെകുളം, കിഴക്കേകുളം, മീമ്പോട് ഇവകളിൽ നിന്നുള്ള നീർച്ചാലുകൾ വഴി മഴവെള്ളം പുഴയിലെത്തുന്നു. വർഷക്കാലത്തെ നീർച്ചാലുകൾ പലതും വേനൽക്കാല ഇടവഴികളാണ്.

പുഴതീരങ്ങളിലെ എക്കൽ കലർന്ന മണൽ മണ്ണും കുന്നിൻമുകളിലെ വെട്ടുകൽമണ്ണും കുന്നിൻ ചരിവുകളിലെ വെട്ടുകൽ അംശമുള്ള ചളിമണ്ണും സമതലങ്ങളിലെ പശിമയുള്ള കളിമണ്ണും ചേർന്നതാണ് പഞ്ചായത്തിലെ മണ്ണിന്റെ സ്വഭാവം. ഘനത്വം കൂടിയ വെട്ടുകൽ, കളിമൺ ആണ് ഏറിയപങ്കും. തീരങ്ങളിലെ എക്കൽമണൽ മണ്ണിനു നീർവാർച്ചാഗുണം കൂടുതലുണ്ട്. കളിമണ്ണിൽ ജലസംഭരണശേഷി കൂടുതലുണ്ട്. എന്നാൽ നീർവാർച്ച കുറവാണ്. 15 ശതമാനം പുഴതീര എക്കൽമണ്ണും 35 ശതമാനം വെട്ടുകൽ ചളിമണ്ണും 30 ശതമാനം കളിമണ്ണുമാണ് കാണപ്പെടുന്നത്. വെട്ടുകൽ ചളിമണ്ണിന് കൂടിയതോതിൽ പശിമയുണ്ട്. എക്കൽമണൽ മണ്ണിനു പശിമ കുറവാണ്. വെട്ടുകല്ലിന്റെ അംശമുള്ളതാണ് കുന്നിൻമുകളിലെ വെട്ടുകൽ മണ്ണ്.

തണ്ണീർകുണ്ട്, ഉങ്ങുങ്ങൽചിറ, വേങ്ങയിൽ ചിറ, മന്തിക്കൽചിറ എന്നീ പ്രധാന ചിറകളും ഉമ്മത്തൂർ വലിയകുളം മങ്ങാട്ടുപുലം പടിഞ്ഞാറേക്കുളം കിഴക്കേകുളം എന്നിവയും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. കടലുണ്ടിപ്പുഴയിൽ എല്ലാദിവസവും ജനങ്ങളുപയോഗിക്കുന്ന പ്രധാനപ്പെട്ട കടവുകൾ തിയ്യാൻകടവ്, നൂറൻപാറക്കടവ്, മൂഴിക്കൽ കടവ്, മണ്ണൂർകുന്ന് കടവ്, മുരിക്കേൻകുന്ന് കടവ്, കോലോത്തുംപാറകടവ്, കോങ്കയം പള്ളികടവ്, മൂഴിക്കൽ കടവ്, ആനക്കടവ്, മണ്ണാൻകടവ്, മങ്കരതൊടുകടവ്, ഉമ്മത്തൂർ പള്ളികടവ്, ചോലശ്ശേരി കടവ്, പുതിയത്ത് കടവ്, പൊട്ടിക്കല്ല് കടവ്, എടക്കാട്ട് കടവ്, മാതോളിക്കടവ്, തട്ടാൻകടവ്, തെക്കന്റെടുത്തു കടവ്, മീമ്പോട് കടവ്, തലകാപ്പ് കടവ്, ഹാജിയാർപള്ളിക്കടവ്, പള്ളിക്കുത്ത് കടവ്, കിളിയണ്ണി കടവ്, പാറക്കടവ്, പുല്ലാനിക്കടവ്, അരീക്കാട് കടവ്, മാരാംകുന്നത്ത് കടവ്, മണ്ണാത്തിപ്പാറകടവ്, ഒറുംകടവ് മണ്ണാത്തിപ്പാറ എന്നിവയാണ്. പുഴയിലെ പ്രധാനകയങ്ങൾ കരിങ്കയം, കോങ്കയം എന്നിവയാണ്. തോട്ടിലെ പ്രധാന കടവുകൾ മണ്ണാത്തിച്ചിറ, വേങ്ങയിൽ ചിറ, അറപ്പക്കൽചിറ, കുണ്ടുതോട്, മുട്ടേങ്ങാടൻപടി, പിച്ചൻകുന്നശ്ശേരിക്കടവ് എന്നിവയാണ്.

ചതുപ്പുപ്രദേശങ്ങൾ തീരെയില്ല.വനഭൂമിയും നിക്ഷിപ്തവനങ്ങളുമില്ല. കാവുകളും ശ്രദ്ധിക്കപ്പെടത്തക്ക വിധത്തിൽ കാണാൻ കഴിഞ്ഞില്ല.

**ജലസമ്പത്ത്**

മഴപെയ്തുലഭിക്കുന്ന വെള്ളവും കടലുണ്ടിപ്പുഴയിൽ നിന്നുള്ള ജലസേചനസൗകര്യവുമാണ് പഞ്ചായത്തിന്റെ ജലസമ്പത്ത്. മഴപെയ്തുണ്ടാകുന്ന വെള്ളം മുഴുവനായും ഒലിച്ചുപോയി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. സംരക്ഷണസംവിധാനങ്ങളൊന്നുമില്ല. ഉയർന്നകുന്നിൻ പ്രദേശങ്ങളിലും ചരിവുകളിലും വർഷത്തിൽ ഫെബ്രുവരി മുതൽ ജൂൺ വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളത്തിനുപോലും പ്രയാസപ്പെടുന്ന സ്ഥിതിയുണ്ട്.

വർഷത്തിൽ ശരാശരി 125 ദിവസം വരെ മഴ

## വാർഡുതലത്തിലുള്ള ഇപ്പോഴത്തെ ജനസംഖ്യ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| ജനവാസമുള്ള വീടുകൾ | 346 | 420 | 413 | 479 | 460 | 415 | 387 | 349 | 358 | 332 | 346 | 4300 |
| പുരുഷൻ | 1193 | 1441 | 1190 | 1598 | 1612 | 1709 | 1368 | 1289 | 1196 | 1156 | 1162 | 14914 |
| സ്ത്രീ | 1198 | 1477 | 1234 | 1764 | 1638 | 1855 | 1416 | 1395 | 1309 | 1260 | 1218 | 15764 |
| ആകെ | 2391 | 2918 | 2424 | 3362 | 3250 | 3564 | 2784 | 2684 | 2505 | 2416 | 2380 | 30678 |

## വാർഡുതലത്തിൽ പ്രായവ്യത്യാസമനുസരിച്ച് അംഗസംഖ്യ

| മുതിർന്ന വിഭാഗം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 65 നു മേൽ | 83 | 91 | 85 | 98 | 161 | 128 | 99 | 112 | 79 | 88 | 68 | 1092 |
| 50-65 | 219 | 253 | 176 | 298 | 317 | 301 | 240 | 235 | 226 | 171 | 240 | 2672 |
| 30-50 | 560 | 613 | 522 | 741 | 678 | 786 | 630 | 523 | 563 | 539 | 516 | 6542 |
| 18-30 | 588 | 688 | 569 | 793 | 753 | 820 | 583 | 681 | 612 | 484 | 552 | 6123 |
| കുട്ടികൾ 12-18 | 309 | 298 | 251 | 476 | 545 | 433 | 377 | 384 | 321 | 307 | 386 | 4107 |
| 5-12 | 355 | 440 | 322 | 440 | 534 | 565 | 432 | 426 | 369 | 412 | 345 | 4640 |
| 5ന് താഴെ | 262 | 426 | 257 | 355 | 415 | 421 | 371 | 356 | 307 | 359 | 350 | 3339 |

## ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പ്രൈമറി | 562 | 589 | 707 | 1953 | 1101 | 1261 | 1165 | 523 | 549 | 736 | 551 | 9627 |
| സെക്കന്ററി | 617 | 636 | 501 | 759 | 773 | 700 | 472 | 571 | 570 | 513 | 622 | 6834 |
| ഉപരിവിദ്യാഭ്യാസം | 40 | 66 | 42 | 127 | 69 | 47 | 57 | 68 | 81 | 47 | 49 | 763 |

## സർക്കാർ ജീവനക്കാർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പുരുഷൻ | 47 | 29 | 29 | 50 | 23 | 12 | 21 | 36 | 43 | 34 | 34 | 358 |
| സ്ത്രീ | 14 | 6 | 7 | 18 | 5 | 28 | 8 | 12 | 11 | 5 | 12 | 126 |
| ആകെ | 61 | 35 | 36 | 68 | 28 | 40 | 29 | 48 | 54 | 39 | 46 | 484 |

## വിദേശത്ത് ജോലിചെയ്യുന്നവർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പുരുഷൻ | 180 | 242 | 141 | 185 | 135 | 210 | 177 | 176 | 168 | 93 | 140 | 1847 |
| സ്ത്രീ | - | - | - | 1 | - | 1 | - | - | - | - | - | 2 |

## അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 64 | 110 | 108 | 96 | 176 | 170 | 49 | 104 | 138 | 98 | 89 | 1202 |

പതിവുണ്ട്. സംസ്ഥാനത്തെ ഇടനാട്ടിലെ പൊതുമഴനിരക്ക് പഞ്ചായത്തിലും നിലനിൽക്കുന്നു. കുടിവെള്ള ആവശ്യത്തിനും വീട്ടുവളപ്പുകളിലെ ജലസേചനത്തിനുമായി നിർമ്മിച്ചിട്ടുള്ള 2784 കിണറുകളുണ്ട്. ഇവയിൽ 20 ശതമാനത്തോളം കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നു. കുളങ്ങൾ താരതമ്യേന കുറവാണ്. പഞ്ചായത്തിൽ ഇരുപതിൽ താഴെ കുഴൽകിണറുകളുണ്ട്. ശുദ്ധജലവിതരണത്തിനായി ഏതാനും വർഷംമുമ്പ് വാട്ടർ അതോറിറ്റി ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ എല്ലാഭാഗത്തേക്കും ഇതിന്റെ പ്രയോജനം വ്യാപിച്ചിട്ടില്ല.

### ജനങ്ങൾ

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 4097 വീടുകളിലായി 27863 ആണ്. ഇതിൽ 13528 പുരുഷന്മാരും 14281 സ്ത്രീകളുമാണ്. ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ഭാഗമായി 96 നവംബർ ആദ്യവാരത്തിൽ പ്രവർത്തകർ നേരിട്ട് 4300 വീടുകളിൽ കയറി ശേഖരിച്ച വിവരങ്ങളനുസരിച്ച് ജനസംഖ്യ മൊത്തം 30678 ആണ്. അതിൽ 14914 പുരുഷന്മാരും 15764 സ്ത്രീകളുമുണ്ട്. ഇതനുസരിച്ച് ജനസാന്ദ്രത ച.കി.മീറ്ററിന് 1665 ആണ്. ഇവരിൽ 25775 പേർ ഔപചാരിക വിദ്യാഭ്യാസം നേടിയവരാണ്. ശേഷിക്കുന്ന 4309 ൽ വലിയ ഒരു വിഭാഗത്തെ സാക്ഷരതാ പരിപാടിയിൽ കൊണ്ടുവരാനും അക്ഷരാഭ്യാസം നൽകാനും കഴിഞ്ഞിട്ടുണ്ട്. അവരുടെ തുടർ വിദ്യാഭ്യാസ പരിപാടികൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

ജനങ്ങളിൽ 64 ശതമാനത്തിനു മേൽ മുസ്ലീം മതവിഭാഗങ്ങളും 35 ശതമാനത്തിനു മേൽ ഹിന്ദു മതവിശ്വാസികളുമാണ്. ക്രൃസ്ത്യൻ മതവിശ്വാസികളുടെ ഏതാനും കുടുംബങ്ങളാണുള്ളത്. മതവിഭാഗങ്ങൾ തമ്മിൽ ഉയർന്ന സൗഹാർദ്ദവും സഹകരണവും നിലനിൽക്കുന്നു. ജനങ്ങളിൽ വലിയ ഒരു വിഭാഗം വിത്യസ്ഥ രാഷ്ട്രീയവിശ്വാസം പുലർത്തുന്നവരും പ്രവർത്തിക്കുന്നവരുമാണ്. സന്നദ്ധപ്രവർത്തനമേഖലകളും പ്രസ്ഥാനങ്ങളും നിരവധിയുണ്ട്. പൊതുഉത്സവാഘോഷങ്ങൾ കുറവാണെങ്കിലും പൊതുരംഗങ്ങളിൽ ജനങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. മതനിരപേക്ഷസംസ്കാരം മെച്ചപ്പെട്ടനിലയിൽ പുലർത്തിപോരുന്ന ഒരു ദേശമാണ്. ജാതിപരമായ ഉച്ചനീചത്വപ്രവണതകൾ ഒന്നുമില്ല.

കാർഷികമേഖല വിട്ട് ജനങ്ങൾ ഇതര തൊഴിൽ മേഖലകളിലേക്ക് നീങ്ങുന്ന പ്രവണതയുണ്ട്. പ്രധാനമായും ഗൾഫ്നാടുകളിൽ തൊഴിൽ തേടിപ്പോകുന്നവരാണ് കൂടുതൽ.

18നും 50 ഇടയിൽ പ്രായമുള്ള പുരുഷൻമാരിൽ 26% പേർ വിദേശത്താണ്. 1970 കളുടെ അവസാനത്തിൽ ഗൾഫ് പോക്ക് ആരംഭിച്ചുവെങ്കിലും സാമ്പത്തിക ഭദ്രത കൈവരിച്ചവർ ന്യൂനപക്ഷമാണ്. കാർഷികതൊഴിലാളികൾ വളരെ വേഗത്തിൽ നിർമ്മാണ തൊഴിലാളികളായി മാറികൊണ്ടിരിക്കുന്ന സ്ഥിതിയുമുണ്ടി. ഗൾഫ് സാദ്ധ്യത മങ്ങിവരുന്ന സാഹചര്യത്തിൽ കാർഷിക രംഗത്തും ചെറുകിട വ്യവസായ രംഗത്തും ശ്രദ്ധപതിപ്പിക്കുന്ന ഒരു ചിന്താധാര വളർത്തിയെടുക്കണം.






# സാമൂഹികസാമ്പത്തിക മേഖലകൾ

5-1

## കൃഷിയും ജലസേചനവും

കോഡൂര് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്തിന്റെ വടക്കേ അതിര് പൂർണ്ണമായും കടലുണ്ടി പുഴയുടെ തീരമാണ്. ഏകദേശം 14 കിലോമീറ്ററിലധികം നീളത്തിൽ പഞ്ചായത്തിനെ ചുറ്റിവളഞ്ഞൊഴുകുന്ന കടലുണ്ടിപുഴയുടെ അനുഗ്രഹത്താൽ ചരിത്രപരമായി തന്നെ ഈ പ്രദേശം ഒരു കാർഷിക ഗ്രാമമായാണ് രൂപപ്പെട്ടത്. മലപ്പുറം പട്ടണത്തിന്റെ സമീപദേശമായ, കുന്നുകളും ചരിവുകളും ഉൾക്കൊണ്ട കോഡൂര് ഭൂമിയുടെ കിടപ്പനുസരിച്ച് വിള സമ്മിശ്രത ചേർന്ന ഒരു ഗ്രാമമാണ്. പരമ്പരാഗത വിളകൾക്കും കൃഷിരീതികൾക്കും തന്നെയാണ് മുൻതൂക്കം. ആധുനിക കൃഷിക്ക് വേണ്ടത്ര വേരോട്ടമായിട്ടില്ല. കൃഷിയെ ആശ്രയിച്ച ഒരു ജീവിത മാർഗ്ഗമാണ് പൊതുവിൽ നിലനിന്നു പോന്നിരുന്നത്.

എന്നാൽ കഴിഞ്ഞ 20 വർഷത്തോളമായി കാർഷിക മേഖലക്കുണ്ടായിരുന്ന പ്രാധാന്യം കുറഞ്ഞു വരുന്നു. സമീപപ്രദേശങ്ങൾക്കെല്ലാം ബാധകമായിട്ടുള്ള ഒരു പൊതുപ്രശ്നം ഇവിടെയും നിലനിൽക്കുന്നു. കൃഷി ഇതര മേഖലകളിലേക്ക് തിരിയാനും, ഉപതൊഴിൽ മേഖലയായി കൃഷിയെ കണക്കാക്കാനും ഉള്ള പ്രവണത കൂടിവരികയാണ്. ഇതിന്റെ ഫലമായി കൃഷിഇറക്കുന്ന ഭൂമിയുടെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

കാർഷികേതര ഭൂമിയുടെ ആവശ്യങ്ങൾ വർദ്ധിച്ചതും, മഴയുടെ അളവ് കുറഞ്ഞുവരുന്നതും കൃഷിഭൂമിയിൽ നടത്തിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും, കൃഷിഭൂമിയിൽ നിന്നുള്ള മിച്ച വരുമാനത്തിന്റെ കുറവും ഈ സ്ഥിതിക്ക് ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട്.

പരമ്പരാഗത വിളകൾ തെങ്ങ്, നെല്ല് എന്നിവയായിരുന്നു. തെങ്ങ് മുഖ്യമായും കടലുണ്ടി പുഴയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. ഉൾപ്രദേശങ്ങളിലേക്ക് കയറിയാൽ നെൽപാടങ്ങളായിരുന്നു പ്രധാനം.

മൂന്ന് വിള കൃഷി ചെയ്തിരുന്ന ഭാഗങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് കൃഷിചെയ്യാത്ത വയലുകളുടെ വിസ്തൃതിയാണ് കൂടുതൽ. പുഞ്ചകൃഷിചെയ്യുന്ന പ്രദേശങ്ങൾ തീരെ ഇല്ല. പതിനഞ്ച് വർഷം മുമ്പ് വരെ പുഞ്ചകൃഷി ചെയ്തിരുന്ന കുട്ടശ്ശേരി കുളമ്പ ഭാഗം ഇന്ന് കര ഭൂമിയാക്കി മാറ്റപ്പെട്ടിരിക്കുന്നു.

രണ്ട് വിള കൃഷിചെയ്തിരുന്ന പല ഭാഗങ്ങളും നെൽകൃഷിഒഴിവാക്കി മരച്ചീനി, വാഴ, എന്നിവയും കമുകിൻ തോട്ടങ്ങളുമാക്കി മാറ്റിയിരിക്കുന്നു. നെൽകൃഷി വിസ്തൃതി കുറയുകയും തെങ്ങ്, കമുക്, മരച്ചീനി, വാഴ എന്നിവയുടെ വിസ്തൃതി വർദ്ധിക്കുകയും ചെയ്തതാണ് കഴിഞ്ഞ ഇരുപത് വർഷത്തിനകത്തെ പൊതു അനുഭവം.

മൊത്തം കരഭൂമിയുടെ അഞ്ചിൽ ഒന്ന് ഉണ്ടായിരുന്ന വയൽ ക്രമേണ കുറഞ്ഞ് എട്ടിലൊന്നായി ചുരുങ്ങിയതാണ് ഇപ്പോഴത്തെ സ്ഥിതി. 4216 ഏക്കർ വരുന്ന മൊത്ത ഭൂമിയിൽ 493 ഏക്കർ മാത്രമാണ് നെൽകൃഷി നിലവിലുള്ളത്. ഇതിലും എല്ലാ സീസണിലും നെൽകൃഷി കൃത്യമായി ചെയ്യാറാറില്ല.

## ഭൂവിനിയോഗം

*പട്ടിക1* **ഭൂമി സംബന്ധിച്ച വിവരങ്ങൾ**

*(വില്ലേജ് അടിസ്ഥാന രജിസ്റ്റർ)*

| ഇനം | വിസ്തീർണ്ണം(ഏക്കറ) |
|---|---|
| നിലം | 726.65 |
| പുരയിടം | 3356.35 |
| പുറമ്പോക്ക് | 132.99 |
| കൃഷിയോഗ്യതരിശ് | ഇല്ല |
| കൃഷിയോഗ്യമല്ലാത്തത്. | ഇല്ല. |
| ആകെ | 4215.99 |

*പട്ടിക2*

**ഭൂവിനിയോഗവും വിള വിസ്തീർണ്ണവും( കൃഷിഭവൻ രേഖകൾ)**

| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ഏക്കറ) |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 493 |
| | നെല്ല് (രണ്ടാം വിള) | 450 |
| 2. | പയർ വർഗ്ഗങ്ങൾ | 155 |
| 3. | എള്ള് | 30 |
| 4. | പച്ചക്കറികൾ | 70 |
| 5. | തെങ്ങ് | 2100 |
| 6. | വാഴ | 80 |
| 7. | മരച്ചീനി | 270 |
| 8. | കുരുമുളക് | 30 |
| 9. | കഴുമാവ് | 145 |
| 10. | റബ്ബർ | 15 |
| 11. | കമുക് | 450 |
| 12. | വെറ്റില | 35 |
| 13. | കിഴങ്ങ് വർഗ്ഗങ്ങൾ | 40 |
| 14. | പലവിധവിളകൾ | 420 |

*പട്ടിക3*

**കൈവശഭൂമി വിവരം (വില്ലേജ് രേഖ)**

| ക്രമനമ്പർ | ഭൂപരിധി | ഉടമസ്ഥരുടെ എണ്ണം |
|---|---|---|
| 1. | 10സെന്റിന് താഴെ | 3814 |
| 2. | 10-25 സെന്റ് | 2725 |
| 3. | 25-50സെന്റ് | 1910 |
| 4. | 50-100സെന്റ് | 1397 |
| 5. | 1ഏക്കറ2ഏക്കറ | 1016 |
| 6. | 2-5 ഏക്കറ | 638 |
| 7. | 5ഏക്കറ മേൽ | 350 |

പുഴയുടെ തീരപ്രദേശങ്ങളിൽ എക്കൽ അംശമുള്ള കളിമണ്ണും കുന്നിൻ ചരിവുകളിൽ വെട്ടുകല്ലിന്റെ അംശമുള്ള ഘനത്വം കൂടിയ മണ്ണും വയലുകളിൽ പശിമയുള്ള കളിമണ്ണും ആണുള്ളത് പൊതുവെ ഫലഭൂയിഷ്ടത നിലനിന്നുപോരുന്ന മണ്ണാണെങ്കിലും ആവർത്തിക്കുന്ന ഉപയോഗത്താൽ സംഭവിക്കുന്ന മൂലകശോഷണത്തിന് ആവശ്യമായ പരിഹാരമുണ്ടാകാറില്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള മൂലകഘടന ലഭ്യമല്ല. എന്നാൽ ഫലഭൂയിഷ്ടതയുടെ കുറവ് പ്രകടമാണ്. അമിതവും അസന്തുലിതവുമായ രാസവളപ്രയോഗം മണ്ണിന്റെ ഗുണനിലവാരത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജൈവവള പ്രയോഗത്തിന്റെ അഭാവം ഇതിന് ആക്കം വർദ്ധിപ്പിച്ചിരിക്കുന്നു.

## നെല്ല്

മഴയെ ആശ്രയിച്ച കൃഷിരീതികളാണ് നിലനിൽക്കുന്നത്. ജലദൗർലഭ്യം അനുഭവപ്പെടാൻ തുട

ങ്ങിയതോടുകൂടി ജലസേചന മാർഗ്ഗങ്ങളും ആരാഞ്ഞുതുടങ്ങി.

കടലുണ്ടിപ്പുഴയുടെ ജലലഭ്യത ഉപയോഗപ്പെടുത്തി തെങ്ങിൻ തോട്ടങ്ങളിലെ ജലസേചനം വർദ്ധിച്ചിട്ടുണ്ട്. ഈ തോട്ടങ്ങളിൽ വെറ്റില, വാഴ, കമുക്, എന്നി ഇടവിളകളും വ്യാപകമാണ്. ഇതിനു പുറമേ പ്രധാനപ്പെട്ട തോടുകളും ഉപയോഗപ്പെടുത്താറുണ്ട്. അറപ്പക്കൽ തോട് എന്ന പേരിൽ ഏകദേശം 8 കി.മീ യിൽ അധികം നീളം വരുന്നതും, അഞ്ചു വാർഡുകളിലൂടെ ഒഴുകുന്നതുമായ പ്രധാന തോടും അതിന്റെ കൈ വഴികളും നെൽകൃഷിക്ക് മഴക്കാലം കഴിഞ്ഞാൽ ഏതാനും മാസങ്ങൾ പ്രയോജനപ്പെടാറുണ്ട്.

പാടശേഖര സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല. കൃഷിചിലവിനെ കുറക്കാനായ മാർഗ്ഗങ്ങൾ കൂട്ടായ്മയിലൂടെ ആസൂത്രണം ചെയ്യുന്നതിന് ഇക്കാര്യത്തിൽ പലപ്പോഴും കഴിയാറില്ല. മൂന്ന് സമതികളാണ് നിലവിലുള്ളത്.

പട്ടിക 4

നിലവിലുള്ള പാടശേഖര സമിതികളും അവയുടെ പ്രവർത്തന മേഖലകളും

| നമ്പർ | സമിതിയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | വലിയാട് നെല്ലുൽപാദക സമിതി | 75 ഏക്കറ |
| 2. | വെസ്റ്റ കോഡൂർ നെല്ലുൽപാദക സമിതി | 50,, |
| 3. | പരേരങ്ങാടി നെല്ലുൽപാദക സമിതി | 25,, |

(മുന്നൂറിൽപ്പരം ഏക്കറ വിസ്തൃതി വരുന്ന പ്രദേശം ഗ്രൂപ്പ് ഫാം പരിപാടിയിൽ ഉൾപ്പെട്ടിട്ടില്ല.)

ആര്യൻ പൊന്നാര്യൻ എന്നീ നാടൻ വിത്തിനങ്ങൾ മാത്രം കൃഷിചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അവ പൂർണ്ണമായും അപ്രത്യക്ഷമായി കഴിഞ്ഞു. 70കളിൽ പ്രചാത്തിലുണ്ടായിരുന്ന I.R.8 , ജയ എന്നിവയും കഴിഞ്ഞപത്തുവർഷമായി മാറ്റപ്പെട്ടു. ഉത്പാദനക്ഷമത കൂടിയ വിത്തിനങ്ങളിൽ ജ്യോതി, ആതിര, ഐശ്വര്യ ഇവ ഇപ്പോൾ കൃഷി ചെയ്യപ്പെടുന്നുണ്ട്. ഒന്നാം വിള കാലത്ത് മൂപ്പ്കുറഞ്ഞ വിത്ത് താരതമ്യേന ഉപയോഗിക്കുമെങ്കിലും രണ്ടാം വിളയിൽ മൂപ്പുകുറഞ്ഞ വിത്തിന്റെ ഉപയോഗം പൊതുവെ കുറവാണ്. ഓമനക്കുട്ടൻ, റോക്കറ്റ് എന്നീ പേരുകളിൽ അറിയപ്പെടുന്ന ഉയരംകൂടിയ നാടൻ ഇനങ്ങൾ ആവർത്തിക്കുന്നു. എച്ച് 4, വെള്ളരി എന്നിവയും ഇപ്പോൾ അധികമില്ല. ഉത്പാദനക്ഷമത ഏക്കറിന് 2100 കിലോഗ്രാമാണ്

### പച്ചക്കറി

നെൽപ്പാടങ്ങളിൽ വേനൽക്കാല വിളയായി പയർ, എള്ള്, പച്ചക്കറി എന്നിവ കൃഷിചെയ്യാറുണ്ട്. ജലസേചന സൗകര്യമുള്ള ഭാഗങ്ങളിലാണ് പച്ചക്കറി കൃഷി നിലവിലുള്ളത്. പേരുകേട്ട കോഡൂർ കുമ്പളങ്ങ ഈ പ്രദേശത്തിന്റെ പച്ചക്കറിക്കുണ്ടായിരുന്ന സ്ഥാനമാണ് വ്യക്തമാക്കുന്നത്. കുമ്പളങ്ങ പഴയ പോലെ ഇപ്പോൾ കൃഷിച്ചെയ്യുന്നില്ല. രോഗബാധമൂലമാണ് അവ കുറഞ്ഞ് പോയത്. എന്നാൽ ചിരങ്ങ, പയർ, വെള്ളരി, പടവലം, കയ്പ, മത്തൻ, ചീര, എന്നിവ വ്യാപകമായ തോതിൽ കൃഷിചെയ്തു വരുന്നു. ഏറ്റക്കുറവോടെ എല്ലാ വാർഡുകളിലും പച്ചക്കറി കൃഷിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി നിലനിൽക്കുന്ന ഒരു പ്രദേശമാണ് ഇത്.

### കൃഷി വ്യത്യാസം വാർഡ് തലത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം (ഏക്കറ) | 2 | 4 | 3 | 8 | 9 | 5 | 10 | 10 | 10 | 6 | 3 | 70 ഏക്കറ |

### തെങ്ങ്

പ്രധാനമായും പുഴയോരവാഡുകളിലാണ് തെങ്ങ്കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത്. മറ്റു വാർഡുകളിലും കൂടിവരികയാണ്. ശാസ്ത്രീയമായരീതിയിൽ പ്ലാന്റേഷനായി കൃഷിചെയ്തിട്ടുള്ള തെങ്ങിൽ തോട്ടം മൂന്നാം വാർഡിൽ ഏകദേശം 80 ഏക്കറോളം വരും. സമീപപഞ്ചായത്തിൽ ഉൾപ്പെടെ 200ൽ പരം ഏക്കറിൽ വ്യാപിച്ചിട്ടുള്ള ആസൂത്രിത പ്ലാന്റേഷൻ സവിശേഷതയാർന്ന തെങ്ങകൃഷിയാണ്. കൃഷിവകുപ്പിന് ആവ്യശ്യമായ വിത്ത്തേങ്ങ സംഭരണത്തിൽ ഈ തോട്ടങ്ങൾ തെരഞ്ഞെടുത്തു പോരുന്നു. പുഴയോരത്ത് ശരാശരി 80 നു മേൽ നാളികേരം വിളവ് ലഭിക്കുമ്പോൾ ഉൾപ്രദേശങ്ങളിൽ 40ന് അടുത്ത് മാത്രമാണ്. പരിചരണത്തിലെ ഏറ്റക്കുറവുകൾ

ഇതിന് മുഖ്യകാരണമാണ. ക്രമ പ്രവൃദ്ധമായ വള പ്രയോഗരീതി വിരളമാണ്. കൃഷിപണികൾക്കും, വിള വെടുപ്പിനും തൊഴിലാളികളെ ലഭിക്കുക വളരെ പ്രയാസകരമായി മാറികൊണ്ടിരിക്കുന്നു.

വാർഡ് തല വിസ്തൃതി(ഏക്കറഅടിസ്ഥാനത്തിൽ)

പട്ടിക7

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| വിസ്തൃതി | 350 | 300 | 310 | 196 | 120 | 118 | 145 | 160 | 146 | 220 | 153 |

പഞ്ചായത്ത് തല കേര സംരക്ഷണ സമിതി ഇപ്പോൾ നിലവിലുണ്ട്.

### കമുക്

നാടൻ കമുങ്ങും പുതുതായി മംഗള, കാസർകോഡ് ഇനങ്ങളും ചേർന്ന തോട്ടങ്ങളാണുള്ളത്. വിള ലഭിക്കുന്ന തോട്ടങ്ങളിൽ 90% വും നാടൻ ഇനങ്ങളാണ്. ജലസേചന സൗകര്യം അടിസ്ഥാനമാക്കിയ ഒരു കൃഷിയാണ്. സമീപവർഷങ്ങളിൽ ലഭിച്ചു കൊണ്ടിരിക്കുന്ന മെച്ചപ്പെട്ട വില നിലവാരം വീണ്ടും കമുങ്ങു കൃഷിയിൽ താൽപര്യം വർദ്ധിപ്പിച്ചിരിക്കുന്നു. ഇടക്കാലത്ത് നിരവധി തോട്ടങ്ങൾ വെട്ടിമാറ്റിയ അനുഭവവും ഉണ്ടായി. സാമാന്യം ആദായകരമായ ഒരു വിളയായി പരിപാലിച്ചു പോരുന്നു. ഏകദേശം 450 ഏക്കറയോളം കൃഷി ഇപ്പോൾ നിലവിലുണ്ട്. വാർഡ് തലത്തിൽ യഥാക്രമം ഏക്കറിൽ
1- 60, 2- 42, 3- 33, 4- 22, 5- 37, 6- 43, 7- 45, 8- 39, 9- 40, 10- 43, 11- 45 എന്നീ ക്രമത്തിലാണ്.

പഴുത്ത അടക്ക ഉണക്കി സംസ്കരിച്ച വിപണന രീതിയാണ് നിലവിലുള്ളത്. മാഹാളി രോഗം, മഞ്ഞളിപ്പുരോഗം വ്യാപകമായിട്ടുണ്ട്.

### കശുമാവ്.

1, 3, 6, 10 വാർഡുകളിൽ സാമാന്യം കൂടിയ അളവിലും ഇതരവാർഡുകളിൽ ചുരുങ്ങിയ തോതിലുമായി ഏകദേശം 145 ഏക്കറയോളം കശുമാവ് കൃഷിയുണ്ട്. വളപ്രയോഗവും പരിചരണവും താരതമ്യേന കുറവാണ്. തേയില കൊതുകുനിവാരണ മാർഗ്ഗങ്ങൾ അപൂർവ്വമായി സ്വീകരിക്കാറുണ്ട്. തടിയുണക്കം വ്യാപിച്ചുവരുന്ന രോഗമാണ് നാടൻ ജനുസുകളിൽ പെടുന്ന മരങ്ങളാണ് ഭൂരിഭാഗവും. ഉൽപാദനക്ഷമത 10 കി.ഗ്രാ. മുകളിൽ 30 കി.ഗ്രാ. വരെ ലഭിക്കാറുണ്ട്. പാറപ്രദേശങ്ങളിൽ നിലവിലുള്ള കൃഷി തുടരുന്നു. ചുരുങ്ങിയ തോതിൽ വിസ്തൃതി വ്യാപിക്കുന്നുണ്ട്.

### വാഴ

നെല്ല് ഒഴിവാക്കി വാഴ കൃഷിയിലേക്കുള്ള മാറ്റം വ്യാപിച്ചു വരികയാണ്. കൂമ്പടപ്പ്, പ്രകൃതി ക്ഷോഭം ഇവ വ്യാപകമായി അനുഭവപ്പെടുന്നു. ഉയർന്ന നിലവാരത്തിലുള്ള പരിചരണം നൽകാറുണ്ട്. ആദായകരമായ ഒരു വിളയായാണ് പരിപാലിച്ചു പോരുന്നത്. 3, 5, 6, 7 എന്നീ വാർഡുകളിൽ സാമാന്യം കുടിയ അളവിലും, ഇതര വാർഡുകളിൽ കുറഞ്ഞ തോതിലുമായി ഏകദേശം 80 ഏക്കറയോളം നേന്ത്രയിനത്തിൽപ്പെടുന്ന വാഴ കൃഷിചെയ്യുന്നു. ഇൻഷുറൻസ് പദ്ധതിയിൽ ചേരാൻ വാഴകൃഷിക്കാർ താത്പര്യമെടുക്കാറുണ്ട്.

### കുരുമുളക്

വിസ്തൃതി പൊതുവിൽ കുറവാണ്. സമീപ കാലതത്തായി ദ്രുതവാട്ടത്തെ തുടർന്ന് നിരവധി വള്ളികൾ ഉണങ്ങിയിട്ടുണ്ട്. നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദമായിട്ടില്ല. കൃഷി എല്ലാ വാർഡിലും കുറഞ്ഞ തോതിൽ ഉണ്ട്. പ്രത്യേക പരിരക്ഷയുള്ള തോട്ടങ്ങൾ വിരളമാണ്. വീട്ടുവളപ്പിലെ കൃഷിയാണ് കൂടുതൽ .ഏകദേശം 30 ഏക്കറയോളം കൃഷിയിപ്പോൾ നിലവിലുണ്ട്. കരിമുണ്ടയിനമാണ് കൂടുതൽ.
പന്നിയൂർ-1 ഇനവുമുണ്ട്.

### റബ്ബർ

2, 3 വാർഡുകളിലായി ഏകദേസം 15 ഏക്കറ കൃഷിയുണ്ട്. പരമ്പരാഗതമായി റബ്ബർ ഉണ്ടായിരുന്നില്ല. 25 വർഷം പഴക്കമുള്ളതും, ഏതാനും വർഷം മാത്രം പഴക്കമുള്ളതുമായ തോട്ടങ്ങാണ് ഇവ. റബ്ബർ കൃഷി വ്യാപിപ്പിക്കുന്ന പ്രവണതഇല്ല.

### മരച്ചീനി

നെൽ വയലുകളിൽ വ്യാപിച്ചുക്കൊണ്ടിരി

ക്കുന്ന കൃഷിയാണിത്. പാചക പ്രാധാന്യമുള്ള ദിവാൻ, എം 4 എന്നീ ഇനങ്ങളാണ് കൃഷിചെയ്യുന്നത്. സാമാന്യം നല്ല വിളവും വിലയും ലഭിക്കുന്നതിനാൽ നല്ലപരിചരണത്തോടെ കൃഷിചെയ്തുവരുന്നു. ഏകദേശം 270 ഏക്കറ കൃഷി നിലവിലുണ്ട്. ഭൂമി പാട്ടവ്യവസ്ഥക്ക് ഏറ്റെടുത്ത് കൃഷിച്ചെയ്യുന്ന രീതിയാണ് ഏറിയപങ്കും. തൊഴിൽ ദിനങ്ങൾ കൂടിയതോതിൽ നിലനിൽക്കുന്നു.

### വെറ്റില

പഞ്ചായത്തിലെ പ്രത്യേക വിളയായി കണക്കാക്കാവുന്നതാണ്. സ്ത്രീക്കും, പുരുഷനും കൂടിയതോതിൽ തൊഴിലവസരം സൃഷ്ടിക്കുന്ന കൃഷിയാണ്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ആവശ്യം കണക്കിലെടുത്ത് ഇപ്പോൾ ഉയർന്ന വില ലഭ്യമാണ്. എന്നാൽ ദ്രുതവാട്ടത്തെ തുടർന്ന് നാശം വ്യാപകമായതോതിലുണ്ട്. പ്രകൃതിക്ഷോഭവും അടിക്കടി ഈ വിളയെ ബാധിക്കാറുണ്ട്. ഉണ്ടാകുന്ന തോട്ടത്തിനനുസരിച്ച പരിഗണന ഈ വിളക്ക് ലഭിക്കുന്നില്ല. ജൈവവളം കൂടിയതോതിൽ ആവശ്യമാണ്. പ്രത്യേക പരിചരണവും ആവഷശ്യമുള്ള കൃഷിയാണ്.

### ഔഷധ സുഗന്ധവിളകൾ

കൊടുവേലി, കച്ചോലം, മഞ്ഞൾ, ഇഞ്ചി, തുടങ്ങിയവ വീട്ടുവളപ്പുകളിൽ അപൂർവ്വമായി കൃഷിചെയ്തുവരുന്നു. വിപണന സൗകര്യമില്ലായ്മയും കൃഷിരീതിയെകുറിച്ച് ധാരണക്കുറവും കൃഷിവ്യാപനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിവിധ ഇനങ്ങളിലായി ഏകദേശം 8 ഏക്കറയോളം കൃഷിയുട്ടുണ്ട്.

### കിഴങ്ങു വർഗ്ഗങ്ങൾ

താരതമ്യേന കുറഞ്ഞ് വരുന്ന കൃഷിയാണിത് ചേന, ചേമ്പ്, കാച്ചിൽ ഇനങ്ങൾ ഇവകുറഞ്ഞുവരികയാണ്. കൃഷിച്ചെലവുകളും വിളകളും തമ്മിലുള്ള അന്തരം ഇതിന്കാരണമാണ്.

### ഫലവൃക്ഷങ്ങൾ

കൃഷിയടിസ്ഥാനത്തിൽ ഫലവൃക്ഷങ്ങൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ വീട്ടുവളപ്പുകളിൽ പിന്നാം പുറകൃഷിയായി പ്ലാവ്, മാവ്, എന്നിവ 90% വീടുകളിലും ഉണ്ട്. തടി ആവശ്യം കണക്കിലെടുത്ത് പ്ലാവ് കൃഷിച്ചെയ്യുക പതിവാണ്. ഫലം യഥേഷ്ടം ലഭിക്കുന്ന ഒരു വൃക്ഷവിളയാണെങ്കിലും, അത് ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു സംവിധാനവുമില്ല. ഒട്ടുമാവ്കൃഷി വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ കൊമ്പുണക്കരോഗം പ്രതികൂലമായി ബാധിക്കുന്നു. സപ്പോട്ട അപൂർവ്വം ചില വീട്ടുവളപ്പിൽ കാണാം.

പൂച്ചെടികളും അലങ്കാരച്ചെടികളും സമീപവർഷങ്ങളിൽ കൂടിയിട്ടുണ്ട്. സാമ്പത്തകശേഷിയുള്ള വീടുകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന അലങ്കാരച്ചെടികൾ സാധാരണ വീടുകളിലേക്കും വ്യാപിക്കുന്നുണ്ട്. വർണ്ണവൈവിധ്യമുള്ള ഇലച്ചെടികളുടെ പ്രജനനം വിവിധയിനം പനിനീർച്ചെടികൾ, മല്ലിക, വള്ളിമുല്ല, തുടങ്ങിയവ ഏതാനും ശ്രദ്ധിക്കപ്പെടുന്നവയാണ്. കൂടിയ അവബോധം വീട്ടമ്മമാരുടെ പരിചരണ സൗകര്യംവും സാമ്പത്തിക നിലയുടെ വളർച്ചയും ഇതിന് സഹായകമായി വരുന്നു.

### ഇടവിളകൾ

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കവുങ്ങ്, കുരുമുളക്, പച്ചക്കറി ഇവയും കിഴങ്ങ്വർഗ്ഗങ്ങളും എള്ള്, പയർ എന്നിവയും കൃഷിചെയ്തുവരുന്നു. എള്ള് , പയർ എന്നിവ വയലുകളിൽ വേനൽക്കാല തനി വിളയായും, വാഴ വയലിൽ തനിവളയായും കൃഷിചെയ്യുന്നു. വാഴക്കിടയിൽ ചേമ്പ്, ചേന എന്നിവ ഇടവിളയായി കൃഷിചെയ്യുന്നു.

### പട്ടിക 8

നടീൽ വസ്തു വിതരണം (കൃഷിഭവൻ മുഖേന മാത്രം)

| വർഷം | തെങ്ങ് | കമുങ്ങ് | കുരുമുളക് | കശുമാവ് | മാവ് | ജാതി | ഗ്രാമ്പു | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 93-94 | 546 | - | 1500 | - | - | - | - | - |
| 94-95 | 385 | 160 | 5000 | 160 | - | - | - | - |
| 95-96 | 670 | 800 | 3000 | 800 | 10 | 37 | 85 | - |
| 96-97 | 628 | 200 | 5000 | - | 95 | - | 70 | 31 |

പട്ടിക9

**നെൽവിത്ത് വിതരണം**

| | |
|---|---|
| 94- 95 | 1240 കി.ഗ്രാം |
| 95- 96 | 2100 കി.ഗ്രാം |
| 96- 97 | 600 കി.ഗ്രാം |

**സ്വകാര്യ നേഴ്സറികൾ**

സ്വകാര്യ മേഖലയിൽ തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സംവിധാനം വർഷങ്ങളായി ഈ പഞ്ചായത്തിൽ ഉണ്ട്. എടക്കര, നിലമ്പൂർ, വയനാട് ഭാഗങ്ങളിലേക്ക് വർഷംതോറും 8000 ത്തിനും 10000 ത്തിനും ഇടയിൽ തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു. അടുത്തകാലത്തായി കമുങ്ങിൻ തൈകളും സ്വകാര്യ നേഴ്സറികളിൽ ഉൽപ്പാദിപ്പച്ച് വിതരണം ചെയ്യുന്നുണ്ട്. പുഷ്പഫല സസ്യനേഴ്സറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

പട്ടിക10

**ദുരിതാശ്വാസ വിതരണം**

| | | | |
|---|---|---|---|
| 93- 94 | കൊടുങ്കാറ്റ് | 4പേർക്ക് | 977 രൂപ |
| 94- 95 | വെള്ളപ്പൊക്കം | 188പേർക്ക് | 55474 രൂപ |
| 96- 97 | കൊടുങ്കാറ്റ് | 3,, | 3465 രൂപ |

**വളം**

തെങ്ങുകൾക്ക് പച്ചില ജൈവവളമായി പൊതുവിൽ ഉപയോഗിക്കുന്നു. കാലിവളസമ്പത്ത് മെച്ചമല്ല. നെൽകൃഷിക്ക് ജൈവവള പ്രയോഗം ഗണ്യമായി കുറഞ്ഞുവരുന്നു. പച്ചില വളച്ചെടികളുടെ കൃഷിയിൽ താല്പര്യം വർദ്ധിച്ചു വരുന്നുണ്ട്. കമ്പോസ്റ്റ് നിർമ്മാണം വേണ്ടത്ര പ്രയോഗത്തിലില്ല. അണുജീവി ജൈവവളങ്ങളുടെ പ്രയോഗം പ്രചാരത്തിലായിട്ടില്ല. രാസവളപ്രയോഗം പൊതുവിൽ വർദ്ധിച്ചു വരുന്നുണ്ട്. കൃഷിക്ക് ഒഴിവാക്കാനാവാത്ത ഒരു ഘടകമായിട്ടുണ്ടെങ്കിലും, രാസവളത്തെ മാത്രം ആശ്രയിക്കുന്ന ഒരു രീതി കർഷകർ സ്വീകരിച്ചു വരികയാണ്. സഹകരണ മേഖലയിലും, സ്വകാര്യമേഖലയിലുമായി രണ്ട് രാസവള ഡിപ്പോകൾ പഞ്ചായത്തിലുണ്ട്. അടുത്ത കാലത്തുണ്ടായ വിലവർദ്ധന വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നണ്ട്. സന്തുതമായ രീതി രാസവള പ്രയോഗത്തിനില്ല. പാക്യജനക പ്രധാനമാണ് പ്രയോഗരീതി. ഭാവക ക്ഷാരാംശങ്ങളുടെ പ്രയോഗം താരതമ്യേന കുറവാണ്.

പട്ടിക 11

**വളപ്രയോഗക്രമം:**

| വർഷം | പാക്യജനകം | ഭാവഹം | ക്ഷാരം |
|---|---|---|---|
| 94-95 | 18.1 ടൺ | 4.6ടൺ | 14.45 ടൺ |
| 95-96 | 21.7 ടൺ | 6 ടൺ | 16.8 ടൺ |

തത്വദീക്ഷയില്ലാത്ത് കീടനാശിനി പ്രയോഗം വലിയ ഭീഷണി സൃഷ്ടിക്കുന്നു. അത്യന്തം ഹാനികരമായിട്ടുള്ള കാർബോഫുറാൻ വിഭാഗങ്ങൾ പച്ചക്കറി കൃഷിയിൽ വ്യാപകമായി ഉപയോഗിക്കുന്നു. അതിൽ നിന്ന് പിൻമാറാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നെല്ലിനെ സാധാരണ കീടങ്ങൾ ആക്രമിക്കാറുണ്ട്. പോളരോഗം, പച്ചക്കറികളിൽ മൊസൈക്ക്, തുരുമ്പിക്കൽ എന്നീ രോഗങ്ങളും, കായ്തുരപ്പൻ ഈച്ചകളും വ്യാപകമായിട്ടുണ്ട്. സ്വകാര്യ ഡിപ്പോകളിലും കീടനാശിനികൾ ലഭ്യമാണ്. ക്വിനാൽ ഫോസ്, മോണോകോട്ടോഫോസ്, ഫോസ്ഫോമിഡോൻ, കാബോഫൂറാൻ എന്നീ ഇനങ്ങളാണ് പൊതുവിൽ ഉപയോഗിക്കുന്ന

കീടനാശിനികൾ, ജൈവ കീടനാശിനികളുടെ പ്രയോഗം കുറവാണ്. കുമിൾ രോഗ നിയന്ത്രണങ്ങൾക്കായി ചെമ്പ്കൽന്നതും ഫോസ്ഫേറ്റുകൾ അടങ്ങിയതുമായ കുമിൾ നാശിനികൾ ഉപയോഗിക്കുന്നു. ബോഡോ മിശ്രിത പ്രയോഗം സാധാരണമാണ്. കവുങ്ങിൻ മഹാളിക്കും തെങ്ങിന് കൂമ്പ്ചീയലിനും അനുവർത്തിക്കുന്നുണ്ട്. തെങ്ങിന്റെ ചെന്നീരോലിപ്പ് രോഗം നിയന്ത്രിക്കാൻ കഴിയുന്നില്ല.

## കാർഷിക ഉപകരണങ്ങൾ

യന്ത്രവൽകൃത കൃഷിസമ്പ്രദായം ഇനിയും വ്യാപിച്ചിട്ടില്ല. ട്രാക്ടർ, ട്രില്ലർ ഉപയോഗം വിരളമായി മാത്രം. പഞ്ചായത്തിനകത്ത് ട്രാക്ടർ, ട്രില്ലറുകൾ ഒന്നും തന്നെ ഇല്ല. പത്തു വർഷം മുമ്പുണ്ടായിരുന്നവ ഇപ്പോൾ കാർഷിക മേഖലയിലില്ല. പുറമേനിന്ന് വാടകയ്ക്ക വരുന്ന ട്രാക്ടറുകളാണ് ചെറിയതോതിൽ ഉപയോഗിക്കുന്നത്. ട്രില്ലറുകൾ തീരെയില്ല. സസ്യസംരക്ഷണ ഉപകരണങ്ങളും ആവശ്യത്തിന് ലഭ്യമല്ല. കൃഷിഭവനിൽ ഉപയോഗക്ഷമതയുള്ള ഉപകരണങ്ങൾ ഒന്നും ഇല്ല. ഉപയോഗക്ഷമമാക്കി സൂക്ഷിക്കുന്നതിൽ കർഷകരുടെ മനോഭാവത്തിൽ മാറ്റം വരണം.

പട്ടിക 12

നിലവിൽ ഉപയോഗത്തിലുള്ള കാർഷിക ഉപകരണങ്ങൾ

| ഇനം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പമ്പ്സെറ്റ് ഡീസൽ | 6 | 6 | 5 | 10 | 14 | 10 | 8 | 9 | 4 | 8 | 2 | 82 |
| പമ്പ്സെറ്റ് വൈദ്യുതി | 33 | 4 | 25 | 30 | 56 | 43 | 41 | 72 | 19 | 18 | 5 | 346 |
| റോക്കർ സ്വറയർ | 2 | 4 | 1 | 2 | 3 | 1 | 3 | 3 | 2 | 2 | 2 | 25 |
| കനാഫ് സാക്ക് സ്വറയർ | 2 | 2 | 4 | 2 | 6 | 8 | 3 | 3 | 3 | 2 | 3 | 38 |
| നാടൻകലപ്പ | 5 | 4 | 7 | 8 | 6 | 5 | 4 | 4 | 1 | 4 | 2 | 50 |

## കൂലിനിരക്ക്:

കാർഷിക മേഖലയിൽ ജോലിചെയ്യാൻ തയ്യാറുള്ളവരുടെ എണ്ണക്കുറവ്, കൂലി നിരക്ക് വർദ്ധനവിന് സഹായകമായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്ന് തൊഴിൽ തേടി എത്തുന്നവരാണ് തോട്ടങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്. നെൽകൃഷിയിൽ ഒഴിച്ച് മറ്റു കൃഷികളിൽ സ്ത്രീ തൊഴിലാളികളുടെ പങ്ക് കുറവാണ്.

പട്ടിക13

<u>തദ്ദേശികരുടെ കാർഷിക മേഖലയിലെ തൊഴിൽ വിവരം</u>

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പുരുഷൻ | 35 | 57 | 43 | 33 | 123 | 199 | 121 | 78 | 96 | 116 | 13 | 964 |
| സ്ത്രീ | 1 | 4 | 3 | 12 | 33 | 13 | 11 | 2 | 10 | 16 | - | 105 |

കാർഷികമേഖലയിൽ പുരുഷന് 110-125 രൂപയും സ്ത്രീക്ക്60- 70 രൂപയും കൂലിനിരക്ക് നിലവിലുണ്ട്. ആവശ്യത്തി ന് തൊഴിലാളികളെ കിട്ടുക പ്രയാസമായികൊണ്ടിരിക്കുന്നു. തെങ്ങ്ക്കയറ്റതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. രണ്ട് തെങ്ങിന് ഒരു നാളികേരം എന്നീ നിരക്കാണ് നിലനിൽക്കുന്നെതെങ്കിലും ഈ നിരക്കിൽ ആളെ ലഭി

ക്കുക പ്രയാസമാണ്. തെങ്ങ് വിളവെടുപ്പ് കാല ദൈർഘ്യം കൂടി വരുന്ന സ്ഥിതി നിലനിൽക്കുന്നു. തെങ്ങ് മണ്ട സംരക്ഷണ പ്രവർത്തനങ്ങൾ തീരെ കുറഞ്ഞിരിക്കുന്നു. ഉഴവ് ജോലിക്ക് 150- 200 വരെ കൂലി നിരക്ക് നില നിൽക്കുന്നു.

### വിപണന വേദികൾ

ഉൽപ്പന്നങ്ങളുടെ വിപണത്തിന് സൗകര്യപ്രദമായ വിപണന വേദികൾ ഒന്നും ഇല്ല. പച്ചക്കറി വിൽപ്പനക്ക് മലപ്പുറത്തേയും, വെറ്റിലക്ക് തിരൂരിനേയും, നാളികേരത്തിന് പ്രാദേശിക സംസ്കരണ വ്യാപാരികളെയും, മരച്ചീനിക്ക് ഇടനിലക്കച്ചവടക്കാരെയും, അടക്ക, കശുവണ്ടി എന്നിവയ്ക്ക് ഇടനിലക്കാരെയും നേന്ത്രവാഴക്ക് മലപ്പുറത്തേയും ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. ഇടനിലക്കാരുടെ ഇടപെടലും, ചൂഷണവും ഈമേഖലയിൽ വ്യാപകമാണ്. തന്മൂലം ന്യായമായ വില ഉത്പാദകന് ലഭിക്കുന്നില്ല. വിൽപനനടത്താവുന്ന വിധം നെല്ല് ഉൽപാദനമില്ല. കുരുമുളക് പെരിന്തൽമണ്ണയിലാണ് വിൽക്കുന്നത്.

### വായ്പാസൗകര്യങ്ങൾ

ഒരു കാർഷിക സഹകരണ ബാങ്കും, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ശാഖയുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മലപ്പുറത്തുള്ള ഇതര വാണിജ്യ ബാങ്കുകളുടെ പ്രവർത്തന മേഖലയാണെങ്കിലും അവയിൽ നിന്നുള്ള വായ്പാ ലഭ്യത കാർഷികമേഖലയിൽ കുറവാണ്. ആവശ്യമായ അളവിൽ വായ്പ ലഭിക്കുന്നു എന്ന് പറയാൻ കഴിയില്ല. ലഭിക്കുന്ന വായ്പ 90% നവും മേൽ പറഞ്ഞ രണ്ടു ബാങ്കുകളാണ് നിറവേറ്റുന്നത്. കാർഷികമേഖല പ്രാധാന്യം കണക്കിലെടുത്ത്. വായ്പാസൗകര്യം മെച്ചപ്പെടുത്തുന്ന സാഹചര്യം ഉണ്ടാക്കണം. ഇത്തരം വാണിജ്യ ബാങ്കുകൾ പ്രദേശത്തുനിന്ന് സ്വീകരിക്കുന്ന നിക്ഷേപത്തിന് അനുസരിച്ച് വായ്പ നൽകുന്ന രീതി ഉണ്ടാകണം. മേഖല മാറിയുള്ള വായ്പാ രീതിക്കും മാറ്റം ഉണ്ടാകണം.

പട്ടിക 14

കാർഷികാവായ്പാ വിതരണം 96-97

| | എണ്ണം | തുക |
|---|---|---|
| സഹകരണ ബാങ്ക് | | 4.20 ലക്ഷം |
| ഗ്രാമീണ ബാങ്ക് | 372 | 20.78 ലക്ഷം |

മധ്യദീർഘ കാല വായ്പകളും വളപ്രയോഗത്തിന് ഹ്രസ്വകാല വായ്പകളും അനുവദിക്കുന്നു. കാർഷിക വായ്പക്ക് പത്ത് പന്ത്രണ്ട് ശതമാനം പലിശ നിരക്കാണ് നിലവിലുള്ളത്.

### കൃഷിഭവൻ

ഒരു കൃഷി ഓഫീസറും, മൂന്ന് കൃഷിഅസിസ്റ്റാന്റ് തസ്തികയോടും കൂടി 1987 സെപ്തംബർ ഒന്നിന് പ്രവർത്തനം ആരംഭിച്ച കൃഷിഭവനാണ് ഇപ്പോഴുള്ളത്. 1974 ൽ പ്രവർത്തനം ആരംഭിച്ച ഊർജ്ജിത നെൽകൃഷി വികസന യൂണിറ്റാണ് (ഐ.പി.ഡി) (ഏല വികസനം) പഞ്ചായത്തിലെ ആദ്യ കൃഷിവികസന സ്ഥാപനം. 1979- 83 കാലയളവിൽ കോക്കനാട്ട് പാക്കേജ് യൂണിറ്റായി പ്രവർത്തനം തുടർന്ന് 83ൽ കൃഷി വകുപ്പ് സ്ഥാപനം പഞ്ചായത്തിൽ നിർത്തൽ ചെയ്തു. 83-87 വരെ ഒരു സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ഇന്നത്തെ കൃഷിഭവനിൽ നിന്ന് ലഭിക്കേണ്ട സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.

### ജലസേചനം

മഴയെ ആശ്രയിച്ച കൃഷിക്കാരന്ന് പ്രാമുഖ്യം കർഷകർ സ്വന്തമായ പരിപാടികളിലൂടെ കടലുണ്ടി പുഴയിൽ നിന്ന് പമ്പ് സെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്താറുണ്ട്. ഇത് മിക്കവാറും തെങ്ങിൻ, കമുങ്ങ് തോട്ടങ്ങളിലാണ് പ്രയോഗിക്കപ്പെടുന്നത്. വയലിനോട് ചേർന്ന് തോടുകളിൽ ഭാഗികമായ തോതിൽ ജല സേചന സംവിധാനമുണ്ട്. ചിറകളും, ക്രോസ് ബാറുകളും ആയുള്ള മാർഗ്ഗമാണുള്ളത്. ആവശ്യമായ അളവിലല്ല, നിലവിലുള്ള പമ്പുസെറ്റുകളുടെ വിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്.

ജലസേചനത്തിനായി മൈനർഇറിഗേഷൻ പദ്ധതി അല്ലാതെ മേജർ പദ്ധതികളുടെ പ്രയോജനം ഒന്നും തന്നെ പഞ്ചായത്തിലില്ല. സമീപ വർഷങ്ങളിൽ തെങ്ങിൻ തോട്ട ജലസേചനത്തിന് കൃഷി വകുപ്പ് ആരംഭിച്ചിരിക്കുന്ന പദ്ധതികളുണ്ട്. ജലസേചനത്തിനായി കുഴൽ കിണറുകൾ ഒന്നും തന്നെ ഇല്ല. മഴ ലഭ്യതയുടെ അളവ് രേഖപ്പെടുത്തുന്ന സംവിധാനം പഞ്ചായത്തിൽ ലഭ്യമല്ല. വർഷത്തിൽ ശരാശരി 125 ദിവസം മഴ ലഭിക്കുന്നുണ്ട്. ഏറ്റക്കുറവുകൾ ഉണ്ടായിട്ടുണ്ട്. 1982, 86, 92, 95 വർഷത്തിൽ മഴ ലഭ്യത കുറവായിരുന്നു. 260 സെ.മി. 280 സെ.മി. ഇടയിൽ മഴ ലഭിക്കാറുണ്ട് . തുലാവർഷ ലഭ്യതക്ക് അനുസ

രിച്ചാണ് വേനൽ വരൾച്ചയുടെ കാഠിന്യം പ്രകടമാകുന്നത്. നവംബർ മാസത്തിൽ മഴ ലഭിക്കാൻ ഇടവന്നാൽ വേനൽ കാഠിന്യം കുറയും. ഈ വർഷം അവസാനം മഴ ലഭിച്ചത് ഒക്ടോബർ 20നാണ്. ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽ മഴ ലഭിക്കുന്ന പതിവാണുള്ളത്. കാലവർഷം സാധാരണ ജൂൺ 1ന് തന്നെ ശക്തിയായി ലഭിക്കും. 1996 ൽ ജൂൺ 14 നാണ് കാലവർഷമഴ ആരംഭിച്ചത്.

ആറ് വാർഡുകൾ തമ്മിൽ ബന്ധമുള്ള 14 കി.മീ നീളം വരുന്ന കടലുണ്ടി പ്പുഴയുടെ അനുഗ്രഹം കഴിഞ്ഞാൽ അറപ്പത്തോട് എന്നറിയപ്പെടുന്ന ഒരു നീർച്ചാലാണ് പ്രധാനമുള്ളത്. തണ്ണീർകുണ്ടിൽ(വാർഡ് 3) ആരംഭിച്ച് 5,7,8,9 വാർഡുകളിലൂടെ ഒഴുകി കടലുണ്ടിപുഴയിൽ മാരാംകുന്നത്ത് കടവിൽ ചെന്നുചേരുന്ന 10 കി.മീ. വരുന്ന ഈ തോട് വയൽകൃഷിക്ക് ജലസേചനത്തിന് പ്രയോജനപ്പെടുന്ന ഒരു പ്രധാന സ്രോതസ്സാണ്. ഇതിന്റെ കൈവഴികളും ചേർന്ന ഒരു നീർമറി പ്രദേശം ഫലപ്രദമായ ജലസേചനത്തിന് ആസൂത്രണം ചെയ്യാവുന്നതാണ്. പാറക്കൽ, അറപ്പക്കൽ, വലിയതോട് എന്നീ ഭാഗങ്ങൾ കൈവഴികൾ വന്ന് ചേരുന്നു. നിലവിൽ ഈ തോടിന് 6 ക്രോസ് ബാറുകളാണുള്ളത്. ഇവയിൽ ചിലത് തകർന്ന് പോയിരിക്കുന്നു. മന്തിക്കൽ ചിറ, വേങ്ങയിൽ ചിറ ഇവയിൽ ചിലത് മാത്രം. പള്ളിയാൽ വയലുകളിലേക്ക് ജലസേചനത്തിന് ഉതകുന്ന സംവിധാനങ്ങളില്ല. ഒന്നാം വാർഡിൽ ഉമ്മത്തൂർ വലിയതോട്, കൊളക്കാട്ട് പള്ളിയാലി തോട്, എന്നിവയും 10ാം വാർഡിൽ കിഴക്കേക്കുളം, പടിഞ്ഞാറെക്കുളം , 4ാം വാർഡിൽ പച്ചിരിക്കുളം, 3ാം വാർഡിൽ ഓണിക്കുളം എന്നിവയുമാണ് നിലവിലുള്ള സ്രോതസ്സുകൾ. ആത്പറ്റക്കുളമ്പ ഭാഗത്ത് 20 വർഷം മുമ്പ് ഉണ്ടായിരുന്ന ചേറ്റാഴപ്പാടം മാറ്റം വന്ന് പോയിരിക്കുന്നു. ഏതാനും കുളങ്ങൾ മാത്രമാണുള്ളത്. അവപോലും സംരക്ഷിക്കപ്പെടുന്നില്ല. മുൻകാലങ്ങളിൽ ജലസേചനത്തിന് വളരെ പ്രയോജനപ്പെട്ടിരുന്ന ജലസ്രോതസ്സുകൾ ആയിരുന്ന അയ്യാലത്തു തോട്, പാച്ചൻകാവ് തോട്, കൂടാം കുന്നത്ത് തോട്, മാരാത്ത് തോട് എന്നീ തോടുകളും, പാച്ചൻകാവ്, മാരാത്തുകുളം പുലിയോടത്തെ കുളം എന്നീ കുളങ്ങളും ജലസേചനത്തിന് ഉപയോഗിക്കാവുന്നതാണ്. ജലസേചനത്തിന് ഉപകരിക്കുന്ന കിണറുകൾ, കുഴൽ കിണറുകൾ ഒന്നും തന്നെ നിലവിലല്ല.

### മണ്ണ് ജലസംരക്ഷണം

വർഷത്തിന്റെ മൂന്നിലൊന്ന് ദിവസം മഴലഭിക്കുമെങ്കിലും ദീർഘമായ 6 മാസക്കാലം മഴ ലഭിക്കുന്നില്ല. അതിനാൽ മണ്ണ് - ജലസംരക്ഷണബാധ്യതകൾ വർദ്ധിക്കുന്നു. പഞ്ചായത്തിന്റെ ഉയർന്നതും, താഴ്ന്നതുമായ ഭാഗങ്ങൾ തമ്മിൽ 200 അടിയിലധികം ഉയരവ്യത്യാസമുള്ളതിനാൽ മണ്ണൊലിപ്പിന്റെ രൂക്ഷതയും കൂടിയ തോതിലാണ്. കൂറ്റാൻ കുന്ന്, ചെരപ്പറമ്പ്, കോ-പറമ്പ്, കോട്ടപ്പറമ്പ്, വെട്ടാൽകുന്ന്, വലിയപറമ്പ്, കരിപറമ്പ്, ചെറുപറമ്പ്, ചാഞ്ഞാൽ ചരിവ്, തണ്ണീർകുണ്ട് എന്നീ ഭാഗങ്ങൾ ചെരിവ്കൂടിയ ഭാഗങ്ങളും മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്. മണ്ണ് ജലസംരക്ഷണ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ചെറുകിട ജലസേചന വിഭാഗം മലപ്പുറം സെക്ഷൻ ഓഫീസ്, മണ്ണ് സംരക്ഷണവിഭാഗം പെരിന്തൽമണ്ണ താലൂക്ക് ഓഫീസുമാണ് പരിധിയിൽ വരുന്ന ഔദ്യോഗിക സ്ഥാപനങ്ങൾ.

### നടപ്പു പദ്ധതികൾ

കൃഷി:

1. സമഗ്ര നാളികേരവികസന പദ്ധതി.
2. ലക്ഷം യുവജനങ്ങൾക്കുള്ള കാർഷികതൊഴിൽ പദ്ധതി.
3. ഊർജ്ജിത നെൽകൃഷി വികസന പരിപാടി
4. കമുങ്ങിൻ മഹാളി നിയന്ത്രണം
5. കുരുമുളക് പുനരുദ്ധാരണ പരിപാടി
6. ഊർജ്ജിത കശുമാവ് വികസന പരിപാടി
7. നെല്ലുൽപാദന പ്രോത്സാഹന പരിപാടി
8. പച്ചക്കറി വ്യാപന പരിപാടികൾ
9. വിള ഇൻഷുറൻസ് പദ്ധതി.
10. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി

## ജലസേചനം

പട്ടിക 15

. നിലവിലുള്ളവ:

| പേര് | ആരംഭിച്ചവർഷം | നിക്ഷേപസംഖ്യ | ആയകെട്ട |
|---|---|---|---|
| 1. വേങ്ങയിൽ ചിറ | 1966 | 11,000 | 21.57 |
| 2. മന്തിക്കൽചിറ | 1972 | 33,000 | 17.13 |
| 3. ഉങ്ങൂങ്ങൽ ചിറ | 1972 | 16,000 | 8.44 |
| 4. ഊറേങ്ങൽ ചിറ | | 15,000 | 6.74 |
| 5. അപ്പക്കാട് ചിറ | 95-96 | 1,65,000 | - |
| 6. തോട്ടുങ്ങൽ ചിറ | 95-95 | 1,75,000 | - |

പട്ടിക 16

നടപ്പാക്കാൻ ഉദ്ധേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| നമ്പർ | പേര് | ആയകെട്ട് | എസ്റ്റിമേറ്റ് |
|---|---|---|---|
| 1 | മന്തിക്കൽ ചിറ (പാർശ്വഭിത്തി കെട്ടൽ) | 17.13 | 2ലക്ഷം |
| 2 | മണൽചിറ | 14.5 | 2ലക്ഷം |

### പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ മുഖ്യകാർഷികോൽപ്പന്നമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

2. ഉത്പാദന വർദ്ധനയ്ക്കുതകുന്ന ആസൂത്രിതമായ സ്ഥലജല പരിപാലനം ഇല്ല.

3. കാർഷിക ചെലവ് നിയന്ത്രിക്കാൻ സഹായിക്കുന്ന നൂതന കാർഷിക മുറകൾ പ്രയോഗത്തിലില്ല.

4. കടലുണ്ടി പുഴയുടെ ജലസമ്പത്ത് വിനിയോഗിച്ച് ജലദൗർലഭ്യ പ്രശ്നം പരിഹരിക്കത്തക്ക പദ്ധതികളുടെ അഭാവം.

5. അംഗീകരിക്കപ്പെട്ട മണ്ണത്തിപ്പാറ പദ്ധതി പോലും പ്രാവർത്തികമായില്ല.

6. പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാൻ വൈദ്യുതി ലഭിക്കുന്നില്ല. വോൾട്ടേജ് പ്രശ്നം രൂക്ഷമാണ്.

7. അനാദായകരം എന്നതിനാൽ കൃഷിഭൂമി തരിശിടുന്ന പ്രവണത വർദ്ധിക്കുന്നു.

8. പ്രകൃതി ദത്ത ജല നിർഗമന ചാലുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നു. വെള്ളക്കെട്ട് പ്രദേശങ്ങൾ രൂപം കൊള്ളുന്നു.

9. നിലവിലുള്ള ചിറകളും, തോടുകളും പരിരക്ഷിക്കുന്നില്ല.

10. കാർഷിക വായ്പ കാർഷിക ആവശ്യത്തിന് പൂർണ്ണമായും വിനിയോഗിക്കുന്നില്ല.

11. കാർഷിക ആവശ്യത്തിന് വായ്പ ലഭിക്കുന്നില്ല.

12. കാർഷിക അറ്റ ആദായവുമായി ബന്ധപ്പെടാത്ത ഉയർന്ന പലിശ നിരക്ക് കർഷകന് താങ്ങാനാവുന്നതല്ല.

13. കർഷക തൊഴിലാളികളുടെ പ്രവൃത്തി സമയത്തിൽ കുറവ് വരുന്നു. കൂലി നിരക്ക് വർദ്ധിക്കുകയും ജോലിസമയം കുറയുന്നതും പൊരുത്തപ്പെടുന്നതല്ല.

14. മണ്ണൊലിപ്പ് നിയന്ത്രണം, മണ്ണൊലിപ്പ് സംരക്ഷണം പ്രവർത്തനങ്ങൾക്ക് ഒന്നും തന്നെയില്ല.

15. കീടരോഗ ബാധകളിൽ നിന്ന് ഒരു വിളയും മുക്തമല്ല.

16. വെറ്റില കുരുമുളക് ഇവയെ ബാധിക്കുന്ന വാട്ട രോഗങ്ങൾക്കുള്ള ഒരു പരിഹാരവും കണ്ടെത്താൻ കഴിഞ്ഞില്ല.

17. പ്രകൃതി ക്ഷോഭ ദുരിതാശ്വാസം യഥാസമയം ലഭിക്കുന്നില്ല. തുച്ഛമായ ആശ്വാസമാണ് ലഭിക്കുന്നത്.

18. കാർഷിക യന്ത്രോപകരണങ്ങൾ വളരെ വിരളമാണ്. ട്രാക്ടർട്രില്ലർ ഒന്നും തന്നെയില്ല.

19. കൃഷിഭവൻ പ്രവർത്തനം മുഴുവൻ പ്രദേശങ്ങളിലും എത്താറില്ല.

20. കൃഷിഭവൻ മുഖേന നൽകുന്ന നടിൽ വസ്തുക്കളും സഹായങ്ങളും ആവശ്യസമയങ്ങളിൽ ലഭിക്കാറില്ല.

21. ഗ്രൂപ്പ് ഫാം സമ്പ്രദായങ്ങൾ ജനങ്ങളിൽ ജനങ്ങളിൽ പ്രചരിച്ചിട്ടില്ല.

22. ഉൽപ്പന്നങ്ങൾക്ക് വിപണി തേടി മറ്റുസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പ്രാദേശിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള താൽപര്യം വ്യാപാരികൾ എടുക്കുന്നില്ല.

23. ഇടനിലക്കാരുടെ ചൂഷണം ഉൽപാദകന്റെ വരുമാനം ഗണ്യമായി കുറയുന്നു.

24. സസ്യസംരക്ഷണ ഉപകരണങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

25. വളംകീടനാശിനി ഇവയുടെ അമിതമായ വില വർദ്ധന കാർഷികചിലവ് പതിമടങ്ങ് വർദ്ധിക്കുന്നു.

26. നൂതന വിളകളേയും കൃഷിരീതികളേയും കുറിച്ച് ജനങ്ങൾ അഞ്ജരാണ്.

27. ജൈവവള പ്രയോഗത്തിൽ നിന്ന് പുറകോട്ട് പോകുകയും രാസവള പ്രയോഗം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

28. അസന്തുല്തമായ രാസവളപ്രയോഗരീതി നിലനിൽക്കുന്നു.

29. മണ്ണ് പരിശോദനയും ഫല വിവരങ്ങളും കർഷകരിൽ എത്തുന്നില്ല.

30. പുതിയിനം വിത്തുകൾ ആവശ്യത്തിന് ശരിയായ സമയങ്ങളിൽ ലഭിക്കുന്നില്ല.

31. ഭൂപരിവർത്തനം വ്യാപകമായി നടക്കുന്നു. നിയന്ത്രണമാർഗ്ഗങ്ങൾ ഒന്നും ഫലപ്രദമായി നടപ്പാക്കുന്നില്ല.

32. പരമ്പരാഗതവും, പരിസ്ഥിതി ബന്ധിതവുമായ സ്ഥലജലവിള പരിപാലന രീതികളാകെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കടിപ്പെട്ട് കൊണ്ടുവരുന്നു.

**പോംവഴി നിർദ്ദേശങ്ങൾ**

1. കുന്നും ചരിവുകൾ തട്ടുകളാക്കി തിരിക്കുകയും മണ്ണിന്റെ ജലസംഭരണശേഷി മെച്ചപ്പെടുത്തി തെങ്ങ്, കവുങ്ങ് കരഭൂമിയിലെ വൃക്ഷവിളകളുടെ ഉത്പാദനക്ഷമത ഇവ വർദ്ധിപ്പിക്കുക. ഇതിനുതകുന്നവിധം നീർമറിയുടെ മേൽഭാഗങ്ങളിൽ മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾക്ക് രൂപം നൽകുക. കുഴിയെടുക്കൽ, പുതുയിടൽ, ജൈവവസ്തുചേരുവകൾ, സസ്യവത്കരണം, പുല്ലട്ടികൾ പിടിപ്പിക്കൽ, ബണ്ടുപിടിപ്പിക്കൽ തുടങ്ങിയ സംരക്ഷണ പ്രവർത്തനങ്ങൾ. വലിയപറമ്പ്, കോപറമ്പ്, വട്ടപറമ്പ്, കാലൻ പറമ്പ്, കരീപറമ്പ്, ചെറുപറമ്പ് എന്നീ ഉയർന്ന ഭാഗങ്ങളിൽ മണ്ണു സംരക്ഷണപ്രവർത്തനങ്ങൾ വിപുലീകരിക്കുക.

2. പഞ്ചായത്തിനകത്ത് കൂടി ഒഴുകുന്ന പ്രധാന തോടുകളായ അറപ്പക്കൽ തോടും അതിന്റെ കൈവഴികൾ ബന്ധപെടുന്ന വയൽ പ്രദേശങ്ങളിലും നിലവിലുള്ള ആറ് ചിറകളും റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുക. 3,5,7,8,9 വാർഡുകളിൽ രണ്ട് വീതം പുതിയ ചിറകൾ കെട്ടുകയും വയലിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. തോടിൽനിന്ന് വെള്ളം തിരിച്ച് വിടാനാവശ്യമായ ചാലുകൾക്ക് രൂപം നൽകുക.

3. ചാലത്ത് തോട്, പാച്ചക്കാവ്തോട്, കൂടാംകുന്നത്ത് തോട്, മാരാത്ത് തോട്, മാരാത്ത്കുളം, പുള്ളിയോടത്ത്കുളം കള്ളിക്കുഴി, മങ്ങാട്ടുപുലം പടിഞ്ഞാറേകുളം ,കിഴക്കെകുളം, കുട്ടശ്ശേരി തണ്ണീർക്കുണ്ട് എന്നിവിടങ്ങളിലെ ജല സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുക കൊളക്കാട് പള്ളിയാലിൽ ജല നിർഗമന ചാൽ അടിയന്തിരമായി നിർമ്മിക്കുക.

4. കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട മണ്ണാത്തിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വിശദ പഠനം നടത്തി പ്രായോഗിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക.

5. കടലുണ്ടി പുഴയിൽ നാമ്രാണി, കോകയം, ഹാജിയാർ പള്ളി, നാട്ടുകല്ലിങ്ങൽ ഭാഗങ്ങളിൽ കൂടി വേനൽ കാല ആരംഭങ്ങളിൽ താൽക്കാലിക തടയണകൾ തീർത്ത് പാർശ്വ ഭൂമിയിലെ ജലനിരപ്പ് നിലനിർത്തുക.

6. ദീർഘകാല പരിപാടികൾ എന്ന നിലയിലും വിപുലീകൃത പദ്ധതികൾ എന്ന നിലയിലും കോകയം, ആനക്കടവ്, കരിമ്പറമ്പ് എന്നീ ഭാഗങ്ങളിൽ സംഭരണികൾ തീർത്ത് കൃഷിക്ക് ജലം പമ്പു ചെയ്ത് വിതരണം ചെയ്യുക.

7. വ്യക്തികളുടെ സ്വകാര്യ പമ്പ് സെറ്റുകൾക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുക. കാർഷികാവശ്യ വൈദ്യുതിക്ക് ചാർജ് ഒഴിവാക്കുക.

8. 3, 4, 5, 6, 7, 8, 9 വാർഡുകളിൽ ഉപയോഗിക്കത്തക്ക വിധം രണ്ട് വാർഡിനു ഒന്ന് എന്ന ക്രമത്തിൽ ട്രാക്റ്ററുകളും എല്ലാ വാർഡുകളിലും ടില്ലറുകളും ഉണ്ടാകത്തക്ക സംവിധാനം ഏർപ്പെടുത്തുക. മൊത്തം മൂന്ന് ട്രാക്റ്ററുകളും 11 ടില്ലറുകളും 3 മെതിയെന്ത്രങ്ങളും പഞ്ചായത്തിനകത്ത് ഒരുക്കണം. ഇവയുടെ ഉടമസ്ഥതയും, മേൽനോട്ടവും, പരിപാലനവും ഗ്രൂപ്പ് ഫാം സമിതികൾ വഴിയായിരിക്കണം. ഈ സമിതികളിൽ 4 റോക്കർ സ്പെയർ, 5 വീതം കുറ്റി പമ്പുകൾ 2 വീതം പവ്വർ സ്പെയറുകൾ എന്നിവ കൂടി ഉണ്ടാക്കണം. അഗ്രോ ക്ലീനിക്കുകളായി സമിതി വളരണം.

9. സമതലങ്ങളിലെ തെങ്ങ്, കമുങ്ങ് തോട്ടങ്ങളിൽ സാധാരണ കിണറുകളും കുഴൽ കിണറുകളും ജലലഭ്യതക്കനുസരിച്ച് കുഴിച്ച് ജലസേചനം ഒരുക്കണം.

10. ഗ്രൂപ്പ് ഫാം സംമ്പ്രദായം ഫലപ്രദമായും ശക്തമായും പുനസംഘടിപ്പിക്കുകയും കൃഷി ഭൂമി തരിശിടൽ പ്രവണതക്ക് മാറ്റം വരുത്താനാവശ്യമായ ഇടപെടൽ കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുക.

11. തോടുകളും ചിറകളും പരിരക്ഷിക്കാൻ ആവശ്യമായ പരിപാലന കമ്മറ്റികൾ കൃഷിക്കാരെ അംഗങ്ങളാക്കി രൂപീകരിക്കുക.

12 വെറ്റില കുരുമുളക് ഇവയെ ബാധിച്ചുകൊണ്ടിരിക്കുന്ന ദ്രുത വാട്ട നിയന്ത്രണത്തിന് ഫലപ്രദമായ പ്രതിവിധികൾ കണ്ടെത്താനുള്ള ഗവേഷണ പ്രവ്യത്തനങ്ങൾ ബന്ധപ്പെട്ട തലങ്ങളിൽ സംഘടിപ്പിക്കുക.

13. വയൽ നികത്തുന്ന പ്രവണതക്ക് എതിരെ ശക്തമായ ജനാഭിപ്രായവും നിയമപരമായ നടപടികളും ശക്തിപെടുത്തുക.

14. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ യഥാസമയങ്ങളിൽ വിതരണം ചെയ്യാനുള്ള ഏർപാടുകൾ ചെയ്യുക.

15. പഞ്ചായത്ത് സ്വന്തമായ ഒരു വിത്തുൽപാദന വിതരണ നയത്തിന് രൂപം നൽകുക. വിത്തുൽപാദക കർഷകരെ പ്രത്യേകം പരിരക്ഷിക്കുക.

16 വളം കീടനാശിനി പ്രയോഗതത്ത്വങ്ങളിൽ കൃഷിക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.

17. മണ്ണു പരിശോധനക്കും ഫലം കർഷകരിലെത്തിക്കുന്നതിനുള്ള പ്രവർത്തന ക്ഷമമായ സംവിധാനം ഏർപെടുത്തുക.

18. കർഷക സമ്പർക്ക പ്രവൃത്തനങ്ങൾക്ക് കൃഷിഭവൻ ഉദ്യോഗസ്ഥന്മാർക്ക് സമയം കണ്ടെത്തത്തക്ക വിധത്തിൽ കൃഷിഭവൻ പ്രവർത്തനങ്ങൾ പുനസംവിധാനം ചെയ്യുക.

19. അലങ്കാര പുഷ്പ ഉദ്യാന നൂതന കൃഷികളിൽ പ്രായോഗിക പരിശീലനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

20. സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും കാർഷിക വായ്പകളുടെ നിർദ്ദിഷ്ട ലക്ഷ്യം ആ മേഖലക്കുതന്നെ അനുവദിക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക. പലിശ തോത് കുറക്കുക.

21. പ്രകൃതി ക്ഷോഭ ദുരിതാശ്വാസവും വിള ഇൻഷുറൻസ് അനുകൂലങ്ങളും കാലതാമസം കൂടാതെ അനുവദിക്കുക.

22. ഇൻഷുറൻസ് പദ്ധതിക്ക് ആവശ്യമായ പ്രീമിയം സർക്കാർ തലത്തിൽ അടക്കുക.

23. ഒരു ജൈവവള നയവും പരിപാടിയും പഞ്ചാ

യത്തിനു തനതായി രൂപം നൽകുക.

24. പരിസ്ഥിതി സന്തുലനവും സംരക്ഷണവും സംബന്ധിച്ച് ജനങ്ങളുടെ അവബോധം വളർത്താനാവശ്യമായ ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക.

25. വിവിധ മേഖലകളിൽ പഞ്ചായത്തിനകത്തുള്ള ശാസ്ത്രസാങ്കേതിക വിദഗ്ദരെ ഒരുമിപ്പിച്ച് വികസന പ്രശ്നങ്ങൾ കാലാകാലങ്ങളിൽ ചർച്ചക്ക് വിഷയീഭവിപ്പിക്കുക.

26. തൊഴിൽ രഹിതരെ കണ്ടെത്തി കാർഷികരംഗത്ത് വരത്തക്കനിലയിൽ ആശയപരമായ ചർച്ചക്ക് രൂപംനൽകുക.

27. അദ്ധ്യാപക സഹകരണം വർദ്ധിപ്പിച്ച് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പച്ചക്കറി കൃഷി വളർത്തുക.

28. വീട്ടുവളപ്പിലെ അടുക്കള തോട്ടങ്ങൾ വിദ്യാർത്ഥികളിലൂടെ വ്യാപിപ്പിക്കുക.

29. ജനപങ്കാളിത്തത്തോടുകൂടി അവാർഡുകൾക്ക് അർഹരായവരെ കണ്ടെത്തുക.

30. പഞ്ചായത്ത് മേൽനോട്ടത്തിൽ വർഷത്തിലൊരിക്കൽ വിള മഹോത്സവം കൊണ്ടാടുക. അഭിപ്രായ ഐക്യത്തിന്റെതായ ഒരു പുത്തൻ വികസന സംസ്കാരം വളർത്തത്തക്കനിലയിൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ കാർഷികോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.




5-2

# മൃഗസംരക്ഷണം - മത്സ്യകൃഷി

നാലായിരത്തി അഞ്ഞൂറോളം കുടുംബങ്ങളുള്ളതിൽ 10% കുടുംബങ്ങളിൽ മാത്രമാണ് വളർത്തുമൃഗങ്ങൾ ഉള്ളത്. അവയിൽ തന്നെ ആട്, പശു എന്നിവയാണ് പ്രധാനപ്പെട്ട് വളർത്തുമൃഗങ്ങൾ. പശുക്കളിൽ നാടൻ ജനുസ്സുകളുടെ എണ്ണം ഗണ്യമായി കുറയുകയും കഴിഞ്ഞ പത്തു വർഷത്തിനിടയിൽ സങ്കരവർഗ്ഗ പശുക്കളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കാലിസമ്പത്തിന്റെ മൊത്തത്തിലുള്ള എണ്ണം കഴിഞ്ഞ വർഷത്തിനിടയിൽ കുറയുകയാണുണ്ടായിട്ടുള്ളത്.

എരുമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംഭവിച്ചിട്ടുണ്ട്. മിൽമപോലുള്ള പൊതുപാൽ സംഭരണ വിതരണ ഏജൻസികളുടെ പ്രവർത്തന മേഖല വികസിച്ചതിനെ തുടർന്ന് ഹോട്ടലുകൾക്ക് നാട്ടിൻ പുറത്തെ കർഷകരിൽനിന്നുള്ള പാൽ ആവശ്യമില്ലാതായി തീർന്ന സാഹചര്യമാണ്. എരുമകളുടെ എണ്ണം ഗണ്യമായി കുറയാനിടവരുത്തിയിട്ടുള്ളത്. അതോടൊപ്പം ഉത്പാദന ക്ഷമത കൂടിയ സങ്കരയിനം പശുക്കളുടെ വളർച്ചയും അവർക്ക് ലഭിച്ചുപോരുന്ന സർക്കാർ പ്രോത്സാഹനവും ഈ സാഹചര്യത്തിന് ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട്. എരുമകളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ് ആനുപാതികമായി പോത്തുകളുടെ എണ്ണത്തിലും കാണുന്നു. ഉഴവുമാടുകളുടെ എണ്ണവും കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ക്രമാനുഗതമായ കുറവിനെയാണ് കാണിക്കുന്നത്. കാർഷികമേഖലയിൽ നിന്നുള്ള പിന്മാറ്റവും പരിചരണ കാര്യങ്ങൾക്കുള്ള കൂടിയ ജോലികളും തീറ്റകൾക്കുള്ള ഉയർന്നവിലനിലവാരവും പാൽ വിപണനസൗകര്യക്കുറവും കാലിസമ്പത്തിന്റെ എണ്ണം കുറഞ്ഞുവരുന്നതിന് സഹായകമായകാര്യങ്ങളാണ്. ഇതിന്റെ പ്രത്യാഘാതം കാർഷികമേഖലക്കാവശ്യമായ ജൈവവളംകാലി വളത്തിന്റെ ലഭ്യത വളരെ കുറഞ്ഞിര്ക്കുന്നു എന്നതാണ്. മാത്രമല്ല, കാലിവളത്തിന്റെ വില വളരെ ഉയർന്ന തോതിലാകാനിടവരുത്തുകയും ചെയ്തിരിക്കുന്നു. കാലിവളം തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്ന് വ്യാപകമായ തോതിൽ ഇറക്കുമതിചെയ്യുന്നതിനും അതുവഴി പകർച്ച രോഗങ്ങൾ ഈ പ്രദേശത്തേക്ക് വ്യാപിക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്.

പക്ഷി സമ്പത്ത് എന്നത് പ്രധാനമായും കോഴി

കളാണ്. കോഴികളാണ് വാണിജ്യാടിസ്ഥാനത്തിലുള്ള കോഴികൃഷിയില്ല. ഏതാനും വർഷം പ്രവർത്തിച്ചിരുന്ന ഒരു ബ്രോയിലർ ഫാം ഉണ്ടായിരുന്നു. അടുക്കളകളോടുചേർന്ന കോഴികൃഷി എന്ന രീതിയാണുള്ളത്. നാടൻ ഇനങ്ങളും ബ്രോയിലർ, ലഗോൺ ഇനങ്ങളും ചേർന്നതാണ് ഇവ. ഏതാനും വീടുകളിൽ ടർക്കി കോഴികൾ അലങ്കാരമായി വളർത്തുന്നുണ്ട്. ഏതാനും വീടുകളിൽ താറാവ് വളർത്തലുണ്ട്. ഒരു കൃഷി എന്ന നിലയിൽ പരിഗണിക്കാവുന്ന നിലയിലല്ല. പല ഭാഗങ്ങളുമായി ഏതാനും വീടുകളിൽ മുയൽ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ പ്രത്യേകം ഇനം പക്ഷികൾ ഒന്നും തന്നെ കാണപ്പെട്ടിട്ടില്ല. അലങ്കാര പക്ഷിവളർത്തൽകാരുടെ എണ്ണവും വിരളമാണ്.

<u>വളർത്തുമൃഗങ്ങളുടെ ലഭ്യമായ വിവരം പട്ടികയിൽ</u>

| ഇനം | വാർഡ് 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| ആട് | 122 | 103 | 101 | 92 | 100 | 152 | 146 | 131 | 64 | 170 | 54 | 1235 |
| പശു | 52 | 53 | 59 | 39 | 50 | 67 | 47 | 56 | 39 | 60 | 40 | 562 |
| എരുമ | 5 | 2 | 5 | 1 | - | 11 | 4 | 11 | 2 | - | - | 41 |
| പോത്ത് | - | - | 2 | - | 1 | 11 | 5 | 2 | - | - | - | 21 |
| കാള | 4 | 8 | 6 | 6 | 12 | 12 | 14 | 14 | 8 | 6 | 4 | 94 |
| പക്ഷികൾ | | | | | | | | | | | | |
| കോഴി | 765 | 608 | 567 | 683 | 567 | 721 | 616 | 666 | 569 | 543 | 641 | 7018 |
| താറാവ് | - | 26 | 25 | 54 | 4 | 13 | 64 | 21 | 3 | 30 | 29 | 269 |
| മറ്റുള്ളവ | - | 15 | 13 | 8 | - | 5 | - | 1 | - | 19 | 2 | 63 |
| മുയൽ | 4 | 15 | - | 5 | 2 | - | 14 | - | - | 16 | 1 | 58 |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ആരംഭിച്ചത് ഏതാനും മാസങ്ങൾക്കുമുമ്പ് മാത്രമാണ്. ഇരുപത് വർഷത്തിലധികം പഴക്കമുള്ള ഒരു ബീജസങ്കലന സബ്സെന്റർ പഞ്ചായത്തിലുണ്ട്. മറ്റു മൃഗ പരിപാലനസ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. മലപ്പുറത്തുള്ള മൃഗാശുപത്രിയെയാണ് സാധാരണയായി ജനങ്ങൾ ആശ്രയിച്ചുപോരുന്നത്.

ഇറച്ചി, കോഴിമുട്ട ഇവയുടെ ആവശ്യം മുഖ്യമായും തമിഴ്നാട്ടിൽ നിന്നുള്ള ഇറക്കുമതിയെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. ഉയർന്ന തോതിലുള്ള ഡിമാന്റ് ഉണ്ടായിട്ടും കോഴിവളർത്തൽ വളരുന്നില്ല. സാംക്രമികരോഗങ്ങളും രോഗം പിടിപെട്ടാൽ രക്ഷിക്കാനുള്ള പ്രയാസങ്ങളുമാണ് ഈ മേഖലയിൽ താത്പര്യം കുറയാനുള്ള കാരണങ്ങളിലൊന്ന്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. സാംക്രമികരോഗങ്ങൾക്കെതിരെ സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കാറുണ്ട്. പൂർണ്ണ നിയന്ത്രണത്തിലാക്കാൻ കഴിഞ്ഞിട്ടില്ല. കോഴികളെ ബാധിക്കുന്ന പ്രധാനരോഗം വസന്തയാണ്. ചില വർഷങ്ങളിൽ വളരെ വ്യാപകമായ തോതിൽ പടർന്നു പിടിക്കുന്ന ഒരു രോഗമാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഈ രോഗം മൂലം കോഴികൾ ചത്തതായി വിവരമുണ്ട്.

ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കുന്നതിനും പാചകാവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതിനുംവേണ്ടത്ര താത്പര്യം പ്രകടിപ്പിക്കപ്പെടുന്നില്ല. ആവശ്യമായത്ര കാലികളുള്ള വീടുകളുടെ എണ്ണം വളരെ കുറവാണ്. എന്നതാണ് മുഖ്യ പ്രശ്നം. പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ മാത്രമാണിപ്പോഴുള്ളത്.

ബയോഗ്യാസ് പ്ലാന്റുകളുടെ വിവരം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | | | | | | | | | | | | |

ഏതാനും വീടുകളിൽ കൗതുകത്തിനായി മുയൽ വളർത്തുന്നവരുണ്ട്. കൃഷി അടിസ്ഥാനത്തിൽ മുയൽ വളർത്തുന്നതിന് സന്നദ്ധനായി ഒരാൾ മുന്നോട്ട് വന്നിട്ടുണ്ട്. മുയൽകൃഷിക്കുള്ള സാധ്യത വിനിയോഗിക്കുന്നില്ല.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| മുയൽഎണ്ണം | 4 | 15 | - | 5 | 2 | - | 14 | - | - | 16 | 1 | 58 |

## പ്രധാന പ്രശ്നങ്ങൾ:

1. കാലിസമ്പത്ത് എണ്ണം കുറഞ്ഞുവരുന്നു. ഇത് ജൈവവള സമ്പത്തിനേയും ഇതര കൃഷികളേയും ബാധിക്കുന്നു.

2. മൃഗചികിത്സാ സൗകര്യക്കുറവ് മാരകരോഗങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയുന്നവയുടെ എണ്ണം വളരെ കുറവ്. ഭീമമായ ചികിത്സാചെലവ് താങ്ങാൻ കഴിയുന്നില്ല.

3. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞുവരുന്നു. പുല്ല് വൈക്കോൽ ലഭ്യതക്കുറവ്. ഉയർന്ന വില നൽകേണ്ടിവരുന്നു.

4. പാൽ വിതരണ സൗകര്യക്കുറവ്നിലവിലുണ്ടായിരുന്ന പാൽ സൊസൈറ്റി പോലും പ്രവർത്തനരഹിതമായി.

5. കൂട്ടനാശത്തെ ഭയന്ന് കോഴിവളർത്തലിൽ താത്പര്യം പ്രകടിപ്പിക്കുന്നില്ല.

6. പേനായ്ക്കളെ കണ്ടെത്താനും നശിപ്പിക്കാനും വർഷംതോറും നടപടികൾവേണം. ഇതിലേർപ്പെടുന്നവർക്കു ലഭിക്കുന്ന പ്രതിഫല സംഖ്യ തുച്ഛമാണ്.

7. കാലിവളർത്തൽ കേന്ദ്രങ്ങളിലെ ശുചിത്വകാര്യങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മയുണ്ട്.

## സാധ്യതകൾ:

1. പുതിയ ജനുസ് കന്നുകുട്ടികളുടെ ലഭ്യത വർദ്ധിപ്പിക്കുകയും നിയന്ത്രിത വിലയ്ക്ക് കാലിതീറ്റ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം.

2. തീറ്റപുൽകൃഷി വ്യാപിപ്പിക്കുകയും കൃഷിയിൽ പരിശീലനം നൽകുകയും ചെയ്യണം . കാലികളുള്ള വീടുകളിൽ വളപ്പിൽ ഒരു നിശ്ചിത സ്ഥലം പുൽകൃഷിയ്ക്ക് വേണ്ടി മാറ്റിവെയ്ക്കണം. പുൽകൃഷി നിർബന്ധമാക്കണം.

3. കാലിതൊഴുത്ത് നിർമ്മാണത്തിനു കൂടി സാമ്പത്തികസഹായം അനുവദിക്കണം. സഹായം ലഭിക്കാനുള്ള നടപടികൾ ലഘൂകരിക്കണം.

4. പഞ്ചായത്തിൽ കാലി വളർത്തൽ നയം രൂപീകരിക്കുകയും അഞ്ച് വർഷത്തിനകം 20% വീടുകൾ കാലിവളർത്തൽ സ്വീകരിച്ചവയായി ഉയർത്താൻ കഴിയണം.

5. പുതുതായി ആരംഭിച്ച മൃഗാശുപത്രിയുടെ ബ്രാഞ്ചുകൾ ഉമ്മത്തൂർ, ചട്ടിപ്പറമ്പ് ഭാഗങ്ങളിൽ തുറന്ന് പ്രവർത്തിക്കണം.

6. സന്നദ്ധയുവ ജനങ്ങളെ മൃഗപരിപാലനത്തിൽ പരിശീലനം നൽകി ബ്രാഞ്ചു കേന്ദ്രങ്ങളിൽ സ്വയം തൊഴിൽ രീതിയിൽ സേവനം ഏർപ്പെടുത്തണം.

7. പ്രവർത്തനം നിലച്ചുപോയ വലിയാട് പാൽ സംഭരണ സൊസൈറ്റി പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കണം. ഈ സൊസൈറ്റിയുടെ പാൽ സംഭരണ കേന്ദ്രങ്ങൾ ഓരോ വാർഡിലും തുറക്കണം.

8. ഭീമമായ ചികിത്സാ ചെലവിൽ ഒരു ഭാഗം ആശ്വാസമായി തിരിച്ചു നൽകുന്നതിനുള്ള സംവിധാനം ഇൻഷുറൻസ് പരിപാടികളുടെ ഭാഗമായി ആവിഷ്കരിക്കണം.

9. കോഴിവസന്തക്കെതിരായ പ്രതിരോധ കുത്തിവെയ്പ് വ്യാപിപ്പിക്കുകയും സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി വീടുകൾ സന്ദർശിച്ച് കുത്തിവെയ്പ് നടത്തുന്ന രീതി ആവിഷ്കരിക്കുകയും ചെയ്യണം. ആവശ്യമായ വാക്സിൻ സൗജന്യമായി സർക്കാർ തലത്തിൽ വിതരണം ചെയ്യണം.

10. പാൽ, മുട്ട് അടിസ്ഥാനമാക്കി സ്വാദിഷ്ടമായ ഭക്ഷ്യ വിഭവ നിർമ്മാണ യൂണിറ്റുകൾക്കുള്ള സാധ്യതകൾ പ്രോത്സാഹിപ്പിക്കുകയും പ്രൊജക്റ്റുകൾക്ക് സാമ്പത്തികസാങ്കേതിക സഹായം നർകുകയും ചെയ്യണം.

# മത്സ്യകൃഷി



സമ്പത്ത് തീരെയില്ലാത്ത ഒരു പ്രദേശമാണ് കോഡൂർ. അതിർത്തിയിലൂടെ ഒഴുകുന്ന കടലുണ്ടി പുഴയിലുണ്ടാകുന്ന മത്സ്യങ്ങൾ മാത്രമാണ് സമ്പത്തായുള്ളത്. വർഷത്തിൽ ഡിസംബർജനുവരി മാസങ്ങളിൽ കൈവലകൾ ഉപയോഗിച്ച് നടത്താവുന്ന മത്സ്യബന്ധന രീതിയാണ് നിലനിൽക്കുന്നത്. ചൂണ്ടൽ ഉപയോഗിച്ച് 'വാള' എന്ന പേരിലറിയപ്പെടുന്ന മത്സ്യം പിടിക്കുന്ന രീതിയുമുണ്ട് . ഇത് പ്രധാനമായും പുഴയിലെ ജലനിരപ്പ് ഒരു പ്രത്യേക അളവിൽ നില്ക്കുമ്പോൾ മാത്രമേ പ്രായോഗികമാകൂ. അപൂർവ്വ മത്സ്യങ്ങളുടെ കൂട്ടത്തിലാണ് ഈ മത്സ്യം പെടുന്നത്. പ്രധാനമായും പരൽ വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യങ്ങളാണ് ലഭിക്കുന്നത്. കൗതുകത്തോടുകൂടി പുഴയിൽ നടത്തുന്ന മത്സ്യബന്ധനമല്ലാതെ മറ്റു മത്സ്യബന്ധന മാർഗ്ഗങ്ങളുമില്ല.

കുളങ്ങളും ഉൾനാടൻ ജലാശയങ്ങളും തീരെ കുറവായതിനാൽ ഉൾനാടൻ മത്സ്യകൃഷിയും തീരെയില്ല. വേനൽക്കാലത്ത് വറ്റിപോകുന്ന തോടുകളായതിനാൽ അവയിലും മത്സ്യം വളർത്തലില്ല. മത്സ്യസമ്പത്തിന്റെ കാര്യത്തിൽ നിലവിൽ പഞ്ചായത്തിന് ശേഷി ഇല്ലെന്ന്തന്നെ പറയാം.

## പ്രശ്നങ്ങൾ:

1. മത്സ്യങ്ങൾ ഒരു കൃഷിയാണെന്നും അത് വിപുലപ്പെടുത്താവുന്നതാണെന്നുമുള്ള അറിവ് ജനങ്ങൾക്കില്ല.

2. തോട്ടിനഞ്ച് തുടങ്ങിയ അശാസ്ത്രീയവും നിയമവിരുദ്ധവും ആയ ബന്ധനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുവഴി സമ്പത്തിനെ നശിപ്പിക്കുകയും ജലമലിനീകരണവും സൃഷ്ടിക്കുന്നു.

## സാധ്യതകൾ:

1. കടലുണ്ടിപുഴയിൽ നിർമ്മിക്കുന്ന താത്കാലിക തടയണകളിൽ ആറ് മാസത്തിനകം വിളവെടുപ്പ്നടത്താൻ കഴിയുന്ന വിഭാഗത്തിൽപ്പെടുന്ന മത്സ്യകുഞ്ഞുങ്ങളെ ഡിസംബർ ആരംഭത്തിൽ നിക്ഷേപിക്കുക. ഫിഷറീസ് വകുപ്പിൽ നിന്ന് മത്സ്യകുഞ്ഞുങ്ങളെ പഞ്ചായത്ത് സംഘടിപ്പിക്കുക. അവ ഏപ്രിൽമേയ് മാസത്തിൽ ലേലം ചെയ്ത് വില്പന നടത്തുക.

2. പാടശേഖരങ്ങളിൽ സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക. മലമ്പുഴ ഫിഷറീസ് കേന്ദ്രത്തിൽ നിന്ന് കട്ല, മുഗാൾ തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ സംഘടിപ്പിച്ച് കൃഷിചെയ്യിക്കുക.

3. കരഭൂമികളിലുള്ള പ്രധാന കുളങ്ങൾ ആസൂത്രണം ചെയ്ത് മത്സ്യകൃഷിയിറക്കുക.

4. മത്സ്യനായാട്ടിനും വിപണനത്തിനും വർഷത്തിൽ പ്രത്യേക ദിവസം നിശ്ചയിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിക്കുക.

5. മത്സ്യകൃഷിക്ക് താത്പര്യം പ്രകടിപ്പിച്ചുപോരുന്ന തെക്കേതിൽ മൊയ്തീൻകുട്ടി, ചോലക്കൽ പരുത്തിക്കുന്നൻ മുഹമ്മദാലിഹാജി ഈസ്റ്റ് കോഡൂർ എന്നിവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും അവർക്കു ആവശ്യമായ പ്രോത്സാഹനം നൽകുകയും യുവജനങ്ങളെ ഇവരുമായി ബന്ധപ്പെടുത്തി പരിശീലനം നൽകുകയും ചെയ്യുക.

6. മത്സ്യകൃഷിക്ക് താത്പര്യമുള്ള യുവാക്കളെ പരിശീലനത്തിനായി മലമ്പുഴ ഫിഷറീസ് കേന്ദ്രത്തിലേക്ക് നിയോഗിക്കുക. ഇവക്കാവശ്യമായ ചെലവ് പഞ്ചായത്ത് ഏറ്റെടുക്കുക.

7. പുഴയിൽ തോട്ടപൊട്ടിക്കൽ നഞ്ചുകലക്കൽ തുടങ്ങിയ രീതികൾ കർശനമായി നിരോധിക്കുക

8. ഒറ്റത്തറഭാഗത്തെ വെട്ടാംകുളം മങ്ങാട്ടുപുലം പടിഞ്ഞാറെക്കുളം, കിഴക്കെക്കുളം എന്നിവയിൽ വർഷാരംഭത്തിൽ മത്സ്യകുഞ്ഞുങ്ങളെ വിന്യസിക്കുക.

9. നെൽവയലുകളിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് മത്സ്യം കൃഷി ചെയ്യാം. ഇത് നെൽകൃഷിക്കും പ്രയോജനകരമാകും.




## 5-3 വ്യവസായം

വ്യവസായ രംഗത്ത് നമുക്ക് ഏറെയൊന്നും നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. 1970 കളിൽ ഈസ്റ്റ്കോഡൂർ പ്രദേശത്ത് സ്വകാര്യമേഖലയിൽ സ്ഥാപിതമായ കോഡൂർ റീഫൈബറിംഗ് പ്ലാന്റ് എന്ന യൂണിറ്റായിരുന്നു. ആധുനിക വ്യാവസായിക രംഗത്ത് പഞ്ചായത്തിലെ പ്രഥമസംരംഭം. വനിതകളടക്കം ഒട്ടേറെപേർക്ക് തൊഴിൽ നൽകിയിരുന്ന പ്രസ്തുത സ്ഥാപനം നാമാവശേഷമായി. പരമ്പരാഗത വ്യവസായങ്ങൾ പരമ്പരാഗത കുടിൽവ്യവസായങ്ങൾ പഞ്ചായത്തിൽ പാടെ തകർന്നു കഴിഞ്ഞിരിക്കുന്നു. ബീഡി, പായനെയ്ത്ത് തുടങ്ങിയ കുടിൽവ്യവസായങ്ങൾ ഗൾഫ്സ്വാധീനത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും ഫലമായി നശിച്ചിരിക്കുന്നു. പപ്പട നിർമ്മാണം, പായനെയ്ത്ത് തുടങ്ങിയ കുടിൽവ്യവലായങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായിനിലനിൽക്കുന്നു. അടുത്ത കാലത്തായി ചെമ്മങ്കടവ് മേഖലയിൽ ഒരു ബീഡിവ്യവസായയൂണിറ്റുംഎസ്. എസ്.ഐ റജിസ്ട്രേഷൻ ഉള്ള ഒരു പ്രസ്സ്-നോട്ടുബുക്ക് നിർമ്മാണ യുണിറ്റ് 8-ാം വാർഡിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

### പരമ്പരാഗതവ്യവസായങ്ങൾ

പരമ്പരാഗതകുടിൽവ്യവസായങ്ങൾ പുനരുജ്ജീവിപ്പിച്ചാൽ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും. അതിനു വേണ്ട പ്രാഥമിക സൗകര്യങ്ങൾ നൽകാൻ സർക്കാർ ഭാഗത്തുനിന്നുള്ള നീക്കം അത്യാവശ്യമാണ്.

### ആധുനികവ്യവസായങ്ങൾ

ആധുനിക വ്യവസായങ്ങളായ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ, റൈസ്ഫ്ളോർ ഓയിൽ മിൽ, ഫർണിച്ചർ, ഹോളോബ്രിക്സ്, ഗാർമെന്റ്സ്, എന്നീരംഗങ്ങളിലാണ് കൂടുതൽ തൊഴിലാളികളുള്ളത്. ഇത്തരം സ്ഥാപനങ്ങളിൽ അധികവും വടക്കേമണ്ണ, വരിക്കോട്ട്പള്ളി, ചട്ടിപ്പറമ്പ് പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1 ൽ

കോഡൂർ പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായ യൂണിറ്റുകൾ ഇല്ല. ചെറുകിടമേഖലയിൽ സ്വകാര്യ യൂണിറ്റുകളും DWCRA പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത കിടക്കനിർമ്മാണയൂണിറ്റും മാത്രമാണുള്ളത്. 6319 പേർ വരുന്ന മൊത്തം തൊഴിൽസേനയിൽ 140 പേർ മാത്രമേ വ്യാവസായികരംഗത്ത് വ്യാപൃതരായിട്ടുള്ളൂ. 127 പുരുഷന്മാരും 13 സ്ത്രീകളുമാണ് പഞ്ചായത്ത് നിവാസികളായ വ്യവസാ. തൊഴിലാളികളായിട്ടുള്ളത്. തൊഴിലാളികളിൽ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുനിന്നുള്ളവരാണ്.

അവലംബം ജനകീയാസൂത്രണ സർവ്വെ 1996)

| നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | തടി | 3 | 75 | - | 75 |
| 2 | എഞ്ചിനീയറിംഗ് | 8 | 82 | - | 82 |
| 3 | ഓട്ടോമൊബൈൽ | 8 | 64 | - | 64 |
| 4 | ഫർണിച്ചർ | 25 | 108 | - | 108 |
| 5 | ഐസ്ഫാക്ടറി | 1 | 8 | - | 8 |
| 6 | അച്ചടി | 2 | 4 | 1 | 5 |
| 7 | ഹോളോബ്രിക്സ് | 3 | 42 | - | 42 |
| 8 | ബീഡി | 1 | 6 | - | 6 |
| 9 | റൈസ്-ഫ്ളോർ- | 12 | 18 | - | 18 |
| 10 | ഇഷ്ടിക നിർമ്മാണം | 1 | 10 | 3 | 13 |
| 11 | ഗാർമെന്റ്സ് | 7 | - | 53 | 53 |
| 12 | കിടക്കനിർമ്മാണം | 1 | - | 8 | 8 |
| 13 | കരിങ്കല്ല് ക്രഷർ | 1 | 16 | - | 16 |
| 14 | സോപ്പ് നിർമ്മാണം | 1 | 3 | - | 3 |
| 15 | സോഡാനിർമ്മാണം | 2 | 4 | - | 4 |
| 16 | വാച്ച് അസംബ്ലിംഗ് | 1 | - | 11 | 11 |
| 17 | ബേക്കറി | 2 | 8 | - | 8 |
| 18 | മറ്റുള്ളവ | 4 | 22 | - | 22 |
| | | 83 | 470 | 76 | 546 |

## പ്രശ്നങ്ങൾ

മലപ്പുറം ജില്ലാ ആസ്ഥാനത്തോട് തൊട്ടുകിടക്കുന്നതും കടലുണ്ടിപ്പുഴയുടെ പരിലാളനത്താൽ സമ്പന്നവുമായ പഞ്ചായത്തിൽ വൈദ്യുതിപ്രശ്നം രൂക്ഷമാണ്. റോഡ്ഗതാഗതമല്ലാതെ റെയിൽ ഗതാഗതം പഞ്ചായത്തിലില്ല. സർക്കാർ മേഖലയിൽ ഒറ്റ വ്യവസായയൂണിറ്റുകളും നിലവിലില്ല. സ്വകാര്യ ചെറുകിട വ്യവസായ യൂണിറ്റുകൾ തന്നെ അടുത്ത കാലത്താണ് വികസിച്ച് വരാൻ തുടങ്ങിയത്. നിത്യോപയോഗസാധനങ്ങൾ നിർമ്മിക്കുന്ന ഒറ്റ വ്യവസായ യൂണിറ്റ് പോലും കാര്യക്ഷമമായി വളർന്ന് വരാത്തത് ഗൗരവമായി കാണേണ്ടതാണ്.

ഗതാഗതവാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖലോലുപത എന്നിവയിലെല്ലാം അടുത്തകാലത്തായി പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും വ്യാവസായികരംഗം മുരടിക്കാൻ ഇടയാക്കിയത് താഴെപ്പറുന്ന പ്രശ്നങ്ങൾ കാരണമാണ്.

1 പ്രധാനകാർഷികോൽപ്പന്നങ്ങളായ നാളികേരം, കശുവണ്ടി, പഴം, പച്ചക്കറിവർഗ്ഗങ്ങൾ എന്നിവവ്യവസായരംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.
2. സഹകരണരംഗത്ത് കോഡൂർക്ഷീരസഹകരണസംഘം ക്ഷീരകർഷകർ ഗൾഫിലേക്കാകർഷിക്കപ്പെട്ടതിനാൽ സംഘം അടച്ചുപൂട്ടപ്പെട്ടു.
3. വൈദ്യുതിക്ഷാമം
4. വ്യവസായസംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാൻ വരുന്ന ബുദ്ധിമുട്ടുകൾ.
5. വനിതകൾ തൊഴിൽമേഖലയിൽ തീരെ ഇല്ല.
6. വ്യാവസായികോൽപ്പന്നങ്ങൾക്ക് മിതമായി വിലകിട്ടാനുള്ള മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം.
7. അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയില്ല.
8. സാങ്കേതികരംഗത്തെ അപര്യാപ്തത.
9. കൂലിനിരക്കിലുള്ള വർദ്ധനവ്.
10. ഗൾഫ്പണം ഉൽപ്പാദനമേഖലകളിൽ മുടക്കുന്നില്ല.
11. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തികസഹായം ലഭിക്കുന്ന്തിനുള്ള ബുദ്ധിമുട്ട്.
12. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള വിഷമം.
13. ശാസ്ത്രീയമായ ബോധവൽക്കരണത്തിന്റെ അഭാവം.
14. വ്യവസായങ്ങൾക്ക് പറ്റിയസ്ഥലത്തിന്റ അഭാവം.
15. വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം

## സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിലുള്ള വ്യവസായ യൂണിറ്റുകളിൽ മറ്റ് പഞ്ചായത്ത് മുനിസിപ്പൽ പ്രദേശത്തുനിന്നുള്ളവരാണ് ജോലിചെയ്യുന്നത്. അതുപോലെത്തന്നെ പഞ്ചായത്തിലുള്ളവർ മറ്റ് പ്രദേശങ്ങളിലാണ് തൊഴിൽ ചെയ്യുന്നത്. മൊത്തം 6319 തൊഴിൽസേനയിൽ 1853 പേർ കേരളത്തിനു പുറത്ത് വിദേശത്ത് ജോലിചെയ്യുന്നു. ഒട്ടേറെ വ്യവസായസാധ്യതകളുള്ള ഈ പ്രദേശം ഉപയോഗപ്പെടുത്താൻ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. പരമ്പരാഗതകുടിൽ വ്യവസായങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം കുറവാണ്. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളായ നാളികേരം, കശുവണ്ടി, അടക്ക, പഴവർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച്

പ്രവർത്തിക്കുന്ന ചെറുകിട വ്യവസായയൂണിറ്റുകളെ പറ്റി ബോധവൽക്കരണം നടത്തിയാൽ കൂടുതൽ വ്യവസായസംരംഭകരെ ആകർഷിക്കാൻ സാധിക്കും.

അടുത്തകാലത്തായി പഞ്ചായത്തിൽ മരംകൊണ്ടുള്ള ഫർണിച്ചർ കമ്പനികൾ വർദ്ധിച്ചുവരികയാണ്. 25ഓളം ചെറുകിട മരം ഫർണിച്ചർ കമ്പനികളും സ്റ്റീൽഫർണിച്ചർ, ചൂരൽഫർണിച്ചർ എന്നിവയും പ്രവർത്തിക്കുന്നു. മരത്തിന്റെ അഭാവം ഈ യൂണിറ്റുകൾക്ക് ഭീഷണിയാണ് അത് തരണം ചെയ്യാൻ കോൺക്രീറ്റ് ഫർണിച്ചർ നിർമ്മാണയൂണിറ്റുകൾക്ക് സാധ്യതകളുണ്ട്.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ആരംഭിക്കാൻ സാധ്യതയുള്ള വ്യവസായയൂണിറ്റുകൾ പട്ടിക II ൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | വിഭാഗം |
|---|---|
| 1 | വെളിച്ചെണ്ണ ബോട്ടിലിങ്ങ് പ്ലാന്റ് |
| 2 | ചിരട്ടപ്പൊടി |
| 3 | തേങ്ങാപൗഡർ, ക്രീം |
| 4 | കാലിത്തീറ്റ |
| 5 | മിഠായിനിർമ്മാണയൂണിറ്റ് |
| 6 | കയറുൽപ്പന്നനിർമ്മാണം |
| 7 | അടക്കസംസ്കരണം |
| 8 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ |
| 9 | പഴവർഗ്ഗസംസ്കരണശാല |
| 10 | തെങ്ങ്, ചിരട്ട എന്നിവകൊണ്ട് കരകൗശലവസ്തുനിർമ്മാണം. |
| 11 | പച്ചക്കറിസംസ്കരണശാല |
| 12 | അച്ചാർനിർമ്മാണം |
| 13 | മരച്ചീനിസംസ്കരണം |

വമ്പിച്ചസാധ്യതകളുള്ള നിത്യോപയോഗസാധനങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ തുടങ്ങാൻ യുവജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തിക്കൊണ്ട പുത്തൻ വികസനസംസ്കാരം വളർത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമസഭായോഗങ്ങളിൽ ഉയർന്നുവന്ന വ്യവസായയൂണിറ്റുകൾ താഴെകൊടുക്കുന്നു.

### പട്ടിക III

| ക്രമനമ്പർ | വിഭാഗം |
|---|---|
| 1 | മരംകൊണ്ടുള്ള റീപ്പർനിർമ്മാണം |
| 2 | സ്വിച്ച്ബോർഡ് |
| 3 | കശുവണ്ടി സംസ്കരണശാല |
| 4 | ഡിഷ്ആന്റിനഅസംബ്ലിങ്ങ് യൂണിറ്റ് |
| 5 | വസ്ത്രനിർമ്മാണം |
| 6 | നോട്ട്ബുക്ക് |
| 7 | ഓട് |
| 8 | ഗ്ലാസ്ഫാക്ടറി |
| 9 | കളിക്കോപ്പ്നിർമ്മാണം |
| 10 | പെയിന്റ് നിർമ്മാണം |
| 11 | കോൺക്രീറ്റ് ഫർണിച്ചർ |
| 12 | ബേബിസെറ്റ്ഗിഫ്റ്റ്സെറ്റ് നിർമ്മാണം |
| 13 | ഇഷ്ടിക |
| 14 | ഹോളോബ്രിക്സ് |
| 15 | ഫാൻസിസാധനങ്ങൾ നിർമ്മാണം |
| 16 | ഫോൾഡിംഗ് ചെയർ |
| 17 | ഐസ്ഫാക്ടറി |
| 18 | ടയർറീബ്യുൽറ്റ് |
| 19 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 20 | പേപ്പർകവർനിർമ്മാണം |
| 21 | പപ്പടം |
| 22 | കറിപൗഡർ |
| 23 | ചെരുപ്പ് |
| 24 | സോപ്പ് |

### വൻകിടവ്യവസായം

1. പൊതുമേഖലയിൽ ആധുനികരീതിയിലുള്ള നാളികേരസംസ്കരണശാലസ്ഥാപിക്കുക.
2 സ്പിന്നിംഗ് മിൽ സ്ഥാപിക്കുക

### വൈദ്യുതി

വ്യവസായങ്ങൾക്ക് അത്യന്താപേക്ഷിതമായ വൈദ്യതിവിതരണം കാര്യക്ഷമമാക്കുക. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ സബ്സ്റ്റേഷൻ സ്ഥാപിക്കുക.

### വ്യവസായ എസ്റ്റേറ്റ്

കോഡൂർ പഞ്ചായത്തിന്റെ വിശാലമായികിടക്കുന്ന 2-ാം വാർഡിലെ വലിയപറമ്പ് പ്രദേശത്തും മറ്റ് സാധ്യതയുള്ള സ്ഥലത്തും മിനിവ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കണം. അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

നിർദ്ദേശങ്ങൾ

1. ആഢംബരങ്ങൾക്ക വേണ്ടി വിനിയോഗിക്കുന്ന

ഗൾഫ്പണം വ്യവസായരംഗത്തേക്ക് തിരിച്ചുവിടാൻ ബോധവൽക്കരണം നടത്തണം.

2. വ്യവസായങ്ങൾ തുടങ്ങാൻ സാമ്പത്തികശേഷിയില്ലാത്തവർക്ക് സർക്കാരും ബാങ്കിംഗ്സ്ഥാപനങ്ങളും സാമ്പത്തിക സഹായങ്ങൾ നൽകണം .

3. വ്യവസായയൂണിറ്റുകൾക്ക് ലൈലസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കണം.

4. വൈദ്യതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം.

5. വ്യാവസായികോൽപ്പന്നങ്ങൾക്ക് മിതമായ വിലകിട്ടാൻ മാർക്കറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കണം.

6. സഹകരണമേഖലയിൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കുക. ഖാദിഗ്രാമവ്യവസായ ബോർഡിന്റെ സഹായത്തോടെയുള്ള ഖാദിനെയ്ത്ത്കേന്ദ്രം ആരംഭിക്കുക.

7. പരമ്പരാഗതചെറുകിടവ്യവസായമേഖലകളിലെ തൊഴിലാളികൾക്ക് വിദഗ്ദ്ധപരിശീലനം നൽകണം.

8. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതവസ്തുക്കളുടെഅടിസ്ഥാനത്തിൽ വ്യവസായവികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

9. ഗാർമെന്റ്സ് നിർമ്മാണ രംഗത്തുള്ള നവീന ഡിസൈനുകളെ സംബന്ധിച്ച് തൊഴിലാളികൾക്ക് വിദഗ്ധപരിശീലനം നൽകുക.

10. മലപ്പുറം ജില്ലയുടെ ആസ്ഥാനത്തോട് തൊട്ടുകിടക്കുന്ന കോഡൂർ പഞ്ചായത്തിൽ വ്യവസായ സംരംഭകരെ കണ്ടെത്താനും വ്യവസായികാന്തരീക്ഷം രൂപപ്പെടുത്താനും ജില്ലാവ്യവസായ കേന്ദ്രവും മറ്റ് സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട് പഠനയാത്രകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവസം ഘടിപ്പിക്കുക.

11 പരിസരമലിനീകരണം കുറയ്ക്കാൻ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപിക്കുക.

12. വൈദ്യതി ലൈനുകൾ ത്രീഫൈസ് ആക്കി പെട്ടെന്ന് കണക്ഷൻ ലഭ്യമാക്കുക. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാക്കിയാൽ പഞ്ചായത്തിന്റെ മുഖച്ഛായമാറ്റാൻ നമുക്ക് കഴിയും. ഉപ്പ് തൊട്ട് കർപ്പൂരം വരെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പഞ്ചായത്ത് നിവാസികൾക്ക് നിത്യോപയോഗസാധനങ്ങളിൽ നല്ലൊരുപങ്ക് ഇവിടെത്തന്നെ നിർമ്മിക്കാൻ കഴിയും. കാർഷിക മേഖലയായ നമ്മുടെ പ്രദേശത്ത് അവ ഉപയോഗപ്പെടുത്താനായാൽ തൊഴിലില്ലായ്മാ പ്രശ്നവും ഒട്ടൊക്കെ പരിഹരിക്കാൻ കഴിയും. കൃഷിയും അനുബന്ധവ്യവസായങ്ങളും വളരുന്നതോടുകൂടി ജനങ്ങളുടെ ആളോഹരിവരുമാനവും അവരുടെ ജീവിതനിലവാരവും വർദ്ധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

5- 4




# വിദ്യാഭ്യാസം

ജില്ലാ ആസ്ഥാനമായി മലപ്പുറത്തോട് തൊട്ടുരുമ്മിക്കിടക്കുന്ന ഒരു ഗ്രാമമാണ് കോഡൂർ പഞ്ചായത്ത്. മലപ്പുറം നഗരസഭയുമായി ഏകദേശം 16 കി.മീറ്ററോളം അതിർത്തി പങ്കിടുന്നു. ഗ്രാമവാസികൾ ആദ്യകാലത്ത് വിദ്യാഭ്യാസത്തിനായി മലപ്പുറം കോട്ടപ്പടിയിലെ മുസ്ലിം സെക്കന്ററി സ്കൂളിനെ യാണ് ആശ്രയിച്ചിരുന്നത്. മലബാർ ഡിസ്ട്രിക ബോർഡ് 1914 ൽ ചെല്ലൂരിൽ സ്ഥാപിച്ച പ്രൈ വിദ്യാലയത്തിലൂടെയാണ് സ്വന്തം വിദ്യാഭ്യാസസ്ഥ പനം എന്ന സ്വപ്നം പൂവണിയുന്നത്. ഈ വിദ്യാ ലയം പിൽകാലത്ത് (1948) കുട്ടശ്ശേരിക്കുളമ്പിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. ഇതിനു മുമ്പ് മതസ്ഥാപന ങ്ങൾ മുഖേനയാണ് മതവിദ്യാഭ്യാസവും ചുരുങ്ങി തോതിൽ ഭൗതികവിദ്യാഭ്യാസവും ലഭിച്ചിരുന്ന ജില്ലാ ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമാ മങ്ങാട്ടുപുലം യു.പി.എസ്. (1923) ആലേല്പറ്റം ളമ്പ് യുപി.സ്കൂൾ (1924) വെസ്റ്റ് കോഡ എൽ.പി.എസ്. (1926) പുളിയാട്ടുകു എൽ.പി.എസ്. (1927), ഉമ്മത്തൂർ യു.പി.എ (1927) ചെമ്മങ്കടവ് യു.പി.എസ്. (1928) ചെമ്മങ്ക ഈസ്റ്റ് എൽ.പി.എസ് (1929) എന്നിവയാണ് പഞ്ചാ യത്തിലെ പഴയകലാലയങ്ങളിൽപ്പെടുന്നത്. വിദ്യാ ഭ്യാസ നവോത്ഥാനത്തിന് മുൻകാല സാംസ്കാരി നായകന്മാർ നൽകിയ സംഭാവനയും ഇത്തരു ത്തിൽ സ്മരണീയമാണ്.

1976 പഞ്ചായത്തിൽ സ്ഥാപിതമാ ഹൈസ്കൂളുകളും മൂന്ന് എൽ.പി. സ്കൂളുകളു അപ്ഗ്രഡേഷനും, ഈ പാന്ഥാവിലെ എടുത്തു ട്ടമായി വിലയിരുത്താം.

പട്ടിക IA , IB ,IC

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂൾ സ്ഥലം | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആ |
| 1 | ജി.എം.എൽ.പിസ്കൂൾ , പെരിങ്ങോട്ടുപുലം | ഗവൺമെന്റ് | 78 | 64 | 142 | 3 | 2 | 5 |
| 2 | പി.എം.എസ്.എ.എൽ.പി.എസ്. ചട്ടിപ്പറമ്പ് | എയ്ഡഡ് | 90 | 84 | 174 | 2 | 3 | 5 |
| 3 | എ.എൽ.പി.എസ്. വലിയാട് | എയ്ഡഡ് | 147 | 134 | 281 | 4 | 6 | 10 |
| 4 | എ.എം.എൽ.പി.എസ്, പുളിയാട്ടുകുളം | എയ്ഡഡ് | 115 | 89 | 204 | 3 | 4 | 7 |
| 5 | എ.എം.എൽ.പി.എസ് പാട്ടുപാറക്കുളമ്പ് | എയ്ഡഡ് | 75 | 61 | 136 | 3 | 2 | 5 |
| 6 | എ.എം.എൽ.പി.എസ് ചെമ്മങ്കടവ് ഈസ്റ്റ് | എയ്ഡഡ് | 63 | 77 | 130 | 3 | 2 | 5 |
| 7 | എ.എം.എൽ.പി.എസ് കോഡൂർ വെസ്റ്റ് | എയ്ഡഡ് | 129 | 124 | 253 | 6 | 4 | 10 |
| 8 | പി.കെ.എം.യു.പി.എസ് ആൽപ്പറ്റക്കുളമ്പ് | എയ്ഡഡ് | 234 | 236 | 470 | 7 | 8 | 15 |
| 9 | എ.എം.യു.പി.എസ് കോഡൂർ വെസ്റ്റ് | എയ്ഡഡ് | 348 | 326 | 674 | 11 | 12 | 23 |
| 10 | എ..എം.യു.പി.എസ് മങ്ങാട്ടുപുലം | എയ്ഡഡ് | 275 | 317 | 592 | 4 | 12 | 16 |
| 11 | എ.എം.യു.പി.എസ് ഉമ്മത്തൂർ | എയ്ഡഡ് | 353 | 314 | 667 | 9 | 10 | 19 |
| 12 | ജി.എൽ.പി.എസ് കോഡൂർപാലക്കൽ | ഗവൺമെന്റ് | 50 | 63 | 113 | 2 | 3 | 5 |
| 13 | ജി.എൽ.പി.എസ് വടക്കേമണ്ണ | ഗവൺമെന്റ് | 64 | 51 | 115 | 2 | 3 | 5 |
| 14 | ജീ.എം.യു.പി.എസ് ചെമ്മങ്കടവ് | ഗവൺമെന്റ് | 678 | 630 | 1308 | 20 | 20 | 40 |
| 15 | ജി.എം.എൽ.പി.എസ് കുട്ടശ്ശേരിക്കുളമ്പ് | ഗവൺമെന്റ് | 130 | 149 | 279 | 3 | 7 | 10 |
| 16 | പി.എം.എസ്.എ.എം.എച്ച്.എസ് ചെമ്മങ്കടവ് | എയ്ഡഡ് | 778 | 925 | 1703 | 30 | 23 | 53 |

എൽ.പി, യു.പി, എച്ച്.എസ് എന്നിവിടങ്ങളിലെ വിദ്യാർത്ഥീവിദ്യാർത്ഥിനികളുടെ ശതമാനക്കണക്ക്

| ആകെ വിദ്യാർത്ഥികൾ | എൽ.പി. | | | യു.പി | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 7261 | 1696 | 1639 | 49.14 | 1133 | 1090 | 49.03 | 778 | 925 | 54.31 |

പട്ടികജാതി വിദ്യാർത്ഥികൾ

| എൽ.പി | | | യു.പി | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി | % | ആകെ | എസ്.സി | % | ആകെ | എസ്.സി | % |
| 3335 | 98 | 2.93 | 2223 | 53 | 2.38 | 1703 | 39 | 2.29 |

മുപ്പതിനായിരത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ, 16 വിദ്യാലങ്ങളിലായി 7261 വിദ്യാർത്ഥികളും 233 അദ്ധ്യാപകരുമുണ്ട്. ആൺ, പെൺ അനുപാതം, പട്ടികജാതി പട്ടികവർഗ്ഗ അനുപാതം എന്നിവ യഥാക്രമം പട്ടിക IA, IB, IC എന്നിവയിൽ കാണാം.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് നമ്മുടെ വിദ്യാലയങ്ങളിൽ തുലോം കുറവാണ്.

| എസ്.സി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 2 | 3 | 5 | 40 | 30 | 70 |

സർക്കാർ എയിഡഡ് സ്ഥാപനങ്ങളെയാണ് വിദ്യാഭ്യാസത്തിന് കൂടുതലും ആശ്രയിക്കുന്നത്. ഇത്തരം സ്കൂളുകളിലെ നിലവാരക്കുറവ് വിദ്യാർത്ഥികളെ മറ്റിടങ്ങളിലേക്ക് ആകർഷിക്കുന്നു. മൊത്തം അദ്ധ്യാപകരിൽ 27.89% വും വിദ്യാർത്ഥികളിൽ 26.95 %ആണ് ഇത്തരം വിദ്യാലയങ്ങളിലുള്ളത്. ഏകദേശം 200 ൽ താഴെ കുട്ടികൾ പുറത്തുള്ള ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്.

പട്ടിക II (അവലംബംപ്രൈമറി ഡാറ്റ)

| ആകെ അദ്ധ്യാപകർ | ഗവ.വിദ്യാലയങ്ങളിലെഅദ്ധ്യാപകർ | % | പഞ്ചായത്തിലെ വിദ്യാർത്ഥികൾ | ഗവ. വിദ്യാർത്ഥികൾ | % |
|---|---|---|---|---|---|
| 233 | 65 | 27.89 | 7261 | 1957 | 26.95 |

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. ഇതിനായി ജില്ലയിലെ വിവിധ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഈയിനത്തിൽ 800 ഓളം കുട്ടികൾ ഉണ്ട്. പട്ടിക III ൽ ചേർക്കുന്നു.

ഉന്നത വിദ്യാഭ്യാസം തേടുന്നവർ (പട്ടിക III)

| | |
|---|---|
| പി.ഡി.സി, +2 | 450 |
| ബിരുദം | 154 |
| ബിരുദാനന്തരബിരുദം | 92 |
| പ്രൊഫഷണൽ | 50 |

പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠനനിലവാരം മോശമാണ്. ഏക ഹൈസ്കൂളിലും S.S.L.C വിജയശതമാനം മോശമായതിനാൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ സീറ്റ് കിട്ടാൻ പ്രയാസമാവുകയും അതിനാൽ പാരലൽ കോളേജുകളെ പോലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. മുസ്ലിം പെൺകുട്ടികൾ തൊട്ടടുത്തുള്ള അറബിക് കോളേജുകളെയും ആശ്രയിക്കുന്നുണ്ട്. ഹൈസ്കൂൾ തലം വരെ ട്യൂഷൻ നൽകാൻ ഒരു സ്വകാര്യസ്ഥാപനവും, കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുവാനായി വടക്കേമണ്ണയിൽ ഒരു L.B.S സെന്ററും പ്രവർത്തിച്ചുവരുന്നു.

പ്രീപ്രൈമറി തലത്തിൽ 22 അങ്കണവാടികളും 2 സ്വകാര്യ ഇംഗ്ലീഷ്മീഡിയം സ്ഥാപനങ്ങളും മാത്രമാണ് പഞ്ചായത്തിലുള്ളത്. മുപ്പതിനായിരത്തോളം ജനസംഖ്യ യുള്ള നമ്മുടെ പഞ്ചായത്തിന് 8 അങ്കണവാടികൾകൂടി ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ ഇത്തരത്തിൽപ്പെട്ട 100 ൽ താഴെ കുട്ടികളും പോയിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ 21 മദ്രസ്സകളുണ്ട്. അതുപോലെ പള്ളി ദർസുകളും മതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകി പ്രവർത്തിച്ചു വരുന്നു. കോങ്കയം ജൂമാമസ്ജിദ് പള്ളി ദർസ് മതഗവേഷണരംഗത്ത് കേരളത്തിലെ തന്നെ അത്യപൂർവ്വ സ്ഥാപനങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്.

ആകെയുള്ള അദ്ധ്യാപകരിൽ 40 % ത്തിലധികവും പഞ്ചായത്തിലും അയൽപ്രദേശങ്ങളിലും ഉള്ളവരാണ്. ബാക്കി ഇതര ജില്ലക്കാരാണ്. 50 ഓളം അദ്ധ്യാപർ പഞ്ചായത്തിനു പുറത്ത് ജോലി ചെയ്തുവരുന്നവരാണ്. കോളേജുകളിലും യൂനിവേഴ്സിറ്റികളിലുമായി ജോലിചെയ്യുന്നവർ 15 ൽ താഴെ മാത്രം.

ജില്ലാ ആസ്ഥാനത്തോട് തൊട്ടു കിടക്കുന്ന പഞ്ചായത്താണെങ്കിലും അതിന്റെ പ്രത്യേക പരിഗണനയും നേട്ടങ്ങളും പഞ്ചായത്തിനു ലഭ്യമായിട്ടില്ല. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ തുറകളിൽ ആസ്ഥാനത്തിന് തൊട്ടുകിടക്കുന്ന പ്രദേശങ്ങൾക്ക് അർഹമായ പരിഗണന നൽകൽ മാത്രമേ ഇതിനു പോംവഴിയുള്ളൂ. അടുത്തകാലത്തായി രൂപീകൃതമായ B.ed സെന്ററുകൾ ഇതിനായി സംസ്ഥാനത്തിനു പുറത്തു പോകുന്ന പ്രവണത ഒഴിവാക്കാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

| നമ്പർ | പേര് | വിദ്യാർത്ഥികൾ | അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈ |
|---|---|---|---|---|---|---|---|
| 1 | ജിഎംഎൽപിസ്കൂൾ , പെരിങ്ങോട്ടുപുലം | 142 | 5 | 1 | 1 | ഉണ്ട് | ഇല്ല |
| 2 | പിഎംഎസ്എഎൽപിഎസ്. ചട്ടിപ്പറമ്പ് | 174 | 5 | 2 | 1 | ഉണ്ട് | ഇല്ല |
| 3 | എഎൽപിഎസ്. വലിയാട് | 281 | 10 | 2 | ഇല്ല | ഇല്ല | ഇല്ല |
| 4 | എഎംഎൽപിഎസ്, പുളിയാട്ടുകുളം | 204 | 7 | 2 | ഇല്ല | ഇല്ല | ഇല്ല |
| 5 | എഎംഎൽപിഎസ് പാട്ടുപാറക്കുളമ്പ് | 136 | 5 | 2 | ഇല്ല | ഇല്ല | ഇല്ല |
| 6 | എഎംഎൽപിഎസ് ചെമ്മങ്കടവ് ഈസ്റ്റ് | 130 | 5 | 2 | 1 | ഇല്ല | ഇല്ല |
| 7 | എഎംഎൽപിഎസ് കോഡൂർ വെസ്റ്റ് | 253 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| 8 | പികെഎംയുപിഎസ് ആൽപ്പറ്റക്കുളമ്പ് | 470 | 15 | 2. | 1 | ഉണ്ട് | ഇല്ല |
| 9 | എഎംയുപിഎസ് കോഡൂർ വെസ്റ്റ് | 674 | 23 | 2 | 1 | ഉണ്ട് | ഇല്ല |
| 10 | എഎംയുപിഎസ് മങ്ങാട്ടുപുലം | 592 | 16 | 2 | 1 | ഉണ്ട് | ഉണ്ട് |
| 11 | എഎംയുപിഎസ് ഉമ്മത്തൂർ | 667 | 19 | 3 | 1 | ഉണ്ട് | ഉണ്ട് |
| 12 | ജിഎൽപിഎസ് കോഡൂർപാലക്കൽ | 113 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 13 | ജിഎൽപിഎസ് വടക്കേമണ്ണ | 115 | 5 | 1 | 1 | ഉണ്ട് | ഇല്ല |
| 14 | ജിഎംയുപിഎസ്. ചെമ്മങ്കടവ് | 1308 | 40 | 1 | 1 | ഉണ്ട് | ഉണ്ട് |
| 15 | ജിഎംഎൽപിഎസ് കുട്ടശ്ശേരിക്കുളമ്പ് | 279 | 10 | 2 | 1 | ഉണ്ട് | ഇല്ല |
| 16 | പിഎംഎസ്എഎംഎച്ച്എസ് ചെമ്മങ്കടവ് | 1703 | 53 | 3 | 2 | ഉണ്ട് | ഉണ്ട് |

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസനിലവാരത്തെ സാരമായി ബാധിച്ചിട്ടുള്ളതായി കാണാം. എങ്ങനെയെങ്കിലും ഗൾഫിലെത്തിപ്പെടാനാണ് ആൺകുട്ടികൾ ആഗ്രഹിക്കുന്നത്. 5.25% ആളുകൾ ഇപ്പോഴും നിരക്ഷരരാണ്. തുടർസാക്ഷരതാപരിപാടികൾ സജീവമാകാതിരുന്നാൽ നവസാക്ഷരരും നിരക്ഷരരായേക്കാം.

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ അക്ഷരജ്ഞാനമില്ലായ്മയാണ് മറ്റൊരു മുഖ്യപ്രശ്നം. 40 % ഓളം വിദ്യാർത്ഥികൾ ഈ ഗണത്തിൽപ്പെട്ടവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിട്ക്കുന്നതും, രക്ഷിതാക്കളുടെ അലംഭാവവും പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഇതിനുകാരണമായിട്ടുണ്ട്. ഹെഡ്മാസ്റ്റർ അദ്ധ്യാപർ, വിദ്യാർത്ഥികൾ,P.T.Aകൾ തുടങ്ങിയവരുടെ കൂട്ടായ്മയുടെ അഭാവം പൊതുവെ കണ്ടുവരുന്നുണ്ട്.

പട്ടിക IV

വിദ്യാലയങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം പഠനത്തെ സാരമായി ബാധിക്കുന്നതായി ക്കാണാം. മൂത്രപ്പുരയില്ലാത്ത ഒന്നും, കക്കൂസില്ലാത്ത നാലും വൈദ്യുതീകരിക്കാത്ത 12 ഉം കുടിവെള്ളമില്ലാത്ത മൂന്നും വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. ശരാശരി 268 പേർക്ക് ഒരു മൂത്രപ്പുരയും 577 പേർക്ക് ഒരു കക്കൂസും ആണ് ഇന്ന് നിലവിലുള്ളത്. പട്ടിക IV നോക്കുക.

വിദ്യാലയങ്ങളിൽ ലാബ്, ലൈബ്രറി, ഫർണിച്ചർ എന്നിവ ആവശ്യത്തിനു ലഭ്യമാക്കേണ്ടതുണ്ട്. പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതരവിഷയങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത പട്ടിക V ൽ കൊടുക്കുന്നു.

പട്ടിക V

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 14 | 2 |
| പ്രവർത്തനം | 7 | 9 |
| ലാബ് | 6 | 10 |
| പ്രവർത്തനം | 4 | 12 |
| പഠനോപകരണങ്ങൾ | 12 | 4 |
| റേഡിയോ | 7 | 9 |
| ടേപ്പ്റിക്കോർഡ് | 10 | 6 |
| ടെലിവിഷൻ | - | 16 |
| സിനിമാപ്രോജക്ടർ | - | 16 |
| സ്ലൈഡ് പ്രോജക്ടർ | 1 | 15 |
| ബ്ലാക്ക്ബോക്സ് | 6 | 6 |
| മാതൃസംഗമംസജീവം | 16 | - |
| പി.ടി.എ.സജീവം | 4 | 12 |

പഠനനിലവാരം പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിൽ പ്രത്യേകിച്ചും മോശമായി വരുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ S.S.L.C വിജയശതമാനക്കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു.

| PMSAMHS | Chemmamkadavu |
|---|---|
| 91-92 | 40% |
| 92-93 | 36% |
| 94-95 | 37% |
| 96-96 | 32% |

പ്രശ്നങ്ങളും പരിഹാരങ്ങളും

1. നിലവിലുള്ള വിദ്യാലയങ്ങളിൽ വിശിഷ്യാ ഗവഃ സ്കൂളുകളിൽ കെട്ടിടം, മൂത്രപ്പുര, കക്കൂസ്, ഫർണിച്ചർ, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക.
2. അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ഒഴിവുകൾ നികത്തുക.
3. വഴിസൗകര്യമില്ലാത്ത വിദ്യാലയങ്ങൾക്ക് അവ ലഭ്യമാക്കുക.
4. ഉച്ചക്കഞ്ഞി എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക.
5. പഞ്ചായത്തു തലത്തിൽ ഏകീകൃത യൂനിഫോം ഏർപ്പെടുത്തുക.
6. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കുകയും ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
7. P.T.A മാതൃസംഗമം എന്നിവ എല്ലാ സ്കൂളുകളിലും സജീവമാക്കുക.
8. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂനിഫോം വിതരണം ചെയ്യുക.
9. അദ്ധ്യാപകരെ സ്കൂളേതര പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുക.
10. ആൾ പ്രമോഷൻ സമ്പ്രദായം നിർത്തലാക്കുക.
11. 5 വർഷത്തേക്ക് പാഠപുസ്തകങ്ങൾ പരിഷ്കരിക്കാതിരിക്കുക.
12. പുസ്തകങ്ങളുടെ വലിപ്പം (ആകൃതി) ചെറുതാക്കുകയും വർഷാരംഭത്തിൽത്തന്നെ ലഭ്യമാക്കുകയും ചെയ്യുക.
13. സിലബസ് ലഘൂകരിക്കുക.
14. എല്ലാ സ്കൂളുകളിലും കളിസ്ഥലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുക.
15. നിയമനങ്ങളും സ്ഥലം മാറ്റങ്ങളും അവധിക്കാലത്ത് മാത്രം നടപ്പാക്കുക.
16. അദ്ധ്യാപക നിയമനങ്ങളിൽ പഞ്ചായത്ത്, ജില്ല എന്നിവക്കനുപാതികമായി മുൻഗണനനൽകുക.
17. എല്ലാ സ്കോളർഷിപ്പുകളും വർദ്ധിപ്പിക്കുക.
18. നിലവിലുള്ള ഹൈസ്കൂളിൽ പ്ലസ് ടു ഏർപ്പെടുത്തുക.
19. ഗൈഡൻസ് സെന്റർ ഏർപ്പെടുത്തുക.
20. ഇലക്ട്രോണിക് മാധ്യമങ്ങളിൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുക.
21. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുക. താഴെപ്പറയുന്ന പ്രദേശങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നു വരേണ്ടതാണ്. L.P.സ്കൂൾ താന്നിക്കൽ, ആല്പറ്റക്കുളമ്പ്, കുട്ടശ്ശേരിക്കുളമ്പ് (വയലിനക്കരെ) U.P സ്കൂൾ പെരിങ്ങോട്ടുപുലം, ചോലക്കൽ, കുട്ടശ്ശേരികുളമ്പ്, പുളിയാട്ടുകുളം, പാട്ടുപാറക്കുളമ്പ്, വെസ്റ്റ് കോഡൂർ, വടക്കേമണ്ണ ഉമ്മത്തൂർ, മുണ്ടക്കോട്, കുട്ടശ്ശേരിക്കുളമ്പ്, വലിയാട്, ആല്പറ്റക്കുളമ്പ്, വരിക്കോട് (ഗേൾസ്) വടക്കേമണ്ണ, മങ്ങാട്ടുപുലം ചെമ്മകടവ്, വെസ്റ്റ്കോഡൂർ (വനിതാകോളേജ്) സാങ്കേതിക വിദ്യാലയങ്ങൾ (ഐ.ടി.സി, ഐ.ടി.ഐ) ചോലക്കൽ, വലിയാട്, പാട്ടുപാറക്കുളമ്പ്, വെസ്റ്റ് കോഡൂർ, ചെമ്മകടവ്, ആല്പറ്റക്കുളമ്പ്, വരിക്കോട് (വൊക്കേഷണൽ ഹയർസെക്കന്ററി റസിഡൻഷ്യൽ) പഞ്ചായത്തുതലത്തിൽ ഒരു B.ed സെന്ററും ഒരു T.T.ഇ സെന്ററും സഹകരണാടിസ്ഥാനത്തിലോ ഗവൺമെന്റു തലത്തിലോ ആരംഭിക്കണം. അതുപോലെ ഒരു എൻജിനീയറിംഗ് കോളേജും പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗം സജീവമാക്കാനും കലാകായികരംഗങ്ങളിൽ നിലവാരമുയർത്താനും ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമസഭായോഗങ്ങളിൽ സജീവചർച്ചക്കു വന്നിട്ടുണ്ട്. ഇവ ബഹുജനപങ്കാളിത്തത്തോടെയും അദ്ധ്യാപകവിദ്യാർത്ഥി സഹകരണത്തോടെയും ഊർജ്ജിതമായി നടപ്പിലാക്കിയാൽ നാം പരിതപിക്കുന്ന ഈ മേഖലയിലെ ശോചനീയാവസ്ഥക്കറുതിവരുത്തുവാൻ സാധിക്കുമെന്ന് നിഷ്തർക്കം പറയാം.






5-5

# കുടിവെള്ളം

കടലുണ്ടിപ്പുഴയാലനുഗ്രഹീതമായിട്ടും കുടിവെള്ളത്തിനു വളരെയധികം പ്രയാസമനുഭവപ്പെടുന്ന പഞ്ചായത്താണ് നമ്മുടെത് കുടിവെള്ളത്തിന് കിണറുകളെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. എന്നാൽ ഈയടുത്തകാലത്ത് കമ്മീഷൻചെയ്ത കോങ്കയം ശുദ്ധജലപദ്ധതി നിലവിൽവന്നതിനാൽ ധാരാളംപേർക്ക് കുടിവെള്ളത്തിന് ഒരു പരിധിവരെ അറുതിവരുത്താൻ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കുടിവെള്ളക്ഷാമം രൂക്ഷമാക്കാൻ കാരണമാകുന്നുണ്ട്.

കോഡൂർ പഞ്ചായത്തിൽ കുടിവെള്ളത്തിന് 63.65% പേർ സ്വന്തം കിണറാണ് ഉപയോഗിക്കുന്നത്. 38.05% കുടുംബങ്ങൾക്ക് കുടിവെള്ളക്കാര്യത്തിൽ വിഷമം നേരിടുന്നുണ്ട്. 1983 ൽ വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണപദ്ധതിക്ക് ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചു. 1991ൽ ഹൗസ്കണക്ഷൻ കൊടുക്കുവാൻ ആരംഭിച്ചു. 1,6,7വാർഡുകളിൽ KWA യുടെ പദ്ധതിപ്രകാരം പൈപ്പ്ലൈൻ ഏർപ്പെടുത്തിയിട്ടില്ല. വിവിധവാർഡുകളിലായി 78 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട. 28 പൊതുകിണറുകൾ, 15 കുഴൽക്കിണറുകൾ എന്നിവയാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ മിക്കതും ഉപയോഗശൂന്യമാണ്. 272 വീടുകളിൽ കണക്ഷൻ ഉണ്ട്.

പട്ടിക 1

| കിണറുള്ള കുടുംബങ്ങൾ | | പൊതുകിണർ ഉപയോഗിക്കുന്നവർ | | പൈപ്പുള്ള കുടുംബങ്ങൾ | | പൊതുപൈപ്പ് ഉപയോഗിക്കുന്നവർ | |
|---|---|---|---|---|---|---|---|
| എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % |
| 2737 | 63.65 | 501 | 11.65 | 272 | 6.32 | 283 | 6.58 |

വാട്ടർഅതോറിട്ടിയുടെ കോങ്കയം പദ്ധതിയിൽ നിന്നാണ് പ്രധാനമായും ഇവിടെ ശുദ്ധജലവിതരണം നടത്തുന്നത് കൂടാതെ കുട്ടശ്ശേരിക്കുളമ്പിലുള്ള കുഴൽക്കിണറിൽനിന്ന്, കുട്ടശ്ശേരിക്കുളമ്പ്, താണിക്കൽ എന്നീ പ്രദേശങ്ങളിൽ വെള്ളം വിതരണം നടത്തുന്നുണ്ട്.

പട്ടിക2

| കുടിവെള്ളത്തിന് പ്രയാസമില്ലാത്ത കുടുംബങ്ങൾ | | കുടിവെള്ളത്തിന് പ്രയാസമുള്ള കുടുംബങ്ങൾ | | കുടിവെള്ളസൗകര്യത്തിന് സഹായം ആവശ്യമുള്ള കുടുംബങ്ങൾ | |
|---|---|---|---|---|---|
| എണ്ണം | % | എണ്ണം | % | എണ്ണം | % |
| 2664 | 61.95 | 1636 | 38.05 | 1540 | 37.80 |

1993-94 ൽ 1011 പേർക്കും, 1994-95 ൽ 910 പേർക്കും 1995-96 ൽ 875 പേർക്കും ജലജന്യരോഗങ്ങൾ പിടിപെട്ടതായി കാണുന്നു. കുടിവെള്ളം കൂടുതൽ ശുദ്ധിചെയ്ത് വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കണം അതുപോലെ കിണറുകളും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

### കുടിവെള്ള പ്രശ്നമുള്ള പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1
പ്രശ്നമേഖല

പെരിങ്ങോട്ടുപുലം ഉമ്മത്തൂർ, സ്കൂൾപറമ്പ്, കൊളപറമ്പ്, കിഴക്കേപറമ്പ്, പരുവമണ്ണ, തേറാട്, മാമ്പറ്റ, പൂക്കാട്, വട്ടപറമ്പ്,

പരിഹാരനിർദ്ദേശങ്ങൾ

1. മുണ്ടക്കോട് പ്രദേശത്ത് ഒരു ജലസംഭരണി സ്ഥാപിക്കുക.
4 കുഴൽക്കിണറുകൾ സ്ഥാപിക്കുക.

വാർഡ്2
പ്രശ്നമേഖല

സ്കൂൾപറമ്പിന്റെ പടിഞ്ഞാറ്ഭാഗം, ഉമ്മത്തൂർ, ചോലക്കൽ, വലിയപറമ്പ്, കോപ്പറമ്പ്, കാവുങ്ങൽപറമ്പ്

പരിഹാരനിർദ്ദേശങ്ങൾ

1. നിലവിലുള്ള ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ലൈൻ സ്കൂൾപറമ്പിലേക്കും മറ്റും നീട്ടുക.
2. ടാങ്കിന് അടിയന്തിരമായും സംരക്ഷണഭിത്തി നിർമ്മിക്കുക.

വാർഡ് 3
പ്രശ്നമേഖല

ചട്ടിപ്പറമ്പ്, ചാഞ്ഞാൽ, മൂഴിക്കൽകുളമ്പ്, പെലത്തൊടിക്കുളമ്പ്, അമ്പലത്തറ, കൊഴപ്പാഞ്ചോല, നിരത്ത്പള്ളിയാൽ

പരിഹാരനിർദ്ദേശങ്ങൾ

1. തണ്ണീറ്റിച്ചോലഭാഗത്ത് ടാങ്ക്നിർമ്മിച്ച് പൈപ്പ്ലൈൻസ്ഥാപിക്കുക,
2. 6 കുഴൽകിണർസ്ഥാപിക്കുക. ചട്ടിപ്പറമ്പിലേക്ക് പൈപ്പ്ലൈൻനീട്ടുക, വലിയപറമ്പിൽനിന്ന് പറയരങ്ങാടിയിലേക്ക് പൈപ്പ്ലൈൻ നീട്ടുക

വാർഡ് 4
പ്രശ്നമേഖല

പാലുംകുന്ന് ലക്ഷംവീട്കോളനി, കൂറ്റാൻകുന്ന്, പന്തക്കളം, താണിക്കൽ ആശുപത്രിക്ക് മേൽഭാഗം, തൊഴുത്തുംപിലാവ്ഭാഗം, കുറുങ്കാട്ടി, നായർതൊടിനിരപ്പ്, ചെമ്മങ്കടവ് മദ്രസ്സയുടെ മേലേ പ്രദേശം

പരിഹാരനിർദ്ദേശങ്ങൾ

1. കൂടുതൽ പ്രദേശത്തേക്ക് പൈപ്പ്ലൈൻ നീട്ടുക, താണിക്കൽ ആശുപത്രിപരിസരത്ത് ഒരു ടാങ്ക് നിർമ്മിക്കുക.

വാർഡ് 5
പ്രശ്നമേഖല

കുറുങ്കാട്ടി മുതൽ വലിയാട് അങ്ങാടി വരെ, പറയൻ കോളനിമുതൽ അറക്കൽപടി മദ്രസവരെ, മേലെപറമ്പ് പരേങ്ങൽ കോളനി

പരിഹാരനിർദ്ദേശങ്ങൾ

1.ലൈൻ നീട്ടുക,
2 കുഴൽക്കിണർ സ്ഥാപിക്കുക

വാർഡ്6
പ്രശ്നമേഖല

വട്ടപ്പറമ്പ് ലക്ഷംവീട്കോളനി, നായാടിക്കുന്ന്, ആൽപ്പറ്റക്കുളമ്പ്ബാലവാടിഭാഗം, കോട്ടത്തൊടി മന്തിരിക്കുന്ന്

പരിഹാരനിർദ്ദേശങ്ങൾ

1. ലക്ഷംവീട്കോളനി, പുളിയാട്ടുകുളംഭാഗം എന്നിവിടങ്ങളിലെ കുഴൽക്കിണറുകൾ റിപ്പയർ ചെയ്തു മോട്ടോർസ്ഥാപിക്കുക. ലൈൻനീട്ടുക,
2. 5 കുഴൽക്കിണറുകൾ പുതുതായി നിർമ്മിക്കുക.

വാർഡ്7
പ്രശ്നമേഖല

പുളിയാട്ടുകുളത്തെ കരുവാട്ടിക്കുന്ന്, ഊരാളിപ്പറമ്പ്, പുറത്തൊടി, വലിയാട് പറമ്പ്, പാട്ടുപാറക്കുളമ്പിലെ പാമ്പറമ്പ്, കടാൻകുന്ന്, വാരാപ്പിൽപടി

പരിഹാരനിർദ്ദേശങ്ങൾ

1. പുതുതായി പൈപ്പുലൈൻസ്ഥാപിക്കുക, പൊതുകിണർസ്ഥാപിക്കുക, പുളിയാട്ടുകുളം

ഐ.പി.പി സെന്ററിലെ കുഴൽക്കിണർ റിപ്പയർചെയ്യുക.

വാർഡ്8
പ്രശ്നമേഖല

കാലമ്പറമ്പ് ഹെൽത്ത് സെന്റർ ഭാഗം, കള്ളാടിക്കുന്ന് ഹരിജൻകോളനിഭാഗം, കാച്ചടിപ്പറമ്പ്, വരിക്കോട്പള്ളി-ഒറുംകടവ്ഭാഗം, വീരാലമ്മൽ ഹരിജൻകോളനി, ഉറുദുനഗർ-മാരാംകുന്ന് ഭാഗം, ചങ്ങണക്കുന്നൻ കോളനി, കല്ലായിക്കുണ്ട് ഭാഗം, പട്ടർകടവൻകോളനി

പരിഹാരനിർദ്ദേശങ്ങൾ

1. കരീപ്പറമ്പിൽ വാട്ടർടാങ്ക് നിർമ്മിക്കുക, പൈപ്പ്ലൈൻ നീട്ടുക,
2. കുഴൽക്കിണർ നിർമ്മിക്കുക.

വാർഡ്9
പ്രശ്നമേഖല

കോട്ടപ്പറമ്പ്, കരീപ്പറമ്പ്, എൻ.കെ.പടി, കാച്ചടിപ്പറമ്പ്, കൊഴിഞ്ഞിപ്പറമ്പ് പ്രദേശങ്ങൾ

പരിഹാരനിർദ്ദേശങ്ങൾ

1. കോട്ടപ്പറമ്പിലെ താൽക്കാലിക ടാങ്ക് കൂടുതൽ ഉയർന്നതും കപ്പാസിറ്റിഉള്ളതുമാക്കി പുനസ്ഥാപിക്കുക. പൈപ്പ്ലൈൻ നീട്ടുക.

വാർഡ് 10
പ്രശ്നമേഖല

ചെറുപറമ്പ്, ചേങ്ങോട്ടുപാറപ്രദേശങ്ങൾ

പരിഹാരനിർദ്ദേശങ്ങൾ

1. കരീപ്പറമ്പ് വാട്ടർടാങ്ക് നിർമ്മിക്കുക, മങ്ങാട്ടുപുലം ഭാഗത്ത് പുഴയിൽ ബണ്ട് കെട്ടുക, പൊതുകിണർ വൃത്തിയാക്കുക.

വാർഡ് 11
പ്രശ്നമേഖല

കോട്ടപ്പറമ്പ് വടക്കേമണ്ണ പ്രദേശങ്ങൾ

പരിഹാരനിർദ്ദേശങ്ങൾ

1 കരീപ്പറമ്പ് വാട്ടർടാങ്ക് നിർമ്മിക്കുക, മങ്ങാട്ടുപുലം ഭാഗത്ത് പുഴയിൽ ബണ്ട് കെട്ടുക, പൊതുകിണർ വൃത്തിയാക്കുക.

**പഞ്ചായത്ത്തല പദ്ധതി നിർദ്ദേശങ്ങൾ**

1. കോട്ടപ്പറമ്പിലോ കരീപ്പറമ്പിലോ ഒരു ജലസംഭരണി നിർമ്മിച്ച് കടലുണ്ടിപ്പുഴയിലെ കരീക്കയത്തുനിന്നും വെള്ളം പമ്പുചെയ്ത് പൈപ്പുവഴി വിതരണം ചെയ്യുക. 8,9,10 വാർഡുകൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയാൽ കോടൂരിലെ കുടിവെള്ളക്ഷാമം ഒരളവുവരെ പരിഹരിക്കാൻ സാധിക്കും.
2. കോലോത്തുംകടവിൽ പമ്പ്ഹൗസ്സ്ഥാപിച്ച് വലിയപറമ്പിൽ ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ്ചെയ്ത് പൈപ്പ്ലൈൻവഴി വിതരണം നടത്തിയാൽ 1,2,3 വാർഡുകളിലെ ശുദ്ധജലക്ഷാമം ഏതാണ്ട് പൂർണ്ണമായും പരിഹരിക്കാൻ കഴിയും.
3. നിലവിലുള്ള പൈപ്പുലൈൻ ആവശ്യമായ സ്ഥലങ്ങളിലേക്ക് നീട്ടുകയും ഉപയോഗശൂന്യമായ പൊതുകിണറുകൾ, കുഴൽക്കിണറുകൾ എന്നിവ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും ചെയ്യുക.
4. ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ നിർമ്മിച്ചും തോടുകൾക്ക് കുറുകെ ബണ്ടുകൾ സ്ഥാപിച്ചും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

**പൊതു നിർദ്ദേശങ്ങൾ**

1 കുടിവെള്ളം സ്ഥിരമായി ലഭിക്കുന്നതിന് കോങ്കയം പദ്ധതി കാര്യക്ഷമമാക്കുക
2. പൊതുടാപ്പുകൾ ഉപയോഗയോഗ്യമാക്കുക.
3. പൊതുടാപ്പുകളിൽ നിന്നുള്ള ദുരുപയോഗം കർശനമായി നിർത്തൽ ചെയ്യുക.
4. അനിവാര്യമായ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.
5. പൈപ്പുകളുടെയും പൊതുടാപ്പുകളുടെയും കേടുപാടുകൾ റിപ്പയർ ചെയ്ത് ജലനഷ്ടം ഒഴിവാക്കുക.
6. പുഴയിലെയും തോട്ടിലെയും ജലമലിനീകരണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
7. ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെകുറിച്ചും ബോധവൽക്കരണം നടത്തുക.

# പൊതുജനാരോഗ്യം

കോടൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ താണിക്കൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രം പഞ്ചായത്തിലെ ഏക ചികിത്സാ കേന്ദ്രമാണ്. ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല. ഇതുകൂടാതെ രണ്ട് ഫാമിലി വെൽഫെയർ സെന്ററുകളും മൂന്ന് ഐ.പി.പി സെന്ററുകളും ഉണ്ട്.

പഞ്ചായത്തിൽ പ്രധാനമായും താഴെ കൊടുത്ത പകർച്ചാവ്യാധി രോഗങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം |
|---|---|---|---|
| 93-94 | 1011 | 910 | 1026 |
| 94-95 | 910 | 68 | 1350 |
| 95-96 | 875 | 60 | 978 |

പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തിതിനാൽ 4 കി.മീറ്ററിലധികം സഞ്ചരിച്ച് മലപ്പുറത്തുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളെയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ജനന മരണ നിരക്ക് താഴെ കൊടുക്കുന്നു.

| വർഷം | ജനനം | മരണം |
|---|---|---|
| 93-94 | 285 | 69 |
| 94-95 | 273 | 67 |
| 95-96 | 219 | 70 |

പഞ്ചായത്തിലെ സർക്കാർആരോഗ്യകേന്ദ്രങ്ങളുടെ പേരുവിവരങ്ങൾ

1. പ്രൈമറി ഹെൽത്ത് സെന്റർ, താണിക്കൽ
2. ഫാമിലി വെൽഫയർ സെന്റർ, ഉമ്മത്തൂർ
3. ഫാമിലി വെർഫെയർസെന്റർ, ഈസ്റ്റ്കോഡൂർ
4. ഐ.പി.പി സെന്റർ, ആൽപറ്റക്കുളമ്പ്
5. ഐ.പി.പി സെന്റർ, മാങ്ങാട്ടുപുലം
6. ഐ.പി.പി സെന്റർ, വെസ്റ്റ് കോഡൂർ

പി.എച്ച്.സി സെന്ററിൽ 12 ജീവനക്കാരും മറ്റു സെന്ററുകളിൽ ഓരോ ജീവനക്കാരുമാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന പബ്ലിക്ക് ഹെൽത്ത് സെൻന്ററിന്റെ വിപുലീകരണമാണ് അടിയന്തിരപ്രധാന്യത്തോടെ ചെയ്യേണ്ടത്. സെന്ററിലേക്ക് വാഹനം, ശുദ്ധജലം, കക്കൂസ്, O.Pസൗകര്യം, ഫർണ്ണിച്ചറുകൾ ചുറ്റുമതിൽ എന്നിവ അത്യാവശ്യമാണ്. ചുരുങ്ങിയത് 10 ബഡുള്ള ഒരു ആശുപത്രിയാക്കി ഉയർത്തി ആവശ്യ

മുള്ള ഡോക്ടർമാർ ജീവനക്കാർ, ഓഫീസ് എന്നിവ ഉണ്ടാവണം. മരുന്ന് നൽകാൻ ഒരു കവർപോലും ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. കെട്ടിടം റിപ്പയർചെയ്യേണ്ടതുമുണ്ട്.

ബാക്കി അഞ്ച് സെന്ററുകളിൽ അത്യാവശ്യ സൗകര്യങ്ങൾ പോലും ഇല്ല ഇവയിൽ തന്നെ പല തുംവാർഡിന്റെ ഒരറ്റത്ത് ആയതിനാൽ വാർഡിലുള്ളവർക്കു പോലും എത്തിച്ചേരാൻപ്രയാസം അനുഭവപ്പെടുന്നു. ഈ സ്ഥാപനങ്ങളിലേക്ക് മരുന്നെത്തിക്കാൻ സംവിധാനം ചെയ്യുന്നതോടൊപ്പം ഓരോ ഡോക്ടർമാരെയെങ്കിലും നിയമിക്കുകയും വൈദ്യുതി, വെള്ളം, ശുദ്ധജലം, കക്കൂസ്, മരുന്ന് എന്നിവ ആടിയന്തിരമായി ലഭിക്കേണ്ടതുമുണ്ട്. വാർഷിക റിപ്പയറിംങ്ങ് നടത്തേണ്ടതുമുണ്ട്.

പുതതായി നിലവിൽ വരേണ്ട ആരോഗ്യസ്ഥാപനങ്ങൾ

| വാർഡ് | പേര് | സെന്റർ |
|---|---|---|
| 1 | ഉമ്മത്തൂർ | അലോപ്പതി- ആയൂർവേദ സബ്സെന്ററുകൾ |
| 5 | വലിയാട് | ആയൂർവേദ- ഹോമിയോ ആശുപത്രി |
| 6 | ആൽപറ്റക്കുളമ്പ് | 10ബഡുള്ള ഹോമിയോ ആശുപത്രി |
| 7 | പാട്ടുപാറക്കുളമ്പ് | ആയൂർവേദആശുപത്രി |
| 8 | വെസ്റ്റ്കോഡൂർ | 10 ബഡുള്ള ആയൂർവേദ ആശുപത്രി |
| 9 | കോഡൂർവെസ്റ്റ് | 10 ബഡുള്ള ആയൂർവേദ ആശുപത്രി കംഫർട്ട് സ്റ്റേഷൻ |
| 11 | വടക്കേമണ്ണ | പി.എച്ച്.സി അനുവദിക്കുക. |

നിലവിലുള്ള ഫാമിലി വെൽഫയർ സെന്ററുകളും ഐ.പി.പി സെന്ററുകളും പ്രഥമികാ രോഗ്യ കേന്ദ്രങ്ങളായി ഉയർത്തേണ്ടതാണ്. 8- 10-11 വാർഡുകളിൽ ശാസ്ത്രീയ അറവുശാല നിർമ്മിക്കണം. 9-ാം വാർഡിൽ മത്സ്യമാർക്കറ്റ് ആവശ്യമാണ്. 6-ാം വാർഡിൽപ്പെട്ട വട്ടപ്പറമ്പിലെ മാതൃശിശുസംരക്ഷണ കേന്ദ്രത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിന് സാമ്പത്തിക സഹായം അനുവദിക്കണം. 1-ാം വാർഡിലെ പെരുവമണ്ണ, പെരുങ്ങോട്ടുപുലം കുളിക്കടവുകൾ ഉപകാരപ്രദമാക്കണം.

പഞ്ചായത്തിൽ 791 കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യമില്ല. അതിൽതന്നെ 733 കുടുംബങ്ങൾ സഹായത്തിനർഹരാണ്. അടിയന്തിരമായി ഇവ നിർമ്മിക്കാനുള്ള ധനസഹായം നൽകേണ്ടതാണ്. അതോടൊപ്പം വിവിധവാർഡികളിൽ പൊതുകക്കൂസുകൾ നിർമ്മിക്കേണ്ടതാണ്.

പൊതുജനാരോഗ്യത്തിന് അടിയന്തിരമായി ചെയ്യേണ്ടകാര്യങ്ങൾ

1. ആരോഗ്യകാര്യങ്ങളിൽ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക
2. കുട്ടികൾക്കും ഗർഭിണികൾക്കും വിറ്റാമിൻ ഗുളികകൾ സൗജന്യമായി വിതരണം ചെയ്യുക.
3. കുടുംബക്ഷേമബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
4. പകർച്ചവ്യാധി നിയന്ത്രിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
5. തോടുകളിലെയും പുഴയിലെയും മലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. മത്സ്യ-മാംസാദികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
7. പക്ഷിമൃഗാദികളുടെ അവശിഷ്ടങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത് തടയുക.
8. ചപ്പുചവറുകൾ നീക്കം ചെയ്യാൻ ആവശ്യമായ ജീവനക്കാരെ നയമിക്കുക.
9. റോഡിന് അഴുക്കുചാൽ നിർമ്മിക്കുക.
10 പഞ്ചായത്തുതലത്തിൽ രക്തപരിശോധനാ ക്യാമ്പുകൾ വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുക.
11 അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്ന നടപടി കർശനമാക്കുകയും ചെയ്യുക.

14 വയസ്സിനു താഴെയുള്ള കുട്ടികളെ മെഡിക്കൽ ഇൻഷൂറൻസ് സ്കീമിൽ അംഗങ്ങളാക്കേണ്ടതാണ്. ഇന്ന് പൊതുവെ വ്യാപിച്ചിട്ടുള്ള ക്യാൻസർരോഗത്തിന് കാരണംകണ്ടെത്താൻ സർവ്വേനടത്തുകയും രോഗത്തിന് വിധേയരാകുന്നവർക്ക് അടിയന്തിരമായി സാമ്പത്തികസഹായം നൽകേണ്ടതുമാണ്. പഞ്ചായത്തിലെ പൊതുശ്മശാനത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്.

താണിക്കൽ പി.എച്ച്.സി. 10 ബെഡ്ഡുകളെങ്കിലുമുള്ള ഒരാശുപത്രിയാക്കുക എന്നത് കൂടുതൽ വാർഡുകളെ സംബന്ധിച്ച് പരമപ്രധാനമാകയാൽ അക്കാര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.




5- 6

# ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തികവുംസാമൂഹ്യവുമായ പുരോഗമനത്തിന് ഗതാഗതവും വാർത്താവിനിമയ സൗകര്യവും അനിവാര്യമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്നത്തെ പഞ്ചായത്ത് നിലകൊള്ളുന്ന പ്രദേശത്തേക്ക് ചരക്കുകളും മറ്റും കൊണ്ടുവന്നിരുന്നത് പഞ്ചായത്തിന്റെ വടക്കേഅതിർത്തിയിൽ കൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴയിൽകൂടിയായിരുന്നു. അന്ന് തന്നെ കുറഞ്ഞതോതിൽ റോഡുകൾ ഉണ്ടായിരുന്നെങ്കിലും വാഹനം കാളവണ്ടികളായിരുന്നതിനാൽ ചരക്കുകൾ പുഴമാർഗ്ഗവും യാത്രകൾ കാളവണ്ടിമാർഗ്ഗവുമായിരുന്നു.

മോട്ടോർവാഹനങ്ങളുടെ ആഗമനത്തോടെ റോഡുകളുടെ പ്രധാന്യം വർദ്ധിക്കുകയും ചരക്കുകൾ ജലമാർഗ്ഗം കൊണ്ടുവരുന്ന പതിവ് ഇല്ലാതാകുകയും ചെയ്തു. മോട്ടോർ വാഹനങ്ങളുടെ പ്രചരണത്തിന് വളരെ മുമ്പുതന്നെ നാട്ടിന്റെ വികസനത്തിന് റോഡുകൾ ആവശ്യമാണെന്ന് നമ്മുടെ പൂർവ്വികന്മാർ മനസ്സിലാക്കിയിരുന്നു.

ടിപ്പുസുൽത്താൻ തന്റെ കാലഘട്ടത്തിൽത്തന്നെ ആളുകൾ യാത്രക്കും ചരക്കുകൾ യുദ്ധസാമഗ്രികൾ തുടങ്ങിയവ കൊണ്ടുപോകുവാനും ഉപയോഗിച്ചിരുന്ന മലപ്പുറംകൊളത്തൂർ റോഡാണ് പഞ്ചായത്തിലെ ഏറ്റവും പുരാതന റോഡ്. ജില്ലയിലെ ഏറ്റവും തിരക്കുപിടിച്ച റോഡുകളിൽ ഒന്നായ മലപ്പുറം തിരൂർ റോഡ് ഈ പഞ്ചായത്തിന്റെ 8,9,11 വാർഡുകളിൽകൂടെ കടന്നുപോകുന്നു. ഈ പഞ്ചായത്തിന്റെ ഇതുവരെയുള്ള വികസനത്തിൽ ഈ രണ്ട് റോഡുകളും ഗണ്യമായ പങ്കുവഹിച്ചുപോരുന്നു.

കുന്നും കുഴിയും ഇടകലർന്ന് കിടക്കുന്ന പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും ഇന്ന് റോഡുകളുണ്ട്. മൊത്തം 97 കി.മീ റോഡുണ്ട്. എന്നാൽ 39 കി.മീ മാത്രമാണ് ടാർ ചെയ്തത്. എങ്കിലും ജനങ്ങളുടെ സൗകര്യത്തിനും സമഗ്രമായ വികസനത്തിനും ചില പ്രദേശങ്ങളിൽ ഇനിയും പുതിയ റോഡുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. നിർമ്മിച്ച കുറേ ഏറെ റോഡുകളെ മെച്ചപ്പെടുത്തേണ്ടതുമുണ്ട്.

പഞ്ചായത്തിൽ മൊത്തം 11 $^{1}/_{2}$ കി.മീ നീളം

വരുന്ന 3 P.W.D റോഡുകളാണ് ഏറ്റവും പ്രധാനപ്പെട്ടവ. 3,4,11 വാർഡുകളിൽക്കൂടെ പോകുന്ന മലപ്പുറംകുളത്തൂർ റോഡ്, 8,9,11 വാർഡുകളിൽക്കൂടെ പോകുന്ന മലപ്പുറംതിരൂർ റോഡ്, 4,5,6 വാർഡുകളിൽ കൂടെ പോകുന്ന ചെളൂർചാപ്പനങ്ങാടി റോഡ് ഇവ പൂർണ്ണമായും ടാർ ചെയ്യപ്പെട്ട P.W.D റോഡുകളാണ്.

പഞ്ചായത്തിലെ 6 മീറ്ററിൽ കുറയാത്ത റോഡുകളുടെ പൊതുനിലവാരം പട്ടികയിൽ ചേർത്തിരിക്കുന്നു.

| നമ്പർ | റോഡിന്റെ പേര് | പോകുന്ന വാർഡുകൾ | നീളം (കി.മീ) | ടാറിങ്ങിന്റെഅവസ്ഥ |
|---|---|---|---|---|
| 1 | ചാഞ്ഞാൽ- ഉമ്മത്തൂർ സ്കൂൾപറമ്പ് JRY റോഡ് | 1,2.3 | 5 | ഭാഗികം |
| 2 | കൂട്ടിലങ്ങാടി- പെരിങ്ങോട്ടുപുലം- ആനക്കടവ് റോഡ് | 1 | 5 | ഭാഗികം |
| 3 | മുണ്ടക്കോട്-വലിയപറമ്പ് ലക്ഷംവീട് കോളനി റോഡ് | 2 , 4 | 1 | മുഴുവനും/ പൂർണ്ണം |
| 4 | പാറമ്മൽ-പുളിയാട്ടുകുളം-പറങ്കിമൂച്ചിക്കൽ റോഡ് | 6 , 7 | 6 | |
| 5 | ചെമ്മൻകടവ്-ഒറ്റത്തറ-പൊന്മള മുട്ടിപ്പാലം റോഡ് | 4 , 7 | 5 | ഭാഗികം |
| 6 | പാറമ്മൽപടി- കരിപറമ്പ് ഹരിജൻകോളനി റോഡ് | 9 , 10 | 2 | ഭാഗികം |
| 7 | ആൽപ്പറ്റക്കുളമ്പ്- വട്ടപ്പറമ്പ് കോളനി റോഡ് | 6 | 2 | |
| 8 | പാറമ്മൽ-പുളിയാട്ടുകുളം-പരിത്തൊടി റോഡ് | 7 | 0.50 | |
| 9 | കോഡൂർ-മങ്ങാട്ടുപുലം റോഡ് | 9 , 10 | 2.8 | ഭാഗികം |

ഭൂമിശാസ്ത്രപരമായി പ്രതികൂലസാഹചര്യത്തിൽ കുറെ ഏറെ റോഡുകൾ അധികം വീതിയില്ലാത്തവയാണ്. അവ വീതികൂട്ടുവാൻ വലിയതോതിൽ സൈഡ് കെട്ടുകളും മറ്റും വേണ്ടിവരുന്നതിനാൽ ജനപങ്കാളിത്തത്തോടെ ശ്രമദാനമായി നിർമ്മിച്ച ഇത്തരം കുറെ റോഡുകൾക്ക് 6 മീറ്റർ വീതി ഇപ്പോഴില്ല. എന്നാൽ സൈഡ് കെട്ടുവാനും താറിടുവാനും ധനസഹായം ലഭിക്കുന്നപക്ഷം മിക്കവാറും റോഡുകൾക്കും വേണ്ടത്ര വിസ്തീർണ്ണം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

അത്തരം റോഡുകളെ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| നമ്പർ | റോഡിന്റെ പേര് | നീളം.കി.മീ. | പോകുന്ന വാർഡ് | താറിങ്ങിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | കിഴക്കേപറമ്പ്-പെരുവണ്ണ റോഡ് | 2.0 | 1 | |
| 2 | പെരിങ്ങോട്ടുപുലംതേറാട് റോഡ് | 1.0 | 1 | |
| 3 | ചോലക്കൽഉമ്മത്തൂർ റോഡ് | 2.0 | 2 | |
| 4 | ചോലക്കൽകാവുങ്ങൽപറമ്പ് റോഡ് | 0.4 | | |
| 5 | പറയരങ്ങാടിവലിയപറമ്പ് റോഡ് | 2.0 | 2 | |
| 6. | കുട്ടശ്ശേരി കുളമ്പ്- ചേലോട് റോഡ് | 1.0 | 3 | |
| 7. | കുട്ടശ്ശേരികുളമ്പ്- എടാട്ടപ്പാററോഡ് | 1.0 | 3 | ഭാഗികം |
| 8 | പറയരങ്ങാടി- വലിയാട് റോഡ് | 3.0 | 3,5 | ഭാഗികം |
| 9. | താണിക്കൽ- പാലൂന്ന് ലക്ഷം വീട് കോളനി റോഡ് | 1.0 | 4 | |
| 10. | ചെളൂർ- ചെമ്മൻകടവ്- പാലക്കൽ കടവ് | 0.3 | 4 | |
| 11. | നായർതൊടി-ചെമ്മൻകടവ് എച്ച്. എസ് റോഡ് | 0.3 | 4 | |
| 12. | പാലക്കൽ- പള്ളിയാലിൽ തൊടി- വലിയാട് കോളനി റോഡ് | 3 | 4,5 | |

| നമ്പർ | റോഡിന്റെ പേര് | നീളം.കി.മീ. | പോകുന്ന വാർഡ് | താറിങ്ങിന്റെ അവസ്ഥ |
|---|---|---|---|---|
| 13. | വലിയാട്- ഞാറ്റുകെട്ടി ഹരിജൻ കോളനി റോഡ് | 0.5 | 5 | ഭാഗികം |
| 14. | വലിയാട്-പുളിയാട്ടുകുളം റോഡ് | 1.25 | 5,7 | |
| 15. | ആൽപറ്റകുളമ്പ്-പാട്ടോളിപാറ റോഡ് | 1.25 | 6 | |
| 16. | പുളിയാട്ടുകുളം- പാറമ്മൽ റോഡ് | 2 | 6,7 | |
| 17 | പുളിയാട്ടുകുളം-പാമ്പറത്ത് റോഡ് | .1 | 7 | |
| 18. | വട്ടോളി പാറ- ചാപ്പനങ്ങാടി റോഡ് | 2 | 7 | |
| 19. | കൊഴക്കോട്- ചക്കിക്കാവ് റോഡ് | 1 | 7 | |
| 20. | ഒറ്റത്തറ - വെസ്റ്റ്കോഡൂർ റോഡ് | 3 | 7,4 | |
| 21. | ഒറ്റത്തറ- ചാലാട് റോഡ് | 1 | 7 | |
| 22. | ഒറ്റത്തറ- പുളിയാർക്കാട് റോഡ് | 2 | 7 | |
| 23 | ഒണക്കാട്- മച്ചിങ്ങൽപടി റോഡ് | 0.8 | 7 | |
| 24. | ഓണക്കാട്- കാലം പറമ്പ് റോഡ് | 0.8 | 7 | |
| 25. | ഇല്ലത്തപ്പറമ്പ്- പാമ്പറമ്പ് റോഡ് | 1.00 | 7 | |
| 26. | വൈങ്ങാരപ്പടി-കാലൻ പറമ്പ് റോഡ് | 1.5 | 8 | ഭാഗികം |
| 27. | ഉർദുനഗർ - തേൻപറമ്പ് റോഡ് | 1.5 | 8 | ഭാഗികം |
| 28. | വരിക്കോട്ടുപള്ളി- ചീരാത്തുമൂല- പൊന്മള എച്ച്. എസ് റോഡ് | 1.0 | 8 | |
| 29. | കോഡൂർ യു.പി.സ്കൂൾ- വീരാലമ്മൽ-പൊന്മള എച്ച്. എസ് റോഡ് | 1.0 | 8 | |
| 30. | വരിക്കോട് പള്ളി- ഒറുംകടവ് റോഡ് | 1.5 | 8,9 | ഭാഗികം |
| 31. | വെസ്റ്റ് കോഡൂർ -എൻ.കെ പടി റോഡ് | 1.5 | 9 | ഭാഗികം |
| 32. | വെസ്റ്റകോഡൂർ- എൽ. പി. എസ്- ചെമ്മങ്കടവ് റോഡ് | 0.2 | 9 | |
| 33. | കരിപറമ്പ് മദ്രസ- പിലാവളപ്പ് റോഡ് | 0.75 | 9,10 | |
| 34. | പാറക്കൽ തെക്കൻകടവ് റോഡ് | 1.0 | 11 | |
| 35. | നൂറാടി- കടലുണ്ടിപ്പുഴ | | | |
| 36. | മൺകോരി റോഡ് | 0.5 | 11 | പൂർണ്ണമായി |

പൊതുജനപങ്കാളിത്തത്തോടെ ശ്രമദാനമായി മിക്കവാറും വാർഡുകളിൽ പല റോഡുകളും നിർമ്മാണത്തിലിരിക്കുന്നു. ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു. നാലാംവാർഡിലും രണ്ടാം വാർഡിലുമായി അര കിലോമീറ്ററോളം നീളം വരുന്ന താന്നിക്കൽ കോങ്കയം പാറമ്മൽ ചോല റോഡ് 5,3 വാർഡുകളിലായി വരുന്ന ഒന്നര കി മീ നീളത്തിൽ വലിയാട് പറയൻ കോളനി റോഡ് 6,5 വാർഡുകളിൽകൂടെ പോകുന്ന വട്ടപ്പറമ്പ്പൊയ്യൽ വലിയാട് കോളനി റോഡ് (2 കി.മീ) 6-ാം വാർഡിൽത്തന്നെയുള്ള വട്ടപ്പറമ്പ്ലക്ഷം വീട് കോളനി റോഡ് (1.കി.മീ) പാറമ്മൽ പുലാക്കൽ ചോല റോഡ് (1.കി.മീ) 7- ാംവാർഡിൽ 2 കി.മീ. നീളം വരുന്ന ഒറ്റത്തറഓണങ്കാട് - കാലൻപറമ്പ് റോഡ്, 8-ാം വാർഡിൽ വരിക്കോട്വീരാലമ്മൻപൊന്മള റോഡ് (ഒന്നര കി.മീ) കാലൻപറമ്പ് പിച്ചൻമഠത്തിൽ കോളനി റോഡ് (600.മീ) ഒമ്പതാംവാർഡിൽ മീമ്പോട്കരീപറമ്പ് റോഡ് (300 മീ) 10-ാം വാർഡിൽ മങ്ങാട്ടുപുലം റിങ്ങ്റോഡ് (1 കി.മീ) എന്നിവയാണ്. ഇതിൽ പുനരർപ്പണദിനമായ നവമ്പർ ഒന്നാംതീയതി തുടങ്ങിയ റോഡുകളും ഉൾപ്പെടുന്നു.

ഗ്രാമസഭായോഗങ്ങളിലെ ചർച്ചകളിൽ പല വാർഡുകളിലും പുതുതായി റോഡുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതകൾ ഉയർന്നു വന്നിട്ടുണ്ട്. വികസനത്തിന് റോഡുകളും ഗതാഗത സൗകര്യങ്ങളും അനിവാര്യമാണെങ്കിലും വികസനമെന്നാൽ റോഡു നിർമ്മാണം മാത്രമാണോ എന്ന് സംശയിക്കത്തക്ക നിലയിലാണ് റോഡ് നിർമ്മാണത്തിനുള്ള ആവശ്യങ്ങൾ ഉയർത്തപ്പെട്ടത്. ഓരോ വാർഡിൽ നിന്നുമുള്ള ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം കി.മീ |
|---|---|---|---|
| 1 | 1 | തിയ്യാൽകടവ്-ഉമ്മത്തൂർ റോഡ് | 1 |
| 2 | 1 | കാരയിൽ- കിഴക്കേപറമ്പ് റോഡ് | 1 |
| 3 | 1 | പെരിങ്ങോട്ടുപുലം-പഴയേടത്ത് കുളമ്പ് റോഡ് | 1 |
| 4 | 1 | സ്കൂൾപറമ്പ്-തിയ്യാൻകടവ് റോഡ് | 1.5 |
| 5 | 1 | പെരിങ്ങോട്ടുപുലം- സ്കൂൾപടി പള്ളിപ്പടി റോഡ് | 1.0 |
| 6 | 1 | പെരിങ്ങോട്ടുപുലം മുരിങ്ങേക്കൽ കടവ് | 1.5 |
| 7 | 1 | പെരിങ്ങോട്ടുപുലം-സ്കൂൾപടി-പൂക്കാട് റോഡ് | 2.0 |
| 8 | 1 | പെരിങ്ങോട്ടുപുലം-മാമ്പറ്റ മുണ്ടക്കോട് റോഡ് | 2.0 |
| 9 | 1-2 | വലിയപറമ്പ്-പെരിങ്ങോട്ടുപുലം റോഡ് | 2.0 |
| 10 | 2 | ലക്ഷംവീട്-ചേലോട്റോഡ് | 1 |
| 11 | 2 | മുണ്ടേക്കാട്-ചോലക്കോട് ഉമ്മത്തൂർ റോഡ് | 2.0 |
| 12 | 2 | വലിയപറമ്പ്- ചക്കാലപ്പറമ്പ്-ഉമ്മത്തൂർ | 3.00 |
| 13 | 2-4 | ചെളൂർ-വലിയപറമ്പ് റോഡ് | 1.5 |
| 14 | 3 | ഈസ്റ്റ്കോഡൂർ-ചേലോട്-ചാഞ്ഞാൽ ലിങ്ക്റോഡ് | |
| 15 | 3 | കുട്ടശ്ശേരിക്കുളമ്പ്-എടാട്ടുപാറ-നെല്ലോളിപറമ്പ് | 3 |
| 16 | 4 | എടാട്ടപ്പാറ-മൂഴിക്കൽ കുളമ്പ്-വലിയാട് ലിങ്ക്റോഡ് | 2 |
| 17 | 4 | പാലക്കൽ-വെള്ളാണ്ടര പറമ്പ്- വെസ്റ്റ്കോഡൂർ | 2 |
| 18 | 4 | ചെളൂർ- കുറുകാടി- വലിയാട് | 2 |
| 19 | 4 | താണിക്കൽ- ചെരപ്പറമ്പ്- വാട്ടർ ടാങ്ക് ഇടവഴി | 1 |
| 20 | 4 | ചെമ്മൻ കടവ്-നായർതൊടി വെസ്റ്റ് കോഡൂർ | 1 |
| 21 | 5 | വലിയാട് സ്കൂൾ ഇടവഴി-ചെറുപ്പറമ്പ- റോഡ് | 0.5 |
| 22 | 6 | ചാപ്പനങ്ങാടി-തൊണ്ടിക്കൽ-കുന്തനി റോഡ് | 2 |
| 23 | 7 | കൊഴക്കോട്-നായ്ടികുന്ന്-പുളാട്ടുകുളം | 1.5 |
| 24 | 7 | പരീതൊടി- വളപ്പ്- പൂളിയാട്ടുകുളം | 1.0 |
| 25 | 8 | തേൻപറമ്പ്-ഉർദുനഗർ റോഡ് | 1.5 |
| 26 | 8 | കാലൻപറമ്പ് ഹെൽത്ത് സെന്റർ-പാട്ടുപാറകുളമ്പ് റോഡ് | 2.0 |
| 27 | 8 | കോഡൂർ യു.പി.എസ്സ്. വീരലമ്മൽ റോഡ് | 0.5 |
| 28 | 8 | ഉർദുനഗർ-വീരലമ്മൽ റോഡ് | 0.5 |
| 29 | 8 | കുന്നുമ്മൽതൊടി - ചുത്തപ്പള്ളിപറമ്പ് | 1.0 |
| 30 | 8 | തോട്ടുങ്ങൽ- തേൻപറമ്പ് റോഡ് | 0.4 |
| 31 | 8 | കല്ലായിക്കുണ്ട്- കാലൻപറമ്പ് റോഡ് | 1.0 |

| നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം കി.മീ |
|---|---|---|---|
| 32 | 8 | വരിക്കോടുപള്ളി- കാലൻപറമ്പ് റോഡുകൾ ബന്ധിപ്പിക്കുന്ന റോഡ് | 0.5 |
| 33 | 8 | എരണിക്കൽ- തേൻപറമ്പ് റോഡ് | 0.750 |
| 34 | 9-10 | എൻ.കെ.പടി -മങ്ങാട്ടുപുലം റോഡ് | 3.0 |
| 35 | 9-10 | എൻ.കെ പടി-കരീപറമ്പ് റോഡ് | 1.0 |
| 36 | 11 | വടക്കേമണ്ണ സ്കൂൾ ഇടവഴി- കടവ് റോഡ് | 0.5 |
| 37 | 11 | തട്ടാൻ-ഇടവഴി റോഡ് | 0.5 |
| 38 | 11 | തുപ്പനിക്കാട് ഇടവഴി- കടലുണ്ടി പുഴറോഡ് | 0.5 |
| 39 | 11 | കോട്ടപ്പറമ്പ്- ഇടവഴി റോഡ് | 0.75 |
| 40 | 11 | പുതിയേത്ത് കടവ് ഇടവഴി റോഡ് | 0.5 |
| 41 | 11 | വടക്കേമണ്ണപള്ളി- മങ്ങാട്ടുപാലം ഇടവഴി റോഡ് | 1.0 |
| 42 | 11 | മീമ്പോട്ട് കടവ്- കോട്ടപ്പറമ്പ് ഇടവഴി | 0.5 |
| 43 | 11 | വെസ്റ്റ്കോഡൂർ- കൊഴിഞ്ഞിപ്പറമ്പ് ഇടവഴി | 0.5 |

## പ്രശ്നങ്ങളും, സാധ്യതകൾ, നിർദ്ദേശങ്ങളും

1. വടക്കേമണ്ണ പള്ളിയുടെ താഴെ സ്കൂൾപടിക്കലിൽ വർഷക്കാലത്ത് റോഡിൽ എപ്പോഴും വെള്ളം കെട്ടിനിൽക്കുന്നു. ഈ റോഡ് മലപ്പുറത്തെ തിരൂരുമായും കൊളത്തൂരുമായി ബന്ധിപ്പിക്കുന്ന തിരക്കേറിയ പ്രധാനപ്പെട്ട ഒരു റോഡാണ്. വെള്ളം കെട്ടിനിൽക്കുന്നതുകാരണം ഈ ഭാഗത്ത് റോഡിന് എപ്പോഴും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടിവരുന്നു. P.W.D റോഡായതുകൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്തുകിട്ടാൻ കാലതാമസവും നേരിടുന്നു. ഇവിടെ ഒരു ഓവുപാലം നിർമ്മിച്ച് വരിവെള്ളം പുഴയിലേക്ക് തിരിച്ച് വിടത്തക്കവിധത്തിൽ റോഡിന് അരിച്ചാൽ നിർമ്മിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

2. മലപ്പുറം ആസ്ഥാനത്തെ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ആനക്കടവ് പാലം നിലവിൽ വന്നാൽ കോഡൂർ, കുറുവ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ജില്ലാസ്ഥാനവുമായി ബന്ധപ്പെടുവാൻ വളരെ സൗകര്യമായിരിക്കും. കഴിഞ്ഞ ഗവർമെണ്ടിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച ഈ പദ്ധതി ഉടനെ നടപ്പിലാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

3. മൂന്ന് ഭാഗവും പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന മങ്ങാട്ടുപുലം നിവാസികൾക്ക് അത്യാവശ്യമായ. ഒരു ഡോക്ടറുടെ സഹായം ലഭിക്കണമെങ്കിൽ 6 കി.മീ. ദൂരം പിന്നിടണം. ഈ ദുരവസ്ഥക്ക് അറുതിവരുത്താൻ മങ്ങാട്ടുപുലത്തെ ഹാജിയാർ പള്ളിയുമായി ബന്ധിപ്പിക്കുന്ന ഒരു തൂക്കുപാലമെങ്കിലും ഉടനെ നിർമ്മിക്കേണ്ടതാണ്. കോഴിക്കോട് റോഡുംതിരൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ബൈപാസ്സായി ഉപയോഗിക്കാൻ ഇവിടെ ഒരു നല്ല പാലം നിർമ്മിക്കുക വഴി സാധിക്കും. മലപ്പുറം കോട്ടപ്പടിയിലെ ഗതാഗതക്കുരിക്കിന് വലിയ ഒരു പരിധിവരെ പരിഹാരം കാണാൻ സഹായിക്കും.

4. 14 കി.മീറ്റർ നീളത്തിൽ വടക്കെ അതിർത്തിയിലൂടെ ഒഴുകുന്ന പുഴയെ പഞ്ചായത്തിലെ ഒരു വലിയ വിഭാഗം കുളിക്കാനുപയോഗിക്കുന്നു.

അത്തരം കടവുകളുടെ സ്ഥിതി ശോചനീയമാണ്. താഴെ കൊടുക്കുന്ന കടവുകളിൽ റാംപുകൾ നിർമ്മിച്ച് ഇതിന് പരിഹാരം കാണാവുന്ന്താണ്.

1. ഉമ്മത്തൂർ മകരത്തൊടിക്കടവ് (രണ്ടാം വാർഡ്)
2. കോകയം കാട്ടും കടവ് (,,)
3. മരകാവ് കുളിക്കടവ് (,,)
4. ആനക്കല്ലിൽ പാറപുതിയ കടവ് (,,)
5. പെരുവണ്ണ പള്ളിക്കടവ് കുളിക്കടവ് (ഒന്നാംവാർഡ്)
6. പെരുവമണ്ണ കോലോത്തുംപടി കുളിക്കടവ് (,,)
7. തിയ്യാൻ കടവ് (,,)
8. കുണ്ടുതോട് കുളിക്കടവ് (എട്ടാംവാർഡ്)
9. അറപ്പക്കൽ പാലം (,,)
10. ഒറൂംകടവ് കുളിക്കടവ് (ഒമ്പതാംവാർഡ്)
11. മങ്ങാട്ടുപുലം നൊട്ടത്ത് കടവ് (പത്താംവാർഡ്)
12. മങ്ങാട്ടുപുലം ഇടവഴിക്കടവ് (,,)
13. മങ്ങാട്ടുപുലംഹാജിയാർപള്ളി ഇടവഴിക്കടവ് (,,)
14. പൊട്ടിക്കല്ല് കടവ് (പതിനൊന്നാം വാർഡ്)
15. തട്ടാൻകടവ് (,,)

പഞ്ചായത്തിൽക്കൂടി പോകുന്ന പ്രധാനപ്പെട്ട രണ്ട് റോഡുകളിലൂടെയും ധാരാളം ബസ്സുകൾ ഓടുന്നുണ്ട്. ബസ്സിന് വേണ്ടി പല സ്റ്റോപ്പുകളിലും ധാരാളം ആൾക്കാർ കാത്തു നിൽക്കാറുണ്ട്. വർഷക്കാലത്ത് മഴയിൽ നിന്നും വേനലിന്റെ ചൂടുവെയിലിൽനിന്നും രക്ഷനേടാൻ താഴെ പറയുന്ന സ്ഥലങ്ങളിൽ വെയിറ്റിങ്ങ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.

1. മൂന്നാംവാർഡിൽ ചകിരിമില്ല്, ചാഞ്ഞാല്, പറയരങ്ങാടി എന്നിവിടങ്ങളിലും
2. നാലാംവാർഡിൽ ചെമ്മകടവ്, ചെളൂർഎന്നിവിടങ്ങളിലും
3. അഞ്ചാംവാർഡിൽ വലിയാട് അങ്ങാടി.
4. എട്ടാം വാർഡിൽ ഉറുദുനഗർ ബസ്സ്റ്റോപ്പ്, വരിക്കോട്ട് പള്ളി എന്നിവിടങ്ങളിലും അത്യാവശ്യമാണ്.

കോഡൂർ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ തപ്പാലുകൾ വിതരണം ചെയ്യുന്നത് പ്രയാസകരമാണ് പ്രധാനപ്പെട്ട പല എഴുത്തുകളും ലഭിക്കാത്തതിനാൽ പല ചെറുപ്പക്കാരുടെയും തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിന് ഉൾപ്രദേശത്തേക്ക് വിതരണം മെച്ചപ്പെടുത്താൻ പുതിയ ബ്രാഞ്ച്, സബ് പോസ്റ്റോഫീസുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

1. ഉമ്മത്തൂർ ഇ.ഡി. ബ്രാഞ്ച് പോസ്റ്റോഫീസ് ഒന്നും രണ്ടും വാർഡുകൾക്ക് പ്രയോജനപ്പെടും.
2. പുളിയാട്ടുകുളം ഏഴാംവാർഡിന് സൗകര്യപ്പെടും
3. ഉറുദുനഗർ 8ഉം 9ഉം വാർഡുകൾക്ക് പ്രയോജനപ്പെടണം.
4. മങ്ങാട്ടുപുലം 10ാംവാർഡിനും 9ാം വാർഡിന്റെ ഒരു വലിയഭാഗത്തിനും പ്രയോജനപ്പെടും.

പല സ്ഥലങ്ങളിലും നടപ്പാലങ്ങളില്ലാത്തതിനാൽ കൂറെയെറെ ചുറ്റിക്കറങ്ങേണ്ട അവസ്ഥയാണ്. ഇന്നുള്ളത്. അതിന് പരിഹാരമായി താഴെ പറയുന്ന സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നിരിക്കുന്നു.

ഒന്നാം വാർഡിൽ

1) പെരിങ്ങോട്ടുപുലംമൂരിക്കൽ കടവ്
2) തിയ്യാൻകടവ് സ്കൂൾ പറമ്പ്
3) പെരുവമണ്ണ പള്ളിക്കടവ്
4) പെരിങ്ങോട്ടുപുലംവലിയപറമ്പ് കൊടിയൻകാട് പെരുവമണ്ണ
5) പെരുവമണ്ണകോലത്തുംകടവ്
6) കാരയിൽസ്കൂൾപറമ്പ് ഇടവഴി.

രണ്ടാം വാർഡിൽ കാടുംകടവും

ഏഴാം വാർഡിൽ

1) ഒറ്റത്തറതുമ്പത്ത്പടി,
2) ഒറ്റത്തറഅഞ്ചാം മുട്ടിക്കൽ
3) പുളിയാട്ടുകുളം തോട് എന്നിവിടങ്ങളിൽ നടപ്പാലം നിർമ്മിച്ചാൽ അത് ജനങ്ങൾക്ക് പൊതുവെ ഉപകാരപ്രദമാകും

### മറ്റ് നിർദ്ദേശങ്ങൾ:

1) നിർമ്മാണം പൂർത്തിയായ മുഴുവൻ റോഡുകൾളും പൂർണ്ണമായി താർ ചെയ്യുക.
2) പാർശ്വഭിത്തിയും ഓടകളും നിർമ്മിച്ചിട്ടില്ലാത്ത റോഡുകൾക്ക് അഴുക്ക് ചാലും പാർശ്വഭിത്തികളും നിർമ്മിക്കുക.
3). നിർമ്മാണത്തിലിരിക്കുന്നതും ഭാഗികമായി പൂർത്തീകരിച്ചതുമായ എല്ലാ റോഡുകളും പൂർത്തീകരിക്കുക. അഴുക്കുചാൽ നിർമ്മിക്കുക.
4) മലപ്പുറം തിരൂർ റോഡിൽ വടക്കേ മണ്ണ വളവ് നിവർത്തുക.
5) റോഡുകളും ഇടവഴികളും വീതി കൂട്ടിയതു

കാരണം വഴിമദ്ധ്യത്തിലായ വൈദ്യുതി ടെലഫോൺ കാലുകളും ജീർണ്ണിച്ച് ഒടിഞ്ഞു വീണ് അപകടം ഉണ്ടാകാൻ സാദ്ധ്യതകളുള്ള കാലുകളും പാർശ്വ ഭാഗങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക.

6) ബഹുജന സഹകരണത്തോടെ റോഡുകളുടെ അറ്റക്കുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുക.

7) റോഡ് സംരക്ഷണത്തിന് പ്രാദേശിക, ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക.




5-6

# ഊർജ്ജം

നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഊർജ്ജപ്രതിസന്ധി. ആവശ്യത്തിന് വൈദ്യുതിയോ, പാചകവാതകമോ മറ്റിന്ധനങ്ങളോ ലഭ്യമാക്കാൻ നമുക്ക് സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഇന്ന് മുഖ്യമായും ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. മിക്കവാറും എല്ലാ വീടുകളും, ഹോട്ടലുകളും പാചകത്തിന് വിറകിനെയാണാശ്രയിക്കുന്നത്. പഞ്ചായത്തിൽ 123 വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുവെങ്കിലും അത് ഭാഗികമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. എല്ലാവീടുകളിലും വിറകടുപ്പുകളുണ്ട്. പാചകവാതകം ഉപയോഗിക്കുന്ന വീടുകൾ വാർഡടിസ്ഥാനത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | - | 18 | 8 | 22 | 19 | 7 | 1 | 13 | 13 | 4 | 18 |

അടുത്തകാലം വരെ വിളക്കുകൾക്ക് മണ്ണെണ്ണയായിരുന്നു ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിൽ വൈദ്യുതി എത്തിയതോടെ വീടുകളിൽ വിളക്കുകൾ വൈദ്യുതീകരിച്ചു. എങ്കിലും ഇന്നും വിളക്കിന് മണ്ണെണ്ണയെ ആശ്രയിക്കുന്ന ഒട്ടേറെ വീടുകളുണ്ട്. പാചകത്തിന് ഇന്നും വിറകുതന്നെ മുഖ്യ ആശ്രയം.

1960 ന്റെ ആദ്യപകുതിയിലാണ് കോഡൂർ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും എത്താത്ത ഭാഗങ്ങൾ ഇപ്പോഴുമുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 81 | 91 | 148 | 120 | 142 | 186 | 142 | 103 | 74 | 141 | 56 |

മലപ്പുറം, കോട്ടക്കൽ എന്നീ രണ്ട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ പരിധിയിലാണ് കോഡൂർ പഞ്ചായത്ത്. ഒരു മേജർ സെക്ഷന് വേണ്ട ഉപഭോക്താക്കൾ ഈ പഞ്ചായത്തിൽ തന്നെ ഉണ്ട്.

പഞ്ചായത്തിൽ ഇന്ന് 17 ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകളും അവ സ്ഥിതിചെയ്യുന്ന സ്ഥലവും പട്ടികയിൽ കൊടുത്തിരിക്കുന്നു.

7 ലൈൻ വലിക്കാൻ അനുവാദം ലഭിക്കാത്തതും അതുമൂലം വൈദ്യുതി ലഭിക്കാത്തവരുമുണ്ട്.

8. വൈദ്യുതി സാമഗ്രികളുടെ ദൗർലഭ്യം കണക്ഷൻ ലഭിക്കാനും, ചിലപ്പോൾ അറ്റകുറ്റപ്പണികൾ നടത്താനും തടസ്സമാകുന്നു.

| നമ്പർ | പ്രദേശം | കപ്പാസിറ്റി | നമ്പർ | പ്രദേശം | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | വടക്കേമണ്ണ | 100കെ.വി.എ | 9 | പുളിയാട്ടുകുളം | 100 കെ.വി.എ |
| 2 | വെസ്റ്റ് കോഡൂർ | 100കെ.വി.എ | 10 | താണിക്കൽ | 100 കെ.വി.എ |
| 3 | കരീപറമ്പ് | 100കെ.വി.എ | 11 | ഈസ്റ്റ്കോഡൂർ | 100 കെ.വി.എ |
| 4 | ചെമ്മൻകടവ് | 100കെ.വി.എ | 12 | ചാഞ്ഞാൽ | 100 കെ.വി.എ |
| 5 | കടവ് | 100കെ.വി.എ | 13 | മുണ്ടക്കോട് | 100 കെ.വി.എ |
| 6 | കോങ്കയം | 100കെ.വി.എ | 14 | പെരിങ്ങോട്ടുപുലം | 100 കെ.വി.എ |
| 7 | പാട്ടുപാറക്കുളമ്പ് | 100കെ.വി.എ | 15 | ചട്ടിപ്പറമ്പ് | 100 കെ.വി.എ |
| 8 | വലിയാട് | 100കെ.വി.എ | 16 | ആൽപറ്റക്കുളമ്പ് | 100 കെ.വി.എ |
| | | | 17 | മങ്ങാട്ടുപുലം | 100 കെ.വി.എ |

## പ്രശ്നങ്ങൾ

*1. വോൾട്ടേജ് ക്ഷാമം:*

വീടുകളിൽ കുട്ടികൾക്ക് പഠിക്കാൻ പോലും പ്രയാസമനുഭവിക്കുന്നു. രാത്രി പത്തുമണിക്കു ശേഷമേ ബൾബുകൾ തെളിയൂ.

2. ചെറുകിട വ്യവസായങ്ങൾക്ക് പോലും ആശ്രയിക്കത്തക്കതല്ല ഇന്നത്തെ വൈദ്യുതിവിതരണം.

3. അപേക്ഷിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാതെ കാത്തുനിൽക്കുന്നവർ ഉണ്ട്. ഇനം തിരിച്ച് പട്ടികയിൽ ചേർക്കുന്നു.

| ഓർഡിനറി | ഒ.വൈ.ഇ.സി | ഒ.പി.ടി | ആകെ |
|---|---|---|---|
| 60 | 29 | 2 | 91 |

4. പാചക വാതക കണക്ഷനുകൾ പുതുതായി മുനിസിപ്പാലിറ്റി അതിർത്തിയിൽ മാത്രമേ നൽകുന്നുള്ളൂ. അതുകൊണ്ട് പഞ്ചായത്തിൽ ആർക്കും തന്നെ പുതുതായി കണക്ഷൻ ലഭിക്കുന്നില്ല.

5. വൈദ്യുതി ബില്ലടക്കാൻ മലപ്പുറത്തും കോട്ടക്കലും പോകേണ്ടിയിരിക്കുന്നു. ഒരു ദിവസം മുഴുവൻ മാറ്റിവയ്ക്കണം.

6. പഞ്ചായത്തിൽ എല്ലാഭാഗങ്ങളിലും ലൈൻ ഇല്ലാത്തതിനാൽ കണക്ഷൻ എടുക്കാൻ കഴിയാത്ത വീടുകളുണ്ട്.

9 . കെ.എസ്.ഇ.ബി.യുടെ രജിസ്റ്ററിൽകാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു. മീറ്ററുകളുടെ തകരാറുകളും പരിശോധിക്കാറില്ല. ഉപയോഗിക്കാത്ത വൈദ്യുതിക്കും സ്ലാബ് രൂപത്തിൽ പണം നൽകേണ്ടി വരുന്നു.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടണം. ഇന്ന് ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ഉപഭോഗനിയന്ത്രണത്തെക്കുറിച്ച് ബോധമില്ല. വേണ്ടപ്പോഴും വേണ്ടാത്തപ്പോഴും വൈദ്യുതി ഉപയോഗിക്കുന്നു. ഓൺചെയ്ത ലൈറ്റുകൾ ആവശ്യമില്ലാതെ കത്തിക്കൊണ്ടിരിക്കും. ആവശ്യത്തിന് മാത്രം വൈദ്യുതി ഉപയോഗിക്കാൻ ബോധവൽക്കരണം ആവശ്യമാണ്. ആവശ്യത്തിന് മാത്രമേ വൈദ്യുതി ഉപയോഗിക്കുകയുള്ളൂ എന്ന് ഓരോ ഉപഭോക്താവും സ്വയം തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്താൽ വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകും. അത്യാവശ്യമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

2. സമ്പന്ന കുടുംബങ്ങളിലെ അനിയന്ത്രിത

സ്റ്റെപ്പപ്പ് സംവിധാനം നിയന്ത്രിക്കുകതന്നെ വേണം

3. ലൈനുകൾ ഇല്ലാത്തതും ലൈനുകൾ വലിക്കാൻ അനുവദിക്കാത്തതുമായ സ്ഥലങ്ങളിൽ വലിക്കാനുള്ള നിയമക്കുരുക്കുകൾ പരിഹരിക്കാൻ വേണ്ട നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു വിഭാഗം ആളുകൾക്ക് ഇന്നും മണ്ണെണ്ണ ഉപയോഗിക്കേണ്ടി വരുന്ന സ്ഥിതി മാറുവാൻ എല്ലാവർക്കും കണക്ഷൻ ലഭ്യമാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കണം.

4. പാചകവാതകവിതരണം പഞ്ചായത്തിലും ഉറപ്പു വരുത്തണം.

5. ധാരാളം കുന്നുകളും മലകളും പുഴയും കോഡൂർ പഞ്ചായത്തിലുണ്ട്. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതകളെ ചൂഷണം ചെയ്യുന്നതിലൂടെ പഞ്ചായത്തിന്റെ ഊർജ്ജോപയോഗത്തിന്റെ 30% മെങ്കിലും ഉൽപ്പാദിപ്പിക്കാനാവും.

I. ചെറുപറമ്പ്, കരീപറമ്പ്, കൂറ്റാൻകുന്ന്, ചെരപ്പറമ്പ, കോപറമ്പ്, കോട്ടപ്പറമ്പ്, വെട്ടാൻകുന്ന്, വലിയപറമ്പ് തുടങ്ങിയ കുന്നിൻ മുകളിൽ കാറ്റാടിയന്ത്രങ്ങൾ ആരംഭിക്കാവുന്നതാണ്.

II കരീപറമ്പ് ഹരിജൻ കോളനി, ലക്ഷംവീട് കോളനികൾ മറ്റു ജനസാന്ദ്രതകൂടിയ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതി ലഭിക്കാത്ത സ്ഥലത്ത് സൗരോർജ്ജം ഉപയോഗിച്ച് പ്രവൃത്തിക്കുന്ന പൊതുവിളക്കുകൾ സ്ഥാപിക്കുക.

III ഈ പഞ്ചായത്തിന്റെ വടക്ക് ഭാഗം മുഴുവനും 14 കി.മീ നീളത്തിൽ കടലുണ്ടിപ്പുഴയാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഉമ്മത്തൂർ, മങ്ങാട്ടുപുലം, മാരാങ്കടവ് ഭാഗങ്ങളിൽ തടയണകൾ നിർമ്മിച്ച് ചെറുകിട ജലവൈദ്യുതപദ്ധതികൾ (Stage by stage generation) സ്ഥാപിക്കാനുള്ള സാധ്യതകൾ ഏറെയുണ്ട്.

പുതിയട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| | |
|---|---|
| 1 | കാലൻപറമ്പ് |
| 2 | തോട്ടുങ്ങൽ മാരാങ്കടവ് |
| 3 | ഉമ്മത്തൂർ |
| 4 | വലിയപറമ്പ് |
| 5 | ചെളൂർ |
| 6 | വലേക്കാട് ഹരിജൻകോളനി |
| 7 | വലിയാട് അറക്കൽപടി |
| 8 | പുളിയാട്ടുകുളം |

6. കാർഷികവൃത്തിയിലും കന്നുകാലി വളർത്തലിലും ഏർപ്പെട്ടിരിക്കുന്ന ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. ബയോഗ്യാസ്പ്ലാന്റുകൾ നിർമ്മിച്ച് ഉപയോഗിക്കുന്നതിലൂടെ ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാം. ഇതിന് ബോധവൽക്കരണം ആവശ്യമാണ്. വിളക്കുകൾക്കും, പാചകത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന ബയോഗ്യാസ് ഒറ്റക്കോ കൂട്ടായോ ഉൽപ്പാദിപ്പിക്കാവുന്നതാണ്. ബയോഗ്യാസിനോട് പൊതുവെയുള്ള എതിർ മനോഭാവം മാറ്റി അതൊരു ലാഭകരവും സൗകര്യപ്രദവുമായ ഇന്ധനമാണെന്ന ബോധം വളർന്നു വരേണ്ടിയിരിക്കുന്നു.

7. വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നതിനും കണക്ഷൻ നൽകുന്നതിനും ആവശ്യമായ മുഴുവൻ സാമഗ്രികളുടെയും ലഭ്യത ഉറപ്പു വരുത്തുക. കോഡൂർ പഞ്ചായത്തിൽ തന്നെ ഒരു മേജർ സെക്ഷന് വേണ്ട ഉപഭോക്താക്കളുണ്ട്.

കെട്ടിടങ്ങളുടെ എണ്ണവും മറ്റുവിവരങ്ങളും താഴെ കൊടുക്കുന്നു

| കെട്ടിടങ്ങളുടെഎണ്ണം | വൈദ്യുതീകരിച്ചവ | വൈദ്യുതീകരിക്കേണ്ടവ |
|---|---|---|
| 4500 | 2358 | 2142 |

ഇവിടെ ഒരു മേജർസെക്ഷനും, സ്റ്റോറും തുടങ്ങാവുന്നതാണ്

8. ഇന്ന് നിലവിലുള്ള സിങ്കിൾ ഫൈസ് ലൈനുകൾ ത്രീഫൈസാക്കി മാറ്റുക വഴി വോൾട്ടേജ് ക്ഷാമത്തിന് ഏറെ പരിഹാരമാകും.

9. ലൈൻ പൊട്ടിവീണും മറ്റും ഉണ്ടാകുന്ന അപകടങ്ങളും വൈദ്യുതിവിതരണ തടസ്സവും ഒഴിവാക്കുവാനും വൈദ്യുതി ബില്ലടക്കുവാനും ഉപയുക്തമാകും വിധം പഞ്ചായത്തിൽ ഒരു ബ്രാഞ്ച് കൗണ്ടറെങ്കിലും ഉടൻ തുറക്കണം.

10. പുതിയതായി റോഡുകളും ഇടവഴികളും വിപുലപ്പെടുത്തിയപ്പോൾ വഴിയുടെ മധ്യത്തിലായതും, ജീർണ്ണിച്ച് പൊട്ടി വീണ് അപകടസാധ്യത

യുള്ളതുമായ വൈദ്യുതിക്കാലുകൾ ഉടനെ തന്നെ വഴിയരുകിലേക്ക് മാറ്റി സ്ഥാപിക്കുക.

11. വൈദ്യുതി ലൈനിനെ ബാധിക്കുന്ന വിധം നിൽക്കുന്ന മരക്കൊമ്പുകളും മറ്റും വെട്ടിമാറ്റുക.

12. പഞ്ചായത്തിലെ മുഴുവൻ റോഡ് ജംഗ്ഷനുകളിലും സോഡിയം വേപ്പർലാമ്പുകളും നിലവിലുള്ള ലൈനിൽ 200 മീറ്റർ ഇടവിട്ട് തെരുവ് ലൈറ്റുകളും സ്ഥാപിക്കണം.

13. യഥാർത്ഥ വൈദ്യുതി ഉപഭോഗം അടിസ്ഥാനമാക്കി. വൈദ്യുതി ചാർജ്ജ് അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

14. എല്ലാവിഭാഗത്തിലും പെട്ട ദുർബലർക്ക് അടിയന്തിരവും സൗജന്യവുമായി കണക്ഷൻ നൽകുക.

15. വിറകിന്റെ ക്ഷാമം പരിഹരിക്കാൻ വ്യാപകമായ തോതിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുക.

പഞ്ചായത്തിൽ ലഭ്യമാകുന്ന ഫണ്ട് ജനസംഖ്യാനുപാതികമായി അടിയന്തിരപ്രാധാന്യമുള്ള പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെ മുൻഗണനാക്രമത്തിൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമായിരിക്കും. എട്ടാം വാർഡിൽ പുതുതായി അനുവദിച്ച ട്രാൻസ്ഫോർ ഉടൻ പ്രവർത്തനക്ഷമമാക്കാൻ വേണ്ടതും ഉടനെ ചെയ്യേണ്ടതാണ്.

### മാർക്കറ്റ്

കോഡൂർ പഞ്ചായത്തിൽ നിന്നും അടുത്ത കാലം വരെ വിപണനം നടക്കുകയും പുറംരാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരുൽപ്പന്നമാണ് കുമ്പളങ്ങ. പഞ്ചായത്തിലെ ഒരു പ്രദേശത്തിന് കുമ്പളങ്ങകോട്ടൂർ എന്ന പേര് പ്രസിദ്ധമാണ്. ഖദ്ദുബീഡ ' എന്ന പേരിലുള്ള മിഠായി നിർമ്മിക്കുന്നതിന് ആഗ്രക്കാർ ഉപയോഗിച്ചിരുന്നത് കോടൂർകുമ്പളങ്ങയായിരുന്നു. ഇവിടെ വന്നിരുന്ന ആഗ്രക്കാരുമായുള്ള ആശയവിനിമയം നടത്തേണ്ടി വന്നതിനാലാണ് ഇവിടത്തുകാർക്ക് ഉറുദുഭാഷയുമായി താൽപ്പര്യം വർദ്ധിച്ചത്. പിൽക്കാലത്ത് ഈ പ്രദേശത്തിന് `ഉറുദുനഗർ' എന്ന പേർ വന്നത് സ്മരണീയമാണ്. കോഡൂരിലെ പൂളയും (കപ്പ) പ്രസിദ്ധമാണ്.

### വിപണനപ്രശ്നങ്ങൾ

1. ഇന്ന് ഇവിടെ ധാരാളമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വെറ്റില, പച്ചക്കറി, അടയ്ക്ക, തേങ്ങ, കശുവണ്ടി എന്നിവ വിപണനം നടത്തുന്നതിന് നാം മലപ്പുറം ചന്തപോലുള്ള അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

2. ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനാവശ്യമായ സൗകര്യങ്ങൾ നിലവിലില്ല.

3. വിപണന സൗകര്യത്തിന്റെ അപര്യാപ്തത മൂലം ഇടത്തട്ടുകാരുടെ ചൂഷണത്തിന് ഉൽപ്പാദകർ വിധേയരാകുന്നു.

### നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിക്കുകയും ഇടത്തട്ടുകാരുടെ ചൂഷണം തടയുകയും ചെയ്യുക.
2. ആഴ്ചചന്തകളും കാലിച്ചന്തകളും തുടങ്ങുക.
3. സ്റ്റോറേജ് സൗകര്യം ഏർപ്പെടുത്തുക.
4. പഞ്ചായത്തിലെ അങ്ങാടികൾ കേന്ദ്രീകരിച്ച് അന്തിച്ചന്തകൾ തുടങ്ങുക.
5. മത്സ്യമാംസ മാർക്കറ്റുകൾ പഞ്ചായത്ത് സഹായത്തോടെ തുടങ്ങുക.
6. പഞ്ചായത്തിന് ഒരു മാർക്കറ്റ് നിയമം ഉണ്ടാക്കുക.






5-7

# പാർപ്പിടം

പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. ഉത്പാദനമേഖലയിൽ പ്രയോജനപ്പെടുത്താതെ കോൺക്രീറ്റ് സൗധങ്ങൾ കെട്ടിയുയർത്തുന്നതിനാണ് ഈ പണം പ്രധാനമായും ഉപയോഗിക്കുന്നത്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായിനടത്തിയ സർവ്വെയിലെ കണക്കുകൾപ്രകാരം 346 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യമാണന്ന് കാണുന്നു. ഇതിൽ ഇപ്പോഴുള്ള വീടുകളിൽ നിന്നും മാറിതാമസിക്കേണ്ട കുടുംബങ്ങളെ ഉൾപ്പെടുത്തുയിട്ടില്ല. അത് ഏകദേശം 1000ത്തിലധികം വരുമെന്ന് കണക്കാക്കുന്നു.

| വാർഡ് | സ്വന്തംവീട് | വാടകവീട് | ഒറ്റനില | ഇരുനില | കോൺക്രീറ്റ് | ഓട് | പുല്ല്/ഓല | തറ | തറ | 80-100 | 100-150 | 150-200 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 330 | 41 | 261 | 72 | 33 | 248 | 16 | 96 | 124 | 105 | 32 | 1 |
| 2 | 385 | 9 | 315 | 85 | 37 | 352 | 14 | 129 | 198 | 76 | 6 | 1 |
| 3 | 341 | 12 | 258 | 81 | 64 | 275 | 15 | 164 | 144 | 45 | 5 | 1 |
| 4 | 439 | 40 | 475 | 92 | 80 | 342 | 34 | 194 | 198 | 84 | 19 | 17 |
| 5 | 426 | 34 | 402 | 58 | 38 | 409 | 13 | 225 | 179 | 48 | 26 | - |
| 6 | 463 | 3 | 351 | 84 | 35 | 396 | 50 | 220 | 174 | 77 | 5 | 1 |
| 7 | 368 | 19 | 227 | 55 | 30 | 299 | 41 | 212 | 124 | 36 | - | - |
| 8 | 326 | 13 | 219 | 107 | 42 | 268 | 18 | 163 | 122 | 59 | 8 | 2 |
| 9 | 324 | 18 | 274 | 70 | 44 | 285 | 11 | 84 | 175 | 73 | 19 | 6 |
| 10 | 329 | 3 | 283 | 49 | 24 | 321 | 5 | 241 | 73 | 33 | - | - |
| 11 | 310 | 12 | 279 | 78 | 59 | 265 | 22 | 140 | 127 | 49 | 3 | - |

ഈ വസ്തുത കണക്കിലെടുത്ത് പഞ്ചായത്തിൽ സമഗ്രമായ ഒരു പാർപ്പിടപദ്ധതി ഉണ്ടാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു.

പഞ്ചായത്തിലാകെയുള്ള 4300 വീടുകളിൽ 4041 എണ്ണം സ്വന്തം വീട്ടിലും 204 പേർ വാടകവീട്ടിലുമാണ് താമസിക്കുന്നത്. ഒന്നിൽകൂടുതൽ വീടുകൾ സ്വന്തമായുള്ള 98 പേർ ഈ പഞ്ചായത്തിലുണ്ട് ആകെയുള്ള വീടുകളിൽ 3426 എണ്ണം ഒറ്റ നിലയിലും 831 എണ്ണം ഇരുനിലയിലുമാണ്. ഓടുമേഞ്ഞ 3466 വീടുകളും കോൺക്രീറ്റുകൊണ്ട് നിർമ്മിച്ച 486 വീടികളും ഓലമേഞ്ഞ 239 വീടുകളും പഞ്ചായത്തിലുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. (പട്ടിക നോക്കുക) . വെട്ടുകല്ലുകൊണ്ട് നിർമ്മിച്ച 2449 വീടുകളും മൺകട്ടകൊണ്ട് നിർമ്മിച്ച 1648 വീടുകളും ഉണ്ട്.

വീടുകളിൽ 50 ച.മീ യിൽ താഴെ തറ വിസ്തീർണ്ണമുള്ള 1868എണ്ണവും 50-80 ച.മീ യിൽ ഇടക്കുള്ള 1638 ഉം 100-150 ന് ഇടക്കുള്ള 320 ഉം 150-200 ച.മീ ഇടക്കുള്ള 209ഉം 200 ച.മീ മുകളിലുള്ള 5 വീടുകളും പഞ്ചായത്തിലുണ്ട്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേനയും ബ്ലോക്ക്, പഞ്ചായത്ത് എന്നിവ മുഖേനയും നിർമ്മിച്ചിട്ടുള്ള വീടുകൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ബ്ലോക്ക് മുഖേന വിവിധസ്കീമുകളിൽ നിർമ്മിച്ച വീടുകളുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് സർക്കാർ സംവിധാനം മുഖേനയുള്ള വീടുകളുടെ ലഭ്യത വളരെ കുറവാണെന്ന് പട്ടികയിലെ കണക്കുകൾ വ്യക്തമാക്കുന്നു. ആവശ്യത്തിന്റെ 2% മാത്രമാണ് പദ്ധതികൾ മുഖേന ലഭ്യമാകുന്നത്.

പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കാൻ സ്വന്തമായി സ്ഥലമില്ലാത്തിതിനാൽ ജെ. ആർ.വൈ, ഐ. എ. വൈ പദ്ധതികൾ അനുസരിച്ച് അനുവദിക്കപ്പെട്ട നാലുവീടുകൾക്ക് ഇതുവരെ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിലും കൈവഴഭൂമി സംബന്ധിച്ച രേഖ ഇല്ലാത്തതാണ് ഇതിന് കാരണം . ഇവർക്ക് പഞ്ചായത്ത്മുഖേന വീട് വെക്കുന്നതിനാവശ്യമായ സ്ഥലം അനുവദിച്ച് കൊടുക്കേണ്ടതാണ്.

ഭവനനിർമ്മാണത്തിന് വായ്പ നൽകുന്നതിന് പര്യാപ്തമായ ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും ഇല്ലാത്തതുകൊണ്ട് സാധാരണക്കാരായ ഭവനരഹിതർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇക്കൂട്ടർക്ക് വായ്പ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

| വർഷം | RLEGP | NREP | IAY | JRY | MWS | JRY |
|---|---|---|---|---|---|---|
| 1986-87 | 15 | - | - | - | - | - |
| 1987-88 | - | 5 | - | - | - | - |
| 1988-89 | 5 | 4 | - | - | - | - |
| 1989-90 | - | 3 | - | - | - | - |
| 1990-91 | - | - | 2 | - | 2 | - |
| 1991-92 | - | - | 1 | 1 | 1 | - |
| 1992-93 | - | - | - | 4 | - | 1 |
| 1993-94 | - | - | 1 | 3 | - | - |
| 1994-95 | - | - | 2 | 1 | 1 | - |
| 1995-96 | - | - | 14 | - | 4 | - |
| 1996-97 | - | - | 5 | 1 | - | - |

വീടുനിർമ്മാണത്തിന് സാധാരണക്കാർക്ക് ഇന്നുള്ള പ്രയാസങ്ങളുടെ ഒരു പ്രധാനകാരണം കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവാണ്. 1990 91 ൽ ഒരു അവിദഗ്ദ്ധ തൊഴിലാളികൾക്ക് കൊടുത്തിരുന്ന കൂലി 70 രൂപയായിരുന്നെങ്കിൽ ഇന്നത്130 രൂപയായി കുതിച്ചുയർന്നു. ഇതേ കാലയളവിൽ വിദഗ്ദ്ധ തൊഴിലാളിയുടെ കൂലി 100 രൂപയിൽ നിന്ന് 160 രൂപയായും വർദ്ധിച്ചു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് ഇരട്ടിയോ മൂന്നിരട്ടിയോ ആണ്. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ സാധാരണക്കാർക്ക് താൽപര്യമുണ്ടെങ്കിലും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമല്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ലഭ്യമാക്കാൻ പഞ്ചായ്ത്ത് മുൻകൈ എടുക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വട്ടപ്പറമ്പ, പാലുകുന്നത്ത്, വലിയപറമ്പ്, കരിപറമ്പ് എന്നിവിടങ്ങളിലായി 4 ലക്ഷംവീട് കോളനികളുണ്ട്. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവരാണ് ഈ കോളനികളിൽ താമസിക്കുന്നത്. മിക്ക കോളനി വീടുകളും കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലാത്തതിനാൽ ജീർണ്ണാവസ്ഥയിലാണ്. പഞ്ചായത്ത് ധനസഹായം നൽകി ഇതിന് പരിഹാരം കാണേണ്ടതാണ്.

പുറമ്പോക്കുകളിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങൾ ഇവിടെയുണ്ട്. അനാരോഗ്യകരമായ ചുറ്റുപാടിലാണ് ഇക്കൂട്ടർ താമസിച്ചുവരുന്നത്. ഇവർക്ക് പട്ടയം ലഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വീട്, കക്കൂസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനും പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

ഓലമേഞ്ഞ 250 ഓളം വീടുകൾ ഉള്ളതായി ജനകീയാസൂത്രണ സർവ്വെയിൽ കാണുന്നു. കൂടാതെ സാമ്പത്തിക പരാധീനത മൂലം വീടുവെയ്ക്കുന്നതിനാവശ്യമായ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന വളരെയധികം കുടുംബങ്ങളുമുണ്ട്. പഞ്ചായത്ത് മുൻകൈയെടുത്ത് ഈ ആവശ്യത്തിന് സ്ഥലമെടുപ്പ് നടത്തുകയും 4 സെന്റുകൾ വീതമെങ്കിലും ഭൂമി ഇക്കൂട്ടർക്കനുവദിച്ചു കൊടുക്കുകയും വീട് നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുകയും ചെയ്താൽ പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

ബിൽഡിംഗ് റഗുലേഷൻ ആക്ട് പഞ്ചായ്ത്തിൽ നടപ്പിലാക്കുമ്പോൾ 5 സെന്റിൽ താഴെ ഭൂമിയുള്ളവരുടെ കാര്യത്തിൽ ഇളവ് നൽകേണ്ടതാണ്.

മങ്കട ബ്ലോക്കിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പഞ്ചായത്ത് എന്ന ബഹുമതി ഇപ്പോൾത്തന്നെയുള്ള കോടൂരിന് ജില്ലാ ആസ്ഥാനത്തോട് തൊട്ടുകിടക്കുന്ന പ്രദേശമായതുകൊണ്ട് ഭാവിയിൽ ഗുരുതരമായ പാർപ്പിട പ്രതിസന്ധി ഉണ്ടാകാൻ സാധ്യതയുണ്ട്. അത് മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ ഒരു പാർപ്പിട പദ്ധതി പഞ്ചായത്ത് ആവിഷ്കരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ഓലമേഞ്ഞ വീടുകൾ പുതുക്കിപ്പണിത് ഓടുമേയുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.
2. ലക്ഷം വീട് കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുക.
3. പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയവും, വീട്, കക്കൂസ് എന്നിവക്ക് ധനസഹായം നൽകുക.
4. പട്ടികജാതിക്കാർക്ക് കൈവശഭൂമി ലഭ്യമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തി അവർക്കനുവദിക്കപ്പെട്ട ഫണ്ട് കാലഹരണപ്പെടാതെ സൂക്ഷിക്കുക.
5. ദുർബലവിഭാഗങ്ങൾക്ക് വീടുവെയ്ക്കുന്നതിന് പഞ്ചായത്ത് മുഖേന ഹൗസിംഗ് പ്ലോട്ടുകൾ നൽകുക.
6. സംസ്ഥാനഭവന നിർമ്മാണ ബാർഡ് വഴി കൂടുതലാളുകൾക്ക് വായ്പ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.
7. പാർപ്പിട പ്രതിസന്ധി പരിഹരിക്കാൻ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക.
8. ദുർബല വിഭാഗങ്ങളുടെ വീടുകൾ റിപ്പയർ നടത്തുന്നതിന് പഞ്ചായത്ത് ധനസഹായം നൽകേണ്ടതാണ്.






5-7

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് കേരളം മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു മാതൃകയാണ്. താഴ്ന്ന ആളോഹരി വരുമാനവും ഉയർന്ന ജീവിത നിലവാരവും പുലർത്തുന്ന കേരളമോഡൽ സാമ്പത്തിക വിദഗ്ധരുടെ മുന്നിൽ എന്നും ഒരു പ്രഹേളികയാണ്. സർക്കാർ നടപ്പാക്കി വരുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ കേരളീയരുടെ പ്രത്യേക ജീവിതശൈലിയെ കുറെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഈ ക്ഷേമപദ്ധതികൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ലഎന്ന് കണക്കുകൾ ബോധ്യപ്പെടുത്തുന്നു.. ഇതിന് പ്രധാനകാരണം പദ്ധതിയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മയാണ്.

ക്ഷേമപദ്ധതികൾ നടപ്പാക്കുമ്പോൾ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗതലത്തിൽ നിന്നുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ തുടങ്ങിയവയും എടുത്ത് പറയേണ്ട കാരണങ്ങളാണ്. വിവിധക്ഷേമനിധികൾ നിലവിലുണ്ടെങ്കിലും തൊഴിലാളികൾ മുഴുവനും ഇതിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതിക്കാരുടെയും സ്ത്രീകളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രയോജനം ഈ പഞ്ചായത്തിലുള്ളവർക്ക് ലഭ്യമാക്കാൻ ശ്രമിക്കുന്നതായി കാണുന്നില്ല. ഈ പ്രവണതക്ക് മാറ്റം വരുത്താൻ പഞ്ചായത്ത് മുൻകൈ എടുത്ത് വിവധക്ഷേമപദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

നിലവിലുള്ള ക്ഷേമപദ്ധതികളുടെ പ്രവർത്തനം താഴെ കൊടുക്കുന്നു.

**ഐ.ആർ.ഡി.പി.**

ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1324 കുടുംബങ്ങൾ ഉള്ളതായി നിലവിലുള്ള IRDP സർവ്വേപ്രകാരം കാണുന്നുണ്ട്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 62 എണ്ണമുണ്ട്. വിവിധ വർഷങ്ങളിലായി എട്ടാം പദ്ധതിയിൽ സഹായം ലഭിച്ചവരുടെ കണക്ക് താഴെ കൊടുക്കുന്നു.

ഐ.ആർ. ഡി.പി സഹായം ലഭ്യമായതിന്റെ പട്ടിക

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 29 | 80224 | 104435 |
| 93-94 | 31 | 77968 | 105557 |
| 94-95 | 26 | 134028 | 212448 |
| 95-96 | 27 | 105185 | 248054 |
| ആകെ | 113 | 397405 | 670494 |

## DWCRA

IRDPയുടെ അനുബന്ധ പദ്ധതിയായി സ്ത്രീകൾക്ക് കൂട്ടായ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന മൂന്ന് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു.

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 90-91 | 11 | 12288 | 14712 |
| 91-92 | 10 | 31500 | 58500 |
| 94-95 | 10 | 21750 | 21750 |
| 96-97 | 8 | 32000 | 3200 |

അഞ്ചാം വാർഡ് വലിയാട്ടിൽ പ്രവർത്തിക്കുന്ന കിടക്ക, തലയിണ യൂണിറ്റ് വിജയകരമായ രീതിയിൽ പ്രവർത്തിക്കുന്നത് പ്രശംസനീയമാണ്. ഈ യൂണിറ്റിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് വഴി ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടി എടുക്കേണ്ടതാണ്. ആറാം വാർഡ് ആൽപറ്റ കുളമ്പിൽ 10 സ്ത്രീകൾ ചേർന്ന് പശുവളർത്തൽ യൂണിറ്റും, രണ്ടാം വാർഡിൽ മുണ്ടക്കേട് കുറ്റിമുല്ല കൃഷി, ആടുവളർത്തൽ, അടയ്ക്ക സംസ്കരണം എന്നിവയുടെ യൂണിറ്റും ഉണ്ട്. കൂടാതെ ഈ വർഷം 10-ാം വാർഡ് കേന്ദ്രീകരിച്ച് ആട് വളർത്തൽ, പായ നെയ്ത്ത് എന്നിവയുടെ ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് നിരവധി ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് ഗുണഭോക്താക്കൾ വേണ്ടത്ര മുന്നോട്ട് വരുന്നില്ല. ഈ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റ് കണ്ടെത്തുന്നതിൽ സർക്കാർ സഹായിക്കണം. . വായ്പവിതരണം ചെയ്യുന്നതിന് പഞ്ചായത്തിൽ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ കോട്ടൂർ ശാഖമാത്രമേയുള്ളൂ. ഈ വായ്പകൾ നൽകുന്നതിൽ പ്രസ്തുത ബാങ്ക് താൽപര്യം കാണിക്കുന്നുണ്ടെങ്കിലും നടപടി ക്രമങ്ങൾ കൂടുതൽ ലഘൂകരിക്കേണ്ടതാണ്.

## TRYSEM:

ഗ്രാമീണ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലം നൽകുന്ന ഈ പദ്ധതിയുടെ കീഴിൽ വിവിധകാലയളവിലായി 16 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

**ട്രൈസം സഹായലഭ്യത**

| വർഷം | എണ്ണം | പരിശീലനത്തിന് ലഭിച്ച വിഷയം |
|---|---|---|
| 1992-93 | 2 | ടൈലറിംഗ & എംബ്രോയഡറി |
| 1993-94 | 2 | പ്ലാസ്റ്റിക് വർക്സ് |
| 1993-94 | 1 | റേഡിയോ,ടിവി മെക്കാനിസം |
| 1994-95 | 2 | ടൈലറിംഗ് & എംബ്രോയ്ഡറി |
| 1994-95 | 2 | വെൽഡിംഗ് |
| 1995-96 | 4 | ടൈലറിംഗ്-എംബ്രോയ്ഡറി |
| 1995-96 | 2 | വെൽഡിംഗ് |
| 1996-97 | 1 | എംബ്രോയ്ഡറി |

ധാരാളം ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ പരിശീലനം നേടുന്നതിന് ആഗ്രഹിക്കുന്നുണ്ടെങ്കിലും പരിമിതമായ കുറച്ചുപേർക്ക് മാത്രമേ പരിശീലനം ലഭിക്കുന്നുള്ളൂ.കൂടുതൽപേർക്ക് പരിശീലനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## TOOLKIT

| വർഷം | ലഭിച്ചവരുടെ എണ്ണം | തുക |
|---|---|---|
| 1993-93 | 6 | 12000 |
| 1994-95 | 14 | 28000 |
| 1995-96 | 5 | 10000 |

പരമ്പരാഗത ഗ്രാമീണകൈതൊഴിലുകാർക്ക് നവീനതൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന ഈ പദ്ധതിക്കു കീഴിൽ ഇതുവരെ 25 ആളുകൾക്ക് തൊഴിൽ ഉപകരണ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത കൈതൊഴിലുകാരിൽ സ്വർണ്ണപണിക്കാർ, ബാർബർ, കൊല്ലപ്പണിക്കാർ, ആശാരിമാർ എന്നിവരാണ് കൂടുതലും. അപൂർവ്വമായി പരമ്പരാഗതമായി ചെരുപ്പ് നിർമ്മാണം തൊഴിലാക്കിയവർ ഉണ്ട്.വളരെ കുറഞ്ഞ ശതമാനം ആളുകൾക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ. കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കേണ്ടതുണ്ട്.

## CRSP

കേന്ദ്രഗ്രാമശുചിത്വപരിപാടി എന്ന പേരിൽ അറിയപ്പെടുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ ഇതുവരെ 28 കക്കൂസുകൾ നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. ഇതിന് വേണ്ടി ഓരോ ഗുണഭോക്താവിനും രണ്ടായിരം രൂപ വീതം നൽകിയിട്ടുണ്ട്.

| വർഷം | ലഭിച്ചവരുടെ എണ്ണം | സംഖ്യ |
|---|---|---|
| 92-93 | 9 | 18000 |
| 93-94 | 10 | 20000 |
| 94-95 | 2 | 4000 |
| 95-96 | 8 | 16000 |
| ആകെ | 29 | 48,000 |

പഞ്ചായത്ത് ഈയിടെ നടത്തിയ സർവ്വേപ്രകാരം 791 കുടുംബങ്ങൾക്ക് കക്കൂസില്ല. CSRP പദ്ധതിപ്രകാരം വളരെ കുറച്ച് പേർക്ക് മാത്രമേ സഹായം നൽകാൻ കഴിയുകയുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് പഞ്ചായത്ത് അടിയന്തിരമായി കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് അവ നിർമ്മിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

## പെൻഷനുകളെ സംബന്ധിച്ച്

ഈ പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ 104 ആളുകൾക്ക് ലഭിക്കുന്നുണ്ട്. അർഹരായ ധാരാളം ആളുകൾക്ക് ഇനിയും കിട്ടേണ്ടതുണ്ട്. പുതിയ പഞ്ചായത്തിരാജ് നിയമപ്രകാരം വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ളത് ആശ്വാസകരമാണ്. സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികലാംഗ പെൻഷൻ, വില്ലേജ്ജോഫീസ് മുഖേന റവന്യൂവകുപ്പ് നൽകുന്ന മറ്റു പെൻഷൻ പദ്ധതികൾ, എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നൽകുന്ന തൊഴിലില്ലായ്മ വേതനം തുടങ്ങിയവ ഗ്രാമപഞ്ചായത്ത് വഴി ലഭ്യമാക്കേണ്ടതാണ്.

## അംഗൻവാടികൾ

കോടൂർ പഞ്ചായത്തിൽ നിലവിൽ 22 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ താണിക്കൽ, ആൽപ്പറ്റകുളമ്പ്, മുണ്ടക്കോട് എന്നിവക്ക് സ്വന്തം കെട്ടിടങ്ങളുണ്ട്. ബാക്കിയുള്ളവക്ക് കെട്ടിടം നിർമ്മിച്ച് കൊടുക്കണം. കെട്ടിട നിർമ്മാണത്തിന് ഗവൺമെന്റ് നൽകുന്ന തുക അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അംഗനവാടി കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ നൽകുകയും അംഗൻവാടിയോടനുബന്ധിച്ച് കക്കൂസ് നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

| വാർഡ് | എണ്ണം | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 3 | 67 | - | - | - | - | - | - | |
| 2 | 2 | 48 | 1 | - | 1 | - | - | - | |
| 3 | 2 | 46 | - | 2 | - | - | - | - | |
| 4 | 2 | 47 | 1 | - | 1 | - | - | - | |
| 5 | 2 | 48 | - | - | - | - | - | - | |
| 6 | 2 | 46 | 1 | - | - | - | - | - | |
| 7 | 2 | 45 | - | - | - | - | - | - | |
| 8 | 2 | 46 | - | 2 | - | - | - | - | |
| 9 | 2 | 47 | - | 2 | - | - | - | - | |
| 10 | 2 | 48 | - | 2 | 1 | 1 | - | - | |
| 11 | 1 | 27 | - | 1 | - | 1 | - | - | |

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ അദ്ധ്വാനശേഷിയുള്ളവരിൽ നല്ലൊരുശതമാനവും ഗൾഫ്മേഖലയിലാണ്. ജോലിചെയ്യുന്നത്. ദിനം പ്രതി തൊഴിൽ നഷ്ടപ്പെട്ട ധാരാളം പേർ തിരികെ വന്ന്കൊണ്ടിരിക്കുന്നു. ഇവരുടെ പുനരധിവാസത്തിന് സഹായകമാവും വിധം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പകളും മറ്റും നൽകേണ്ടതാണ്.

## പൊതുവിതരണം.

പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ പരാതിയുള്ള മേഖലയാണിത്. ന്യായവിലക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരുന്ന പഴയ റേഷൻഷാപ്പുകൾക്ക് പകരം പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. പഞ്ചായത്തിനകത്തുതന്നെ കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങേണ്ടതുണ്ട്.

95-96ൽ ഈ പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടേയും മണ്ണെണ്ണയുടേയും വിതരണകണക്ക് പട്ടികയിൽ കൊടുക്കുന്നു

| ARD No സ്ഥലം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | മണ്ണെണ്ണ | | കാർഡ് വഴി വിതരണം ചെയ്ത ലി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | | | | | | | | | PT എണ്ണം | PT വിതരണം ചെയ്ത് അളവ് | |
| 193 ഉമ്മത്തൂർ | 145 | 342 | 491 | 3397 | 3100 | 576 | 45 | 54 | 262 | ഇല്ല | 4037 | 47 | 6264 | 17148 |
| 111 കുട്ടശശേരി | 212 | 193 | 405 | 2986 | 2800 | 725 | 10 | 40 | 144 | ഇല്ല | 3719 | 16 | 2364 | 17320 |
| 50 താണിക്കൽ | 202 | 208 | 410 | 2607 | 2500 | 450 | 12 | 45 | 105 | ഇല്ല | 3112 | 32 | 3940 | 17112 |
| 78 വലിയാട് | 307 | 537 | 843 | 6150 | 5300 | 800 | 170 | 160 | 300 | ഇല്ല | 6730 | 27 | 3708 | 31284 |
| 52 ചെമ്മൻകടവ് | 444 | 211 | 655 | 4268 | 3766 | 700 | 10 | 65 | 204 | ഇല്ല | 4745 | 58 | 7284 | 31704 |
| 92 വടക്കേമണ്ണ | 61 | 213 | 274 | 1816 | 1700 | 350 | 15 | 35 | 90 | ഇല്ല | 2190 | 58 | 8088 | 8800 |
| 51 കോഡൂർവെസ്റ്റ് | 128 | 295 | 423 | 2876 | 2525 | 842 | 12 | 24 | 139 | ഇല്ല | 3542 | 41 | 5520 | 14760 |
| 172 വാരിക്കോട് | 157 | 140 | 297 | 2015 | 1137.30 | 419..54 | 6.30 | 22.05 | 104.65 | ഇല്ല | 1689.81 | C/20Ac13 | 2425 | 12168 |
| 107 മങ്ങാട്ടുപുലം | 119 | 158 | 277 | 1769 | 1492 | 498 | 12 | 45 | 93 | ഇല്ല | 2140 | 20 | 2868 | 10932 |
| ആകെ | 1775 | 2297 | 4075 | 27884 | 24320.3 | 5360.54 | 292.3 | 490..02 | 1441.65 | ഇല്ല | 31904.81 | 312 | 42461 | 161228 |

പഞ്ചായത്തിലെ വികലാംഗരുടെ കണക്കുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| | വികലാംഗരുടെ എണ്ണം | | |
|---|---|---|---|
| വാർഡ് | ആൺ | പെൺ | ആകെ |
| 1 | 20 | 5 | 25 |
| 2 | 20 | 10 | 30 |
| 3 | 12 | 10 | 22 |
| 4 | 10 | 7 | 17 |
| 5 | 28 | 9 | 37 |
| 6 | 10 | 23 | 33 |
| 7 | 16 | 15 | 41 |
| 8 | 14 | 10 | 24 |
| 9 | 8 | 7 | 15 |
| 10 | 18 | 11 | 29 |
| 11 | 3 | 4 | 7 |

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ പൊതുവിതരണ കേന്ദ്രം തുടങ്ങുക.
2. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക.
3. ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും ലഭ്യത ആവശ്യാനുസരണവും കാര്യക്ഷമവുമാക്കുക.
4. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിനും സംശയനിവാരണം നടത്തുന്നതിനുമായി വകുപ്പുദ്യോഗസ്ഥന്മാർ 6 മാസത്തിലൊരിക്കൽ പഞ്ചായത്തു തലത്തിൽ ക്യാമ്പ് ചെയ്യേണ്ടതാണ്.
5. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുക.
6. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കുക.
7. വികലാംഗർക്ക് അർഹമായ പെൻഷനുകളും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടികളെടുക്കുക.
8. കക്കൂസില്ലാത്ത 791 കുടുംബങ്ങൾ പഞ്ചായത്തിലുള്ളതായി ഈയിടെ നട്ത്തിയ സർവ്വെയിലെ കണക്കുകൾ ബോധ്യപ്പെടുത്തുന്നു. ഇവർക്ക് കക്കൂസുണ്ടാക്കാൻ ധനസഹായം അനുവദിക്കണം. വികസിത യൂറോപ്യൻ രാജ്യങ്ങളോട് കിടപിടിക്കുന്ന ആരോഗ്യസാമൂഹ്യക്ഷേമ മേഖലകളിലെ കേരളത്തിന്റെ ഇപ്പോഴത്തെ മേൽകോയ്മ നിലനിർത്താ ബൃഹത്തായ പൊതുവിതരണ സമ്പ്രദായവും വിവ ധക്ഷേമപദ്ധതികളും നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. ജനക്ഷേമകരമായ ഇത്തരം പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും മുഴുവൻ ജന ങ്ങളിലും എത്തിക്കുന്നതിനും പഞ്ചായത്തിന്റെ നിര ന്തരശ്രദ്ധ അനിവാര്യമാണ്.






5-8

# സംസ്കാരം

ജില്ലാ ആസ്ഥാനമായ മലപ്പുറം പട്ടണത്തോട് തൊട്ടുരുമ്മി കിടക്കുന്ന കോഡൂർ പഞ്ചായത്ത് കടലുണ്ടിപുഴയാൽ അനുഗ്രഹീതമാണ്. ഏകദേശം പതിനാല് കിലോമീറ്ററോളം പഞ്ചായത്ത് അതിർത്തിയിലൂടെ കടലുണ്ടി പുഴ ഒഴുകുന്നു. ഗ്രാമത്തിന്റെ സാംസ്കാരിക നവോത്ഥാനരംഗങ്ങളിൽ ഈ ജല സ്രോതസ്സ് സ്വാധീനം ചെലുത്തിയിട്ടുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്ഥാപനങ്ങൾ ഈ നദിക്കരയിലാണ് സ്ഥാപിതമായിട്ടുള്ളത്.

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത് ജയിൽ ശിക്ഷ അനുഭവിച്ച ധാരാളം സമരഭടൻമാർ ഈ പഞ്ചായത്തിന്റെ സംഭാവനയായിട്ടുണ്ട്. കൂട്ടപ്പിലാൻ, ചേക്കു, പുവ്വല്ലൂർ കുഞ്ഞിമൊയ്തീൻ എന്നിവർ ഇവരിൽപ്പെടുന്നു. അതുപോലെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ സതീർത്ഥ്യനും അൽഅമീൻ പത്രത്തോട് ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന മാന്യദേഹവുമാണ് പി.സി.എച്ച്. ആലിഹാജി.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രൂപം കൊണ്ട് ഖിലാഫത്ത് പ്രസ്ഥാനം മലബാർ പ്രദേശത്ത് കലാപമായി രൂപാന്തരം പ്രാപിച്ചപ്പോൾ ഈ പഞ്ചായത്തിൽ കാര്യമായി ലഹളകളോ നാശനഷ്ടങ്ങളോ ഉണ്ടായതായി പഴമക്കാർ ഓർക്കുന്നില്ല.

നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൂരിപക്ഷം വരുന്ന മുസ്ലീം ജനത വിദ്യഭ്യാസത്തിന് മുഖ്യമായും ഓത്തുപള്ളികളുടേയും പള്ളി ദർസുകളേയുമായിരുന്നു ആശ്രയിച്ച്പോന്നിരുന്നത്.

ഔപചാരിക വിദ്യഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടിലാരംഭിച്ചതെന്ന് പറയപ്പെടുന്ന ചെമ്മങ്കടവ് ചെല്ലൂർ എൽ.പി.സ്കൂളാണ് പഞ്ചായത്തിലെ പ്രഥമ വിദ്യഭ്യാസ സ്ഥാപനം. തുടർന്ന് വെസ്റ്റ് കോഡൂർ, വടക്കേമണ്ണ, ഉമ്മത്തൂർ എന്നിവിടങ്ങളിൽ സ്ഥാപിതമായ സ്കൂളുകളും ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ചവെച്ചത്. ഹൈസ്കൂൾ വിദ്യഭ്യാസത്തിന് ഈ ഗ്രാമത്തിലെ ജനങ്ങൾ തൊട്ടടുത്ത മലപ്പുറം മാപ്പിള ഹൈസ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് പുറമെ ഇന്ന് പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ ഉൾപ്പെടെ ഇരുപതോളം വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗവർമെന്റിന്റെ ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രവും പഞ്ചായത്തിലെ വടക്കേമണ്ണയിൽ പ്രവർത്തിക്കുന്നു.

മത വിദ്യഭ്യാസ രംഗത്ത് ധാരാളം മദ്രസകളും പള്ളി ദർസുകളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വായനാശാലകളും ഗ്രന്ഥാലയങ്ങളും വിജ്ഞാനം പകർന്നു കൊടുക്കുന്നതിൽ സ്തുത്യർഹമായ സേവനം കാഴ്ചവെക്കുന്നുണ്ട്. ഇതിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ആരംഭിച്ച ഇരുപതോളം വർഷങ്ങൾ പഴക്കമുള്ള കോകായം ഇസ്ലാമിക് ലൈബ്രറി, അറബി, അറബിമലയാള ഭാഷയിലുള്ള അത്യപൂർവ്വമായ 500 ൽ പരം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിലെ തന്നെ വിരലിലെണ്ണാവുന്നവയിൽപ്പെടുന്ന ഒരു റഫറൽ ഗ്രന്ഥാലയമാണ്. ഈ ഗ്രന്ഥാലയത്തിനോടനുബന്ധിച്ച് നല്ല ഒരു വായനാശാലയും ഉണ്ടായിരുന്നു. ചെമ്മങ്കടവിലെ റൂറൽ ലൈബ്രറി അര നൂറ്റാണ്ടുകൾക്ക് മുമ്പ് പാലക്കാട് ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് കീഴിൽ സ്ഥാപിതമായി. ഇന്നും ഈ സ്ഥാപനം ചെമ്മങ്കടവ് സാംസ്കാരിക വായനശാല എന്ന പേരിൽ കേരള ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ച് വരുന്നു. അതുപോലെ 1967 ആഗസ്ത് 15ന് സ്താപിതമായ വലിയാട് പീപ്പിൾസ് ലൈബ്രറി, 1969 ൽ സ്ഥാപിതമായ വെസ്റ്റ് കോഡൂർ നാസർമെമ്മോറിയൽ ഗ്രന്ഥാലയം എന്നിവയാണ് പഞ്ചായത്തിലെ കാൽനൂറ്റാണ്ട് പിന്നിട്ട മറ്റു ഗ്രന്ഥാലയങ്ങൾ. കൂടാതെ അരഡസനോളം തുല്യ പ്രാധാന്യമുള്ള സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു.

പഞ്ചായത്തിന്റെ കലാസാംസ്കാരിക നവോത്ഥാനത്തിന് ഉതകുന്ന ധാരാളം സ്ഥാപനങ്ങളും പ്രവർത്തിച്ചവരുന്നുണ്ട്. ഇവയിൽ എടുത്തുപറയാവുന്ന ഇരുപതോളം സ്ഥാപനങ്ങൾ വനിതകളുടേതുൾപ്പെടെ ഇന്ന് സജീവമായി പ്രവർത്തിക്കുന്നു. ഇവയുടെ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

മൺമറഞ്ഞുപോയ സാംസ്കാരിക നായകൻമാർക്ക് ജീവൻ നൽകിയ മണ്ണാണ് കോഡൂർ ഗ്രാമത്തിന്റേത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന കുഞ്ഞിപ്പോക്കു മുസ്ല്യാർ, ('ചാവടിയന്തിരം' എന്നത് ഇദ്ദേഹത്തിന്റെ രചനയാണ് പറയപ്പെടുന്നു). പ്രഗത്ഭപണ്ഡിതനും ഗ്രന്ഥകർത്താവും വൈദ്യശാസ്ത്ര നിപുണനുമായിരുന്ന സദഖത്തുള്ള മൗലവി, കാലിഗ്രാഫി വിദഗ്ദനായിരുന്ന പി.സി.എച്ച്. തമീം മൗലവി തുടങ്ങിയ എത്രയോ പ്രതിഭകളെ ഈ ഗണത്തിൽ കണ്ടെത്താനാകും.

പഞ്ചായത്തിൽ ഉത്സവങ്ങളിൽ എടുത്ത് പറയാവുന്ന നേർച്ചകളും പൂരങ്ങളുമൊന്നുമില്ലെങ്കിലും പ്രസിദ്ധമായ മലപ്പുറം നേർച്ചയോട് ബന്ധപ്പെട്ടുള്ള 'പെട്ടിവരവ്'കളിൽ പ്രഥമ സ്ഥാനം വഹിച്ചിരുന്നത് കോഡൂർ നാട്ടുകല്ലിങ്ങൽ പണ്ടാറഅറക്കൽ തറവാട്ടിൽനിന്നുള്ളതായിരുന്നു. ഈ നില മലപ്പുറം നേർച്ച നിർത്തലാക്കുന്നത് വരെ തുടർന്നു പോന്നു.

ഈ ഗ്രാമത്തിന്റെ ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലിമിങ്ങളാണ്. തൊട്ടടുത്ത സ്ഥാനത്ത് ഹിന്ദുക്കളാണ്. അതിൽ ഭൂരിഭാഗവും തിയ്യ, പട്ടികജാതിവിഭാഗത്തിൽപ്പെടുന്നവരാണ്. കൃസ്ത്യൻ വിഭാഗക്കാർ നാമമാത്രമായി പഞ്ചായത്തിലുണ്ടെന്ന് മാത്രം. പ്രധാനപ്പെട്ട് ആരാധനാലയങ്ങളുടെ പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

സ്വാതന്ത്ര്യത്തിന് മുമ്പ് ഈ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയകക്ഷി ഇന്ത്യൻ യൂനിയൻ മുസ്ലീം ലീഗായിരുന്നു. കോൺഗ്രസ്സ്, സി.പി.എം, സി.പി.ഐ, നാഷ്ണൽലീഗ്, ജനതാദൾ തുടങ്ങി മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ടവർ രാഷ്ട്രീയരംഗത്ത് സജീവമായി ഇപ്പോൾ പ്രവർത്തിക്കുന്നു. ഇവയുടെ യുവജനവിഭാഗവും പ്രവർത്തിക്കുന്നു.

മതസാംസ്കാരിക രംഗങ്ങളിൽ ജമാഅത്ത് ഇസ്ലാമി, സുന്നി ഗ്രൂപ്പുകൾ, ഇസ്ലാഹികൾ തുടങ്ങിയ സംഘടനകൾ പ്രവർത്തിച്ചുവരുന്നു.

വ്യത്യസ്ഥ വീക്ഷണങ്ങൾ വെച്ച് പുലർത്തുന്ന മതരാഷ്ട്രീയ സംഘടനകൾ ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും മതപരമായോ രാഷ്ട്രീയപരമായോ ആയ സംഘട്ടനങ്ങളിൽ നിന്നൊക്കെ ഈ ഗ്രാമം ഇതുവരെ മോചിതമായിരുന്നുഎന്ന കാര്യത്തിൽ അഭിമാനിക്കാം.

കലാകായികരംഗങ്ങളിൽ പഞ്ചായത്തിൽ എടുത്ത് പറയാവുന്ന നേട്ടങ്ങളും വ്ക്തിത്വങ്ങളും തുലോം വിരളമാണ്. ഇതിന് കാരണമായി പറയാവുന്നത് അഭിരുചിയുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം കൊടുക്കാനുള്ള സംവിധാനമില്ലായ്മയും, കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ലെന്നതുമാണ്. ഇന്നീരംഗത്ത് പഞ്ചായത്തിലുടനീളം യുവജനക്ലബുകൾ സജീവമാണ്. പ്രോത്സാഹജനകവുമായി നെഹ്റുയുവജനകേന്ദ്ര

വുമുണ്ട്. മഹിളാജാഗരണപ്രവർത്തനങ്ങളുമായി നിരവധി മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. പട്ടിക അന്യത്രചേർത്തിട്ടുണ്ട്.

കായികാഭ്യാസരംഗങ്ങളിൽ നൂറ്റാണ്ടിന്റെ തുടക്കത്തിൽ സജീവമായിരുന്ന കളരിപ്പയറ്റ് സംഘങ്ങൾ ഇന്ന് നാമാവശേഷമായി എന്നുതന്നെ പറയാം. മറ്റ് പ്രധാന കലാരൂപങ്ങളായ കോൽക്കളി, ചവിട്ടുകളി,കൈകൊട്ടിപ്പാട്ട് തുടങ്ങിയ കലകളിൽ കോൽക്കളി ഒഴികെ മറ്റുള്ളവ കാലയവനികക്കുള്ളിൽ മറഞ്ഞിരിക്കുന്നു. കർഷകരുടെ പ്രധാന കായികവിനോദമായിരുന്നു കാളപൂട്ട് മത്സരങ്ങൾ ഇന്ന് രംഗത്ത്നിന്നും പരിപൂർണ്ണമായും തുടച്ച് നീക്കപ്പെട്ടുഎന്ന്പറയാം. ട്രാക്ടറുകളുടെ രംഗപ്രവേശവും, കാർഷികവൃത്തിയിൽനിന്നും ജനങ്ങൾ വിട്ടുനിൽക്കുന്നതുമാണിതിന് കാരണം.

കലാകായികരംഗങ്ങളിൽ നല്ല പാരമ്പര്യമുള്ള കോഡൂർ പഞ്ചായത്തിൽ ഒട്ടേറെ നേട്ടങ്ങൾ സ്വായത്തമാക്കാൻ താഴെപറയുന്ന സാധ്യതകളാണുള്ളത്.

- *പഞ്ചായത്ത് കേന്ദ്രീകരിച്ച് കാലാകായിക സമിതികളുണ്ടാക്കി ജനകീയപങ്കാളിത്തത്തോടെ കാലാകായികമേളകൾ സംഘടിപ്പിക്കുക.*
- *പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.*
- *അവധികാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.*
- *പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു സ്റ്റേഡിയമെങ്കിലും സ്ഥാപിക്കുക.*
- *ഈ രംഗത്ത് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.*

## പ്രശ്നങ്ങൾ:

ചില വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ നിലവിലില്ല. ഉള്ളവയ്ക്ക് തന്നെ സ്വന്തം കെട്ടിടമോ മറ്റുസൗകര്യങ്ങളോ ഇല്ല.

- *ജനവിദ്യാകേന്ദ്രങ്ങൾ സജീവമല്ല.*
- *പ്രാചീനകലാകായിക വിനോദങ്ങൾ അന്യം നിന്ന് പോകുന്നു.*
- *കലാകായിക, സാഹിത്യാഭിരുചിയുള്ള വരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനമില്ല.*
- *വിദ്യാലയങ്ങളിൽ പാഠ്യേതര വായനയ്ക്ക് പ്രോത്സാഹനം നൽകുന്നില്ല.*
- *ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം*

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. എല്ലാവാർഡുകളിലും ഗ്രന്ഥാലങ്ങളുംവായനശാലകളും സ്ഥാപിക്കുക.
2 പഞ്ചായത്ത് തലത്തിൽ സാംസ്കാരിക സമിതി രൂപീകരിക്കുക.
3. പഞ്ചായത്തിന് പൊതുവായി സ്റ്റേഡിയം നിർമ്മിക്കുക.
4. നാലാം വാർഡിലെ പച്ചിരിക്കുളം ഉപയോഗപ്പെടുത്തി ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക.
5. പഞ്ചായത്ത് തലത്തിൽ കലാകായികസാഹിത്യമത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തുക.
6. ക്ലബുകൾക്കും വായനശാലകൾക്കും ആവശ്യമായ ധനസഹായം അനുവദിക്കുക.
7. പഞ്ചായത്തിൽ കമ്യൂണിറ്റിഹാൾ സ്ഥാപിക്കുക.
8. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക.
9. അവധിക്കാലങ്ങളിൽ കലാസാഹിത്യാഭിരുചിയുള്ളവരുടെ ഒത്തു ചേരലിന് അവസരം സൃഷ്ടിച്ച് പരിശീലനക്കളരികൾ ഏർപ്പെടുത്തുക.
10. പഞ്ചായത്തിൽ മദ്യവിൽപ്പന പൂർണ്ണമായി നിരോധിക്കുക.
11. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു പാർക്ക് നിർമ്മിക്കുക.
12. അശ്ലീല സിനിമകളും പോസ്റ്ററുകളും നിരോധിക്കുക.
13. എല്ലാ വായനശാലകളിലും ടി.വി., റേഡിയോ എന്നിവ സ്ഥാപിക്കുക.
14. വനിതകൾക്കായി വായനശാലകളിലും ഗ്രന്ഥാലയങ്ങളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുക.

അടുത്ത അഞ്ചു വർഷത്തിൽ ജീവിതത്തിന്റെ സർവ്വതോൻമുഖ മേഖലകളിലും ഗുണപരമായ മാറ്റത്തിനും സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേൽപ്പിനും അതിലൂടെ സാംസ്കാരികാപചയത്തെ ഒരളവോളം തടുത്ത് നിർത്തി നമുക്ക് മുന്നേറാം............

## കലാസാംസ്കാരിക സ്ഥാപനങ്ങൾ

| നമ്പർ | പേര്-മേൽവിലാസം | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടവിവരം | ധനസഹായ വിവരം | അഫിലിയേഷൻ | പ്രവർത്തനമേഖല |
|---|---|---|---|---|---|---|---|
| 1 | ഗയിംസ് വാലി-പെരിങ്ങോട്ടുപുലം | 1995 | 55 | വാടക | - | NYK | കലാകായികര ഗം |
| 2 | മാതൃകാസാംസ്കാരിക സമിതി. ചോലക്കൽ | 1996 | 60 | വാടക | - | NYK | സാംസ്കാരികം |
| 3 | സാൻഡോസ് -ചോലക്കൽ | 1990 | 42 | വാടക | - | NYK | കലാകായികം |
| 4 | നെഹ്റുക്ലബ്ബ്-കുട്ടശ്ശേരികുളമ്പ് | 1990 | 26 | വാടക | - | NYK | കലാകായികം |
| 5 | ഇവാസ് അസോസിയേഷൻ വലിയാട് | 1993 | 42 | വാടക | - | NYK& ചെസ് അസോസിയേഷൻ | കലാകായികം |
| 6 | അനശ്വര കലാസമിതി-നായർതൊടിക | 1990 | 40 | വാടക | - | NYK | കലാകായികം |
| 7 | മൂൺലൈറ്റ് ആർട്സ് & സ്പോർട്സ്ക്ളബ്ബ് | 1980 | 60 | വാടക | ഉണ്ട് | NYK | കലാകായികം |
| 8 | നവയുഗആർട്സ്&സ്പോർട്സ്ക്ളബ്ബ്,വലിയാട് | — | 25 | വാടക | ഇല്ല | NYK | കലാകായികം |
| 9 | പുലരിആർട്സ് & സ്പോർട്സ്ക്ളബ്ബ് വെസ്റ്റ്കോവൂർ | 1988 | 28 | വാടക | ഇല്ല | NYK | കലാകായികം |
| 10 | നളന്ദആർട്സ് & സ്പോർട്സ്ക്ളബ്ബ് താണിക്കൽ | 1988 | 40 | വാടക | ഉണ്ട് | NYK | കലാകായികം |
| 11 | കോസ്മോആർട്സ്&സ്പോർട്സ്ക്ളബ്ബ് ആൽപ്പറ്റക്കുളമ്പ് | 1987 | 25 | വാടക | ഉണ്ട് | NYK | കലാകായികം |
| 12 | യംഗ് മെൻസ് സ്പോർട്സ് & കൾച്ചറൽ സെന്റർ വെസ്റ്റ് കോഡൂർ | 1987 | 25 | വാടക | ഉണ്ട് | NYK | കലാകായികം |
| 13 | നാസർമെമ്മോറിയൽ സ്പോർട്സ് & ആർട്സ് ക്ലബ്ബ് ഉർദുനഗർ | 1980 | 40 | വാടക | ഇല്ല | NYK | കലാകായികരംഗം |
| 14 | മൗലാനാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പാട്ടുപാറക്കുളമ്പ് | 1981 | 26 | വാടക | ഇല്ല | NYK | കലാകായികരംഗം |
| 15 | മുണ്ടക്കോട് മഹിളാസമാജം മുണ്ടക്കോട് | 1975 | 35 | സ്വന്തം | ഇല്ല | NYK | വനിതാശിശുക്ഷേമം |
| 16 | മഹിളാസമാജം താണിക്കൽ | 1975 | 32 | സ്വന്തം | ഇല്ല | NYK | വനിതാശിശുക്ഷേമം |
| 17 | മഹിളാസമാജം വലിയാട് | 1995 | 50 | വാടക | ഉണ്ട് | NYK | വനിതാശിശുക്ഷേമം |
| 18 | മഹിളാസമാജം ആൽപ്പറ്റക്കുളമ്പ് | 1975 | 42 | സ്വന്തം | ഉണ്ട് | NYK | വനിതാശിശുക്ഷേമം |
| 19 | മഹിളാസമാജം കരീപ്പറമ്പ് | 1996 | 39 | വാടക | ഉണ്ട് | NYK | വനിതാശിശുക്ഷേമം |
| 20 | മഹിളാസമാജം വടക്കേമണ്ണ | 1975 | 45 | വാടക | ഉണ്ട് | NYK | വനിതാശിശുക്ഷേമം |

| | പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ | | |
|---|---|---|---|
| നമ്പർ | പേര് | കാലപഴക്കം | സ്ഥിതിചെയ്യുന്ന വാർഡ് |
| 1 | കോങ്കയം ജുമാമസ്ജിദ്, കോങ്കയം | 200 വർഷത്തിനുമേൽ | 2-ാം വാർഡ് |
| 2 | മങ്ങാട്ടുപുലം ജുമാമസ്ജിദ്, മാങ്ങാട്ടുപുലം | 150 വർഷത്തിനുമേൽ | 10-ാം വാർഡ് |
| 3 | വടക്കേമണ്ണ ജുമാമസ്ജിദ്, വടക്കേമണ്ണ | 100 വർഷത്തിനുമേൽ | 11-ാം വാർഡ് |
| 4 | അൽപറ്റ കുളമ്പ് ജുമാമസ്ജിദ് | 100 വർഷത്തിനുമേൽ | 6-ാം വാർഡ് |
| 5 | വാരിക്കോട് ജുമാമസ്ജിദ്, വാരക്കോട് | 75 വർഷത്തിനുമേൽ | 8-ാം വാർഡ് |
| 6 | ഉമ്മത്തൂർ ജുമാമസ്ജിദ് | 75 വർഷത്തിനുമേൽ | 1-ാം വാർഡ് |
| 7 | പെരിങ്ങോട്ടുപുലം ജുമാമസ്ജിദ് | 75 വർഷത്തിനുമേൽ | 1-ാം വാർഡ് |
| 8 | കരിപറമ്പ് ജുമാമസ്ജിദ് | 1938 | 9-ാം വാർഡ് |
| 9 | വലിയാട് ജുമാമസ്ജിദ് | - | 5-ാം വാർഡ് |
| 10 | പൂതറക്കോവിൽക്ഷേത്രം വലിയാട് | - | 5-ാം വാർഡ് |
| 11 | ഗ്രേറ്റ് ലൂതറൽ ചർച്ച്, ചെല്ലൂർ | 1980 കളിൽ | 4-ാം വാർഡ് |

## ഗ്രന്ഥാലയങ്ങൾ

| No | പേര്- മേൽവിലാസം | സ്ഥാപിച്ച വർഷം | കെട്ടിട വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങൾ | പ്രതിമാസ പുസ്ക വിതരണം | കീഴിൽ പ്രവർത്തിക്കുന്നവ | സർക്കാർ സഹായം | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| 1 | സാംസ്ക്കാരിക വായനശാല ചെമ്മങ്കടവ് | 1950 | വാടക | 200 | 1016 | 200 | ഗ്രന്ഥാലയം | ഉണ്ട് | |
| 2 | വലിയാട് പീഷിൽ ലൈബ്രറി | 1967 | വാടക | 250 | | 210 | ഗ്രന്ഥാലയം | ഉണ്ട് | |
| 3 | നാസർ മെമ്മോറിയൽ റീഡിംഗ് റൂം വെസ്റ്റ്കോഡൂർ | 1969 | വാടക | 215 | 3200 | 215 | ഗ്രന്ഥാലയം | ഉണ്ട് | |
| 4 | ദോസ്താന വായനശാല പെരുങ്ങോട്ടുപുലം | - | വാടക | - | - | - | - | - | |
| 5 | ഒ.എസ്.എഫ്.. വായനശാല പെരിങ്ങോട്ടുപുലം | - | | - | - | - | - | - | |
| 6 | പഞ്ചയത്ത് സാംസ്ക്കാരിക നിലയം താണിക്കൽ | 1994 | വാടക | 135 | 1166 | 200 | വായനശാല ഗ്രന്ഥാലയം | ഉണ്ട് | |
| 7 | നൂറുൽഹുദാ ഇസ്ലാമിക് ലൈബ്രറി വടക്കേമണ്ണ | 1989 | | 200 | 500 | 150 | വായനശാല | ഇല്ല | |
| 8 | കോങ്കയം ജുമാമസ്ജിദ് ഇസ്ലാമിക് ലൈബ്രറി | 1800 | സ്വന്തം | - | 500 | ഫെറൽ | - | - | |
| 9 | കോഡൂർ ഉർദ്ദു ഡവലപ്മെന്റ് അസോസിയേഷൻ ഗ്രന്ഥാലയം | 1970 | വാടക | 46 | 416 | ഫെറൽ | - | ഇല്ല | |
| 10 | അഹമ്മദ് കുരിക്കൾ മെമ്മോറിയൽ വായനശാല | 1969 | വാടക | 100 | 200 | - | - | ഇല്ല | ഉർദ്ദുഭാഷാ പ്രചരണം |




5-9

# വനിത

സ്ത്രീസമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി വനിതകൾ രംഗത്തിറങ്ങി മുറവിളിയുയർത്തുന്ന ഈ കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം വനിതകൾ ഈ വിഷയങ്ങളെ പ്പറ്റി യാതൊരു അറിവുമില്ലാത്തവരാണ്. പഴയകാലങ്ങളിലെ സ്ത്രീകളുടെ അവസ്ഥയും സമൂഹത്തിൽ സ്ത്രീപങ്കാളിത്തത്തിന്റെ കുറവും മൂലം സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ഒരു വർഗ്ഗമായിട്ടാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി കോഡൂർ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ പല മേഖലകളിലായി സ്ത്രീകൾ മുന്നോട്ടു വരുന്ന പ്രവണത കണ്ടുതുടങ്ങിയിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തം വികസനത്തിന് തന്നെ മുതൽക്കൂട്ടായിരിക്കുമെന്ന് പ്രത്യാശിക്കാം. പഴയകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി സാമൂഹ്യ പ്രവർത്തനങ്ങളിലും സ്വയം തൊഴിലിലും മറ്റു ജോലികളിലും സ്ത്രീപങ്കാളിത്തം വർദ്ധിച്ചു വരുന്നതായി കണക്കുകൾ കാണിക്കുന്നു. കൂടാതെ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള പ്രവണതയും വർദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 14914 പുരുഷന്മാരുള്ളപ്പോൾ 15764 സ്ത്രീകൾ ഉണ്ട്. സ്ത്രീകൾ മൊത്തം ജനസംഖ്യയുടെ 51.38 ശതമാനമാണ്. പട്ടികജാതിക്കാരിലും സ്ത്രീഅനുപാതം ഇതുതന്നെയാണ്.

ഈപഞ്ചായത്തിൽ 94 ഏപ്രിൽ മുതൽ 22 അംഗൻവാടികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതുവഴി സ്ത്രീകളുടെയും 6 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെയും സാമൂഹ്യം, ആരോഗ്യം, പോഷണം, പ്രാഥമികവിദ്യാഭ്യാസം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ സഹായകമായിട്ടുണ്ട്. കൂടാതെ 50ഓളം വരുന്ന സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിനും പ്രാപ്തമായിട്ടുണ്ട്.

ഈ കാലയളവിൽതന്നെ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച CBNP (Community Based Nutrition Progrmme and poverty alleviation Programme)യുടെ പ്രവർത്തനം മൂലം കുറെയധികം സ്ത്രീകൾ സമൂഹത്തിലേക്ക് ഇറങ്ങിവരാനും സമൂഹത്തിലെ മറ്റു സ്ത്രീകളുമായി സമ്പർക്കം പുലർത്താനും സഹായകമായിട്ടുണ്ട്. സ്ത്രീകളുടെ ചെറിയചെറിയ ഗ്രൂപ്പുകൾ ഉണ്ടാക്കി അവരിൽ നിന്നുതന്നെ ചെറിയ സമ്പാദ്യങ്ങൾ സ്വീകരിച്ച് ഒന്നിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും പിന്നീട് ഈ നിക്ഷേപങ്ങളിൽ നിന്നും സ്വയം തൊഴിൽ തുടങ്ങുന്നതിനും, വീടിനോടനുബന്ധിച്ച പ്രാഥമികസൗകര്യ

ങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവർക്ക് തന്നെ സഹായം നൽകുന്നതുമായ ഒരു സംവിധാനമാണിത്. കുറെ വനിതകൾ യാതൊരു സാമ്പത്തികേച്ഛയുമില്ലാതെ 2 വർഷമായി ഈ പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

ബഹുജനസംഘടനകളിലും പൊതുരംഗത്തും സ്ത്രീകൾ പ്രവർത്തിക്കുന്നില്ലെന്ന്തന്നെ പറയാം. 5 മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സമാജങ്ങൾ വഴി സ്ത്രീകൾക്ക് ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. മഹിളാസമാജം, അങ്കൺവാടികൾ CBNP തുടങ്ങിയവയുടെ പ്രവർത്തനഫലമായി സ്ത്രീകൾ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വിദ്യാഭ്യാസരംഗത്ത് സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കാനും പ്രചോദനമായിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസരംഗത്തും പ്രൊഫഷണൽ മേഖലയിലും സ്ത്രീപ്രാതിനിധ്യം ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

ഹൈസ്കൂൾതലം വരെയുള്ള വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനത്തിലും പെൺകുട്ടികൾ പൊതുവെ മുൻപന്തിയിൽതന്നെയാണ്. തുടർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ പെൺകുട്ടികളുടെ എണ്ണം കുറവായാണ് കാണുന്നത്. ഈ അന്തരം താഴെ പട്ടികയിൽ നിന്നും മനസ്സിലാക്കാം.

| പ്രൈമറി | | ഹൈസ്കൂൾ | | കോളേജ് | | പ്രൊഫഷണൽ | |
|---|---|---|---|---|---|---|---|
| സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| 2534 | 2911 | 860 | 957 | 117 | 189 | 13 | 38 |

സമൂഹത്തിൽ ഇന്നത്തെ വിദ്യാഭ്യാസനിലവാരം നോക്കിയാൽ സ്ത്രീകളുടെ എണ്ണം ഉന്നത വിദ്യാഭ്യാസമേഖലയിൽ കുറവാണെന്ന് താഴെകാണുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

| പ്രൈമറി | | ഹൈസ്കൂൾ | | ബിരുദം | | ബിരുദാനന്തരബിരുദം | | പ്രൊഫഷണൽ | |
|---|---|---|---|---|---|---|---|---|---|
| സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സത്രീ | പുരുഷൻ |
| 4820 | 4807 | 3066 | 3766 | 111 | 308 | 22 | 61 | 58 | 91 |

മേൽകാണിച്ച 2 പട്ടികയിൽ നിന്നും പൊതുവെ സ്ത്രീകളുടെ സാമൂഹ്യപുരോഗതിയെ ബാധിക്കുന്ന പ്രധാനഘടകം വിദ്യാഭ്യാസമേഖലയിലെ പിന്നോക്കാവസ്ഥയാണെന്ന് കാണാം. ഇതിന് പ്രധാനകാരണം S.S.L.C കഴിഞ്ഞാൽ തുടർന്ന് പഠിപ്പിക്കുന്നതിനേക്കാൾ അവളെ വിവാഹം കഴിപ്പിച്ചയക്കുന്നതിനാണ് മാതാപിതാക്കൾ കൂടുതൽ ഉത്സാഹം പ്രകടിപ്പിക്കുന്നത്. സ്ത്രീമേഖലയിൽ സ്ത്രീപങ്കാളിത്തം കുറയാനും ഈ പ്രവണത ഇടയാക്കുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്തും ഉയർന്ന ജോലികളിലും സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരെക്കാൾ മുൻപന്തിയിൽ ആണ് സ്ത്രീകൾ ഈ പഞ്ചായത്തിൽ 112 പുരുഷഅദ്ധ്യാപകരുള്ളപ്പോൾ 121 വനിതാ അദ്ധ്യാപകരുണ്ട്. മറ്റു മേഖലയിലെ സ്ത്രീ പങ്കാളിത്തം ഈ വർഷം നടത്തിയ സാമൂഹ്യസാമ്പത്തിക സർവെ പ്രകാരം താഴെ പട്ടികയിൽ കൊടുത്തപ്രകാരമാണ്.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| സർക്കാർജോലി | 126 | 358 |
| കാർഷികജോലി | 105 | 964 |
| വ്യവസായം | 13 | 127 |
| ഗാർഗികം | 174 | 28 |
| വാണിജ്യം | 17 | 258 |
| നിർമ്മാണം | 9 | 311 |
| കരാർ | 15 | 51 |
| വിദേശം | 6 | 1847 |
| കരകൗശലം | 19 | 62 |
| മറ്റുമേഖല | 217 | 1610 |

സ്ത്രീകളുടെ തൊഴിൽമേഖലയിൽ ഉള്ള ഈ അന്തരം അവസാനിപ്പിക്കേണ്ടത് നാടിന്റെ സാമൂഹ്യസാമ്പത്തിക ഭദ്രതക്ക് അനിവാര്യമായ ഘടകമാണ്. ആയതിനാൽ തൊഴിലിൽ ഏർപ്പെടാനുതകുന്ന വ്യവസായങ്ങൾ, തൊഴിൽസംരംഭങ്ങൾ (ആടുവളർത്തൽ, കോഴിവളർത്തൽ, തയ്യൽറെഡിമെയ്ഡ് യൂണിറ്റുകൾ,പിക്കിൾ യൂണിറ്റുകൾ, അടുക്കളത്തോട്ടനിർമ്മാണം.) എന്നിവയിൽ സ്ത്രീകളെ പങ്കാളികൾ ആക്കാനുതകുന്ന ദ്രുതഗതിയിലുള്ള പ്രവർത്തനം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്. റെഡിമേഡ് വസ്ത്രനിർമ്മാണരംഗത്താണ് സ്ത്രീകൾ ഈയിടെ ധാരാളമായി കയറിക്കൂടുന്നത്.

ഈ പഞ്ചായത്തിൽ വനിതകളുടേതുമാ

ത്രമായി 2 റഡിമേയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകളും 2 തയ്യൽ പരിശീലനകേന്ദ്രവും ബ്ലോക്ക് ഓഫീസ് ഗ്രാന്റ് നൽകുന്ന ഒരു ട്രൈസം സ്ഥാപനവും ഉണ്ട്. കൂടാതെ 3 DWCRA യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഒന്ന് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽരഹിതരും നിർദ്ധനരുമായ സ്ത്രീകൾ ആണ് സമൂഹത്തിലെ യുവജനങ്ങളിൽ നല്ലൊരുശതമാനം.

സ്ത്രീകൾക്കു നേരെ അക്രമങ്ങൾ ഒന്നും നടക്കുന്നില്ലെന്നാണ് ഗ്രാമസഭാറിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഈ പഞ്ചായത്തിൽ മൊത്തം 147 സ്ത്രീകൾക്ക് വിധവാപെൻഷൻ ആനുകൂല്യം ലഭ്യമാവുന്നുണ്ട്. നല്ലൊരു വിഭാഗം സ്ത്രീകൾ മറ്റുതൊഴിലിലൊന്നുമേർപ്പെടാതെ വീട്ടുജോലി, പാചകം, ശിശുപരിപാലനം തുടങ്ങിയ ജോലികളിൽ ഒതുങ്ങിക്കൂടുകയാണ്. മഹിളാസമൃദ്ധിയോജന പദ്ധതിയിൽ പഞ്ചായിത്തിലെ മുഴുവൻസ്ത്രീകളെയും ഉൾപ്പെടുത്തി സ്ത്രീകളിൽ സമ്പാദ്യശീലം വളർത്താനുള്ള ഒരുപരിപാടിയും നടന്നുവരുന്നുണ്ട്. ഈ പഞ്ചായത്തിൽ മൊത്തം 114 വികലാംഗർ ഉള്ളതിൽ 46 പേർ സ്ത്രീകൾ ആണ്. 350ഓളം വരുന്ന കുടുംബങ്ങളിൽ വനിതകൾ ആണ് കുടുംബനാഥകൾ.

### സാദ്ധ്യതകൾ

സ്ത്രീകളുടെ ഇടയിലെ ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സമൂഹത്തിൽ പുരുഷനേക്കാൾ പരിഗണന ലഭിക്കേണ്ട വിഭാഗമാണ് സ്ത്രീകൾ. കാരണം പുരുഷനെ അപേക്ഷിച്ച് പ്രസവം, കുഞ്ഞുങ്ങളെ വളർത്തൽ, പാചകം, ഗൃഹഭരണം തുടങ്ങിയ ജോലികൾ സ്ത്രീയുടെ മാത്രം ബാദ്ധ്യതയായി പുരുഷൻ കരുതുന്നതിനാൽ സ്ത്രീക്ക് പ്രത്യേകപരിഗണനയും തുല്യജോലിക്ക് തുല്യവേതനവും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നേടിയെടുക്കുന്നതിനെപ്പറ്റി സ്ത്രീ ബോധവതിയല്ലെന്നുള്ളതും ഒരു വസ്തുതയാണ്. അതിനാൽ വനിതാക്ഷേമപ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് ബോധവൽക്കരണക്ലാസുകളും പരിശീലനക്ലാസുകളും നൽകുകയാണ് ആദ്യം വേണ്ടത്. എങ്കിൽമാത്രമേ പൊതുജീവിതത്തിലും തൊഴിൽമേഖലയിലും ഭാഗഭാക്കാകുവാനും പുതിയ തൊഴിൽസംരംഭങ്ങൾ ഏറ്റെടുക്കുവാനും ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത പ്രവർത്തികൾ വിജയിപ്പിക്കാനും ഉള്ള തന്റേടം സ്ത്രീക്ക് ലഭിക്കുകയുള്ളൂ.

മഹിളാസമാജങ്ങൾ, അങ്കൻവാടി തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഇത്തരം പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ മുഴുവൻ സ്ത്രീകൾക്കും തൊഴിലിൽ ഏർപ്പെടാനുതകുംവിധം തയ്യൽ പഠിച്ചവർക്ക് തയ്യൽ യൂണിറ്റ്, ആടുവളർത്തൽ, പായനെയ്ത്ത്, പശുവളർത്തൽ തുടങ്ങിയ തൊഴിലുകൾ തുടങ്ങുന്നതിനാവശ്യമായ സർക്കാർ സഹായവും (IRDP,WIP) ചുരുങ്ങിയ പലിശനിരക്കിൽ വായ്പകളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബെഡ് ആന്റ് പില്ലോ നിർമ്മാണം, അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പടം, തീപ്പെട്ടി, കവർ തുടങ്ങിയ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ തൊഴിൽശാലകളും പരിശീലനസ്ഥാപനങ്ങളും ആരംഭിച്ചാൽ സ്ത്രീകൾക്ക് വിവിധമേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാകും. സ്ത്രീകൾ ഇത്തരം സ്വയംതൊഴിലിലേർപ്പെടാൻ ഗ്രാമസഭകളിൽ സന്നദ്ധത പ്രകടിപ്പിക്കുകയും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഗവ. വഴി 8-ാം പദ്ധതിയിൽ സഹായം ലഭിച്ച സ്ത്രീകളുടെ എണ്ണം, വർഷം, ലഭിച്ച സഹായം വായ്പ ഇവ താഴെ പട്ടികയിൽ നിന്നും വ്യക്തമാകുന്നതാണ്.

| വർഷം | എണ്ണം | ധനസഹായം | വായ്പ |
|---|---|---|---|
| 1992-93 | 22 | 64770 | 78980 |
| 1993-94 | 17 | 30808 | 33642 |
| 1994-95 | 8 | 51950 | 71110 |
| 1995-96 | 12 | 48000 | 70000 |

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1 പൊതുരംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. ഇതിനായി ബോധവൽക്കരണ, പരിശീലനക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്

.2 സ്ത്രീകളുടെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങളും പരിശീലനസ്ഥാപനങ്ങളും ആരംഭിക്കണം.

3 വിദ്യാഭ്യാസമേഖലയിൽ ഹൈസ്കൂൾ തലം വരെ പെൺകുട്ടികളുടെ പങ്കാളിത്തം മോശമല്ലെങ്കിലും അതിനുമുകളിലേക്ക് സ്ത്രീപങ്കാളിത്തം കുറവാണ്. ഇതിന് പ്രധാനകാരണം പെൺകുട്ടികൾ S.S.L.C വരെ പഠിച്ചാൽ വിവാഹം കഴിപ്പിക്കുന്ന പ്രവ

ണതയാണ് മാതാപിതാക്കളിൽ കാണുന്നത് കൂടാതെ നിലവിലുള്ള സ്ത്രീധനസമ്പ്രദായവും ബാല്യവിവാഹവും കർശനമായി നിരോധിക്കുകയും പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന വിവാഹങ്ങൾ പഞ്ചായത്ത് ആഫീസിൽ രജിസ്റ്റർചെയ്യാൻ നിയമപരമായ സംവിധാനമുണ്ടാക്കുകയും വേണം. ഇത് പാലിക്കാത്തവർക്കെതിരെ കർശനശിക്ഷാനടപടികൾ എടുക്കുകയും വേണം. ഇതിനോടോപ്പം തന്നെ സ്ത്രീധനവും അനുബന്ധചിലവുകളും വഹിക്കാൻ കഴിയാതെ അവിവാഹിതരായി കഴിയുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ ഒരു പുതിയ പദ്ധതി തുടങ്ങുകയും വേണം.

4 വനിതകൾക്ക് സ്വന്തമായി ഒരാശുപത്രിയും വനിതാഡോക്ടറും മെഡിക്കൽഷാപ്പും ആരംഭിച്ചാൽ ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പുറത്തുപോവുന്നത് ഒഴിവാക്കാനും സാമ്പത്തിക ചിലവ് കുറക്കുവാനും സഹായിക്കുമെന്ന് ഗ്രാമസഭയിൽ സ്ത്രീകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

5 സ്ത്രീകളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിന് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കേണ്ടതാണ്.

6 സ്ത്രീകളുടെ സാമൂഹ്യസാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്നതിന് മഹിളാസമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ ആരംഭിക്കണം ഇവ സ്ത്രീകൾക്കിടയിലെ അന്ധവിശ്വാസം, അനാചാരങ്ങൾ എന്നിവ ഇല്ലാതാക്കുന്നതിനും പുരുഷനോടൊപ്പം എല്ലാതുറകളിലും ഉള്ള അധികാരങ്ങളും ആവശ്യങ്ങളും തങ്ങൾക്കും ലഭിക്കുന്നതിനും അവ നേടിയെടുക്കുന്നതിനാവശ്യമായ ആത്മവിശ്വാസവും ധൈര്യവും സംഭരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുവാനും ക്ലാസുകൾ നൽകി സ്ത്രീകളുടെ നേതൃഗുണം വർദ്ധിപ്പിക്കാനും പൊതുരംഗത്തേക്ക് വരുന്നതിന് ഇവരെ സഹായിക്കുകയും സജ്ജരാക്കുകയും ചെയ്യും. ഇതിനെല്ലാം പുറമെ പുരുഷന്മാരുടെ നിർലോഭമായ സഹായസഹകരണങ്ങളും പ്രോത്സാഹനവും ഈ മേഖലയിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവശ്യമാണ്. ഇതേ ഉദ്ദേശത്തോടുകൂടിയാണ് അങ്കൺവാടികൾ പ്രവർത്തിക്കുന്നത്. ആയതിനാൽ അങ്കൺവാടികൾക്കും മഹിളാസമാജങ്ങൾക്കും സ്ഥിരം സ്ഥലവും കെട്ടിടവും നിർമ്മിച്ചു

നൽകേണ്ടതാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 DWCRA യൂണിറ്റുകൾ നല്ലനിലയിൽത്തന്നെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം യൂണിറ്റുകൾ ഇല്ലാത്ത വാർഡുകളിൽ കൂടി തുടങ്ങുന്നതിനാവശ്യമായ ശ്രമങ്ങൾ കുറവാണ്. ഗ്രൂപ്പായി ഇത്തരം സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് സ്ത്രീകൾ വിമുഖത കാണിക്കുകയാണ് ചെയ്യുന്നത്. സർക്കാർ സഹായപദ്ധതികളെപ്പറ്റി വ്യക്തമായ അറിവില്ലായ്മയും ഗ്രൂപ്പായി പ്രവർത്തിക്കാനുള്ള വിമുഖതയും നേതൃത്വത്തിന്റെ അഭാവവുമാണ് ഈ വിമുഖതക്ക് പ്രധാനകാരണം.

ഇതിന് സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും സ്ത്രീവിദ്യാഭ്യാസം നിർബന്ധമാക്കുകയും 18 വയസ്സിനു മുമ്പെ വിവാഹം കഴിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുകയും പ്രാദേശികവിഭവസാദ്ധ്യതക്കനുസരിച്ചുള്ള തൊഴിൽയൂണിറ്റുകൾ തുടങ്ങുകയും ചെയ്താൽ സ്ത്രീകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാനും പദവി ഉയർത്താനും കഴിയും. അത്യാഹിതത്തിൽപ്പെട്ട് ഗൃഹനാഥൻ മരിക്കാനിടയായാൽ നിരാലംബരാവുന്ന കുടുംബങ്ങൾക്കും ഭർത്താവുപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും സഹായം നൽകുന്നതിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

7 തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. ഈ വിവേചനം അവസാനിപ്പിക്കേണ്ടതാണ്. കൂടാതെ മാതാപിതാക്കളുടെ സ്വത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യഅവകാശം നൽകണം. കുട്ടികളെ സംരക്ഷിക്കുന്നതിന് ഒരു ക്രഷെയും നിരാലംബരായ വൃദ്ധസ്ത്രീകളെയും വികലാംഗരായ സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിന് സംവിധാനവും ആവശ്യമാണ്.

8 വനിതകൾക്കായി ഒരു മാവേലിസ്റ്റോറും (6-ാം വാർഡിൽ) റേഷൻകടകളിലും മാവേലിസ്റ്റോറുകളിലും വനിതാകൗണ്ടറുകളും ആരംഭിക്കണം.

9 വനിതാസൗന്ദര്യമത്സരങ്ങളും അശ്ലീലപോസ്റ്ററുകളും ടി.വി. പരസ്യങ്ങളും കർശനമായി നിരോധിക്കണമെന്ന് ഗ്രാമസഭകളിൽ സ്ത്രീകൾ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. യാത്രാദുരിതം ഒഴിവാക്കാനായി ചെളൂർവലിയാട് ചാപ്പനങ്ങാടി റോഡിൽ ഒരു ബസ്സ്സർവീസ് ആരംഭിക്കണം. അങ്കൺവാടി പ്രവർത്തകർക്ക് നൽകുന്ന പ്രതിഫലം വളരെ തുച്ഛമാണ്. ഇത് വർദ്ധിപ്പിക്കാനാവശ്യമായ നടപടികളും CBNP പ്രവർത്തകർ ഒരു പ്രതിഫലവും ഇല്ലാതെയാണ് 2 വർഷമായി പ്രവർത്തിക്കുന്നത്. ഇവർക്ക് സാമ്പത്തിക സഹായവും പഞ്ചായത്ത് വഴി അനുവദിക്കേണ്ടതാണ്. വിധവാപെൻഷൻ , അഗതി പെൻഷൻ, വാർദ്ധക്യകാലപെൻഷൻ മുതലായ പദ്ധതി വഴിയുള്ള ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കേണ്ടതാണ്. അബലകളാണെങ്കിലും വേണ്ട പ്രോത്സാഹനവും പ്രചോദനവും നൽകിയാൽ ഒരു ചിപ്പിക്കുൾമുത്താണ് വനിത.




5-10

# സഹകരണമേഖല

സഹകരണപ്രസ്ഥാനം വളരെ ആഴത്തിൽ വേരൂന്നിയിരുന്ന ഒരു പ്രദേശമാണ് കോഡൂർ പഞ്ചായത്ത്. സാമ്പത്തികമായി ഇന്നത്തെ നിലയിലേക്കുയരുന്നതിന് മുമ്പ് നാട്ടിൽ ക്ഷാമവും പട്ടിണിയുമായിരുന്നു. അക്കലത്ത് കൃഷിക്കാരുടേയും മറ്റ് സാധാരണക്കാരുടെയും സഹായത്തിനായി സഹകരണാടിസ്ഥാനത്തിൽ ആളുകൾ സംഘടിച്ചിരുന്നു. 1951-ൽ വലിയാട് കേന്ദ്രമായി രൂപംകൊണ്ട ''വിവിധോദ്ദേശ ഐക്യനാണയ സംഘം'' എന്ന സഹകരണ സ്ഥാപനമാണ് കോഡൂർ പഞ്ചായത്തിലെ പ്രഥമ സംരംഭം. കർഷകർക്ക് ആവശ്യമായ വിത്തും വളവും ലഭ്യമാക്കുക, ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക എന്നിവയായിരുന്നു സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. പ്രസ്തുത സ്ഥാപനം 1964-ൽ കോഡൂർ സർവ്വീസ് സഹകരണ ബാങ്കായി രൂപം കൊണ്ടു. കുറയൊക്കെ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് ജനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ നിറവേറ്റുന്നതിന് ബാങ്കിനിപ്പോൾ കഴിയുന്നുണ്ട്.

1960കളിൽ വലിയാട് കേന്ദ്രീകരിച്ച് കോഡൂർ പരസ്പര സഹായപാൽവിതരണ സംഘം രൂപീകരിക്കപ്പെട്ടു. ആൽപ്പറ്റക്കുളമ്പ്, വലിയാട് പ്രദേശങ്ങളിലെ പാലുൽപാദകർ ഈ സംഘങ്ങളിൽ അംഗങ്ങളായിരുന്നു. ശേഖരിക്കുന്ന പാൽ കോട്ടക്കൽ ആര്യവൈദ്യശാല, മലപ്പുറം ഭാഗങ്ങളിൽ വിതരണം നടത്തിയിരുന്നു. എന്നാൽ ഗൾഫിലേക്കുള്ള പോക്ക് കാരണം പാലുൽപാദനം നിലച്ചപ്പോൾ പാൽവിതരണസംഘം അടച്ച് പൂട്ടേണ്ടിവന്നു.

സ്കൂൾ കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങിവിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന നാല് സ്കൂൾ സഹകരണ സൊസൈറ്റികളും നാമമാത്രം അവശേഷിക്കുന്ന ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘവും പഞ്ചായത്തിലുണ്ട്. സഹകരണ സംഘങ്ങളുടെ പേരും പ്രവർത്തനമേഖലയും അനുബന്ധം-1ൽ കൊടുത്തിരിക്കുന്നു.

കോഡൂർ പഞ്ചായത്തിലെ കർഷകർ ആശ്രയിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനം പെരിന്തൽമണ്ണ കാർഷിക വികസന ബാങ്കാണ്. ചെറുകിട ജലസേചനം,ഭൂവികസനം, തെങ്ങ് കൃഷിപുനരുദ്ധാരണം, വെറ്റിലകൃഷി, കറവ്മാട് തുടങ്ങിയവ വാങ്ങുന്നതിനും കളപ്പുര, കമ്പിനേലി, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവക്കും ബാങ്കിൽ നിന്ന് വായ്പകൾ ലഭ്യമാണ്.

മഞ്ചേരി ഹൗസിംഗ്കോഓപ്പറേറ്റീവ് സൊസൈറ്റി പെരിന്തൽമണ്ണ താലൂക്ക് റൂറൽഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സഹകരണ സ്ഥാപനങ്ങളെയും ആശ്രയിക്കുന്നുണ്ട്.

കോഡൂർ സർവ്വീസസഹകരണ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാൻ ബാങ്കിന്റെ ശാഖകൾ പഞ്ചായത്തിൽ തുറക്കണമെന്ന ആവശ്യം ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനും കൺസ്യൂമർ സഹകരണസംഘങ്ങൾ ആവശ്യമാണ്. കൃഷിക്കാർക്ക് ന്യായമായ വിലകിട്ടാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കാനും ഇത്തരം സംഘങ്ങൾ പ്രയോജനപ്പെടും.

*അനുബന്ധം-2*

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗത്വം | ഓഹരിമൂലധനം | കടമെടുപ്പ് | വായ്പകൾ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | |
| 1 | കോഡൂർ സർവ്വീസ് | 1964 | കോഡൂർ | 2220 | 210000 | 18564000 | 474800 | 8329410 | 5 |

കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ വായപവിവരങ്ങളാണ് അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നത്. വായ്പകൾ നിശ്ചിതസമയത്ത് തിരിച്ചടക്കുന്നതിന് ജനങ്ങളുടെ സഹകരണം ആവശ്യമാണ്. വായ്പകൾക്കുള്ള അപേക്ഷകർ വർദ്ധിച്ചുവരുന്നു.

പ്രശ്നങ്ങൾ

1. നിലവിലുള്ള വായ്പാസമ്പ്രദായം സങ്കീർണ്ണതകൾ നിറഞ്ഞതാണ്.
2. അമിതമായ പലിശനിരക്ക്
3. പുതിയ മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ.
4. സാങ്കേതിക നവീകരണത്തിന്റെ അഭാവം. 5. ഡിപ്പാർട്ട്മെന്റൽ മേധാവിത്വം.

**സാധ്യതകൾ-നിർദ്ദേശങ്ങൾ**

**1. പുതിയസഹകരണസംഘങ്ങൾ രൂപീകരിക്കുക.**
**2. കോഡൂർ പരസ്പരസഹായപാൽവിതരണ സംഘം പുനരുദ്ധരിക്കുക.**
**3. പഞ്ചായത്ത്തലത്തിൽ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനും കൺസ്യൂമർ സൊസൈറ്റികൾ സ്ഥാപിക്കുക.**
4. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നൽകുക.
5. തൊഴിലാളികൾക്ക് പ്രത്യേകപഠനക്ലാസുകൾ
6 സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.
7. ലേബർ കോൺട്രാക്ട്സൊസൈറ്റികൾ പോലുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുക.
8. ക്രഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.
9. കാർഷികാവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുക.
10. വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക.
11 സ്കൂൾ സഹകരണസംഘങ്ങൾ എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുക.
12. വായ്പകൾക്കുള്ള പലിശനിരക്ക് കുറയ്ക്കുക.
13. പഞ്ചായത്തിലേക്ക് വരുന്ന വിവിധ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുക.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചാൽ പഞ്ചായത്തിന്റെ പ്രാദേശികപദ്ധതിയിൽ സഹകരണസംഘങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാനാവും. ഉൽപ്പാദന-വ്യാപാര മേഖലകളിൽ പഞ്ചായത്തും സഹകരണസംഘങ്ങളും ഏകോപിച്ച് പ്രവർത്തിച്ചാൽ ഏറെ പ്രയോജനപ്പെടും.

## കോഡൂർ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ

| | സ്ഥാപനം | പ്രവർത്തന പരിധി | പ്രവർത്തന മേഖല | അംഗങ്ങൾ | അംഗീകൃതഓഹരി മൂലധനം | പിരിഞ്ഞ് കിട്ടിയ ഓഹരിമൂലധനം | സർക്കാർ ഓഹരി | ഒരു ഓഹരിയുടെ വില | പ്രവർത്തനം ആരംഭിച്ച വർഷം |
|---|---|---|---|---|---|---|---|---|---|
| 1 | കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് | കോഡൂർ പഞ്ചായത്ത് | കാർഷിക വായ്പ + കാർഷികേതര വായ്പ | ക്ലാസ്സ് എ-2220 ബി-6017 സി-1914 | രൂപ 21,00,000 | രൂപ 618809.50 | രൂപ 15,0000 | ക്ലാസ് എ-രൂപ 10 ബി-രൂപ 100 സി-രൂപ 1 ഡി-രൂപ 50 | 1951 |
| 2 | കോഡൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം | കോഡൂർ പഞ്ചായത്ത് (പട്ടികജാതി പട്ടികവർഗ്ഗം) | വിവിധയിനം വായ്പകൾ | 474 | 3,00,000 | 4705 | ----- | എ-രൂപ 10 ബി-രൂപ 100 | 1990 |
| 3. | വലിയാട് എ.യു.പി.എസ് സഹകരണസൊസൈറ്റി | 1.എ.യു.പി.എസ് വലിയാട് 2.എ.എൽ.പി.എസ് വലിയാട് 3.ജി.എം.എൽ.പി.എസ്. കുട്ടശ്ശേരികുളമ്പ 4പി.കെ.എം.യു.പിഎസ് ആൽപറ്റകുളമ്പ് | പാഠപുസ്തകം വാങ്ങി വിതരണം ചെയ്യുക | 160 | 10,000 | 389 | ----- | രൂപ- 5 | 1976 |
| 4 | ജി.എം.യു.പി സ്കൂൾ ചെമ്മങ്കടവ് സഹ-സൊസൈറ്റി | ജി.എം.യു.പി സ്കൂൾ ചെമ്മങ്കടവ് | പാഠപുസ്തകം വാങ്ങി വിതരണം ചെയ്യുക | 1752 | 20,000 | 2879 | ----- | എ- 5.00 ബി- 1.00 സി- 100.00 | 1976 |
| 5 | പി.എം.എസ്.എ.എം.എച്ച് സ്കൂൾ സഹ-സൊസൈറ്റി | പി.എം.എസ്.എ.എം.എച്ച് ചെമ്മങ്കടവ് | പാഠപുസ്തകം വാങ്ങി വിതരണം ചെയ്യുക | എ- 137 ബി- 506 | 25,000 | 1191 | ------ | എ- 5.00 ബി- 1.00 | 1988 |
| 6 | എ.എം.യു.പി.സ്കൂൾ സഹ-സൊസൈറ്റി (ഉമ്മത്തൂർ) | 1.എ.എം.യു.പി.സ്കൂൾ (ഉമ്മത്തൂർ) 2.ജി.എൽ.പി.എസ്.കോഡൂർ 3. എ.എം.എൽ.പി.സ്കൂൾ വടക്കേമണ്ണ 4. എ.എം.എൽ.പി.എസ് പുളിയാട്ടുകുളം 5.എ.എം.എൽ.പി.എസ് വട്ടപ്പാറക്കുളമ്പ് | പാഠപുസ്തകം വാങ്ങി വിതരണം ചെയ്യുക | എ- 51 ബി- 132 | 10,000 | 550 | ------ | എ- 5.00 ബി- 1.00 | 1976 |




# പട്ടികജാതി

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 4.3 ശതമാനം പട്ടികജാതി വിഭാഗക്കാരാണ് 180-ഓളം കുടുംബങ്ങളിലായി 1288 അംഗങ്ങളാണുള്ളത്. പഞ്ചായത്തിനകത്ത് അംഗീകരിക്കപ്പെട്ട 3 കോളനികളും അംഗീകാരത്തിനായി അപേക്ഷസമർപ്പിച്ച 4 കോളനികളും ഉണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട രണ്ട്കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെന്ന് 1991 ലെ സെൻസസ് റിപ്പോർട്ടിൽ കാണുന്നുണ്ടെങ്കിലും, അന്വേഷണത്തിൽ ഇവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാൽ ഭൂരിഭാഗവും പഞ്ചായത്തിന്റെ അവികസിത മേഖലകളിലാണ് താമസിക്കുന്നത്.

പട്ടികജാതിവിഭാഗത്തിൽ വരുന്ന ജനങ്ങൾ പൊതുവെ സാക്ഷരരാണ്. പുതിയ തലമുറ വിദ്യാഭ്യാസതൽപ്പരരാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥ മൂലമുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും അസാധാരണമല്ല. ഒരു മെഡിക്കൽ വിദ്യാർത്ഥിയും ഈ വിഭാഗത്തിൽനിന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽ കൂടുതൽ പേരും കാർഷികമേഖലയിലും, കെട്ടിടനിർമ്മാണമേഖലയിലും പണിയെടുക്കുന്നു. കാർഷിക, സാമ്പത്തിക മേഖലകളിൽ അടുത്തകാലത്തുണ്ടായ മാന്ദ്യം ഇവർക്കും ശാപമായിട്ടുണ്ട്. തൊഴിലാളികളിൽ ഭൂരിഭാഗവും അവിദഗ്ധരായതിനാൽ തൊഴിലവസരങ്ങൾ കുറവാണ്. സർക്കാർ ജോലിയുള്ള 13 പുരുഷന്മാരും, 2, സ്ത്രീകളുമുണ്ട്. ഗൾഫ്മേഖലയിൽ ജോലിയെടുക്കുന്ന ആറു പേരുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള 2 പേരും ബിരുദധാരികളായ 3 പേരും തൊഴിൽരഹിതരായി ഈ വിഭാഗത്തിലുണ്ട്. അംഗീകരിച്ചതും അംഗീകരിക്കാത്തതുമായ കോളനികളിലെ വീടുകൾ 106 ഉം. ഇതിൽ ആൺ 272 സ്ത്രീകൾ 271 ഉം ആകെ 543 ഉം ഓല മേഞ്ഞ വീടുകൾ 7എണ്ണവും ഓടിട്ടവ 99 ഉം ആണ് മൊത്തം കോളനിയുടെ വിസ്തൃതി 6 ഏക്കൽ 57 സെന്റുമാണ്. കോളനികളുടെ പേരും മറ്റ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

**5-11**

| കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആൺ | പെൺ | ആകെ എണ്ണം | ഓലവീട് | ഓട് | കൈവശഭൂമി ഏക്കർ |
|---|---|---|---|---|---|---|---|
| ഞാറ്റുകെട്ടിച്ചാള | 20 | 47 | 55 | 102 | – | 20 | 1.3 |
| നായർതൊടി | 10 | 20 | 24 | 44 | – | 10 | 0.9 |
| കരീപറമ്പ് | 24 | 61 | 53 | 114 | – | 24 | 1.2 |
| | 54 | 128 | 132 | 260 | – | 54 | 3.4 |
| അംഗീകരിക്കാത്തത് | | | | | | | |
| താണിക്കൽ | 13 | 38 | 37 | 75 | – | 12 | 1.45 |
| പലേക്കാട് | 17 | 42 | 43 | 85 | 1 | 16 | 1.35 |
| പാറമ്മൽ | 10 | 26 | 28 | 54 | 4 | 6 | 0.65 |
| വരിക്കോട് | 12 | 38 | 31 | 69 | 1 | 11 | 0.8 |
| | 52 | 144 | 139 | 283 | 7 | 45 | 3.53 |
| | 106 | 272 | 271 | 543 | 7 | 99 | 6.57 |

ഈ വിഭാഗക്കാരുടെ ശരാശരി കൈവശാവകാശ ഭൂമി 10 സെന്റിൽ താഴെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നിലവിലുള്ള 180 വീടുകളിൽ 10 വീടുകൾ കുടിലുകളാണ്. മാറിതാമസ്ക്കേണ്ട 20 കുടുംബങ്ങളുടേതടക്കം 25 വീടുകൾ പുതുതായി നിർമ്മിക്കേണ്ടതുണ്ട്. സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ സർക്കാർ സ്കീമിൽ അനുവദിച്ചിരുന്ന വീടുകൾ പലർക്കും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് മുഖേന വീടുവയ്ക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്.

ആരോഗ്യം, ശുചിത്വം എന്നീ മേഖലകളിൽ ഈ വിഭാഗം പൊതുവെ പിന്നോക്കമാണ്. കക്കൂസില്ലാത്ത പതിനേഴ് കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

| കോളനി | വൈദ്യുതീകരിച്ചത് | പൊതുകിണർ | പൈപ്പ് ജലം | കുടിവെള്ളക്ഷാമം |
|---|---|---|---|---|
| ഞാറ്റുകെട്ടിച്ചാള | ആണ് | ഇല്ല | ഉണ്ട് | ഉണ്ട് |
| നായർചൊടി | ആണ് | ഇല്ല | ഉണ്ട് | ഉണ്ട് |
| കരീപറമ്പ് | ആണ് | ഉണ്ട് | ഇല്ല | ഉണ്ട് |
| താണിക്കൽ | അല്ല | ഇല്ല | ഇല്ല | ഉണ്ട് |
| പലേക്കാട് | അല്ല | ഇല്ല | ഇല്ല | ഉണ്ട് |
| പാറമ്മൽ | അല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| വരിക്കോട് | ആണ് | ഉണ്ട് | ഇല്ല | ഉണ്ട് |

കോളനികളിൽ താണിക്കൽ, പലേക്കോട്, പാറമ്മൽ കോഴനികളിൽ വൈദ്യതിയില്ല. വൈദ്യുതീകരിച്ച കോളനികളിൽ തന്നെ ചില വീടുകളും കോളനികൾക്ക് പുറത്തുള്ള ഒറ്റപ്പെട്ട പല പട്ടികജാതി വീടുകളിലും ഇനിയും വൈദ്യുതീകരിക്കപ്പെടേണ്ടതുണ്ട്. കുടിവെള്ളക്ഷാമം എല്ലാ കോളനികളിലും രൂക്ഷമാണ്.

പഞ്ചായത്തിൽ ഒരു പട്ടികജാതിസഹകരണ സംഘം നിലവിലുണ്ടെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അവഗണനമൂലം സംഘാംഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളിലും, വീടുകളിലും ശുദ്ധജലമെത്തിക്കാൻ സംവിധാനമുണ്ടാക്കുക
2. വിദ്യാഭ്യാസരംഗത്തെ കൊഴിഞ്ഞുപോക്ക് തടയാൻ പഠനോപകരണങ്ങളും യൂനിഫോറവും മറ്റാനുകൂല്യവും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുക.
3. യുവതിയുവാക്കൾക്ക് തൊഴിൽസാധ്യതക്കായി കോളനികേന്ദ്രീകരിച്ച് ചെറുകിട തൊഴിൽ യൂണിറ്റുകളും മറ്റുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സാമ്പത്തികസഹായവും നൽകുക.
4. വൈദ്യതി ഇല്ലാത്ത വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുക.
5. പഞ്ചായത്തിലെ അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക
6. വീടുകളുടെ അറ്റകുറ്റപണിക്ക് ധനസഹായം നൽകുക
7. മിച്ചഭൂമിവിതരണം ചെയ്യുമ്പോൾ ഈവിഭാഗം ആളുകൾക്ക് മുൻഗണന നൽകുക.
8. ചൊഴൂരിൽനിന്നും കുറുകാട്ടിൽ പൊതുശ്മശാനം വഴി പലേക്കാട്ട് ഹരിജൻകോളനിറോഡ് വെട്ടുക.
9. കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക
10 ശ്മശാനങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും റോഡ്സൗകര്യം ഏർപ്പെടുത്തുകയും വേണം.
11. കക്കൂസില്ലാത്തവർക്ക് കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
12. കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക
13. പട്ടികജാതി സഹകരണ സംഘത്തിന് ഗ്രാന്റുകൾ ലഭ്യമാക്കുക.
14 സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അജ്ഞത അകറ്റാൻ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക
15. പഞ്ചായത്ത് അനുവദിക്കുന്ന കക്കൂസുകൾക്കും വീടുകൾക്കും ഗ്രാന്റുകൾ വർദ്ധിപ്പിക്കുക.
16. സ്വന്തം ഭൂമി ഇല്ലാത്ത ഈ വിഭാഗം ആളുകൾക്ക് വീടുവെക്കാൻ പഞ്ചായത്ത് സ്ഥലം വാങ്ങി വിതരണം ചെയ്യുക.
17. അംഗീകാരം ലഭിച്ച നായർതൊടി ഹരിജൻകോളനി റോഡ് ടാർ ചെയ്യുക.
18. പഞ്ചായത്തിലെ താണിക്കൽ, പലേക്കാട്, പാറമ്മൽ, വരിക്കോട് എന്നീ ഹരിജൻ കോളനികൾ അംഗീകരിക്കുക.
19. പലേക്കോട് ഹരിജൻ കോളനി ടാർചെയ്യുക.
20. അംഗീകാരത്തിനായി നൽകിയ പലേക്കോട് ഹരിജൻ കോളനി എത്രയും പെട്ടന്ന് അംഗീകരിക്കാൻ വേണ്ടത് ചെയ്യുക.




## 5-12

# വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ മുഖ്യമായിട്ടുള്ളത് വ്യാവസായിക, കാർഷിക, വൈദ്യുത മേഖലകളിലുള്ള മുരടിപ്പാണ്. കാര്യമായി പറയാവുന്ന ഒറ്റ വ്യവസായ സ്ഥാപനവും ഈ പഞ്ചായത്തിലില്ല. എന്നാൽ നാമമാത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ അങ്ങിങ്ങായി പ്രവർത്തിച്ചുവരുന്നു. ഈ മേഖലകളിലെ പ്രശ്നങ്ങൾ പരിഹാരം കണ്ടെത്തിയാൽ മാത്രമേ വിഭവസമാഹാരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാവൂ.

ഈ പഞ്ചായത്തിലെ വ്യവസായിക രംഗത്ത് എന്തെങ്കിലും മുന്നേറ്റം നേടണമെങ്കിൽ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം ഉണ്ടായേ തീരൂ. അതില്ലാതെ മുതൽ മുടക്കാൻ ആരും തയ്യാറല്ല. വിഭവസമാഹരണത്തിന്റെ മറ്റൊരു മേഖലയായ കാർഷിക രംഗവും ഇന്ന് ശോചനീയാവസ്ഥയിലാണ്. ഉത്പാദനക്ഷമതയുടെ കുറവ്, കർഷകരുടെ താത്പര്യക്കുറവ്, ഉത്പന്നങ്ങളുടെ വിലയിടിവ്, കൃഷിയിടങ്ങളുടെ ദുരുപയോഗം എന്നിവയൊക്കെ ഈ മേഖലയെ പ്രതികൂലമായി ബാധിച്ചുട്ടുണ്ട്. രാസവളങ്ങളുടെ യുക്തിസഹമല്ലാത്ത ഉപയോഗം നിമിത്തവും പല പ്രശ്നങ്ങളും ഉടലെടുത്തിട്ടുണ്ട്. ഇതിനൊക്കെ പരിഹാരം കാണാതെ ഈ മേഖലയിൽ വിഭവ സമാഹരണം വർദ്ധിപ്പിക്കാനാവില്ല.

വിവിധ മേഖലകളിൽ നിന്നും പഞ്ചായത്തിന് കിട്ടുന്ന ഗ്രാന്റുകൾ യഥാസമയം ലഭ്യമായങ്കിലേ പഞ്ചായത്തിൽ കാര്യമായ പ്രയോജനം ലഭിക്കുകയുള്ളൂ.

പഞ്ചായത്തിന് ലഭ്യമാകുന്ന നികുതികളുടെ പട്ടിക അന്യത്ര ചേർക്കുന്നു. ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു. ഇവയിൽഎടുത്ത്പറയാവുന്നസാമ്പത്തികസ്ഥിതിയിലുള്ളവർ തുലോം വിരളമാണ്.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 180 | 242 | 141 | 185 | 135 | 210 | 177 | 176 | 168 | 93 | 140 | 1847 |

ഓരോ വാർഡിലേയും മൊത്തം ജനസംഖ്യയിൽ വിദേശത്ത് ജോലി ചെയ്യുന്നവർ എത്ര വരുമെന്ന്തിന്റെ പട്ടിക താഴെപറയും പ്രകാരമാണ്.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | |
|---|---|---|---|---|---|---|---|---|---|---|---|---|
| % | 7.52 | 8.29 | 5.81 | 5.50 | 4.15 | 5.89 | 6.35 | 6.55 | 6.70 | 3.69 | 5.88 | |

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ 95-96 സാമ്പത്തിക വർഷത്തിൽ 12410/- രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. മുഴുവൻ കടകളിൽ നിന്നും ഇത് പിരിച്ചെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഇവയുടെ പട്ടിക താഴെ പറയും പ്രകാരമാണ്.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| വ്യാവസായം/ വ്യാപാരം | - | - | - | - | 1 | 1 | 1 | 1 | 1 | 2 | ലഭ്യമല്ല |
| ഹോട്ടലുകൾ | - | - | 3 | 3 | 1 | 1 | 1 | 4 | 2 | 2 | - |
| സാധാരണകടകൾ | 5 | 7 | 4 | 24 | 6 | 7 | 13 | 28 | 12 | 30 | - |
| മറ്റുള്ളവ | 9 | 4 | 7 | 5 | 8 | 16 | 16 | 10 | 20 | 15 | - |
| ആകെ | 14 | 11 | 14 | 32 | 16 | 25 | 31 | 42 | 35 | 51 | - |
| കെട്ടിടനികുതി (രൂപയിൽ) | 750 | 810 | 120 | 2450 | 2100 | 1700 | 700 | 1100 | 890 | 1010 | - |

നമ്മുടെ പഞ്ചായത്തിൽ രണ്ടു തിയ്യേറ്ററുകളിൽ നിന്നുള്ള വിനോദനികുതിയാണ് എടുത്ത് പറയാവുന്ന മറ്റൊരു മുഖ്യ നികുതിയിനം. കൂടാതെ താഴെപറയുന്ന ഇനങ്ങളിൽ നിന്നും പഞ്ചായത്ത് വിഭവസമാഹരണം നടത്തിവരുന്നു.

## പഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങൾ

| നംമ്പർ | ഇനം | പിരിക്കേണ്ട തുക | പിരിച്ച തുക | ബാക്കി |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 1,86,833 | 1,86,833 | - |
| 2. | സർവ്വീസ് ചാർജ്ജ് (ലൈബ്രറി സെസ്സ്) | 9,237 | 9,237 | - |
| 3. | തൊഴിൽ നികുതി | 82,850 | 82,850 | - |
| 4. | വാഹനനികുതി | - | - | - |
| 5. | വിനോദ നികുതി | 42,770 | 42,770 | - |
| 6. | അഡീഷനൽ വിനോദനികുതി | 25,708 | 25,708 | - |
| 7. | പ്രദർശന നികുതി | 2,910 | 2,910 | - |
| 8. | പ്രദർശന നികുതി മേലുള്ള സർചാർജ്ജ് | 723 | 723 | - |
| 9. | ലൈസൻസ് ഫീ | 1,937 | 1,937 | - |
| 10. | വസ്തുകൈമാറ്റ നികുതി | 2,02,457 | 2,02,457 | - |
| 11. | സർക്കാർ ഗ്രാന്റും മറ്റും ഒഴികെയുള്ള വരവുകൾ | 9,960 | 9,960 | - |
| 12. | ഡെപ്പോസിറ്റ് | 14,616 | 14,616 | - |
| 13. | മറ്റുള്ളവ | 1,40,471 | 1,40,417 | - |
| | ആകെ | 7,20,472 | 7,20,472 | - |

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയമായിട്ടല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഢംബരത്വവും വിലപിടിപ്പുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഢമാക്കണം. സ്ഥിരമായ ചുമരുള്ള എല്ലാ

കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാൻ സ്ലാബ് സമ്പ്രദായം ഉപകരിക്കും. നികുതി അസസ്സ് ചെയ്യാൻ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ഉടമസ്ഥർ പഞ്ചായത്തിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിലെ അഴിമതിയില്ലാതാക്കാൻ പഞ്ചായത്ത് തല അസ്സസ്മെന്റ് കമ്മറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ തന്നെ നികുതി ചുമത്തേണ്ടതാണ്.

അതുപോലെ നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം കുറേകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓരോവാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും ബന്ധപ്പെട്ടവരേയും വാർഡിലെ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പ്രചരണം നൽകുകയും ചെയ്താൽ നികുതികുടിശ്ശിക ഇല്ലാതാക്കാൻ കഴിയുന്നതാണ്.

186833 രൂപയാണ് 1995- 96 സാമ്പത്തിക വർഷത്തിൽ കെട്ടിടനികുതിയിനത്തിൽ നമ്മുടെ പഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്.

## തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇവരെ കൂടാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരെയും തൊഴിൽ നികുതിക്ക് കീഴിൽ കൊണ്ട് വരേണ്ടതാണ്. എല്ലാതൊഴിലാളികളേയും അംഗത്വമുള്ളവരിൽനിന്നും തൊഴിൽനികുതി വസൂലാക്കുകയും ചെയ്യാവുന്നതാണ്. ഇത് കച്ചവടക്കാർക്കും നിർമ്മാണതൊഴിലാളികൾക്കും മറ്റും ബാധകമാക്കാവുന്നതാണ്. 1995- 96 സാമ്പത്തിക വർഷത്തിൽ 82,850 രൂപയാണ് തൊഴിൽനികുതിയായി പഞ്ചായത്തിന് ലഭിച്ചത്.

## വിനോദനികുതി

പഞ്ചായത്തിൽ നിലവിലുള്ള 2 സിനിമാശാലകളിൽ നിന്നും ഈയിനത്തിൽ പഞ്ചായത്തിനു നല്ലൊരു സംഖ്യ വരുമാനമായി ലഭിക്കുന്നതാണ് എന്ന് വിശ്വസിക്കാം. നികുതി പിരിവ് കുറ്റമറ്റതാക്കാൻ ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ജാഗ്രത ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 72,111 രൂപ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്.

## മറ്റുധനാഗമന മാർഗ്ഗങ്ങൾ

**ലീസ് ഭൂമി:**

നമ്മുടെ പഞ്ചായത്തിൽ പുഴ പുറമ്പോക്കായി ധാരാളം ഭൂമിയും, ഈ ഭൂമിയിൽ കർഷകർ വിളയിറക്കാറുമുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തി, ആവശ്യക്കാർക്ക് ലീസിന് കൊടുക്കാവുന്നതാണ് അങ്ങിനെ പ്രകൃതി ഒരുക്കിത്തന്ന വരുമാന മാർഗ്ഗം യുക്തിസഹമായി ഉപയോഗപ്പെടുത്താം. അത് പോലെ പുറംപോക്ക് ഭൂമിയിൽ തെങ്ങ്പോലെയുള്ള ദീർഘകാവവിളചെയ്തവർക്ക് മാർക്കറ്റ് വിലയുടെ 50% വാങ്ങികൊണ്ട് കൈമാറ്റം നടത്താവുന്നതാണ്. ഇതിന് തയ്യാറാകാത്തവരിൽനിന്നും ഭൂമി തിരിച്ച് പിടിച്ച് ആവശ്യക്കാർക്ക് ലീസിന് നൽകാം. എന്താവശ്യത്തിനാണോ ലീസിന് കൊടുത്തത് ആ കാര്യത്തിന് മാത്രമാണ് ഭൂമി ഉപയോഗിക്കുന്നുവെന്ന്ത് ഉറപ്പുവരുത്തേണ്ടതാണ്.

പുഴയോരങ്ങളിൽ തങ്ങളുടെ ഭൂമിയിൽനിന്ന് പുഴയിലേക്കിറക്കി മതിൽ കെട്ടികയ്യേറ്റം നടക്കുന്നുണ്ട്. പഞ്ചായത്ത് ഭൂമി അളന്ന് തിട്ടപ്പെടുത്തിയാൽ ഭൂമി കയ്യേറ്റത്തിന് അറുതിവരുത്തുകയും ചെയ്യാം.

1800ൽ പരം വിദേശതൊഴിലാളികളുള്ള നമ്മുടെ പഞ്ചായത്തിന് ഇവരിൽ നിന്നും ദീർഘകാലവായ്പയാ മറ്റു മാർഗ്ഗത്തിലൂടെയോ വരുമാനം കണ്ടെത്താവുന്നതാണ്.

മണൽ ലേലത്തിൽ നിന്നും മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നുണ്ടെന്നാശ്വസിക്കാം. വാഹനസൗകര്യമേർപ്പെടുത്തിയാൽ കുറച്ച്കൂടി മെച്ചപ്പെട്ട രീതിയിൽ മണൽ ലേലത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. ഉദാഹരണം എൻ.കെ.പടിക്കടവ്, അരീക്കാട്ട് കടവ്, മാരാൻ കുന്നത്ത് കടവ്.

പഞ്ചായത്തിൽ ധാരാളം ഓട്ടോറിക്ഷകൾ ഓടുന്നുണ്ടെങ്കിലും മിക്ക അങ്ങാടികളിലും ഓട്ടോസ്റ്റാന്റില്ല. സ്റ്റാന്റ് സൗകര്യം ഏർപ്പെടുത്തി സ്റ്റാന്റ് ഫീസ് വസൂലാക്കാവുന്നതാണ്.

കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പ

ലഭ്യമാക്കുകയാണെങ്കിൽ കാർഷിക, വാണിജ്യ വ്യാവസായിക രംഗങ്ങളിൽ കുറേകൂടി അഭിവൃദ്ധികൈവരിക്കാവുന്നതും അങ്ങിനെ പഞ്ചായത്തിന് ഈ ഇനങ്ങളിൽ കിട്ടുന്ന ധനമാർഗ്ഗങ്ങൾ കൂടുതൽ കൂട്ടാവുന്നതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന എസ്.എം.ജി.ബി. സഹകരണ ബാങ്ക്, കൃഷിവകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവരുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യാവുന്നതാണെന്ന് കണ്ടെത്തി പ്രശ്നപരിഹാരം തേടാവുന്നതാണ്. അത്പോലെത്തന്നെ ബാങ്കുകളിൽനിന്നും വായ്പലഭ്യമാകുമ്പോഴുണ്ടാകുന്ന നടപടി കുറേകൂടി ലഘൂകരിച്ച് ഈ മേഖലയിൽ കൂടുതൽ ആകർഷിപ്പിക്കാവുന്നതാണ് . പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90% മെങ്കിലും പഞ്ചായത്തിൽതന്നെ വായ്പയായി ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിൽ യുക്തമായ സ്ഥലം കണ്ടെത്തിബസ്റ്റാന്റും ഷോപ്പിംഗ്കോംപ്ലക്സും നിർമ്മിക്കുകയാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിൽ പലതോണിക്കടവുകളുണ്ടെങ്കിലും കടവുകൾ ലേലം ചെയ്ത് വരുമാനം കണ്ടെത്തുന്ന കാര്യത്തിൽ ഇത് വളരെ കാര്യമായ നേട്ടം കൈവരിച്ച് കാണുന്നില്ല. എല്ലാകടവുകളും ലേലം ചെയ്ത് ലേലത്തുക പഞ്ചായത്തിന് ലഭ്യമാക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## ടൂറിസം

സിവിൽസ്റ്റേഷൻ താഴെ പണി പൂർത്തിയായി വരുന്ന ചെക്ക് ഡാമിൽ വിനോദസഞ്ചാരത്തിന് ബോട്ടോ തോണിയോ ഏർപ്പെടുത്തി വിനോദനികുതി ചുമത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ ഡാമിൽ മത്സ്യം വളർത്തുകയും, മത്സ്യസമ്പത്ത് ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പ്രകൃതിരമണീയമായ ഇതിന്റെ തീരപ്രദേശത്ത് ഒരു വിനോദപാർക്ക് നിർമ്മിക്കുക വഴി പ്രകൃതി സ്നേഹികളേയും ആകർഷിക്കാവുന്നതും പഞ്ചായത്തിന് മുതൽകൂട്ടാക്കാവുന്നതുമാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ചെങ്കൽ ക്വോറികൾ പഞ്ചായത്ത് ലൈസൻസ് ഫീസ് ഏർപ്പെടുത്താവുന്നതാണ്.

## മത്സ്യമാംസ മാർക്കറ്റുകൾ

പഞ്ചായത്തിൽ വടക്കേമണ്ണ, വെസ്റ്റ് കോഡൂർ, വലിയാട്, ചെമ്മങ്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാംസ മാർക്കറ്റുകൾ നിർമ്മിച്ച് വരുമാനമാർഗ്ഗം കണ്ടെത്താവുന്നതാണ്.

## മനുഷ്യ വിഭവം:

നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിഭവം കായിക ശേഷിയുള്ള യുവതയാണ്. ഗ്രാമസഭാറിപ്പോർട്ടുകളിൽ ഇക്കാര്യം ഊന്നിപറഞ്ഞിട്ടുണ്ട്. റോഡ് , കുളം, കക്കൂസ്, കിണർ എന്നിവയുടെ നിർമ്മാണം, റിപ്പയർ എന്നിവയ്ക്ക് സന്നദ്ധ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## കച്ചവടലൈസൻസ്:

പഞ്ചായത്തിലുള്ള കച്ചവടക്കാരിൽ നിന്നുമുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചും നികുതിപ്പിരിവ് ശരിയാംവണ്ണം നടത്തിയും കച്ചവടക്കാരുടെ ശരിയായ കണക്ക് ശേഖരിച്ചും ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഭേദപ്പെട്ട തേങ്ങ, അടക്ക, കൊപ്ര കച്ചവടക്കാരിൽ നിന്നും നികുതി ഈടാക്കുന്ന പ്രവണത കാണുന്നില്ല. ഇവരെയും നികുതിദായകരുടെ പട്ടികയിൽ പെടുത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ കൂടുതൽ നിക്ഷേപകരെ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിലെ റോഡ്, നടപ്പാത, ഇടവഴി തുടങ്ങിയവക്ക് പ്രകൃതിക്ഷോഭവും മറ്റും മൂലം വരുന്ന കേടുപാടുകൾ തുടക്കത്തിൽ തന്നെ കണ്ടെത്തി റിപ്പയർ നടത്തിയാൽ ഒരു പരിധിവരെ നാശനഷ്ടങ്ങൾക്ക് അറുതി വരുത്തുവാൻ സാധിക്കുന്നതാണ്. പരിസരവാസികളേയും ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ച് ശ്രമദാനം വഴിയും പഞ്ചായത്തിന്റെ സഹായം യഥാസമയം നൽകിയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്.

സഹകരണമേഖലയിൽ കൂടുതൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക വഴി ഈ മേഖലയിൽ നിന്നും വരുമാനം ഉണ്ടാക്കുന്ന കാര്യം ഗൗരവമായി കണക്കിലെടുക്കാവുന്നതാണ്. ഉദാഹരണമായി നോട്ടുബുക്ക് നിർമ്മാണം, പഠനോപകരണങ്ങളുടെ നിർമ്മാണവും വിതരണവും സഹകരണാടിസ്ഥാനത്തിൽ പരീക്ഷിക്കാവുന്നതാണ്.




6

# ഉപസംഹാരം

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുമാസമായി പഞ്ചായത്തിനകത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ ജനങ്ങളിലാകമാനം ഒരു പുത്തനുണർവ്വ് പകർന്നിട്ടുണ്ട്. നിത്യജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെട്ടും നാടിന്റെ പൊതുപ്രശ്നങ്ങളുമായും ഇടപഴകുന്ന ജനങ്ങൾക്ക് ഭരണസംവിധാനങ്ങളെക്കുറിച്ച് നിരവധി വിലയിരുത്തലുകളുണ്ട്. പ്രശ്നപരിഹാരങ്ങൾക്കുള്ള ഭരണനടപടികൾ സംബന്ധിച്ച് കയ്പേറിയ അനഭവമുള്ളവരുമുണ്ടാകും. ഭരണവും ഭരണീയരും രണ്ടുതട്ടിലാണ് എന്ന ഒരു തോന്നൽ സാധാരണ ജനങ്ങളിൽ ജനിക്കാനിടവന്നിട്ടുണ്ട്. ഇതിനുമാറ്റം വരേണ്ടതാണ് എന്ന ചിന്തക്ക് ഒട്ടനവധി കാലപ്പഴക്കമുണ്ട് എന്നാൽ അതിനുവേണ്ടി മുന്നിട്ടിറങ്ങാൻ ഒരു നേതൃത്വത്തെ തെരയുന്ന സ്ഥിതി നിലനിൽക്കുന്ന ഘട്ടത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊള്ളുന്നത്. ഭരണതലവും ജനങ്ങളും തമ്മിൽ കുടുതൽ അടുപ്പിക്കുക എന്നതുമാത്രമല്ല ഈപ്രസ്ഥാനം നിറവേറ്റുന്ന ചുമതല. പ്രായോഗികപ്രവർത്തനരംഗങ്ങളിൽ ഇരുവിഭാഗവും വരുത്തേണ്ട തിരുത്തൽസമീപനങ്ങൾക്കുകൂടി രംഗവേദിയൊരുക്കുന്നു. അതോടൊപ്പം വികസനത്തെക്കുറിച്ച് നിലവിലുള്ള കാഴ്ചപ്പാടുകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുകൂടി അവസരമൊരുക്കിക്കൊണ്ടാണ് ജനകീയാസൂത്രണ പരിപാടി മുന്നേറുന്നത്.

ദുർബ്ബലമായ ഒരു ഉദ്പാദന അടിത്തറയിൽ കെട്ടിപ്പെടുക്കുന്ന ഉയർന്ന സേവനമേഖലകൾക്ക് അധികകാലം തുടരാനാകില്ലെന്നും കർമ്മോന്മുഖമായ ഒരു ജനശക്തിയെ പ്രയോജനപ്പെടുത്തി നാടിന്റെ ഉല്പാദനരംഗം വിപുലപ്പെടുത്താതെ മുന്നോട്ടുപോകാനാകില്ലെന്നുമുള്ള ഒരു തിരിച്ചറിവ് ജനങ്ങൾക്കുണ്ടാകണം. വ്യക്തിഗത താല്പര്യങ്ങളിൽ നിന്ന് വിട്ട് ചിന്തിക്കാനും പ്രശ്നങ്ങളെ ഒരു സാമൂഹ്യകാഴ്ചപ്പാടിൽ അവലാകനം ചെയ്യാനും സന്നദ്ധമാകേണ്ടതുണ്ട്. അതിനുംകൂടി സമൂഹത്തെ പ്രാപ്തമാക്കുക എന്ന ഉദ്ദേശം ഈ പ്രവർത്തനങ്ങൾക്കുണ്ട്. ഈ ഒരു കാഴ്ചപ്പാടിലേക്കുയരാൻ കഴിഞ്ഞാൽ പരിഹാരം കാണാനാകാതെ വഴിമുട്ടിനിൽക്കുന്ന ഒട്ടനവധി പ്രശ്നങ്ങളെ തരണം ചെയ്യാൻ കഴിഞ്ഞേക്കും. ക്രോഡീകരിക്കപ്പെട്ട പ്രശ്നങ്ങളെ വിശകലനം ചെയ്താൽ ഈ നിഗമനത്തിലേത്തേണ്ടിവരും.

ഫലപ്രദമായ ആസൂത്രണം നടന്നതുകൊണ്ടു മാത്രമായില്ല അതിനനുസൃതമായി വികസനോപാധികൾ ഏകോപിപ്പിക്കുക കൂടി വേണം. പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ ഇവ സമന്വയിപ്പിച്ച് മെച്ചപ്പെട്ട ഉത്പാദനതന്ത്രത്തിനു രൂപം നൽകണം. ഇതിനകം നടന്നുവന്ന ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും പ്രാഥമിക,ദ്വിതീയ സ്ഥിതിവിവരശേഖരണങ്ങളിൽക്കാണുന്ന നിജസ്ഥിതിയും വളർന്നുവരുന്ന ജനതാൽപ്പര്യവും മെച്ചപ്പെട്ട ഉൽപ്പാദനതന്ത്രങ്ങൾ ആവിഷ്കരിക്കാൻ പോന്നവയാണ്. സാക്ഷരതയും ഉന്നത-സാങ്കേതിക വിദ്യാഭ്യാസമടക്കം നേടിയവരും ഉള്ള ഒരു പ്രദേശമാണ് കോഡൂർ. ഫലഭൂയിഷ്ടത മോശമല്ലാത്ത ഭൂമിയും സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള മുഖ്യവിളകളുമുള്ള ഒരു നാട്- ശാസ്ത്രീയനൂതനകൃഷിമുറകളിൽ താൽപര്യമുള്ളവർക്കുകൂടി പങ്കുള്ള ഒരു പരമ്പരാഗത കർഷകസമൂഹം ഉൾക്കൊള്ളുന്ന പ്രദേശം- കാർഷികോൽപ്പന്നങ്ങളെ അസംസ്കൃതവസ്തുവാക്കി ചെറുകിടവ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരും നിക്ഷേപതല്പരരുമായ ഒരു യുവജനസമൂഹം-ഇതെല്ലാം ഈ പഞ്ചായത്തിന്റെ ഉൽപ്പാദനമാന്ദ്യത്തിനും തൊഴിലില്ലായ്മക്കും മാറ്റം വരുത്താൻ ഉപയോഗപ്പെടുത്താവുന്ന ഉപാധികളാണ്. ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന അനുഗ്രഹീത ജലസമ്പത്ത് ഇതിനെയെല്ലാം കൂട്ടി

യിണക്കിയ ഒരു വികസനതന്ത്രത്തിന് രൂപം നൽകാൻ പഞ്ചായത്തിന് കഴിയണം. അതിനുതക്ക സാമ്പത്തിക സാങ്കേതി ശേഷി പഞ്ചായത്തിനകത്തുണ്ട്. സർക്കാർ മേഖലയിൽ നിന്ന് ലഭിക്കാനിടയുള്ള വിഹിതവും സാമ്പത്തികവും ശാരീരികവുമായി ജനങ്ങൾ നൽകാൻ സന്നദ്ധതയുള്ള സംഭാവനകൾ സാമ്പത്തിക സ്ഥാപനങ്ങൾ അനിവാര്യമായും നടത്തേണ്ട നിക്ഷേപങ്ങൾ ഇവ ഏകോപിപ്പിക്കണം. അതു നടന്നാൽ വിഭവശേഷിയുടെ പോരായകകൾ വലിയോരളവ് പരിഹരിക്കപ്പെടും. അതോടോപ്പം ജനങ്ങളുടെ ഇച്ഛാശക്തി മനസ്സിലാക്കി അവരെ അണിനിരത്തി മുന്നോട്ടു കൊണ്ടുപോകണം.

പ്രശ്നങ്ങളെ വിഭവസാധ്യതക്കനുസരിച്ചും ആവശ്യങ്ങളുടെ രൂക്ഷതക്കനുസരിച്ചും മുൻഗണനാക്രമം നിശ്ചയിച്ച് പരിപാടികളാക്കിമാറ്റണം. ഈ ഘട്ടത്തിലും കൂട്ടായ ചർച്ചകളും അഭിപ്രായസമന്വയവും കൈക്കൊള്ളണം. സ്കീമുകളുടെ തയ്യാറാക്കലിനാവശ്യമായ കർമ്മസമിതി ഓരോ വിഷയത്തെയും അടിസ്ഥാനമാക്കി രൂപീകരിക്കണം. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനു നേതൃത്വം കൊടുത്തവരും ഔദ്യോഗിക രംഗത്തുള്ളവരും വിവിധവിഷയങ്ങളിൽ പ്രഗത്ഭരുമായ പഞ്ചായത്തിനകത്തുള്ള ആളുകളെ പരമാവധി കർമ്മസമിതിയുമായി ബന്ധപ്പെടുത്തണം. ലക്ഷ്യപ്രഖ്യാപനത്തിനനുസരണമായി പ്രവൃത്തിതലത്തിലും ജനകീയമായിത്തന്നെ പരിപാടികൾ നടപ്പിലാക്കണം. രാഷ്ട്രീയവിശ്വാസം പുലർത്താൻ ഓരോരുത്തർക്കും ഉള്ള അവകാശം നിലനിർത്തുമ്പോൾത്തന്നെ രാഷ്ട്രത്തിന്റെ വളർച്ചക്ക് ആ വിശ്വാസവ്യത്യാസങ്ങൾ തടസ്സമാകാനിടവരുത്തരുത്. വ്യത്യസ്തഅഭിപ്രായങ്ങളുള്ളവരിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന വികസനരാഷ്ട്രീയത്തിന്റെ ഏകാഭിപ്രായം കണ്ടെത്താൻ നമുക്കു കഴിയണം.

കോഡൂർ ഗ്രാമപഞ്ചായത്തിന്റെ വികസനമേഖലകളിൽ ഒരു പുത്തനുണർവ്വും കാഴ്ചപ്പാടും പ്രദാനം ചെയ്യാൻ കഴിയുന്ന ക്രിയാത്മക നിർദ്ദേശങ്ങളും ചർച്ചകളും സജീവമായി ഉയർന്നു വരണമെന്ന് താൽപ്പര്യപ്പെട്ടുകൊണ്ട് അതിനുപയോഗപ്പെടുത്താനാവശ്യമായ രേഖ എന്ന നിലയിൽ കാഡൂർ ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വികസനറിപ്പോർട്ട് സമർപ്പിക്കുന്നു.

# വികസനറിപ്പോർട്ട് ശില്പികൾ

| | |
|---|---|
| കൃഷി-ജലസേചനം | ഇ.എ. ജലീൽ, കെ. ബാലകൃഷ്ണൻ, പി. ബഷീർ |
| മൃഗസംരക്ഷണം-മത്സ്യം | ഇ.എ. ജലീൽ, നാസർ പറവത്ത്, സലീം |
| വ്യവസായം | എം.പി. ഹരിദാസൻ, വി.ടി. മുരളി |
| ിദ്യാഭ്യാസം | കെ.എൻ ഹമീദ്മാസ്റ്റർ, പി. മുസ്തഫ, പി.കെ. അബൂബക്കർ, ടി.എ. കബീർ, പി.അബ്ദുസ്സലാം, വാസുമാസ്റ്റർ, പി.സി. മുഹമ്മദ് |
| പൊതുവിതരണം | കെ.ടി. ജലീൽ, സി.എച്ച്. ഇബ്രാഹിം, സി.എസ്സ്. മുഹമ്മദ് |
| കുടിവെള്ള-പൊതുജനാരോഗ്യം | പി. മുഹമ്മദ്മാസ്റ്റർ, പി.കെ.സി. മുഹമ്മദ്, പി.സുരേഷ് |
| ഗതാഗതം-ഊർജ്ജം | കെ.വി. മൊയ്തീൻ മാസ്റ്റർ |
| മാർക്കറ്റ് | പി.സി. മുഹമ്മദ് കുട്ടി, ഹാഷിംലുക്ക്മാൻ |
| സാമൂഹ്യക്ഷേമം-പാർപ്പിടം | ഇ. കമറുദ്ദീൻ,സുരേഷ്ബാബു,സുൽഫിക്കർ, മുഹമ്മദ്നാസർ |
| സംസ്കാരം | പി.കെ. അബൂബക്കർ, പി. മുസ്തഫ |
| ിത | എൻ. നളിനി, കെ.പി. മെഹറുന്നീസ, വി. പാത്തുമ്മ, യു. മറിയുമ്മ, റിച്ചുടീച്ചർ, സംഷാദ്ബീഗം |
| സഹകരണം | സി.പി. അബു, എം.പി. ഹരിദാസ്, അസ്ഗർ അലി |
| ട്ടികജാതി | പി. സുരേഷ്, കെ.പി. അനസ്ബാബു |
| ിഭവസമാഹരണം | നാസർപറവത്ത്, ടി.എ.സലാം, പി. മുസ്തഫ, പി.കെ. അബൂബക്കർ |
| ഭൂപ്രകൃതി-ജലപ്രകൃതി | ഇ.എ. ജലീൽ, പി. നാസർ |
| പഞ്ചായത്ത് ചരിത്രം | പി.കെ. അലവിക്കുട്ടി, കെ. ഗോവിന്ദൻകുട്ടി നായർ |
| ഞ്ചായത്ത് പൊതുവിവരം | ഒ. ഉണ്ണികൃഷ്ണൻ പഞ്ചായത്ത് സെക്രട്ടറി |




Printed at: Tirur Offset Printers, Tir